ഡോ. കെ.കെ.എൻ. കുറുപ്പ്

# കേരളീയ
# സമൂഹവും
# പരിവർത്തനവും



# കേരളീയ സമൂഹവും പരിവർത്തനവും

ഡോ. കെ.കെ.എൻ. കുറുപ്പ്

ടെൽബ്രെയ്ൻ ബുക്സ്

© Copyright Reserved

All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system or transmitted in any form or by any means, without prior written permission of the publisher.

**KERALEEYA SAMOOHAVUM PARIVARTHANAVUM**

*Malayalam Language*
Articles
*By*
**DR. K.K.N. KURUP**

First Published in February 2021

*Cover Design:* **Amrutha PR**
*CoverPhoto:* **Uthaman Kadanchery**

*Printed By*
Anaswara Offset Pvt ltd.

**Published & Marketed By**
Telbrain Books, Madom JN. Edappally, Kochi. 682 024
Email: telbrainbooks@gmail.com
**www.telbrainbooks.com**

₹120. 00

## ഡോ. കെ.കെ.എൻ കുറുപ്പ്

1939-ൽ കോഴിക്കോട് അഴിയൂരിലെ കുട്ടമത്ത് കുന്നിയൂർ കുടുംബത്തിൽ ജനനം. അച്ഛൻ മണ്ണംപൊയിൽ ചാപ്പക്കുറുപ്പ്. അമ്മ ജാനകിയമ്മ. കോഴിക്കോട് സർവ്വകലാശാലയിൽനിന്നും രണ്ടാം റാങ്കോടെ എം.എ.യും പിഎച്ച്.ഡിയും നേടി. റവന്യൂവകുപ്പിൽ ഉദ്യോഗസ്ഥനായി ജോലിയാരംഭം. തുടർന്ന് കോഴിക്കോട് സർവ്വകലാശാല ചരിത്രവിഭാഗത്തിൽ ലക്ചറർ, റീഡർ. 1983-ൽ മാംഗ്ലൂർ സർവ്വകലാശാലയിൽ പ്രൊഫസറായി ചേർന്നു. തുടർന്ന് ചരിത്രവകുപ്പ് മേധാവിയായി. 1998 - 2002 കാലയളവിൽ കോഴിക്കോട് സർവ്വകലാശാല വൈസ് ചാൻസലർ.

ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സ് എക്സിക്യൂട്ടീവ് അംഗം. റിചൽ & ട്രെഡീഷണൽ ആർട്സ് ഓഫ് ഇന്ത്യയുടെ റിസർച്ച് ഓണററി ഡയറക്ടർ, സൗത്ത് ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിന്റെ (ഹൈദരാബാദ് -1986, ധാർവാർ - 1991) പ്രസിഡണ്ട്,ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സ് (മൈസൂർ യൂണിവേഴ്സിറ്റി, 1993) മോഡേൺ സെക്ഷന്റെ പ്രസിഡണ്ട്, സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസിന്റെ ഡയറക്ടർ ജനറൽ, മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് & ഡവലപ്പ്മെന്റ് ഡയറക്ടർ, കെ.എ. കേരളീയൻ സ്മാരകസമിതി പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

കെ. ദാമോദരൻ പുരസ്കാരം, മികച്ച അദ്ധ്യാപകനുള്ള പ്രൊഫ. കൊച്ചുണ്ണിപണിക്കർ പുരസ്കാരം, എം.ഇ.എസ്. കോഴിക്കോട് അവാർഡ്, അബുദാബി ശക്തിപുരസ്കാരം, ഷെയ്ഖ് സൈനുദ്ദീൻ മഖ്ദൂം അവാർഡ്, ട്വന്റിയത്ത് സെഞ്ചറി അവാർഡ് ഫോർ അച്ചീവ്മെന്റ് തുടങ്ങിയ അംഗീകാരങ്ങൾ നേടി. പി.ആർ.ഡി.യ്ക്കുവേണ്ടി കിറ്റ് ഇന്ത്യാമൂവ്മെന്റ് ഇൻ കേരള എന്ന തിരക്കഥ രചിച്ചു. റഷ്യ, ക്യൂബ, യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ പഠനയാത്രകൾ നടത്തി. നാൽപ്പതിൽപ്പരം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്കുവേണ്ടി തുഹ്ഫത്തുൽ മുജാഹിദ്ദീൻ, പൂരക്കളി എന്നീ കയ്യെഴുത്തുപ്രതികൾ എഡിറ്റ് ചെയ്തു. മൂന്നു കവിതാസമാഹാരങ്ങൾ (ഇംഗ്ലീഷ്)പ്രസിദ്ധീകരിച്ചിട്ടുണ്ട്, 1921 പോയറ്റിക്കൽ എക്സ്പ്ലനേഷൻസ്(ഇ-ബുക്ക്). നിലവിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റി സെന്റർ ഫോർ മലബാർ സ്റ്റഡീസിന്റെ ഡയറക്ടർ.

ഭാര്യ : പ്രൊഫ. മാലിനികുറുപ്പ്

മക്കൾ : മീന അനിൽകുമാർ, നളിൻകുമാർ, അനിൽകുമാർ, അഞ്ജലി കൃഷ്ണൻ

വിലാസം : പൂമാലിക, ചോമ്പാല, കോഴിക്കോട് - 673 308

ഫോൺ : 9747 00 29 29

# പ്രസാധകക്കുറിപ്പ്

കേരളത്തിലെ ശ്രദ്ധേയരായ ചരിത്രകാരന്മാരുടെ മുൻനിരയിലാണ് ഡോ. കെ.കെ.എൻ.കുറുപ്പിന്റെ സ്ഥാനം. വർത്തമാനകാലത്ത് അദ്ദേഹത്തിന്റെ ഓരോ നിരീക്ഷണങ്ങളും മലയാളി സമൂഹം ഗൗരവത്തോടെ കാണുന്നു, ചർച്ച ചെയ്യുന്നു. മതേതരബോധംകൊണ്ട് സമ്പന്നമാണ് അദ്ദേഹത്തിന്റെ പൊതുജീവിതം. അപായകരമായ ധ്രുവീകരണത്തിന്റെ കാലഘട്ടത്തിൽ സമന്വയത്തിന്റെ ദർശനമാണ് അദ്ദേഹം മുന്നോട്ടു വെയ്ക്കുന്നത്. ഈ ചരിത്രകാരന്റെ അറിവും സാമൂഹിക നിരീക്ഷണവും എത്ര ആഴവും പരപ്പുമേറിയതുമാണെന്ന് ഈ പുസ്തകത്തിലെ പ്രബന്ധങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. ചരിത്രവും സംസ്കാരവുമാണ് മുഖ്യമായും അദ്ദേഹം പ്രമേയമായി സ്വീകരിക്കുന്നത്. മലയാളിത്തത്തെ രൂപപ്പെടുത്തിയ പല ഘടകങ്ങളും അദ്ദേഹം വിശകലനം ചെയ്യുന്നു. വിവേകാനന്ദ ദർശനം മുതൽ കണ്ണൂരിലെ കൈത്തറി പാരമ്പര്യംവരെ ഈ പുസ്തകത്തിലുണ്ട്. പരിസ്ഥിതി, ഫോക്‌ലോർ, ശ്രീനാരായണ ദർശനം, അദ്വൈത ദർശനം വേദാർത്ഥ നിരൂപണം എന്നിങ്ങനെ പോകുന്നു ഈ പുസ്തകത്തിന്റെ പ്രമേയം. ഏത് വിഷയമെടുത്താലും ഗ്രന്ഥകാരന്റെ ചരിത്രബോധം അദ്ദേഹത്തിന്റെ വിശകലനരീതികളെ ജീവസ്സുറ്റതാക്കുന്നു. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരു റഫറൻസ് ഗ്രന്ഥമായി ഈ പുസ്തകം മാറുന്നതും അതുകൊണ്ടു തന്നെ. ചരിത്രം വികലമായി പ്രക്ഷേപണം ചെയ്ത് ഫാഷിസത്തിനും വംശീയതയ്ക്കും നിലമൊരുക്കുന്ന ഈ കാലഘട്ടത്തിൽ വായിക്കുകയും സൂക്ഷിച്ചുവെക്കുകയും ചെയ്യേണ്ട പ്രബന്ധസമാഹാരമാണിത്. ഇങ്ങനെയൊരു പുസ്തകം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.

റഫീക്ക് പെരുമുക്ക്

# ഉള്ളടക്കം


| | |
|---|---|
| പരിസ്ഥിതിയും വൈദിക സാഹിത്യവും | 9 |
| ചരിത്രവും സംസ്കാരവും | 12 |
| വളരുന്ന കേരളവും  മാറുന്ന മലയാളികളും | 20 |
| ഐക്യകേരളം  കാസർഗോടിന്റെ ഇടപെടൽ | 27 |
| ഫോക്‌ലോർ  ചെറുത്തുനില്പിന്റെ തത്വശാസ്ത്രം | 34 |
| കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും എസ്.എൻ.ഡി.പി.യും | 39 |
| ആദ്യകാല ബ്രിട്ടീഷ് വിരുദ്ധസമരങ്ങളും- 1857 ന്റെ ആശയപരമായ ചലനങ്ങളും കേരളത്തിൽ | 42 |
| ആത്മോപദേശശതകം  ഒരു സാമൂഹ്യ ദർശനം | 48 |
| വിജ്ഞാനവും ഗുരുധർമ്മവും സാമൂഹ്യഘടനയുടെ- മാറ്റങ്ങളിൽ  പ്രശ്നങ്ങളും സവിശേഷതകളും | 51 |
| മലബാറിലെ കർഷക സമരങ്ങൾ | 57 |
| പൈതൃക സംരക്ഷണവും പ്രശ്നങ്ങളും | 61 |
| അദ്വൈത ദർശനവും പ്രചാരണ രീതിയും- ഒരു കേരള രീതി | 64 |
| കണ്ണൂരും കൈത്തറി വസ്ത്ര പൈതൃകവും | 69 |
| ഗുരുവിന്റെ രാഷ്ട്രീയദർശനം | 73 |
| ഇന്ത്യൻ വിദ്യാഭ്യാസം  ആഗോളവൽക്കരണത്തിലേക്ക് | 75 |
| വിമോചനസമരത്തിന്റെ  ചളിപ്പാടങ്ങൾ | 80 |
| പ്രവാസി - ഇടതുപക്ഷ ഗവണ്മെന്റ് എന്തു ചെയ്യണം | 85 |
| വേദാർത്ഥ നിരൂപണം | 88 |
| ധർമ്മം ഒരു തത്വവും അനുഷ്ഠാനവും- ഭാരതീയ പശ്ചാത്തലത്തിൽ | 91 |

# പരിസ്ഥിതിയും വൈദിക സാഹിത്യവും

ആധുനിക കാലഘട്ടത്തിൽ ഏറ്റവും സജീവമായ ചർച്ചകൾക്ക് വിഷയീഭവിച്ചിട്ടുള്ള ഒന്നാണ് പരിസ്ഥിതിയും പരിസ്ഥിതി പ്രശ്നങ്ങളും.ജലം,വായു,സസ്യലതാദികൾ,വനം തുടങ്ങിയവ പരിസ്ഥിതി ചർച്ചകളിലെ പ്രധാന വിഷയങ്ങളായി തീർന്നിരിക്കുന്നു. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ഋഗ്വേദാദി ഗ്രന്ഥങ്ങളുൾക്കൊള്ളുന്ന വൈദിക സാഹിത്യം ഈ വിഷയങ്ങളെപ്പറ്റി ഉൾക്കൊണ്ടിരുന്ന വിജ്ഞാനമേഖല തികച്ചും ഗൗരവപൂർണ്ണമായിരുന്നുവെന്നു കാണാം. മനുഷ്യന്റെ അതിജീവനത്തിന്ന് അവന്റെ പരിസ്ഥിതി എത്രമാത്രം ആരോഗ്യപൂർണ്ണമായിരിക്കണമെന്ന കാര്യത്തിൽ വൈദികസാഹിത്യത്തിന്റെ ഉപജ്ഞാതാക്കൾ അത്യന്തം ശ്രദ്ധാലുക്കളായിരുന്നു. അത്തരം വിഷയങ്ങളിൽ അവർക്കുണ്ടായിരുന്ന പ്രാമാണികജ്ഞാനം ഇന്നും പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

ജീവസന്ധാരണത്തിന് ഒഴിച്ചുകൂടാനാവാത്ത ജലത്തെ അഥവാ ജീവനത്തെ അമൃതമായും ഔഷധമായും അവർ വിലയിരുത്തി. നദികളുടെ പേരുകളും അവയുടെ സ്വഭാവങ്ങളും ഋഗ്വേദം പത്താം മണ്ഡലത്തിൽ വിവരിക്കുന്നു. ചരിവിലൂടെ ഒഴുകുന്ന പ്രവാതഃ, ഉയർന്ന പ്രദേശത്തൊഴുകുന്ന ഉദ്വാതഃ, എന്നിങ്ങനെ അവയെ തരംതിരിച്ചിരിക്കുന്നു. കൂടാതെ അവയുടെ ഉറവിടം സംബന്ധിച്ചുള്ള തരംതിരിക്കൽ കൂടി കാണാവുന്നതാണ്. അവ ദിവ്യാഃ (മഴ പെയ്തുള്ളത്), സ്രവന്തിഃ (ഒഴുകുന്നവ), ഖനിത്രിമാഃ (കുഴിച്ചുണ്ടാക്കുന്ന കിണറുകൾ), സ്വയംജാഃ (തടാകങ്ങൾ), സമുദ്രാർത്ഥാഃ (നദികൾ) എന്നീ വിധത്തിലുള്ളവയാണ്. പിൽക്കാലത്തെ വൈദിക സാഹിത്യത്തിൽ നദികളെ, മലമൂത്ര വിസർജ്ജനാദികളാൽ മലിനപ്പെടുത്തരുതെന്നും ഉദ്ബോധിപ്പിച്ചുകാണാം. (നാപ്സ മൂത്രപുരീഷം കുര്യാൽ, നനിഷ്ഠീവേത്, ന വാവിവസനഃ സ്നായാൽ, (തൈത്തീരിയാരണ്യകം) എന്നീ ആശയങ്ങൾ പ്രാബല്യത്തിൽ വന്നിരുന്നു.

ഇതുപോലെ ശരീരത്തിലെ 'ഹരിമാ' എന്ന പച്ചപ്പുരോഗത്തെ ശമിപ്പിക്കുന്ന ഒന്നായി സൂര്യരശ്മികളെ പ്രകീർത്തിക്കുന്നു. അവ ഹൃദ്രോഗത്തെ നശിപ്പിക്കുന്നതായും വർണ്ണിക്കുന്നതു കാണാം. (ഹൃദ്രോഗം മമസൂര്യ, ഹരി

മാണ ച നാശയ)
ഋഗ്വേദത്തിൽ ശ്രദ്ധേയമായ ഓഷധീസൂക്തത്തിൽ രോഗി, രോഗം, വൈദ്യൻ, ഔഷധം എന്നിവ പ്രത്യേകം പ്രതിപാദിക്കപ്പെടുന്നു. പ്രകൃതിയാലെ സസ്യ ജാലങ്ങളെല്ലാം ഓഷധികളാണെന്ന സങ്കല്പം ഭാരതീയ ചികിത്സാരീതി യുടെ ഒരു സവിശേഷതയാണ്. ഓഷധികളെത്തന്നെ പ്രത്യേകം പേരുകൾ നൽകി തരംതിരിച്ചിരിക്കുന്നു. അശ്വവതീ (അശ്വത്തെപ്പോലെ ശക്തി നൽകുന്ന വാജീകരണ ഔഷധം), സോമവതീ (സോമരസം പോലെ മത്ത് നിറഞ്ഞത്), ഊർജ്ജയന്തീ (ഊർജ്ജകരമായത്), ഉദോജസ്സ് (ഓജസ്സ് നിറ ഞ്ഞത്) എന്നിവയാണവ. ഓരോ ഓഷധിയും ഒറ്റയ്ക്കും മറ്റുള്ളവയോട് കൂടിച്ചേർന്നും 'ഔഷധയോഗങ്ങ'ളായി രോഗിയെ രക്ഷപ്പെടുത്തണമെന്നും പ്രാർത്ഥിക്കുന്നു. (സി.എം.നീലകണ്ഠൻ, ശ്രുതി സൗരഭം, പു.61-72) കാണുക.
ഋഗ്വേദത്തിന്റെ പത്താമത്തെ മണ്ഡലം വനങ്ങളുടെ പ്രാധാന്യവും വന സംരക്ഷണത്തിന്റെ ആവശ്യകതയും ചൂണ്ടിക്കാട്ടുന്നു. ഇന്ന് വനസംരക്ഷ ണത്തിന്ന് നമ്മുടെ സമൂഹം അത്യന്തം പ്രാധാന്യം നൽകുന്ന പശ്ചാത്തലം ഇതിന്റെ തുടർച്ചയായിരിക്കാം. "അരണ്യാണ്യരണ്യാനി' തുടങ്ങിയ സൂക്ത ങ്ങൾ വനദേവതയെ പുകഴ്ത്തുക മാത്രമല്ല വന്യജീവിതത്തെ കൂടി ഉദാ ത്തീകരിച്ചിരിക്കുന്നു. വർഷം, രാത്രി, ഉഷസ്സ് തുടങ്ങിയ പ്രതിഭാസങ്ങളെ സ്തുതിക്കുമ്പോൾ അതെല്ലാം പരിസ്ഥിതിബോധവുമായി ബന്ധപ്പെടുത്തി ക്കൊണ്ടാണെന്നു കാണാം. മണ്ണ് കൃഷി ചെയ്യാതെ ഫലഭൂയിഷ്ടമായി കാത്തുസൂക്ഷിക്കുന്നവളും മൃഗമാതാവുമായ വനദേവതയെന്ന സങ്കല്പം അത്യന്തം ആകർഷകമാണ്. (പ്രാഹം മൃഗാണാമ്മാതരം, അരണ്യാനിം അശംസിഷം) കൃഷി ചെയ്യാതെ മണ്ണ് ഫലഭൂയിഷ്ടമായി കാത്തുസൂക്ഷി ക്കുകയെന്ന സങ്കല്പം കാർഷികവൃത്തിയിലെ ഒരു പുതിയ രീതിയെ ഉദാ ഹരിക്കുന്നു. നാഗരികതയുടെ ഈറ്റില്ലമായ വന്യഭൂമിയെ കണ്ടെത്തുവാ നുള്ള ഒരു ത്വര ഇത്തരം അനേകം സൂക്തങ്ങളിൽ കാണാവുന്നതാണ്.
സസ്യശാസ്ത്രത്തെ സംബന്ധിച്ച് അഗാധമായ ജ്ഞാനം ഋഗ്വേദം തുട ങ്ങിയ വൈദിക സാഹിത്യത്തിൽ പ്രതിഫലിച്ചു കാണാം. വനസ്പതി എന്ന ദേവനെ സസ്യലതാദികളുടെ അഭിവൃദ്ധിക്കു കാരണമായി പ്രകീർത്തി ക്കുന്നു. ഹേമന്തം, വസന്തം എന്നീ ഋതുക്കളിൽ സസ്യജാലങ്ങൾക്കുണ്ടാ കാവുന്ന മാറ്റങ്ങളെ കൂടി നിരീക്ഷിച്ചു കാണാം. സസ്യങ്ങളുടെ പ്രത്യേക ഭാഗങ്ങളെ മൂലം, തൂലം, പർണ്ണം, പുഷ്പം, ഫലം എന്നിങ്ങനെ വിവരിച്ചു കാണിക്കുന്നു. കാണ്ഡം, പ്രകാണ്ഡം, വല്ലി, ലത, തുടങ്ങിയ തരംതിരിവു കളോടൊപ്പം, ദ്വിപത്ര, ത്രിപത്ര, സപ്തപത്ര എന്നിങ്ങനെ ഇലകൾക്കനു സരിച്ചും വിഭജിച്ചിരിക്കുന്നു.
വൈശേഷിക ഗ്രന്ഥത്തിൽ സസ്യങ്ങളെ ഏഴായി തരംതിരിച്ചിരിക്കുന്നു. വൃക്ഷ, തൃണ, ഓഷധി, ഗുല്മ, ലത, അവതാന, വനസ്പതി എന്നിവയാ

ണ്. പൂക്കളില്ലാതെ ഫലങ്ങൾ തരുന്ന വൃക്ഷങ്ങളാണ് വനസ്പതി. വൃക്ഷായുർവേദം, സസ്യശാസ്ത്ര സംബന്ധിയായ ഗ്രന്ഥമായി രചിച്ചിട്ടുള്ളതാണ്. പരാശരനാണ് ഗ്രന്ഥത്തിന്റെ കർത്താവെന്നും കരുതിവരുന്നു. ഉപവനവിനോദം എന്ന വേദോത്തരകാലഗ്രന്ഥം വിവിധ കാർഷികരീതികളെ പ്രതിപാദിക്കുന്നു. ഏഴായിരം വർഷങ്ങൾക്കു മുമ്പുതന്നെ വിളവുകൾ മാറ്റപ്പെടുത്തൽ, രണ്ടു വിളകൾ, സമ്മിശ്ര വിളവുകൾ തുടങ്ങിയവയെപ്പറ്റി പ്രാചീന സമൂഹങ്ങൾ ആവശ്യമയ വിജ്ഞാനം നേടിക്കഴിഞ്ഞിരുന്നു. സസ്യലതാദികളെപ്പറ്റിയുള്ള ഈ വിജ്ഞാനം വൈദിക സാഹിത്യത്തിൽ ആദ്യന്തം പ്രതിഫലിച്ചുകാണാം.

സോമരസം അഥവാ ഹോമരസം ഇന്ദ്രന്നുപോലും ഇഷ്ടകാരിയായിരുന്നു. സോമവല്ലി, അപത്രവല്ലികാ, ഖണ്ഡശാഖാ തുടങ്ങിയ പേരുകളാൽ ഇതിനെ വ്യവഹരിച്ചു വന്നിരുന്നു (Sacrostemma acidum). 84 തരം ആസവങ്ങൾ ഉണ്ടാക്കുന്ന രീതി അന്നു നിലനിന്നിരുന്നു. ധാന്യാസവം, ഫലാസവം, മൂലാസവം, സാരാസവം, പുഷ്പാസവം, പത്രാസവം, കണ്ഡാസവം, ത്വഗ്ഗാസവം, സർക്കരാസവം എന്നിങ്ങനെ അവയെ തരംതിരിച്ചിരുന്നു.

ഇത്തരത്തിൽ ഒരവലോകനം നടത്തുമ്പോൾ വൈദിക സാഹിത്യം പരിസ്ഥിതിയെപ്പറ്റിയും സസ്യലതാദികളെപ്പറ്റിയും തികച്ചും അവഗാഹമായി പാണ്ഡിത്യം നേടിയിരുന്നു. ആ പാണ്ഡിത്യവും വസ്തുതകളെപ്പറ്റിയുള്ള ജ്ഞാനവും അതിജീവനത്തിന്നായി ഉപയോഗപ്പെടുത്തുവാനുള്ള പരിശ്രമവും ശക്തമാക്കിയിരുന്നു. ഗംഗാസമതലങ്ങളിലേക്കും ഇവയുടെ മറ്റു ഭാഗങ്ങളിലേക്കുമുള്ള ആര്യോപനിവേശം അതിജീവനത്തിന്നു വേണ്ടിയുള്ള പരിശ്രമത്തിന്റെ ഭാഗമായയണെന്നു കാണാം. അത്തരം പരിശ്രമങ്ങളിൽ അന്നു നിലനിന്നിരുന്ന പരമ്പരാഗത വിജ്ഞാനത്തെ വേണ്ടത്ര ഉപയോഗപ്പെടുത്തുകയും ചെയ്തു. കേരളത്തിലെ വൈദിക പാരമ്പര്യത്തെപ്പറ്റിയുള്ള ഏതു ചർച്ചയും വൈദിക സമൂഹത്തിന്റെ പാരിസ്ഥിതിക വിജ്ഞാനശാഖയുമായി ബന്ധപ്പെടുത്തിക്കൊണ്ടായിരിക്കണം.

# ചരിത്രവും സംസ്കാരവും

ചരിത്രവും സംസ്കാരവുമെന്നത് നാഭീനാളബന്ധം എന്നു പറയുന്നതു പോലെ പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന ഒരു വിഷയമാണ്. സംസ്കാരങ്ങളുടെ തിരിച്ചറിവിലൂടെ മാത്രമേ നമുക്ക് പുതിയൊരു സംസ്കാരവും ലോകവീക്ഷണവും ഉണ്ടാക്കിയെടുക്കാൻ പറ്റൂ. ചരിത്രകാരനെന്ന നിലയിൽ പല പ്രശ്നങ്ങളും കൈകാര്യം ചെയ്യുമ്പോൾ എന്റെ പഠനമേഖലകളിൽ വളരെ ശ്രദ്ധേയമായി, ഒരു പരീക്ഷണവസ്തുവെന്ന പോലെ ചില പ്രശ്നങ്ങൾ കാസർകോട് ജില്ല മുന്നോട്ട് വെച്ച് തന്നിട്ടുണ്ട്. Problematic Investigation എന്ന നിലയിൽ രണ്ട് ചോദ്യങ്ങൾ ഞാൻ പരിശോധിച്ചിട്ടുണ്ട്. അതിലൊന്ന് തെയ്യം, തിറ മുതലായ കലകളും ആചാരങ്ങളും കണ്ണൂർ, കാസർകോട് മാത്രം നിലനിൽക്കുന്നു. എന്തുകൊണ്ട് തൊട്ടടുത്ത കർണാടകത്തിൽ ഇത് കാണുന്നില്ല? സംഘകാലത്ത് തമിഴ്നാട്ടിലാണ് തെയ്യം അവതരിച്ചത്. പക്ഷെ നിലനിൽക്കുന്നത് ഇന്ന് കണ്ണൂർ, കാസർകോട് ജില്ലകളിൽ മാത്രമാണ്. ഇത് ഒരു അടിസ്ഥാനപ്രശ്നമാണ്. ജർമ്മനിയിൽ നടന്ന ഒരു സെമിനാറിന്റെ അവസാനം സദസ്സിൽ നിന്ന് ഇങ്ങനെ ഒരു ചോദ്യം ഉന്നയിക്കപ്പെട്ടു. 'സാറ് മലബാർ റിബലിയൻ, മലബാർ കലാപം എന്നൊക്കെ പറയുന്നു. എന്തുകൊണ്ട് മലബാറിലെ കാർഷിക സമരങ്ങൾ അതായത് മലബാർ കലാപം, കയ്യൂർ സമരം ഇങ്ങനെയുള്ള സമരങ്ങൾ മലബാറിനുമപ്പുരം വ്യാപിച്ചില്ല?' ഇതുപോലുള്ള മറ്റൊരു ചോദ്യമാണ്, എന്തുകൊണ്ട് ബംഗാളിലെ മൂവ്മെന്റ് ഇടതുപക്ഷാഭിമുഖ്യമുള്ള പ്രസ്ഥാനം അതിർത്തി കടന്നു ബീഹാറിലേക്ക് കടക്കുന്നില്ല? എന്തുകൊണ്ട് അത് ത്രിപുരയിലേക്ക് കടക്കുന്നു? എന്തുകൊണ്ട് 20-ാം നൂറ്റാണ്ടിന്റെ മധ്യദശയിൽ തമിഴ്നാട്ടിലെ തഞ്ചാവൂരിനടുത്ത് 45 ഓളം കർഷക തൊഴിലാളികൾ കുടിലുകളിൽ പെട്രോളൊഴിച്ച് കത്തിക്കപ്പെട്ടു. എന്തുകൊണ്ട് കേരളത്തിൽ ഇങ്ങനെയൊന്നും നടക്കുന്നില്ല? എന്തുകൊണ്ട് കേരളത്തിൽ വർഗ്ഗീയ കലാപങ്ങൾ ഉണ്ടാകുന്നില്ല? അല്ലെങ്കിൽ ഉണ്ടാക്കാൻ കഴിയുന്നില്ല?

2000 ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ വർഗ്ഗീയമായ കുഴപ്പങ്ങളുണ്ടാക്കാൻ ശ്രമം നടന്നിട്ടുണ്ട്. പക്ഷെ വിജയിച്ചിട്ടില്ല. എന്നാൽ അലിഗഡ് യൂണിവേഴ്സിറ്റിയിൽ ഇത്തരം കുഴപ്പങ്ങളുണ്ടാക്കാൻ പറ്റുന്നു. ഇവിടെയാണ് ചരിത്രത്തിൽ സംസ്കാരത്തിന്റെ പ്രസക്തിയും. സംസ്കാരത്തിൽ ചരിത്രത്തിന്റെ പ്രസക്തിയും കൂടുതൽ അനുഭവവേദ്യമാവുന്നത്.

ഇതുപോലെ ചരിത്രകാരൻ പല ചോദ്യങ്ങളും ചോദിക്കുമ്പോൾ അക്കൂട്ടത്തിൽ കാസർകോടും ചരിത്രകാരന് താല്പര്യമുണർത്തുന്ന കുറെ സമസ്യകൾ മുന്നോട്ട് വെക്കുന്നു. ഒരു സമൂഹത്തിന്റെ പ്രധാന ലക്ഷ്യം എന്താണ്? ഈ ലക്ഷ്യത്തെപ്പറ്റി ടൊയ്ൻബീ മുതൽ ഇ.എം.എസ്. വരെയുള്ള ചിന്തകന്മാർ പലപ്പോഴായി പറഞ്ഞുവെച്ചിട്ടുണ്ട്. ഒരു ജനതയുടെ ഏറ്റവും വലിയ ലക്ഷ്യം, ചരിത്രത്തിന്റെ ലക്ഷ്യം, ഒരു സംസ്കാരം കെട്ടിപ്പടുക്കലാണ്. ഇവിടെ ഇപ്പോൾ പരിശോധിച്ചാൽ കേരളത്തിലെ ജനത മാനുഷരെല്ലാവരും ഒന്നുപോലെയുള്ള ഒരു സോഷ്യലിസ്റ്റ് സമൂഹം വേണം എന്നു ചിന്തിച്ചുകൊണ്ടിരിക്കുന്നതായി കണക്കാക്കാം. അത് ഉണ്ടോ ഇല്ലയോ എന്നതല്ല, നമ്മുടെ ചിന്താധാരയിൽ അത് ഉൾക്കൊണ്ടിരിക്കുന്നു എന്നു കാണാവുന്നതാണ്. ഈ ചിന്തകൾ നിലനിൽക്കുന്ന പശ്ചാത്തലത്തിലാണ്, ഒരു പക്ഷെ, 1957ൽ ഒരു ഇടതുപക്ഷ ഗവണ്മെന്റ് ഇവിടെ ഉണ്ടായതും അതിനെ പല ഘട്ടങ്ങളിലൂടെ നിലനിർത്തിക്കൊണ്ട് ജീവിതത്തിന്റെ രീതികളിലും വീക്ഷണങ്ങളിലും ഒരു ഇടതുപക്ഷ ആഭിമുഖ്യമുള്ള സംസ്കാരം നിലനിൽക്കുന്നതും.

ഏതു നവോത്ഥാന പ്രസ്ഥാനവും വളർന്നു വരണമെങ്കിൽ, അല്ലെങ്കിൽ ചരിത്രത്തിന്റെ ഒരു പ്രക്രിയ വരണമെങ്കിൽ അതിനു പിന്നിൽ ഒരു ചിന്താവിപ്ലവം വേണം. നമ്മൾ റഷ്യൻ വിപ്ലവത്തെയും അടിസ്ഥാന വിപ്ലവമായിട്ടുള്ള ഫ്രഞ്ചുവിപ്ലവത്തെയും പറ്റിയെല്ലാം പഠിക്കുമ്പോൾ ചിന്തയിലുള്ള വലിയ മാറ്റങ്ങൾ ആ കാലഘട്ടങ്ങളിലുണ്ടായിട്ടുണ്ട് എന്ന് കാണാൻ കഴിയും. വോൾട്ടയർ, റൂസ്സോ, മാർക്സ് ഇവരുടെ എഴുത്തുകളും പുസ്തകങ്ങളും ഒക്കെത്തന്നെയാണ് ഒരു പുതിയ, സമത്വത്തിലൂന്നിയ സോഷ്യലിസ്റ്റ് ആശയം എന്ന പുതിയ ബോധത്തെ ഉണ്ടാക്കിയത്.

മറ്റൊരുദാഹരണം പറയാം. 1943 ൽ നെഹ്റു ജയിലിൽ കിടക്കുന്ന സമയത്താണ് അദ്ദേഹം ഡിസ്കവറി ഓഫ് ഇന്ത്യ എഴുതുന്നത്. അത് വലിയൊരു ചരിത്രപുസ്തകമായി. ഇന്നത്തെ ചരിത്രകാരന്മാർ ചിന്തിച്ചത് എന്തുകൊണ്ട് അദ്ദേഹം ജയലിൽ വെച്ച് ഇങ്ങനെയൊരു പുസ്തകമെഴുതിയെന്നാണ്. എവിടെ ലൈബ്രറി പുസ്തകങ്ങൾ കിട്ടും. റഫറൻസ് പുസ്തകങ്ങൾ കിട്ടും. അതിനൊന്നും നിൽക്കാതെ അദ്ദേഹം ഒരു പുസ്തകമെഴുതുകയായിരുന്നു. കാരണം അദ്ദേഹത്തിന് ഒരു വീക്ഷണമുണ്ടായിരുന്നു. യുദ്ധം അവസാനിച്ചാൽ ഇന്ത്യ സ്വാതന്ത്ര്യം നേടും. ആ സ്വാതന്ത്ര്യം ലഭിച്ചാൽ എന്തായിരിക്കണം ഇന്ത്യയുടെ ആശയം? എങ്ങനെയായിരിക്കണം ഇന്ത്യ

യുടെ ഭരണം? ആ ചിന്തയാണ് അദ്ദേഹത്തെ അശോകൻ മുതൽ – അശോകന്റെ തത്വശാസ്ത്രത്തിലെ ഏറ്റവും കാതലായ ചിന്ത, പഞ്ചശീലതത്വമായിരുന്നു – ഇങ്ങോട്ട് തിരിഞ്ഞു നോക്കാൻ പ്രേരിപ്പിച്ചത്.
നവോത്ഥാന ചിന്തകളിലൂടെ, ആധുനിക ജനാധിപത്യ ചിന്തകളിലൂടെ കെട്ടിപ്പടുക്കപ്പെടേണ്ട മതേതരത്ത്വ ഇന്ത്യയുടെ ആശയസമാഹരണത്തിനും പ്രചരണത്തിനും വേണ്ടിയായിരുന്നു അങ്ങനെയൊരു തിരിഞ്ഞുനോട്ടവും പുസ്തകമെഴുത്തും അദ്ദേഹം നടത്തിയത്.
മതേതരത്വത്തിന് അദ്ദേഹം ഇങ്ങനെയൊരു പ്രാധാന്യം കൊടുക്കാൻ എന്തായിരിക്കും കാരണം? ഇന്ത്യൻ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ അടിവേരുകൾ ശ്രദ്ധിച്ചാൽ ഇതിനുത്തരം കിട്ടും. നമ്മുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് ലിംഗജാതിഭേദങ്ങളൊന്നുമുണ്ടായിരുന്നില്ല. പല വിധത്തിലുള്ള ആശയങ്ങളും ആ ദേശീയധാരയിലുണ്ടായിരുന്നു. ഒരു മതത്തിനും അതിൽ വിവേചനമുണ്ടായിരുന്നില്ല. കടുത്ത ഹിന്ദുമതവിശ്വാസിയായിരുന്ന ഗാന്ധിജിയുടെ ആശയം എല്ലാ മതങ്ങളെയും ആദരിക്കുന്ന സങ്കല്പമായിരുന്നു. അതു ഭരണഘടനയിലേക്ക് വരുത്താനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടായിരുന്നു നെഹ്റു ചരിത്രത്തെ വ്യാഖ്യാനിക്കാൻ ഒരുങ്ങിയത്.
അതുതന്നെയാണ് വാസ്തവത്തിൽ ഇ.എം.എസ്. തന്റെ Kerala, Yesterday, Today&Tomorrow എന്ന പുസ്തകത്തിലൂടെ ചെയ്യുന്നതും. എന്താണ് കേരളത്തിലെ തൊഴിലാളിവർഗ്ഗ രാഷ്ട്രീയം? ചരിത്രത്തിന്റെ അടിവേരുകൾ അന്വേഷിച്ചുപോയാൽ സാംസ്കാരിക പ്രവർത്തനവുമായി അതിനുള്ള ബന്ധം കാണാൻ കഴിയും. 19–ാം നൂറ്റാണ്ട് മുതലുള്ള കേരളത്തിന്റെ ചിന്തയുടെ വിപ്ലവമാണ് 1957 മുതലുള്ള കേരളീയ പുരോഗമന പ്രസ്ഥാനത്തിന്റെ കാതൽ എന്ന് നമുക്ക് എളുപ്പം തിരിച്ചറിയാൻ കഴിയും.
ഇപ്പോൾ കേരളത്തിലെ സർവ്വകലാശാലകൾ എടുത്തുനോക്കിയാൽ ആൺകുട്ടികളേക്കാൾ പെൺകുട്ടികളാണ് കൂടുതൽ എന്ന് കാണാൻ കഴിയും. സ്ത്രീ വിദ്യാഭ്യാസം എന്നത് ഒരു ദിവസം കൊണ്ടുണ്ടായതല്ല. അതിനുപിന്നിൽ നിരന്തരമായി ഇവിടെ നടന്ന പ്രവർത്തനങ്ങളുണ്ട്. ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനവും മറ്റു സാമൂഹ്യസംഘടനകളുടെ പ്രവർത്തനങ്ങളും ആ ദിശയിലുണ്ട്. 1880 കളിൽ ബ്രഹ്മാനന്ദ ശിവയോഗിയെ പോലുള്ളവർ 'സ്ത്രീ വിദ്യാപോഷിണി' പോലുള്ള പുസ്തകങ്ങൾ എഴുതി സ്ത്രീവിദ്യാഭ്യാസത്തിന്റെ ആവശ്യത്തിലൂന്നി പ്രവർത്തിച്ചു. ശ്രീനാരായണനും നിമ്നവർഗ്ഗക്കാരെ കൈപിടിച്ചുയർത്തുന്നതിന് വിദ്യാഭ്യാസം നൽകേണ്ടതിലൂന്നിപ്പറഞ്ഞു. അതുപോലെ അയ്യങ്കാളിയുടെ പ്രവർത്തനവും ഈ ദിശയിൽ സ്മരിക്കപ്പെടേണ്ടതാണ്.
കൃഷിയിലൂടെ, ശാസ്ത്രീയമായ കൃഷിയിലൂടെ മുന്നേറുക എന്ന തിരിച്ചറിവുണ്ടാക്കാനായി കാർഷിക സമ്മേളനങ്ങൾ നടത്തിയിട്ടുണ്ട്, ശ്രീനാരായണഗുരു. ഗുരുവിന്റെ പ്രവർത്തനങ്ങളിൽ ഇന്ന് അത്തരം പ്രവർത്തനങ്ങൾ

പ്രകീർത്തിക്കപ്പെടുന്നില്ല എങ്കിലും. വ്യാവസായിക പ്രവർത്തനങ്ങളിലും അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞിരുന്നു. ഇതൊക്കെത്തന്നെ സമൂഹത്തെ എങ്ങനെ പുരോഗതിയിലേക്ക് കൊണ്ടുപോകാം എന്ന ശ്രദ്ധയായിരുന്നു. ഇതിന്റെ ഫലമായിട്ടാകാം കോൺഗ്രസ്സിന്റെയും മറ്റും സമ്മേളനങ്ങളിൽ പിൽക്കാലത്ത് കാർഷിക, വ്യാവസായിക സെമിനാറുകൾ അനുബന്ധ പരിപാടിയായി കാണാൻ കഴിയുന്നത്.

ഒരു ചരിത്രകാരൻ നോക്കുമ്പോൾ ഇതിന്റെയൊക്കെ ഫലമായാണ് കേരളത്തിലെ ഗ്രാമങ്ങൾ ഇന്ത്യയിലെ മറ്റു ഗ്രാമങ്ങളെ അപേക്ഷിച്ച് ഒരമ്പത് വർഷമെങ്കിലും മുൻപന്തിയിൽ നിൽക്കുന്നത്.

കയ്യൂരിനെക്കുറിച്ചുള്ള എന്റെ പുസ്തകത്തിനു വേണ്ടി ഫീൽഡ് വർക്ക് ചെയ്യുന്ന സമയത്ത് വയോധികനായ ഒരു കർഷക കാരണവർ പറഞ്ഞത്, ഞാനെന്റെ പാർട്ടിയിൽ (കമ്മ്യൂണിസ്റ്റ് പാർട്ടി) എങ്ങനെ വിശ്വസിക്കുന്നുവോ അങ്ങനെ ദൈവത്തിലും വിശ്വസിക്കുന്നു എന്നാണ്. ഇത് രണ്ടും ഒന്നിച്ചു പോകുമോയെന്ന സംശയം അദ്ദേഹത്തിനില്ല. അത് അദ്ദേഹത്തിന്റെ പുതിയ തത്വശാസ്ത്രമാണ്. സംസ്കാരത്തിന്റെ വേരുകൾ ഒരിക്കലും നശിപ്പിക്കുവാൻ സാധിക്കുകയില്ല.

ഹൈന്ദവ വരേണ്യവർഗ്ഗ പ്രത്യയശാസ്ത്രത്തിലൂന്നി പ്രവർത്തിക്കുന്ന ആർ. എസ്.എസ്., ബി ജെ.പി. പോലുള്ള സംഘടനകൾ സംസ്കാരത്തിന്റെ പ്രാധാന്യം ഏറെ തിരിച്ചറിഞ്ഞ പ്രവർത്തനമാണ് നടത്തുന്നത്. ഉത്തർപ്രദേശിൽ മാത്രം ഏതാണ്ട് 20,000 ത്തോളം ശിശുവിദ്യാലയങ്ങൾ കെട്ടിപ്പടുത്തുകൊണ്ട് അവർ ഒരു സംസ്കാരത്തെ, അവർക്കാവശ്യമായ സംസ്കാരത്തെ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്.

സ്ത്രീകളെയടക്കം ഗുജറാത്ത് വർഗ്ഗീയ കലാപങ്ങളിൽ പങ്കെടുപ്പിക്കാൻ കഴിഞ്ഞത് ഇത്തരം സംസ്കാരം വളർത്തിയെടുത്തതിന്റെ ഫലങ്ങളായി കാണാൻ കഴിയും. ഇതിനെ പ്രതിരോധിക്കണമെങ്കിൽ, ഭാരത സംസ്കാരത്തിലെ മതേതര മൂല്യങ്ങളെ തിരിച്ചറിയേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതുമുണ്ട്. മതേതരത്വത്തിന്റെ ഈ ഘടകങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ചരിത്രമെഴുതുമ്പോൾ എനിക്കുതന്നെ ഒരുപാട് എതിർപ്പുകളും ഭീഷണികളും ഉണ്ടായിട്ടുണ്ട്. തീർച്ചയായും ഒരു പുതിയ ജനാധിപത്യബോധം വളർത്താനുള്ള ശ്രമങ്ങൾക്ക്, പുതിയ സംസ്കാരം രൂപപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് പല തരത്തിലുള്ള എതിർപ്പിനെ അതിജീവിക്കേണ്ടിവരും.

ചരിത്രകാരന്മാർക്ക് ഏറ്റവും വിഷയീഭവിച്ച ചോദ്യമാണ്, എന്താണ് ഇന്ത്യ എന്നത്. എന്തുകൊണ്ട് ഇന്ത്യ ബർമ്മയിലേക്ക് കടന്നുപോയില്ല? ഇവിടെയാണ് ഇന്ത്യയുടെ രൂപീകരണം ഒരു സംസ്കാരവുമായി ബന്ധപ്പെട്ടതാണെന്നു നമുക്ക് കാണാൻ കഴിയുക. കാളിദാസൻ പറയുന്നത് ഹിമാലയം മുതൽ സമുദ്രം വരെയും സമുദ്രം മുതൽ സമുദ്രം വരെയും ഉള്ളതാണ്

ഭാരതദേശം എന്നാണ്.
ഭാരതദേശം എന്നത് ഒരാശയമാണെങ്കിലും ഒരു ഭരണത്തിൻ കീഴിൽ അത് നിലനിന്നിരുന്നില്ല. ഘട്ടം ഘട്ടമായി ഇത് പൂർത്തീകരിക്കാനുള്ള ശ്രമമാണ് കാണുന്നത്. മുഗൾ ഭരണകാലത്ത് ബാബർ തന്റെ ജന്മദേശമായ കാബൂൾ ഇന്ത്യയുടെ ഭാഗമാണെന്ന് പറഞ്ഞ്, സൈന്യത്തെ അയച്ച് കാബൂൾ കീഴടക്കാൻ നോക്കിയതാണ്.
പക്ഷെ ഭാരതം എന്നത് തെക്ക് സമുദ്രം വരെയുള്ളതാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ആ ഭാഗങ്ങൾ ഓരോന്നായി കീഴടക്കി അതിൽ ഭരണം കെട്ടിപ്പടുത്തുകൊണ്ട് ഇന്ത്യ എന്ന സ്വപ്നത്തിനുവേണ്ടി ശ്രമിച്ചു മരിച്ച ഒരു പിടി ഭരണാധികാരികളെയാണ് ചരിത്രത്തിൽ നമ്മൾ കാണുന്നത്. അതിൽ ഹിന്ദുക്കളുണ്ട്, മുസ്ലീങ്ങളുണ്ട്, അതിൽ മതം പ്രശ്നമായിരുന്നില്ല. തികച്ചും രാഷ്ട്രീയമായിരുന്നു അത്. ഇന്ന് പുതിയ ലക്ഷ്യം വെച്ചുകൊണ്ട് ശിവജിയെ ഹിന്ദുരാജ്യത്തിന്റെ പ്രതിനിധിയാക്കാൻ ശ്രമിക്കുമ്പോൾ അദ്ദേഹത്തിന്റെ സൈന്യാധിപൻ ഒരു മുസ്ലിമാണെന്ന കാര്യം ഇവർ പറയില്ല. ടിപ്പു സുൽത്താനെ ഹിന്ദുവിരോധിയും ഹിന്ദുക്ഷേത്രങ്ങൾ കൊള്ളയടിച്ച വ്യക്തിയുമായി ചിത്രീകരിക്കുമ്പോൾ, അദ്ദേഹത്തിന്റെ പ്രധാനമന്ത്രി പൂർണ്ണയ്യ എന്ന ഒരു ഹിന്ദുവായിരുന്നു എന്ന് അവരുടെ ചരിത്രപുസ്തകത്തിൽ കാണില്ല.
ഈ നിലയിൽ ചരിത്രത്തെ ദുർവ്യാഖ്യാനം ചെയ്ത് ചരിത്രം സൃഷ്ടിക്കുന്നതും നമ്മൾ തിരിച്ചറിയണം. അതുകൊണ്ടുതന്നെയാണ് ഇ.എം.എസിനെപ്പോലുള്ളവർ വലിയ തിരക്കിനിടയിലും വളരെ ശ്രദ്ധേയമായി 'Kerala, Yesterday, Today & Tomorrow ' പോലുള്ള പുസ്തകങ്ങൾ എഴുതിയത്.
ചരിത്രരചനയിൽ പണം ഒരു പ്രശ്നമാണ്. ചരിത്രഗവേഷണത്തിന് കാശ് മുടക്കുന്ന വ്യക്തിയോ സ്ഥാപനമോ പലപ്പോഴും ആവശ്യപ്പെടുന്നത് അവർക്കാവശ്യമായ ചരിത്രമായിരിക്കും.
കർണാടകത്തിൽ എന്തുകൊണ്ട് കർഷക സമരങ്ങൾ ഉണ്ടായില്ല എന്ന ചോദ്യത്തിലേക്ക് തിരിച്ചുവരാം. ഇവിടെ നമ്മൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വർഗ്ഗപരമായ ഘടന വിലയിരുത്തണം. കെ.പി.സി.സി. എന്ന കേരളപ്രദേശ് കോൺഗ്രസ്സ് കമ്മിറ്റി സോഷ്യലിസ്റ്റ് ആശയങ്ങളുള്ള, കമ്മ്യൂണിസ്റ്റ് ഘടകമുള്ള, ഇ.എം.എസിനെപ്പോലുള്ള നേതാക്കളുടെ കീഴിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ഭൂപരിഷ്കരണം, ഭുമി കുടിയാന്മാർക്ക്, ജന്മിത്തം അവസാനിക്കണം മുതലായവയായിരുന്നു അവരുടെ ആശയങ്ങൾ. പക്ഷെ ആയിരക്കണക്കിന് ഏക്കർ ഭൂമി സ്വന്തമായുള്ള കർഷകരുടെ താല്പര്യങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന നയമാണ് കർണ്ണാടക പി.സി.സി. യ്ക്ക് ഉണ്ടായിരുന്നത്. അപ്പോൾ ഏറ്റവും അടിസ്ഥാനപ്രശ്നം നിങ്ങൾ ആരുടെ ഭാഗത്ത് നിൽക്കുന്നു. നിങ്ങൾക്ക് ആരോടാണ് പ്രതിബദ്ധത എന്നതാണ്. പ്രതിബദ്ധത വളരെ പ്രധാനമാണ് എന്നോർക്കണം.

ഇടതുപക്ഷത്തിന് അത് സമൂഹത്തിലെ താഴെത്തട്ടിലുള്ളവരോടും ബഹുജനങ്ങളോടുമാണെങ്കിൽ കോൺഗ്രസ്സിന് അത് സമൂഹത്തിലെ വരേണ്യ വർഗ്ഗത്തോടാണ്. ഇതുതന്നെയാണ് മാർക്സിസവും മറ്റു പ്രത്യയശാസ്ത്ര ങ്ങളും തമ്മിലുള്ള വ്യത്യാസവും. തൊഴിലാളിവർഗ്ഗത്തിന്റെ ആശയങ്ങളാണ് മാർക്സിസം ലെനിനിസത്തിൽ കാണുന്നത്. മറ്റു പ്രത്യയശാസ്ത്ര ങ്ങളേറെയും വരേണ്യവർഗത്തിന്റെ താല്പര്യങ്ങൾക്കനുസൃതമാണ്. 1940 കളിൽ ഇ.എം.എസ്. നൽകിയ കുടിയായ്മാ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നു. "നമ്മൾ ഒരു മുതലാളിത്ത വ്യവസ്ഥിതിയിലൂടെയാണ് കടന്നുപോകുന്നത്. അതുകൊണ്ട് ഫ്യൂഡലിസത്തിന്റെ അവശിഷ്ടങ്ങളായ പാട്ടം, വാരം, കുടിയൊഴിപ്പിക്കൽ ഇവയെല്ലാം ഇവിടെ നിലനിർത്തുക എന്നത് ചരിത്രബാഹ്യമായ പ്രവൃത്തിയാണ്. അതുകൊണ്ട് അവ ഉപേക്ഷിക്കപ്പെടേണ്ടവയാണ്." ഭൂപരിഷ്കരണം നടപ്പാക്കണമെന്ന ആശയത്തിന് വളരെ സൈദ്ധാന്തികമായ അടിത്തറ കൊടുക്കുകയായിരുന്നു അദ്ദേഹം.

ഇ.എം.എസും എൻ.സി.കണ്ണനും, മുഹമ്മദ് അബ്ദുൾ റഹ്മാനും കൂടി ഒപ്പിട്ടുകൊണ്ടുള്ള ഒരു ഭിന്നാഭിപ്രായക്കുറിപ്പായിരുന്നു അത്. ആ നിലവാരത്തിലുള്ള ഒരു ചിന്താതലത്തിലേക്ക് ഉയരാൻ 1954 ൽ പോലും കോൺഗ്രസിന് കഴിഞ്ഞില്ല. 1954 ൽ മാധവമേനോൻ കമ്മിറ്റി റിപ്പോർട്ട് പറയുന്നത് വാരം പിരിപ്പിക്കാം, വാരം കൊടുക്കാം എന്നാണ്. പഴശ്ശി സമരം, മലബാർ കലാപം മുതലിങ്ങോട്ട് ഇവിടെ നടന്ന കയ്യൂർ, കാവുമ്പായി, കരിവെള്ളൂർ സമരങ്ങൾവരെ കമ്മ്യൂണിസ്റ്റ് മുദ്രാവാക്യങ്ങളുടെ ചാലകശക്തിയായി പ്രവർത്തിച്ചു എന്ന് നമ്മൾ കാണുന്നു. വിപ്ലവാശയങ്ങൾ മുന്നോട്ട് വെക്കുക മാത്രമല്ല അത് സാക്ഷാത്ക്കരിക്കാൻ ഭരണസംവിധാനങ്ങളെ ഉപയോഗപ്പെടുത്താനുള്ള കമ്മിറ്റ്മെന്റ് അതായത് പ്രതിബദ്ധത കൂടി കമ്മ്യൂണിസ്റ്റുകാരിൽ നമുക്ക് കാണാൻ കഴിയുന്നു. കമ്മിറ്റ്മെന്റിന്റെ പ്രാധാന്യം നേരത്തെ സൂചിപ്പിച്ചുവല്ലോ.

ദക്ഷിണേന്ത്യൻ ഗ്രാമങ്ങൾ എന്തുകൊണ്ടാണ് മുന്നോട്ടെത്തുന്നത് എന്ന ഒരു പഠനം ഒരു വർഷം മുമ്പ് ഞാൻ നടത്തിയപ്പോൾ പഠനവിധേയമാക്കാനായി തെരഞ്ഞെടുത്ത നാല് സ്ഥലങ്ങൾ കേരളത്തിലെ കല്ല്യാശ്ശേരി, കർണ്ണാടകയിലെ ബുസ്റൂർ, തമിഴ്നാട്ടിലെ കീഴ്വെൺമണി, ആന്ധ്രയിലെ കടവുണ്ടി എന്നിവയായിരുന്നു.

വാമൊഴി ചരിത്രത്തെ അതായത് ആളുകളെ ഇന്റർവ്യൂ ചെയ്ത് അവരുടെ ആശയങ്ങൾ എടുത്തുകൊണ്ടാണ് പഠനം നടത്തിയത്. കല്ല്യാശ്ശേരി എന്നു പറഞ്ഞാൽ കർഷക പ്രസ്ഥാനത്തിന്റെ ഈറ്റില്ലം. കേരളം ഭരിച്ചൊരു മുഖ്യമന്ത്രിയെ സൃഷ്ടിച്ച ഗ്രാമം. കടവുണ്ടിയാണെങ്കിൽ തെലുങ്കാന വിപ്ലവത്തിന്റെ ഹൃദയഭൂമി. നേരത്തെ സൂചിപ്പിച്ച 45 ഓളം പേരെ കുടിലുകളിൽ തീയിട്ട് കൊന്ന ഗ്രാമം കീഴ്വെൺമണി,. ജാതിവ്യവസ്ഥയും അയിത്തവുമൊക്കെ കൊടികുത്തിവാഴുന്ന ഗ്രാമമാണ് ബുസ്റൂർ. ഈ നാല് ഗ്രാമങ്ങളെ

താരതമ്യം ചെയ്ത് പഠിക്കുമ്പോൾ കല്ല്യാശ്ശേരി വളരെ വളരെ മുന്നിലാണെന്ന് കാണാൻ കഴിഞ്ഞു. എന്തുകൊണ്ടാണിത്? ഏറ്റവും ശക്തമായ ദേശീയപ്രസ്ഥാനം. കെ.പി.ആർ. ഗോപാലനെപ്പോലുള്ള നേതാക്കളടങ്ങിയ സജീവമായ ദേശീയ പ്രസ്ഥാനത്തിന്റെ കളരി. ഇത് 1940 കളോടെ ശക്തമായ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമായി മാറുന്നു. 1964 നു ശേഷവും ശക്തമായ ഇടതുപക്ഷ പ്രസ്ഥാനത്തെ കല്ല്യാശ്ശേരി നെഞ്ചേറ്റി നടക്കുന്നു. അതേസമയം ബുസ്റൂർ ഗ്രാമത്തിൽ ഭൂപരിഷ്കരണം നടപ്പിലാക്കിയപ്പോഴും ജാതിവ്യവസ്ഥയും അയിത്തം പോലുള്ള ആചാരങ്ങളും ജാതിബാഹ്യർക്ക് പ്രത്യേക ഗ്ലാസ്സിൽ ചായ കൊടുക്കുന്ന രീതികളുമെല്ലാം നിലനിൽക്കുകയാണ്.

അതേസമയത്ത് 20-ാം നൂറ്റാണ്ടിന്റെ മധ്യദശയിൽ, കോൺഗ്രസ് ഭരിച്ചിരുന്ന സമയത്ത്, കീഴ്വെൺമണിൽ പിഞ്ചുകുട്ടികളടക്കം 45 ഓളം നിമ്നവർഗത്തിൽപ്പെട്ടവർ തീയിട്ടു കൊല്ലപ്പെടുകയാണ്. അവസാനം കോടതിയിൽ മറ്റു പല കേസുകളെയും പോലെ തെളിവില്ലാതെ, ശിക്ഷിക്കപ്പെടാതെ ഈ കേസും തള്ളപ്പെടുകയാണുണ്ടായത്. കടവിണ്ടി ഗ്രാമത്തിൽ, തെലുങ്കാന വിപ്ലവം ആരംഭിച്ച ഗ്രാമത്തിൽ നേരാംവണ്ണം ഒരു ഹൈസ്കൂൾ പോലുമില്ല. അതായത് വിപ്ലവത്തിന്റെ ശ്രമങ്ങൾ നടന്നപ്പോഴും അത് കൺസോളിഡേറ്റ് ചെയ്ത് പ്രാബല്യത്തിൽ കൊണ്ടുവരാൻ അവിടെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ അധികാരത്തിലെത്തിയില്ല. അതേസമയത്ത് കല്ല്യാശ്ശേരിയുടെ അവസ്ഥ അങ്ങനെയായിരുന്നില്ല. സംസ്ഥാനത്തായാലും പഞ്ചായത്തിലായാലും വിപ്ലവപ്രസ്ഥാനങ്ങൾക്ക് അധികാരത്തിലെത്താനും മാറ്റങ്ങൾക്ക് നേതൃത്വം കൊടുക്കാനും കഴിഞ്ഞു. ആശയങ്ങളെ പ്രവർത്തിപഥത്തിലെത്തിച്ചപ്പോൾ പുതിയ ആശയങ്ങളും സംസ്കാരവും ചരിത്രവും സൃഷ്ടിക്കപ്പെടുകയായിരുന്നു.

ചെന്നൈയിൽ ഒരു ക്ലാസ്സെടുത്തപ്പോൾ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടത്, എന്തുകൊണ്ട് ഭൂപരിഷ്കരണം കേരളത്തിൽ മാത്രം നടന്നു. മറ്റിടങ്ങളിൽ വേണ്ടത്ര നടന്നില്ല എന്നതായിരുന്നു. കേരളത്തിൽ നടപ്പിലാക്കിയ ഭൂപരിഷ്കരണം പോലും കമ്മ്യൂണിസ്റ്റുകാരുടെ കാഴ്ചപ്പാടിനനുസൃതമായിരുന്നില്ല. ലെനിന്റെ Agrarian question കമ്മ്യൂണിസ്റ്റുകാരുടെ ഭൂപരിഷ്കരണത്തെക്കുറിച്ച് സമഗ്രമായി പറയുന്നു. ഭവാനിസെൻ 1948 ൽ എഴുതിയ' On Agrarian Question' എന്നു പറയുന്ന പുസ്തകവുമുണ്ട്. കോൺഗ്രസ്സുകാർ നടപ്പിലാക്കാതെ വിട്ട, നടപ്പിലാക്കാൻ ധൈര്യമില്ലാതെ മാറ്റിമാറ്റി വച്ച ഭൂപരിഷ്കരണം ധൈര്യത്തോടുകൂടി നടപ്പിലാക്കിയത് ബംഗാളിലും കേരളത്തിലും കമ്മ്യൂണിസ്റ്റുകാർ മാത്രമായിരുന്നു.

കോൺഗ്രസ്സ് അനുഭാവമുള്ള ധനതത്വശാസ്ത്രജ്ഞർ തയ്യാറാക്കിയ ദണ്ഡേക്കർ കമ്മിറ്റി റിപ്പോർട്ടുപോലും നടപ്പാക്കാൻ മൊറാർജി ദേശായിയും കോൺഗ്രസ്സും തയ്യാറല്ലായിരുന്നു. എന്നാൽ 1967-68 ൽ ഇന്ത്യയിലെ മുഴു

വൻ ഭൂപരിഷ്കരണ നിയമങ്ങളും സുപ്രീം കോടതിയിൽ ചോദ്യം ചെയ്യപ്പെട്ട്, ഇവിടെ നിന്നുള്ള കേശവാനന്ദഭാരതി കേസ് വരെയുള്ള കേസുകൾ മുന്നോട്ട് പോകുന്ന സമയത്താണ് കോൺഗ്രസ്സിൽ പിളർപ്പുണ്ടായി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സ് (ഐ) രൂപീകരിക്കപ്പെട്ടത്. അന്ന് ഭൂപരിഷ്കരണനിയമം 9-ാം ഷെഡ്യൂളിൽ പെടുത്താൻ അവരെടുത്ത തീരുമാനം ലാൻഡ് മാർക്ക് എന്നുപറയാൻ ആവുംവിധം ശ്രദ്ധേയമായ ഒരു തീരുമാനമായിരുന്നു. പിന്നീട് അടിയന്തിരാവസ്ഥപോലുള്ള കറുത്ത പുള്ളികൾ ഉണ്ടെങ്കിലും ഈ സംഭവം ചരിത്രത്തിൽ അവർക്ക് ക്രെഡിറ്റ് നൽകുന്നു. ഭൂപരിഷ്കരണത്തെക്കുറിച്ച് ഞാൻ ചിന്തയിൽ എഴുതിയ ഒരു ലേഖനത്തിൽ ഒരു ഖണ്ഡിക ഈ കാര്യം സൂചിപ്പിച്ചുകൊണ്ടുള്ളതാണ്. ഇന്ദിരാഗാന്ധിക്ക് ആശയപരമായ ഈ മാറ്റം എങ്ങനെയുണ്ടായി എന്ന ചോദ്യത്തിനുള്ള ഉത്തരം ഇടത് പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനം എന്നു തന്നെയാണ്. നൂറുൽ ഹസ്സനെപ്പോലുള്ള, മോഹൻ കുമാരമംഗലത്തെപ്പോലുള്ള നേതാക്കളുടെ സ്വാധീനമാണ് ഇങ്ങനെ ഒരു ഇടതുപക്ഷ ആശയം പ്രാവർത്തികമാക്കാൻ അവരെ പ്രേരിപ്പിച്ചതെന്ന് വേണം കരുതാൻ.

ഞാൻ അവസാനിപ്പിക്കുകയാണ്. അപ്പോൾ നമ്മൾ ഏതുവിധത്തിലുള്ള സമൂഹത്തെയാണോ ലക്ഷ്യം വെക്കുന്നത് ആ സമൂഹത്തിന്റെ ലക്ഷ്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ, സാംസ്കാരിക പ്രവർത്തനങ്ങൾ ഇവിടെ ഉണ്ടാകേണ്ടതുണ്ട്. അങ്ങനെയൊരു സാംസ്കാരിക അന്തരീക്ഷം ഉണ്ടായാൽ മാത്രമേ ചരിത്രം സൃഷ്ടിക്കുന്ന മാറ്റങ്ങൾ നമുക്കുണ്ടാക്കാൻ കഴിയൂ.

(എൻ.എഫ്.പി.ഇ യുടെ 33-ാമത് സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടത്തിയ സെമിനാറിൽ നടത്തിയ പ്രഭാഷണം)

# വളരുന്ന കേരളവും മാറുന്ന മലയാളികളും

ഇന്ത്യയിലെ പല ഉപദേശീയതകളായ തമിൾ, തെലുഗു, കന്നട, ഗുജറാത്തി, ബംഗാളി തുടങ്ങിയവയുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിന്റെ ഉപദേശീയതയുടെ അഥവാ മലയാളിയുടെ കൂട്ടായ്മക്ക് പല പ്രത്യേകതകളും നൂറ്റാണ്ടുകളിലൂടെ വളർന്നുവന്നിട്ടുണ്ട്. ഒരു കൊളോണിയൽ സമൂഹമെന്ന നിലയിൽ രണ്ടുനൂറ്റാണ്ടുകളോളം മലബാറും കാസർഗോഡും നിലനിർത്തിയ പ്രത്യേകതകൾ കൊളോണിയൽ ആധിപത്യത്തിന്നു കീഴിൽ തിരുവിതാംകൂർ-കൊച്ചി നാട്ടുരാജ്യങ്ങളിലെ സമൂഹത്തിന്റെ പ്രത്യേകതകളുമായി വ്യത്യസ്തതകൾ പുലർത്തുന്നു. ഒരു പക്ഷേ ഇന്ത്യയിൽ വളർന്നുവന്ന ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായിട്ടായിരിക്കാം മലയാളിസമൂഹം എന്ന സാംസ്കാരിക ബോധവും രാഷ്ട്രീയാശയവും ഉയർന്നുവന്നത്. ഈ ബോധത്തിന്റെ ഒരടിസ്ഥാനപ്രമാണം എന്നാൽ നാല്പതുകളിൽ കേരളം മലയാളികളുടെ മാതൃഭൂമി എന്ന ആശയമായിരുന്നു. ഈ ആശയത്തെ ഇ.എം.എസ്സ് നമ്പൂതിരിപ്പാടിനെപ്പോലുള്ളവർ ഐക്യകേരള പ്രസ്ഥാനത്തിന്റെ അടിസ്ഥാനശിലയാക്കി മാറ്റുകയും ചെയ്തു. ഇന്ത്യയുടെ മറ്റു സംസ്ഥാനങ്ങളിൽ മലയാളികളുടെ കൂട്ടായ്മകൾ നിലനിൽക്കുന്നുവെങ്കിലും മലയാളികളുടെ സ്വന്തമായ ജന്മഭൂമി എന്ന നിലയിൽ ഒരു രാഷ്ട്രീയ ഘടകമായി കേരളം അത്യന്തം പ്രാധാന്യമർഹിക്കുന്നു.

സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ കേരളം അഥവാ കേരളത്തിന്റെ പുത്രന്മാർ അന്യദേശങ്ങളിലേയ്ക്കും അന്യരാജ്യങ്ങളിലേയ്ക്കും ഉപജീവനത്തിനു വേണ്ടി വലിയതോതിൽ കുടിയേറ്റം നടത്തിക്കാണാം. ബ്രിട്ടീഷ് കൊളോണിയൽ ആധിപത്യത്തിനു കീഴിലുള്ള സിലോൺ, ബർമ്മ, മലയ, സിങ്കപ്പൂർ, പേർഷ്യ തുടങ്ങിയ രാജ്യങ്ങളിലേക്ക് കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യകാലത്തുതന്നെ ധാരാളം കുടിയേറ്റങ്ങൾ നടക്കുകയുണ്ടായി. പ്രധാനമായും ഈ കുടിയേറ്റങ്ങളിൽ ഉൾപ്പെട്ട വിഭാഗം മുസ്ലിം സമൂഹം അഥവാ മലബാർ മാപ്പിളമാരായിരുന്നു. കൊളോണിയൽ ഭരണം മലബാറിൽ വാണിജ്യരംഗങ്ങളിലും മറ്റുമായി ഏറ്റവുമധികം പാപ്പരീകരിച്ച സമൂഹം മാപ്പിള

മാരായിരുന്നു. കൂടാതെ അന്യസംസ്ഥാനങ്ങളിലെ പട്ടണങ്ങളായ മദ്രാസ്, ബാംഗ്ലൂർ തുടങ്ങിയ കൊളോണിയൽ നഗരങ്ങളിലേക്കും അനേകം പേർ കുടിയേറ്റം നടത്തി. മദ്രാസ് അന്ന് മലബാറിന്റെ ഭരണകേന്ദ്രം കൂടിയായിരുന്നു. ആധുനിക വിദ്യാഭ്യാസമോ, ആധുനിക തൊഴിൽപരിചയമോ ഒന്നുമില്ലാത്ത വ്യക്തികളുടെ ഈ കുടിയേറ്റം വൻപട്ടണങ്ങളിൽ ചെറിയ കൂലിത്തൊഴിലും മലക്കറി വാണിജ്യവും ഹോട്ടൽ ജോലിയും മറ്റും ലക്ഷ്യം വെച്ചായിരുന്നു. അവരുടെ ചെറിയ സമ്പാദ്യങ്ങൾ നാട്ടിലെ ദരിദ്രരായ കുടുംബാംഗങ്ങൾക്കു ജീവിക്കാനുള്ള സാഹചര്യമൊരുക്കി. നാല്പതുകളിൽ ഇന്ത്യയിൽ ബംഗാളിലെപ്പോലുള്ള വൻക്ഷാമക്കെടുതികൾ ഇല്ലാതാക്കിയതിന്റെ പിന്നിൽ കുടിയേറ്റക്കാരുടെ ചെറിയ സമ്പാദ്യങ്ങളായിരുന്നു. ഒരു സമൂഹമെന്ന നിലയിൽ ജന്മനാട് വിട്ടുപോകാനും ദൂരസ്ഥലങ്ങളിൽ ഉപജീവനം കണ്ടെത്താൻ വലിയ പരിശ്രമം നടത്താനുള്ള മാനസികാരോഗ്യം, കഷ്ടപ്പാടുകൾ സഹിക്കാനുള്ള ചങ്കൂറ്റം, പരസ്പരം സഹായിക്കാനുള്ള സാഹോദര്യബോധം, ഏതു തൊഴിൽ ചെയ്യാനുമുള്ള സന്നദ്ധത, ഇതെല്ലാം മാപ്പിളസമൂഹത്തിനു സ്വാഭാവികമായിരുന്നു. ലോകത്തിന്റെ ഏതു കോണിലായാലും സ്വന്തം നാട്ടിൽ മടങ്ങിയെത്താനുള്ള താല്പര്യവും ഈ സമൂഹത്തിൽ വളരെ മുമ്പുതന്നെ നിലനിന്നിരുന്നു. ഒരു മതമെന്ന നിലയിൽ ഇസ്ലാംമതം അവരിലുണ്ടാക്കിയ കർമ്മശേഷി അത്യന്തം ശ്രദ്ധാവഹമാണ്. മാക്സ് വെബ്ബറെ പോലുള്ള പണ്ഡിതന്മാർ വ്യവസായം, തൊഴിൽ, തുടങ്ങിയ മേഖലകളിൽ മതം നടത്തുന്ന സ്വാധീനം വ്യക്തമാക്കി കാണാം.

ഇതേ കാലഘട്ടത്തിൽ മലബാറിലെ ഹിന്ദുസമൂഹത്തിൽപ്പെട്ട ജാതിക്കാരിൽ ഇത്തരം കുടിയേറ്റത്തിനുള്ള പ്രവർത്തനം വളരെ പരിമിതമായിരുന്നു. തിരുവിതാംകൂറിൽ താഴ്ന്ന ജാതിയിൽപ്പെട്ടവരും മതപരിവർത്തനം നടത്തിയ ചാന്നാർ വിഭാഗവുമെല്ലാം സിലോൺ, മലയ തുടങ്ങിയ രാജ്യങ്ങളിലേക്ക് തോട്ടം തൊഴിലാളികളായി ഇതേ കാലത്ത് കുടിയേറ്റം നടത്തിവന്നിരുന്നു. ഒന്നും രണ്ടും ലോകയുദ്ധങ്ങൾ സൃഷ്ടിച്ച സാമ്പത്തിക പരിതസ്ഥിതികളും പട്ടിണിയും അതുപോലെ പട്ടാളം, തോട്ടം, തൊഴിലുകൾ എന്നിവയ്ക്കു കൂടുതൽ ആളുകളെ ആവശ്യമായി വന്നതും ഈ കുടിയേറ്റക്കാരെ പ്രോത്സാഹിപ്പിച്ച വസ്തുതകളാണ്. ഇത്തരത്തിൽ ജോലിക്കു വേണ്ടി നടത്തപ്പെടുന്ന വിദേശയാത്രയും വേണ്ടത്ര വിദ്യാഭ്യാസമില്ലായ്മയും എല്ലാം വ്യക്തമാക്കിക്കൊണ്ടുള്ള ഒരു ഗ്രാമത്തിലെ ചൊല്ല് തമാശയും വസ്തുതകളുടെ വിശകലനവും നൽകുന്നു. 'മുന്നം ഞമ്മളെ മേനോൻ, ഇപ്പം പണി പോലീസ്, പോസ്റ്റ്. ബർമ്മ' ഈ നിലയിലായിരുന്നു പലരുടെയും മേൽവിലാസം. ഒരിക്കലും ബന്ധപ്പെടാൻ കഴിയാത്തവിധത്തിലുള്ളത്.

പാലാ നാരായണൻ നായർ 'കേരളം വളരുന്നു പശ്ചിമഘട്ടങ്ങളെക്കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ' എന്നെഴുതുമ്പോൾ സ്വാതന്ത്ര്യത്തിനു

മുമ്പും പിമ്പും കേരളത്തിലെ മലയാളികളുടെ ഇന്ത്യയിലെ അന്യസംസ്ഥാനങ്ങളിലേക്കുള്ള ജോലിസംബന്ധമായ കുടിയേറ്റമാണ് സൂചിപ്പിക്കുന്നത് എന്നു കാണാം. എന്നാൽ അൻപതുകളിലും അറുപതുകളിലും കേരള സംസ്ഥാനത്തിനുള്ളിൽ തന്നെ ജനസാന്ദ്രതയുള്ള തിരുവിതാംകൂറിലെ പാലാ തുടങ്ങിയ താലൂക്കുകളിൽ നിന്നും സിറിയൻ ക്രിസ്ത്യാനികളുടെയും അന്യസമുദായങ്ങളുടേയും ശക്തമായ ഒരു കുടിയേറ്റം വയനാട് അടക്കമുള്ള മലയോര പ്രദേശങ്ങളിലേക്ക് ശക്തമായി ആർത്തിരമ്പി. ഇവരെല്ലാം പ്രധാനമായും നാമമാത്ര കർഷകരും ഭൂരഹിത കാർഷിക തൊഴിലാളികളുമായിരുന്നു. മലബാറിലേക്കുള്ള അവരുടെ കുടിയേറ്റം കൃഷി ചെയ്യാത്ത തരിശുഭൂമി കൃഷിയിലേക്ക് കൊണ്ടുവരാനും പുതിയ കാർഷിക രീതികൾ നടപ്പാക്കാനും സഹായിച്ചു. എന്നാൽ ഇതോടൊപ്പം രാജ്യത്തിനാവശ്യമായ തോതിലുള്ള വനഭൂമി വമ്പിച്ച തോതിൽ നഷ്ടപ്പെടുത്തുകയും ആദിവാസികളടക്കമുള്ള ദുർബലവിഭാഗങ്ങളുടെ ഭൂമി നഷ്ടപ്പെടാനുള്ള സാഹചര്യമുണ്ടാക്കുകയും ചെയ്തു. ഇന്നും മൂന്നാർ പോലുള്ള പ്രദേശങ്ങളിലെ ഭൂപ്രശ്നം ഇത്തരത്തിലുള്ള കുടിയേറ്റവും വാണിജ്യതാല്പര്യങ്ങളും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു.

കേരളത്തിലെ ഇത്തരം മാറ്റങ്ങളും വമ്പിച്ച ജനസാന്ദ്രതയും വർധിച്ചുവരുന്ന ജനസംഖ്യയെ ഉൾക്കൊള്ളാവുന്ന വിധത്തിൽ വ്യവസായങ്ങളും വാണിജ്യബന്ധങ്ങളും വളർന്നുവരാത്ത സ്ഥിതിയും അറുപതുകളിലും എഴുപതുകളിലും കേരളീയ സമൂഹത്തെ വളരെ ദരിദ്രമാക്കി മാറ്റിയിരുന്നു. എന്നാൽ സ്റ്റെയിറ്റിന്റെ പൊതുവിദ്യാഭ്യാസനയവും പുതിയ കോളേജുകളും സർവ്വകലാശാലകളും വിദ്യാഭ്യാസം ലഭിച്ച, ജോലിയില്ലാത്ത ഒരു തൊഴിൽ ശക്തിയേയും സൃഷ്ടിച്ചിരുന്നു. എന്നാൽ മലബാറിൽ ഈ ഘട്ടത്തിൽ ഉന്നതവിദ്യാഭ്യാസവും സാങ്കേതിക വിദ്യാഭ്യാസവും വളർന്നു വന്നിരുന്നില്ല. ഇതേ ഘട്ടത്തിൽ മധ്യപൗരസ്ത്യ നാടുകളിൽ പെട്രോളിന്റെ ലഭ്യത കണ്ടെത്തുകയും സ്വതന്ത്രമായ കുവൈറ്റ്, സൗദി, യു.എ.ഇ. പോലുള്ള രാഷ്ട്രങ്ങൾ രൂപംകൊള്ളുകയും ചെയ്തു. സ്വപ്നഭൂമി എന്ന നിലയിൽ ഗൾഫ് നാടുകളിലേക്ക് ഇതേ ഘട്ടത്തിൽ മലയാളികളുടെ വമ്പിച്ച കുടിയേറ്റം നടക്കുകയുണ്ടായി. തിരുവിതാംകൂർ പ്രദേശങ്ങളിൽ ധാരാളമായി വിദ്യാഭ്യാസം ലഭിച്ചവർ പ്രധാനമായും യൂറോപ്യൻ രാജ്യങ്ങൾ, കാനഡ, യു.എസ്സ് തുടങ്ങിയ മേഖലകളിലേക്കായിരുന്നു തൊഴിൽ തേടി പോയിരുന്നത്. എന്നാൽ മലബാർ കാസർഗോഡ് പ്രദേശങ്ങളിൽ നിന്നും ഗൾഫിലേക്ക് തിരിച്ചവർ പ്രധാനമായും തൊഴിലാളികളും താഴ്ന്നതലങ്ങളിലെ മാനേജീരിയൽ ഉദ്യോഗം തേടിയുള്ളവരുമായിരുന്നു. മയ്യഴിയിലും പരിസരപ്രദേശങ്ങളിലും നിന്ന് ഗൾഫ് നാടുകളിലേക്കു പോയവരുടെ ഒരു മൈക്രോപഠനം വ്യക്തമാക്കുന്ന വസ്തുതകൾ പ്രധാനമായും ഈ വിധത്തിലുള്ള കുടിയേറ്റമാണെന്നതായിരുന്നു. കൂടാതെ ഇവരിൽ ഭൂരിപക്ഷവും മാപ്പിളമാരും വേണ്ടത്ര

വിഭവ സാമഗ്രികൾ ഇല്ലാത്തവരുമായിരുന്നു. അവർ കുടുംബങ്ങളിലേക്കയച്ച പണവും അതുപോലെ അവർ സ്വകാര്യമേഖലയിൽ നിക്ഷേപിച്ച മൂലധനവും കേരളീയ ജീവിതത്തിൽ വരുത്തിയ മാറ്റങ്ങൾ ഏറ്റവും പ്രധാനമാണ്. ഇത്തരം മാറ്റങ്ങൾ അയൽ സംസ്ഥാനങ്ങളിലെ ഗ്രാമപ്രദേശങ്ങളിലൊന്നും കാണാവുന്നതല്ല. ഉദാഹരണത്തിനു ഗോവയിൽ നിന്നും ഭട്കലിലേക്കു വരുന്ന തീരപ്രദേശത്തേയും മംഗലാപുരം മുതൽ തിരുവനന്തപുരം വരെ വരുന്ന കേരളത്തിന്റെ തീരപ്രദേശത്തെയും ഒരു താരതമ്യപഠനം ചെയ്യുമ്പോൾ സൗകര്യങ്ങളിലും സാമ്പത്തിക നിക്ഷേപത്തിലും ചെറിയ പട്ടണങ്ങളുടെ രൂപീകരണത്തിലും വലിയതോതിൽ വ്യത്യാസങ്ങൾ കാണാം. കേരളത്തിന്റെ ജനസാന്ദ്രതയും സൗകര്യങ്ങളും ചെറുപട്ടണങ്ങളുടെ എണ്ണവും വളരെ ഉയർന്ന തോതിലാണ്. സാധാരണയായി സമുദ്രതീരപ്രദേശങ്ങളിൽ പുരോഗതിയും മൂലധന നിക്ഷേപവും ഉയർന്ന തോതിലാണെന്നു ഭൂമിശാസ്ത്രജ്ഞർ സിദ്ധാന്തിക്കുമ്പോൾ ഗോവ-ഭട്കൽ തീരപ്രദേശം വളരെ പിന്നിൽ നിൽക്കുന്നു. ഇവിടെ നൂറ്റാണ്ടുകളായി വളർന്നുവന്ന മലയാളി സമൂഹത്തിന്റെ ചില പ്രത്യേകതകളും ഭൂമിശാസ്ത്രപരമായി നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ കേരളത്തിൽ രൂപപ്പെട്ടിരുന്ന ചെറുപട്ടണങ്ങളുടെ പ്രത്യേകതയും പരിഗണിക്കേണ്ടതുണ്ട്. ഈ വളരെ ചെറിയ പട്ടണങ്ങൾ അഥവാ ഗ്രാമ ഗർഭത്തിലുള്ള ടൗണുകൾ അറേബ്യൻ രാജ്യങ്ങളുമായി വളരെ നൂറ്റാണ്ടുകൾക്കു മുമ്പുള്ള നമ്മുടെ വാണിജ്യബന്ധങ്ങളിലൂടെ വളർന്നുവന്നവയാണ്.

വിദേശങ്ങളിൽ നിന്നുള്ള പ്രവാസികളുടെ പണം കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ ജീവിതത്തെ അത്യന്തം സ്വാധീനിച്ചുവെന്നു കാണാം. ഇവിടുത്തെ ആഭ്യന്തര ഉല്പാദനത്തിന്റെ 15 മുതൽ 22 ശതമാനം വരെ വരുന്ന പണമാണ് 1972-73 ൽ പ്രവാസികളുടെ വക ലഭിച്ചുവന്നത്. അത് 6 വർഷത്തിനകം 78-79 ൽ മുപ്പതു ശതമാനമായി ഉയർന്നിരുന്നു. പ്രതിശീർഷം ഉപഭോക്തൃ ചെലവ് 1970-71 ൽ ഗ്രാമീണ കുടുംബങ്ങളിൽ ഇന്ത്യൻ ശരാശരിയേക്കാൾ 11.6 ശതമാനം കുറവായിരുന്നു. ഇത് അന്നത്തെ കഠിന ദാരിദ്ര്യം വ്യക്തമാക്കുന്നു. കുറഞ്ഞ ചെലവിൽ അത്യാവശ്യത്തിനു നിവൃത്തിയില്ലാതെ ജീവിക്കുന്ന കുടുംബങ്ങൾ എന്നാൽ 1987 ൽ അത് ഇന്ത്യൻ ശരാശരിയേക്കാൾ 9.5 ശതമാനം ഉയർന്നുവന്നു. ആളോഹരിച്ചെലവ് 1991 ൽ ഇന്ത്യൻ ശരാശരിയേക്കാൾ 31.1 ശതമാനം ഉയർന്നുവരികയും ചെയ്തു. ഈ സ്ഥിതിവിവരക്കണക്കുകൾ കേരളം വളർന്നുവരുന്നതിന്റെയും എത്താവുന്ന ദിക്കുകളിൽ എത്തിപ്പെട്ടതിന്റെയും ഫലമായിരുന്നു. ഇതെല്ലാംതന്നെ യൂറോപ്പിലെന്നപോലെ നഗരവും ഗ്രാമങ്ങളും തമ്മിലുള്ള പ്രകടമായ വ്യത്യാസങ്ങൾ ഇല്ലാതാക്കുകയും ചെയ്തു. ആവാസരീതിയിൽ തന്നെ മാറ്റമുണ്ടാക്കി.

കേരളത്തിൽ ഇന്നും ഇംഗ്ലീഷ് ഭാഷ പഠിക്കാനും പഠനത്തിന്റെ ബന്ധ

ഭാഷ ഇംഗ്ലീഷ് ആക്കി കഴിയുന്നത്ര നിലനിർത്താനുള്ള ശ്രമത്തിന്റെ അടിസ്ഥാനകാരണം വിദേശങ്ങളിലേക്കു ജോലിയന്വേഷിച്ചു ചെല്ലാനും ജോലി ചെയ്യാനുള്ള ആഗ്രഹത്തിന്റെ ഫലം കൂടിയാണെന്നു കാണാം.

കേരളത്തിന്റെ വളർച്ച വിദേശങ്ങളിലേക്ക് ത്വരിതപ്പെടുത്തിയത് ഇത്തരത്തിൽ അതിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പും വർധിച്ചുവന്ന ജോലി ഇല്ലായ്മയും ഒരു വിധത്തിൽ വളരെ സമീപമെന്നു പറയാവുന്ന ഗൾഫു നാടുകളുടെ വികാസവും അതിനാവശ്യമായി വന്ന പുതിയ തൊഴിലുകൾ സപ്ലൈ ചെയ്യുവാനുള്ള ഇവിടുത്തെ സാങ്കേതിക-മാനേജീരിയൽ വിജ്ഞാനത്തിന്റെ വളർച്ചയും ഒത്തുചേർന്നുകൊണ്ടായിരുന്നു. അതുപോലെ ഐ.ടി. തുടങ്ങിയ മേഖലകളിൽ എൺപതുകൾക്കുശേഷം ഇവിടെ വളർന്നുവന്ന സാങ്കേതിക വിജ്ഞാനം വികസിതരാജ്യങ്ങളിലേക്ക് കേരളത്തെ അഭിമാനപൂർവം കടന്നുചെല്ലുവാൻ സഹായിച്ചു. കഴിഞ്ഞ നൂറ്റാണ്ടിന്റെ ഒരു നൈരന്തര്യം ഇതിൽ കാണുവാൻ കഴിയും.

എന്നാൽ ഈ വളർച്ച നേടിയപ്പോഴും മലയാളികളുടെ ഉപദേശീയതയിലും നൈസർഗ്ഗികമായ സംസ്കാരത്തിലും ജീവിതരീതിയിലും വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒരു പക്ഷേ സ്വന്തം വേരുകൾ പോലും നഷ്ടപ്പെടുത്തുന്ന മാറ്റങ്ങളായിരുന്നു ഒരു സമൂഹമെന്ന നിലയിൽ മലയാളികൾക്ക് നേരിടേണ്ടിവന്നത്. കാർഷിക ജീവിതത്തിൽ നിന്ന് ഘട്ടം ഘട്ടമായി അകന്നുപോയപ്പോൾ കായികാദ്ധ്വാനത്തോടുതന്നെ പ്രതികൂലമായ ഒരു മനോഭാവം ഇവിടെ വളർന്നുവന്നു. ഫ്യൂഡൽ സംസ്കാരത്തിന്റെ ഭാഗമായ 'സ്വസ്ഥം കൃഷി' എന്നു പറയുന്ന രീതിയും ഒന്നും അധ്വാനിക്കാതെ മൂന്നുനേരവും ഭക്ഷണം കഴിക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതിയുണ്ടെന്നുള്ള പൊങ്ങച്ചവും ഇവിടെ ഉയർന്നുവന്നു. നെൽവയലുകൾ കോൾഭൂമികളായും പൊക്കാളിപ്പാടശേഖരങ്ങളായും ചെറിയ തുണ്ടുപാടങ്ങളായും സ്ഥിതിചെയ്തിരുന്നവ ഇന്നു വാണിജ്യാവശ്യത്തിനുള്ള വിൽപ്പനച്ചരക്കുകൾ മാത്രമാണ്. നൂറ്റാണ്ടുകൾക്ക് മുമ്പ് മനുഷ്യാധ്വാനം വഴി നിർമ്മിച്ച ഈ പാടശേഖരങ്ങൾ ഇന്നു പൂർണ്ണമായും നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഓണം, വിഷു, തിരുവാതിര തുടങ്ങിയ ഗ്രാമീണോത്സവങ്ങൾ പുതിയ മാനങ്ങളിലേക്ക് മാറിയിരിക്കുന്നു.

ഈ മാറ്റങ്ങളെല്ലാം ഒരു ഉപഭോഗ സംസ്കാരത്തെ അതായത് ഇന്ത്യൻ ശരാശരി ചെലവുകളേക്കാൾ അനേകം ചെലവു ചെയ്യേണ്ടിവരുന്ന ഒരു സമൂഹത്തെ സൃഷ്ടിച്ചിരിക്കുന്നു. സാമൂഹ്യമായ പഴയ അനാചാരങ്ങൾ വീണ്ടും തിരിച്ചുകൊണ്ടുവരുന്നതിൽ ഉപഭോഗ സംസ്കാരത്തിനും വരേണ്യ വിഭാഗത്തെ അനുകരിക്കുകയെന്ന അനുകരണശീലം എന്ന പൊങ്ങച്ചത്തിന്നും വലിയ പങ്കുണ്ട്. അതു ജനസാമാന്യത്തെ കൂടുതൽ ദരിദ്രവത്ക്കരിക്കുന്നു. ജാതി, ആൾ ദൈവവിശ്വാസം, യാഥാസ്ഥിതികത, മാമൂൽ പ്രിയത്വം തുടങ്ങിയവയിൽ കൂടുതൽ ബദ്ധമായി തീർന്നിരിക്കുകയാണ്

മലയാളികളുടെ ഇന്നത്തെ സംസ്കാരം. അരാഷ്ട്രീയത ഒരു ഭാഗത്ത് വളർന്നുകൊണ്ടിരിക്കുമ്പോൾ മതതീവ്രവാദം ശക്തമാക്കുന്ന പ്രവർത്തനങ്ങൾ മറുഭാഗത്ത് വളരുന്നു. ഓരോ വിഭാഗവും മതത്തിന്റെയും ജാതിയുടെയും പേരിൽ തനിമയും കൂട്ടായ്മയും സൃഷ്ടിക്കുവാൻ കൂടുതൽ കൂടുതൽ മത്സരിക്കുകയാണ്. നായർ സർവീസ്, മുസ്ലിം സർവീസ്, ഈഴവ സർവീസ് എന്നെല്ലാം വ്യവഹരിച്ചുകൊണ്ട് പൊതു മുഖ്യധാരയെ ശിഥിലീകരിക്കുന്ന പ്രവർത്തനങ്ങൾ സാംസ്കാരികവും രാഷ്ട്രീയവുമായ ജീവിതത്തെ ശിഥിലമാക്കുകയാണ്.

മാധ്യമ സിൻഡിക്കേറ്റുകളും ഇലക്ട്രോണിക് മീഡിയകളും ഒരു പുതിയ സംസ്കാരത്തെ കെട്ടിപ്പടുക്കാനുള്ള പ്രവർത്തനങ്ങളേക്കാൾ താത്ക്കാലിക പ്രാധാന്യമുള്ള വാർത്തകളെ ചർച്ചകളാക്കി മാറ്റുക മാത്രമാണ് ചെയ്യുന്നത്. കൂടുതൽ കൂടുതൽ സുഖഭോഗങ്ങളിലേക്കും സന്തോഷത്തിന്റെ വ്യവസായങ്ങളിലേക്കും (പ്ലഷർ ഇൻഡസ്ട്രി) ജനങ്ങളുടെ ശ്രദ്ധ തിരിച്ചുകൊണ്ടിരിക്കുന്നു. ടൂറിസം മേഖലക്കു നൽകുന്ന വലിയ പ്രാധാന്യം ഇത്തരം പശ്ചാത്തലത്തിൽ വിലയിരുത്തേണ്ടി വരുന്നു. പ്ലഷർ ഇൻഡസ്ട്രി വളരുമ്പോൾ സ്വാഭാവികമായും സെക്സ് ഇൻഡസ്ട്രിയിലേക്ക് നീങ്ങാതിരിക്കാൻ കഴിയുകയില്ല. ബാലി, ഫിലിപ്പീൻസ് എന്നീ രാജ്യങ്ങൾ ഇതിന് ഉദാഹരണമാണ്.

മൂല്യാധിഷ്ഠിതമായ ഒരു ജീവിതബോധം മലയാളസമൂഹത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. കാർഷികവൃത്തിയെപ്പോലും ചൂതുകളിയിലേക്കു നയിക്കുന്ന വിധത്തിലുള്ള സാമൂഹ്യ പശ്ചാത്തലം അനേകം കർഷക ആത്മഹത്യയിലേക്കും കൂട്ട ആത്മഹത്യയിലേക്കും സമൂഹത്തെ നയിക്കുന്നു. ഒരുപക്ഷെ വിദേശ മൂലധനത്തിന്റെ സൃഷ്ടിയായ ഫിനാൻസ് കാപ്പിറ്റലിസം മലയാളികളുടെ എല്ലാവിധ ജീവിത പശ്ചാത്തലത്തിലേക്കും കടന്നു ചെല്ലുകയും അവിടെ കൂടുതൽ കൂടുതൽ മോഹഭംഗത്തിന്ന് ഇടയാക്കുകയും ചെയ്യുന്നു. ഇതാകട്ടെ ഭരണരംഗത്തെയും അതിന്റെ നേതൃത്വത്തെയും ശിഥിലീകരിക്കുന്ന പ്രവണതകളിലേക്ക് നയിക്കുന്നു. ഓരോ പുതുവർഷത്തിലും കേരളം അഥവാ മലയാളികളുടെ മാതൃഭൂമി കോടികൾ ചെലവഴിക്കുമ്പോൾ തങ്ങളുടെ സാമൂഹ്യബന്ധങ്ങൾ വിസ്മരിക്കുകയാണെന്നു കാണാം. ഇത്തരത്തിൽ വിശകലനം ചെയ്യുമ്പോൾ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഇവിടെ വളർന്നു വരേണ്ടിയിരുന്ന പുതിയ മാനവികതയും മാനവരെല്ലാവരും ഒരുപോലെയായിരിക്കേണ്ട സ്ഥിതിവിശേഷവും നവോത്ഥാന പ്രസ്ഥാനങ്ങളുടെ സന്ദേശവും എല്ലാം വളർച്ചയില്ലാതെ തളർച്ചയിലേക്കു നീങ്ങുന്ന ഒരു സ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്. പൊതുവിദ്യാഭ്യാസം വളർത്തിയെടുക്കുന്നതിൽ ഏറ്റവും വലിയ പങ്കു വഹിച്ച മിഷനറിമാർ ഇന്നു ക്രിസ്തുമത സ്ഥാപനങ്ങളിൽ മാത്രമേ ക്രിസ്തീയരായ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ പാടുള്ളൂ എന്ന വിവേചനാത്മകമായ, വിഭാഗീയമായ ചിന്ത

യിലേക്കു നീങ്ങുന്ന ദുഃഖാത്മകമായ സ്ഥിതിയും ഇവിടെ ഉണ്ടായിരിക്കുകയാണ്.

ഇതെല്ലാം സാംസ്കാരികവും രാഷ്ട്രീയവുമായ ഒരു പിന്നാക്കാവസ്ഥയിലേക്കുള്ള പിന്മാറ്റമായി കാണേണ്ടിയിരിക്കുന്നു. ഇന്ന് ഈ സ്ഥിതി സ്വീകരിക്കുമ്പോൾ അതു നാളെയെ അത്തരത്തിലാക്കി രൂപാന്തരപ്പെടുത്തുന്നു. അതിനാൽ പുരോഗതിയിലേക്കുള്ള നാളയെ സൃഷ്ടിക്കാൻ പുരോഗതിയിൽ വേരുകളുറപ്പിക്കുന്ന ഇന്നുകൾ കൂടിയേ കഴിയൂ. മനുഷ്യന്റെ ഏറ്റവും വലിയ നന്മയായിരിക്കണം നമ്മുടെ ലക്ഷ്യബോധം. അതായിരിക്കണം വളരുന്ന കേരളത്തിന്റെ ലക്ഷ്യബോധവും.

# ഐക്യകേരളം കാസർഗോടിന്റെ ഇടപെടൽ

ഒരു ഭാഷാസംസ്ഥാനമെന്ന നിലയിൽ ഐക്യകേരളം രൂപംകൊണ്ടപ്പോൾ അതിന്റെ പിന്നിൽ അനേകം ജനകീയപ്രക്ഷോഭങ്ങളും സമരങ്ങളും രൂപപ്പെട്ടിരുന്നതായി കാണാം. യാദൃച്ഛികമായ ഒരു ഭരണപരിഷ്കാരം എന്ന നിലയിൽ വിലയിരുത്താൻ കഴിയുന്ന ഒന്നല്ല ഈ സംസ്ഥാന രൂപീകരണം. ബ്രിട്ടീഷ് ഭരണം ഇന്ത്യയിൽ വളർന്നുവന്നത് ചരിത്രപരമായ കാരണങ്ങൾ അടിസ്ഥാനമാക്കി വിവിധ ഭാഷാപ്രദേശങ്ങളുടെ മീതെ ആധിപത്യം സ്ഥാപിച്ചുകൊണ്ടായിരുന്നു. അതിന്റെ മദ്രാസ് പ്രസിഡൻസി അഥവാ പ്രോവിൻസ് എന്ന ഭരണതലത്തിൽ തമിഴ്, കന്നട, തെലുഗ്, മലയാളം, തുളു തുടങ്ങിയ വിവിധ ഭാഷകൾ സംസാരിക്കുന്ന ജനവിഭാഗം ഉൾക്കൊണ്ടിരുന്നു. ഏകഭാഷ സംസാരിക്കുന്ന ജനവിഭാഗത്തെ ഏകീകൃതമായ ഒരു ഭരണത്തിന്നു കീഴിൽ കൊണ്ടുവന്നാൽ അത് ദേശീയതയുടെ അഥവാ ഉപദേശീയതയുടെ വളർച്ചയ്ക്കും വികസനത്തിനും സഹായകമാകുമെന്നുള്ള ആധുനിക രാഷ്ട്രവിജ്ഞാനത്തിന്റെ സിദ്ധാന്തം ബ്രിട്ടീഷ് ഭരണത്തിന് ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. അതിന്റെ കൊളോണിയൽ സമീപനം ദേശീയതയെ പ്രോത്സാഹിപ്പിക്കുന്നതല്ല. ഏറ്റവും ചുരുക്കം വിഭവം ചെലവഴിച്ച് ഏറ്റവും വലിയ വിഭവം കയ്യാളുകയെന്നതാണ് കൊളോണിയൽ നയം. അതിനാൽ കൊളോണിയൽ ഭരണം പ്രാദേശിക ഭാഷകളുടെ മീതെ ആധിപത്യം ചുമത്തിക്കൊണ്ടും അവയെ അടിച്ചമർത്തിക്കൊണ്ടും ആയിരിക്കുമെന്നത് തികച്ചും സ്വാഭാവികം മാത്രം. ഉദാഹരണത്തിന് മദ്രാസ് സർവ്വകലാശാലയിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നവർക്ക് ഉയർന്ന ശമ്പളവും ദേശീയഭാഷകൾ പഠിപ്പിക്കുന്ന മുൻഷിമാർക്ക് കുറഞ്ഞ ശമ്പളവും നിലനിന്ന കാര്യം പ്രത്യേകം സ്മരണീയമാണ്.

ഈ നിലയിൽ ദേശീയതയും ഉപദേശീയതയും പ്രോത്സാഹിപ്പിക്കുകയെന്നത് കൊളോണിയൽ ഭരണത്തിന്റെ ലക്ഷ്യമല്ല. എന്നാൽ നീണ്ടകാലത്തെ

കൊളോണിയൽ ഏകീകരണം ദേശീയതയേയും ഉപദേശീയതയേയും പരോക്ഷമായി വളർത്തുന്നതിൽ സഹായകവുമായിത്തീരുന്നു. ഒരുഭാഗത്ത് ഭാഷാപരമായ അടിച്ചമർത്തൽ നടത്തുന്നതോടൊപ്പം മറുഭാഗത്ത് ഭാഷാപരമായ വളർച്ചയ്ക്കുള്ള പ്രചോദനവും നൽകുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ കാലഘട്ടത്തിൽ മാതൃഭാഷയോടുള്ള അഗാധമായ സ്നേഹത്താലും രാഷ്ട്രീയമായ ഉൽബുദ്ധതകൊണ്ടും സംസ്കാരികമായ ആവേശം കൊണ്ടും ഗോകർണ്ണം മുതൽ കന്യാകുമാരിവരെയുള്ള ഭൂപ്രദേശം മലയാളികളുടെ കേരളമാണെന്ന സമീപനം ഉണ്ടായിരുന്നു. എന്നാൽ ചരിത്രപരമായി ഇത് ശരിയായിരുന്നില്ല.

കേരളം ഒരു ഏകീകൃത ഭരണത്തിലെന്നതിന്നു പകരം വെട്ടിമുറിക്കപ്പെട്ടു കിടക്കുകയായിരുന്നു. തിരുവിതാംകൂർ കൊച്ചി നാട്ടുരാജാക്കന്മാരുടെ ഭരണത്തിലും മയ്യഴി ഫ്രഞ്ചുഭരണത്തിലും തിരുവിതാംകൂറിലെ അഞ്ചുതെങ്ങ്, പ്രത്യേകം ഭരണമായി ബ്രിട്ടീഷുകാരുടെ കീഴിലും നിലകൊണ്ടു. മലബാർ നേരിട്ടുള്ള ബ്രിട്ടീഷ് ഭരണത്തിലും കാസർകോട് തെക്കൻ കർണ്ണാടകത്തിന്റെ ഭാഗമായി മദ്രാസ് റസിഡൻസിയുടെ ഭരണത്തിലും ഉൾപ്പെട്ടു. കാസർഗോഡ് വളരെക്കാലം ബേക്കൽ താലൂക്ക് എന്ന പേരിൽ ബോംബെ പ്രസിഡൻസിക്ക് കീഴിലായിരുന്നു. മലബാർ 1792 ലും ബേക്കൽ അഥവാ കാസർഗോഡ് 1799 ലും ബ്രിട്ടീഷാധിപത്യത്തിലെത്തിച്ചേർന്നു. അവ പ്രത്യേകം ഭരണകേന്ദ്രങ്ങളായി നിലനിന്നുവന്നു.

പ്രസിഡൻസിയിലെ മൊത്തം ഭരണഭാഷ ഇംഗ്ലീഷായിരുന്നു. എന്നാൽ പ്രാദേശിക ഭാഷ ഉപയോഗിക്കുകയെന്ന തത്വപ്രകാരം മലയാളപ്രദേശം കൂടിച്ചേർന്ന കാസർഗോഡ് താലൂക്കിൽ കന്നട ഭാഷയാണ് നടപ്പിലാക്കിയത്. ഇത് മലയാളികളെ സംബന്ധിച്ച് തങ്ങളുടെ ഭാഷ ഔദ്യോഗികമായി നഷ്ടപ്പെട്ട ഒരവസ്ഥയാണ് സൃഷ്ടിച്ചത്.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് 1908 ൽ ഭാഷാ സംസ്ഥാനം എന്ന ആശയം സ്വീകരിച്ചുകൊണ്ട് അതിന്റെ പ്രാന്തീയ ഘടകമായി ബീഹാർ കോൺഗ്രസ്സ് കമ്മിറ്റി രൂപീകരിച്ചു. കൂടാതെ 1905 മുതൽ തുടർന്നുവന്ന ബംഗാൾ വിഭജനത്തിന്നെതിരായ പ്രക്ഷോഭങ്ങൾ ഭാഷാപരമായ ഒറ്റ ഭരണഘടകം എന്ന ആശയത്തെ അടിസ്ഥാനമാക്കുകയും ചെയ്തു. തെലുഗു പ്രതിനിധികൾ 1915-16 ൽ ആന്ധ്രപ്രദേശ് പ്രൊവിൻഷ്യൽ കോൺഗ്രസ്സ് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് കേരള പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റി നിലവിൽ വരികയും ചെയ്തു. എറണാകുളത്ത് ചേർന്ന 1928 ലെ സ്റ്റേറ്റ് പീപ്പിൾ സമ്മേളനം ഐക്യകേരള രൂപീകരണം ആവശ്യപ്പെടുകയും ചെയ്തു.

മാതൃഭൂമി 1923 ൽ കോഴിക്കോട് നിന്നും പ്രസിദ്ധീകരിച്ചതോടെ ദേശീയ പ്രസ്ഥാനത്തിന്റെ ആശയങ്ങൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചരിക്കപ്പെടുകയും മലയാളികളുടെ ഒരു രാഷ്ട്രീയബോധം, ഒപ്പം സാംസ്കാ

രികബോധം ഉരുത്തിരിഞ്ഞുവരികയും ചെയ്തു. വളർന്നുവരുന്ന ഈ ബോധ ത്തോടൊപ്പം കാസർഗോഡ് താലൂക്കിൽ മലയാളി സേവാസമാജം എന്ന ഒരു സമിതി രൂപീകരിക്കുകയും അവിടുത്തെ മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെ മലബാറുമായി സംയോജിപ്പിക്കണമെന്ന ആവശ്യം ഉയർന്നു വരികയും ചെയ്തു. ഈ സമിതിയുടെ അധ്യക്ഷൻ എം.രാമൻ നമ്പ്യാർ. ബി.എ.എൽ.ടി യും സെക്രട്ടറി സി.നാരായണൻ നായരുമായിരുന്നു. എക്സി ക്യൂട്ടീവ് കമ്മിറ്റി എ.സി. കണ്ണൻനായർ, ഏലത്തടി മലൂർ കുഞ്ഞമ്പു നായർ, തായന്നൂർ മേടത്ത് കുഞ്ഞമ്പു നായർ, വി.കെ.കുഞ്ഞിരാമൻ നായർ, പെരിയ കുഞ്ഞമ്പു നായർ, കോടോത്ത് മാളിയക്കൽ കൃഷ്ണൻ നായർ, പി. കോരൻ മണിയാണ്ടി, കോടോത്ത് കുഞ്ഞിചാത്തു നായർ, കൂക്കൽ കുഞ്ഞമ്പു നായർ, കോണത്ത് മാധവൻനായർ, എ.കുഞ്ഞിക്കൃഷ്ണൻ നായർ, കോടോത്ത് കുമാരൻ നമ്പ്യാർ. ബി.എ, സി.എം.കുഞ്ഞമ്പുനായർ ബി.എ, പി.കെ. നായർ, സി.എം.കുഞ്ഞിരാമൻ നായർ, കൂക്കൽ കുഞ്ഞി രാമൻ നായർ.10ക, 5ക, 3ക എന്നിങ്ങനെ മൂന്നു തവണയായിരുന്നു മെമ്പർഫീ. മലയാളികൾ താമസിച്ചുവരുന്ന ഭാഗം അധികാരാതിർത്തി.1928 ഡിസംബർ 23 നു സമാജം പിരിച്ചുവിട്ടു.

കേരള പ്രദേശ് കോൺഗ്രസ്സിന്റെ ഹോസ്ദുർഗ്ഗ് താലൂക്ക് കമ്മിറ്റി 1925 മുതൽ പ്രവർത്തിച്ചു വന്നതോടെ മലയാളി സേവാ സമാജത്തിന്റെ പ്രവർത്തന ങ്ങളും രൂപപ്പെട്ടു. കാസർഗോഡ് കോൺഗ്രസ്സ് സംഘടനാ പ്രവർത്തനം നിർവ്വഹിച്ചത് കർണ്ണാടക പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയാണ്. പ്രായോഗി കമായി ഹോസ്ദുർഗ്ഗ്-കാസർഗോഡ് കമ്മിറ്റി പരസ്പരം സഹകരിച്ചു പ്രവർത്തിച്ചുവന്നു.

രാജാസ് ഹൈസ്കൂളിൽ വെച്ച് 1929 ആഗസ്റ്റിൽ ചേർന്ന സമ്മേളനത്തിൽ ഹോസ്ദുർഗ്ഗിനെ ഒരു പ്രത്യേക താലൂക്ക് ആക്കുവാനോ അല്ലെങ്കിൽ മല യാളത്തോടു ചേർക്കുവാനോ ഉള്ള ചർച്ചകൾ നടന്നതായി എ.സി.കണ്ണൻ നായർ അനുസ്മരിക്കുന്നു. (ഡയറി 1929 ആഗസ്ത് 17, കുറിപ്പ് പു.32). മല യാളം സംസാരിക്കുന്ന ഒരു പ്രത്യേകം താലൂക്ക് എന്ന ആശയം ഉരുത്തി രിഞ്ഞത് കോൺഗ്രസ്സ് പ്രസ്ഥാനത്തിന്റെ ഭാഗമായിട്ടായിരുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ സമാന്തരമായി ഉത്തര കേരളീയ നായർ സമാ ജവും പ്രവർത്തിച്ചുവന്നു. അതിന്റെ 1929 ലെ ഇരിക്കൂറിൽ നടന്ന യോഗ ത്തിൽ ഹോസ്ദുർഗ്ഗിലെ കോൺഗ്രസ്സ് പ്രവർത്തകരും പങ്കെടുത്തുകാണാം. (ഡയറി, 1929 നവമ്പർ 17, കുറിപ്പുകൾ, പു: 34).

പുതുക്കിയ ഇന്ത്യാ ആക്ട് നടപ്പിൽ വന്നതിനെ തുടർന്നുള്ള നീലേശ്വ രത്തെ ഒരു കോൺഗ്രസ്സ് യോഗത്തിൽ മലയാളത്തോടോ അതല്ലെങ്കിൽ കർണ്ണാടകത്തോടോ ചേരേണ്ടതെന്നുള്ള പ്രമേയത്തിൽ, മലയാളത്തിൽ എല്ലാം അച്ചടിക്കുവാനും കർണ്ണാടകത്തിൽ ചേരുവാനും താല്കാലികമായി തീരുമാനമെടുത്തതായി കുറിപ്പുകൾ കാണാം. (1937 മാർച്ച് 7, കുറിപ്പു

കൾ, പു.73). എന്നാൽ തുടർന്ന് 1937 മെയ് 23 ന് തൃക്കരിപ്പൂരിൽ വെച്ച് നടന്ന യോഗത്തിൽ ഹോസ്ദുർഗ്ഗ് പ്രദേശത്തെ കേരളത്തോടു ചേർക്കുവാനുള്ള പ്രമേയം കണ്ണൻ നായർ അവതരിപ്പിച്ചു. (പു.75).

കർണ്ണാടകത്തിലുള്ള സംയോജനവും മലയാളത്തിലേക്കുള്ള സംയോജനവും ആശയപരമായി ചില ഏറ്റുമുട്ടലുകൾ ഉണ്ടാക്കിയത് കാണാം. കണ്ണൻ നായർ, 1937 സപ്തംബർ 21 നു പുതിയ കോട്ട നടന്ന ഒരു യോഗത്തിൽ കെ.മാധവൻ പ്രസംഗിച്ചപ്പോൾ കശപിശ നടന്നുവെന്നും പിന്നീട് ബഹളത്തിൽ കലാശിച്ചുവെന്നും രേഖപ്പെടുത്തുന്നു. 'കർണ്ണാടക കേരളം നിമിത്തം അന്തരീക്ഷം വളരെ ക്ഷോഭിച്ചിരിക്കുന്നു'വെന്നു കണ്ണൻനായർ വിലയിരുത്തുന്നു. (പു.78). തുടർന്നു സപ്തംബർ 26 നു എം.കെ.നമ്പ്യാർ, തിരുമുമ്പുമാർ തുടങ്ങിയവർ പങ്കെടുത്ത കാസർഗോഡ് മലയാളി അമാൽഗമേഷൻ യോഗം ചേരുകയും (വസതിയിൽ) ചെയ്തു. (പു.79). ഒക്ടോബർ 10ന് കോട്ടച്ചേരിയിൽ കാസർഗോഡ് മലയാള ദേശസമാജം നടന്നുവെന്നു കുറിക്കുന്നു. (പുറം.79). തുടർന്ന് ഒക്ടോബർ 13 ന് കണ്ണൻ നായർ, മാവിലാ രാമൻ നമ്പ്യാർ, ടി.എസ്സ്. തിരുമുമ്പ് തുടങ്ങിയവർ കാസർഗോഡ് മലബാർ സംയോജനകമ്മിറ്റിക്കുവേണ്ടി കോഴിക്കോട്ടെ കേരള നേതാക്കന്മാരെ കാണാൻ പോവുകയും ചെയ്തു. (പു.79). മാധവമേനോൻ, കേളപ്പജി തുടങ്ങിയവരെയാണ് സമിതിക്കാർ കണ്ടത്. കാസർഗോഡ് മലബാർ സംയോജനജാഥയുടെ യോഗം തൃക്കരിപ്പൂരിൽ കേളപ്പജിയുടെ അധ്യക്ഷതയിൽ ഒക്ടോബർ 24 നു ചേരുകയും കേളപ്പജി ജാഥയുടെ പതാക ക്യാപ്റ്റൻ ടി.എസ്സ്.തിരുമുമ്പിന്നു കൊടുക്കുകയും ചെയ്തു. (പു.80). തുടർന്ന് ഒക്ടോബർ 27 നു ഹോസ്ദുർഗ്ഗ് താലൂക്കിനെ കേരളത്തിൽ ചേർക്കുവാൻ കോൺഗ്രസ്സ് പ്രസിഡണ്ട് ജവഹർലാൽ നെഹ്റുവിന് കമ്പിയടിക്കുകയും ചെയ്തു. (പു.80). ജാഥ ഘോഷയാത്രയായി പല സ്ഥലങ്ങളും സന്ദർശിക്കുകയും യോഗങ്ങൾ ചേരുകയും നവമ്പർ 10 ന് കാസർഗോഡ് അവസാനിക്കുകയും ചെയ്തു. 'അവിടെ കർണ്ണാടകക്കാരുടെ പേരിൽ ചില കൊങ്കിണികൾ കറുത്ത കൊടിയും പിടിച്ച് കാറിൽ സഞ്ചരിക്കുകയും ആക്ഷേപങ്ങൾ വിളിച്ചുപറയുകയും ചെയ്തുവെങ്കിലും അതേ ദിക്കിൽ ഞങ്ങൾ യോഗം നടത്തി.' എം.കെ.നമ്പ്യാർ, എൻ.കെ.നമ്പ്യാർ, എം.പി.മുഹമ്മദ് മുസലിയാർ തുടങ്ങിയവർ പങ്കെടുത്തു. (പു.81)

നവമ്പർ 30 നു വീണ്ടും കാസർഗോഡ് മലയാള ദേശ സമാജത്തിന്റെ യോഗം നടന്നുവെന്നും ബാരിസ്റ്റർ കൃഷ്ണൻ നമ്പ്യാർ പങ്കെടുത്തുവെന്നും കർണ്ണാടകത്തിൽ ചേർക്കുവാൻ കർണ്ണാടകക്കാർ പരിശ്രമിച്ചുവെന്നും കുറിപ്പുകൾ കാണാം. (പു.81).

കമലാദേവി ചതോപാദ്ധ്യായ, ഹുക്കേരിക്കാർ തുടങ്ങിയവർ കർണ്ണാടകത്തിൽ ചേർക്കുവാൻ പരിശ്രമിച്ചുവെന്നും നീലേശ്വരത്തെ മലയാളദേശ സമാജത്തിന്നുപോയെന്നും ഡിസംബർ 5 നു കുറിക്കുന്നു. (പു.82).

മന്ത്രി കെ.രാമൻ മേനോന് നീലേശ്വരത്ത് വെച്ച് കൊടുത്ത സ്വീകരണത്തെ ഇല്ലാതാക്കാൻ കർണ്ണാടകർ ശ്രമിച്ചുവെന്നും (1937 ഡിസംബർ 26) കുറിപ്പ് കാണാം. (പു.83).

ഇവിടെ 1937 ആകുമ്പോഴേക്കും കോൺഗ്രസ്സ് - സോഷ്യലിസ്റ്റ് പാർട്ടിയുടെ പ്രവർത്തനം ശക്തമാകുകയും ഗ്രാമങ്ങളിൽ അനേകം കർഷക കമ്മിറ്റികൾ കോടോത്ത് നാരായണൻ, കെ.മാധവൻ തുടങ്ങിയവർ കെട്ടിപ്പടുക്കുകയും ചെയ്തിരുന്നു. ശക്തമായ ഈ രാഷ്ട്രീയ പ്രവർത്തനം മലയാളവുമായുള്ള സംയോജനത്തിന്റെ ആശയത്തിന്നും പ്രചരണം നൽകി. കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള പ്രവർത്തനങ്ങളും ഉയർന്നുവന്നു.

ഹരിപൂരിൽ 1938 ൽ ചേർന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ കണ്ണൻ നായർ ഹോസ്ദുർഗ്ഗ് താലൂക്കിനെ സംബന്ധിച്ചുള്ള തർക്കങ്ങളുടെ റിക്കാർഡുകൾ അബ്ദുറഹിമാനെ കാണിച്ചുകൊടുത്തതായി കുറിക്കുന്നു. (പു.85). കൂടാതെ 1938 ഏപ്രിൽ 23 നു കോഴിക്കോട്ടെ സംസ്ഥാന രാഷ്ട്രീയ സമ്മേളനത്തിൽ സംയോജനം സംബന്ധിച്ച പ്രമേയം അവതരിപ്പിക്കുകയുണ്ടായി. (പു.87). മലബാറിലെ നേതൃത്വം മുഴുവൻ എ.കെ.ജി, പി.കൃഷ്ണപിള്ള, ഇ.എം.എസ്സ് തുടങ്ങിയവരെല്ലാം ഹോസ്ദുർഗ്ഗിൽ നിരന്തരം രാഷ്ട്രീയ പ്രവർത്തനം ചെയ്തുവന്നു.

മദ്രാസ് പ്രധാനമന്ത്രി രാജഗോപാലാചാരി 1938 ജൂൺ 12 നു മെയിലിനു വന്നുവെന്നും ധാരാളം ജനങ്ങൾ കൂടിയെന്നും സംയോജനത്തെപ്പറ്റി പറഞ്ഞുവെന്നും ചന്ദ്രഗിരിപ്പുഴവരെ പോരേയെന്നു ചോദിച്ചുവെന്നും പോരെന്നു മറുപടി നൽകിയെന്നും കണ്ണൻനായർ കുറിക്കുന്നു. (പു.89)

ഹോസ്ദുർഗ്ഗ് രാഷ്ട്രീയ സമ്മേളനത്തിൽ 1939 ഏപ്രിൽ10നു കാസർഗോഡ്-മലബാർ സംയോജന കാര്യത്തിൽ പ്രവർത്തിക്കാൻ കണ്ണൻനായർ, സുബ്രഹ്മണ്യൻ തിരുമുമ്പ്, സി.എം.കുഞ്ഞിരാമൻനായർ, പി.കെ.കുഞ്ഞിമാഹീൻ, കോടോത്ത് ഗോവിന്ദൻ നമ്പ്യാർ (സെക്രട്ടറി) എന്നിവരുള്ള കമ്മിറ്റി രൂപീകരിച്ചുവെന്നും നമ്പ്യാർ 1940 ൽ 'കാസർഗോഡ് മലബാർ സംയോജനം' എന്ന ലഘു പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തു. (പു.97).

കൂടാതെ നാല്പതുകളുടെ ആദ്യം മലബാർ കുടിയായ്മ നിയമം കാസർഗോഡ് ബാധകമാക്കരുതെന്ന് മലബാർ ജന്മിമാരും ബാധകമാക്കണമെന്ന് മലബാർ കുടിയാന്മാരും പ്രത്യേകം മൊഴി നൽകുന്നത് സംയോജന പ്രക്രിയ എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണെന്നു പറയാം. മലയാള ദേശസമാജിന്റെ അധ്യക്ഷനായി സി.എം.കുഞ്ഞമ്പുനായർ പ്രവർത്തിച്ചുവെന്നും കാണാം.(പു.103).

എന്നാൽ 1945 ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രാദേശിക ഘടകം 'ഇനി മുതൽ മലയാളം കർണ്ണാടകം എന്ന പ്രശ്നം വേണ്ടെന്നും കർണ്ണാടക

ത്തോടു യോജിക്കണമെന്നുമാണ് കെ.ടി.കുഞ്ഞിരാമൻ നമ്പ്യാരുടെയും മറ്റും അഭിപ്രായം.' എന്നു പറഞ്ഞുവെന്നു (1945 സപ്തംബർ 16) കുറിക്കുന്നു. കമ്മ്യൂണിസ്റ്റ് എങ്ങോട്ട്? എന്ന് കണ്ണൻ നായർ ചോദിക്കുന്നു. 'ഈ ജീവൽ പ്രശ്നത്തെ എങ്ങനെ ഉപേക്ഷിക്കും? ഈ താലൂക്ക് കേരളത്തോട് ചേർന്നേ മതിയാവൂ.' (പു.135) അദ്ദേഹം രേഖപ്പെടുത്തിക്കാണാം.

1952 ൽ ഹോസ്ദുർഗ്ഗ് കർണ്ണാടക പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയോട് ലയിപ്പിക്കുകയുണ്ടായി. കർണ്ണാടക കെ.പി.സി.സി. മെമ്പർ നേതൃത്വം നൽകാതിരുന്നതിനാൽ റിപ്പബ്ലിക് ദിനം ആഘോഷിക്കപ്പെട്ടിരുന്നില്ലതാനും. (പു.173).

പോറ്റി ശ്രീരാമലുവിന്റെ ആത്മത്യാഗത്തോടെ തെലുഗു ഭാഷയ്ക്കുള്ള ഈ ആന്ധ്രപ്രദേശ് രൂപംകൊണ്ടതോടെ ഭാഷാസംസ്ഥാന പ്രശ്നം വീണ്ടും രൂക്ഷമായി. കാസർഗോഡ് മലബാർ സംയോജനയോഗത്തിന് 1955 ഒക്ടോബർ 22 നു കാസർഗോഡ് പോയപ്പോൾ മല്ലികാർജ്ജുന ക്ഷേത്രത്തിൽ നിന്നും കല്ലേറ് ഉണ്ടായെന്നും മേലത്ത് നാരായണൻ നമ്പ്യാർക്ക് കല്ല് കൊണ്ടുവെന്നും ഉമേശറാവു 3 ദിവസം നിരാഹാരം കിടന്നുവെന്നും കുറിക്കുന്നു. (പു.177)

ഒക്ടോബർ 29 ന്റെ ഡയറിയിൽ കാസർഗോഡിനെ എന്തുകൊണ്ട് ഭാഗിക്കുവാൻ പാടില്ലെന്ന പ്രമേയം താൻ അവതരിപ്പിച്ചതായി കണ്ണൻ നായർ രേഖപ്പെടുത്തുന്നു. (പു.177). കേരള സംസ്ഥാനം വേണമെന്നു മാധവമേനോനും ദക്ഷിണ സംസ്ഥാനം വേണമെന്ന് സി.കെ.ഗോവിന്ദൻ നായരും പ്രമേയം അവതരിപ്പിച്ചുവെന്നും സി.കെ യുടേത് പാസ്സായെന്നും കുറിക്കുന്നു. (പു.177).

കേരള സംസ്ഥാനം 1956 നവമ്പർ 1 നു പിറന്ന ആഘോഷം രേഖപ്പെടുത്തുന്നു. 'കേരളം എന്നു ചരിത്ര ഏടുകളിൽ അല്ലാതെ ഫലത്തിൽ വന്നത് ഇന്നു മുതല്ക്കാണ്.' (പു.178)

ഈ വിധത്തിൽ ഹ്രസ്വമായ സംഭവപരമ്പരകളുടെ ഒരവലോകനം, ഐക്യകേരള സംസ്ഥാന രൂപീകരണത്തിൽ 1928 മുതൽക്കു തന്നെ കാസർഗോഡ് മലബാർ സംയോജനം എന്ന ആശയം വലിയ സ്വാധീനം ചെലുത്തിയതു കാണാം. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നുവന്ന ഈ ആശയ സാക്ഷാത്ക്കാരത്തിനുവേണ്ടി കോൺഗ്രസ്സുകാരും കമ്മ്യൂണിസ്റ്റുകാരും കർഷകസംഘങ്ങളും നിരന്തരം ജനാധിപത്യരീതിയിൽ സമ്മർദ്ദവും പ്രക്ഷോഭവും നടത്തിക്കാണാം. കേരളം മലയാളികളുടെ മാതൃഭൂമിയെന്ന ആശയത്തെ കൂടുതൽ പ്രചരിപ്പിച്ചത് ഇ.എം.എസ്സിന്റെ അതിപ്രധാനമായ ഗ്രന്ഥമായിരുന്നു. പ്രാദേശിക തലങ്ങളിൽ കർണ്ണാടകക്കാരും മലയാളികളും തങ്ങളുടെ ഭാഷാ സംസ്ഥാനങ്ങളോട് സംയോജിക്കുവാൻ അഭിലഷിച്ചിരുന്നുവെങ്കിലും കണ്ണൻനായരെപ്പോലുള്ളവർ കാസർഗോഡിനെ വിഭജിക്കുവാൻ പാടില്ലെന്നു തീരുമാനിച്ചുറച്ചുനിന്നു. ദക്ഷിണസംസ്ഥാനം, പശ്ചിമതീര സംസ്ഥാനം തുടങ്ങിയ ആശയങ്ങൾ ജവഹർലാൽ,

പട്ടേൽ, പട്ടാഭിസീതരാമയ്യ തുടങ്ങിയവരുടെ കമ്മിറ്റിയെത്തുടർന്ന് ഉയർന്നു വന്നിരുന്നുവെങ്കിലും കേരള സംസ്ഥാനം എന്ന ആശയത്തിന്നുവേണ്ടി കമ്മ്യൂണിസ്റ്റുകാരും മറ്റു രാഷ്ട്രീയ പ്രവർത്തകരും നിരന്തരം സമ്മർദ്ദം ചെലുത്തിവന്നു. ഭാഷാ കമ്മീഷൻ കന്യാകുമാരി വേറിട്ട സംസ്ഥാനം അംഗീകരിച്ചപ്പോഴും കാസർഗോഡ് നഷ്ടപ്പെട്ടതിൽ കർണ്ണാടകക്കാരും വേദ നിക്കുന്നു. എന്നാൽ ചരിത്രപരമായ ഈ രൂപീകരണത്തിന്റെ കോട്ടങ്ങളെ പ്പറ്റി അൻപത് വർഷങ്ങൾക്കുശേഷം ഒരു പുനർവിചിന്തനത്തിന്നവകാശ മില്ല. അത് സാധ്യവുമല്ല. നൂറ്റാണ്ടുകൾക്ക് മുമ്പ് തുളുവ ദേശമായിരുന്ന കാസർഗോഡിൽ തെക്കുനിന്ന് മലയാളികളും വടക്കുനിന്ന് കർണ്ണാടകരും കുടിയേറ്റം നടത്തി. മൂന്ന് വ്യത്യസ്ത സംസ്കാരങ്ങളുടെ സങ്കരഭൂമിയാണ് ഇന്ന് അത്യുത്തരകേരളത്തിന്റെ ഈ ജില്ലയെന്നു പറയാം.

# ഫോക്‌ലോർ
# ചെറുത്തുനില്പിന്റെ തത്വശാസ്ത്രം

ആധുനിക ലോകത്തിൽ നിന്നും സമകാലീന ലോകത്തെ വേർതിരിക്കുന്ന വിഭജനരേഖ രണ്ടാം ലോക മഹായുദ്ധത്തിന്റെ പരിസമാപ്തിയാണെന്നു പൊതുവെ അംഗീകരിച്ചുവരുന്നു. കോളനിവാഴ്ചക്കധീനമായ ജനവിഭാഗങ്ങളിൽ സ്വാതന്ത്ര്യത്തിന്റേയും ആധുനികവൽക്കരണത്തിന്റേയും പ്രവർത്തനപദ്ധതികൾ ഫലവത്തായി തീർന്നതും ഈ മഹായുദ്ധത്തിന്നുശേഷമായിരുന്നു. മനുഷ്യരാശിയുടെ നാഗരികതയേയും സംസ്കാരത്തേയും പറ്റിയുള്ള അവബോധത്തിലും അവയുടെ പഠനത്തിലും വ്യക്തമായ മാറ്റങ്ങൾ ആരംഭിച്ചതും ഈ ഘട്ടത്തിലാണെന്നു കാണാം. ദേശീയതയുടേയും സാർവ്വദേശീയതയുടേയും മാനങ്ങൾ ഈ പഠനമേഖലകളെയെല്ലാം വളരെ ശക്തമായി സ്വാധീനിച്ചു കാണാം. ഫ്രഞ്ചുവിപ്ലവം പോലുള്ള ഗതകാല സംഭവങ്ങളുടെ വ്യാഖ്യാനത്തിലും വിശകലനത്തിലും പുതിയ ആശയതലങ്ങൾ ഉയർന്നുവന്നത് ഈ പശ്ചാത്തലത്തിലായിരുന്നു. ഒന്നര നൂറ്റാണ്ടുകാലം ഒരു ബൂർഷ്വാവിപ്ലവം എന്നു വിലയിരുത്തപ്പെട്ട ഫ്രഞ്ചു വിപ്ലവത്തിൽ അപ്പത്തിന്നു വേണ്ടിയുള്ള സാധാരണക്കാരന്റെ അതിജീവന പ്രവർത്തനമായിരുന്നു ഏറ്റവും മുമ്പിലെന്നും ആയതിനാൽ അതിനെ അപ്പത്തിന്റെ വിപ്ലവമെന്ന് അഥവാ ബ്രഡ്സ്റ്റ് റവല്യൂഷൻ എന്നു വിളിക്കുന്നതായിരിക്കും ഉചിതമെന്നും പുതിയ വ്യാഖ്യാനങ്ങളുയർന്നുവന്നു.

ഇത്തരം മാറ്റങ്ങൾ വളരെ സ്വാധീനം ചെലുത്തിയ ഒരു മേഖലയായിരുന്നു ജനതാ പഠനങ്ങൾ. ഫോക്‌ലോർ എന്നു ശാസ്ത്രീയമായി വ്യവഹരിക്കപ്പെട്ട ഈ മേഖല കൂടുതൽ പ്രസക്തി നേടുകയും ജനസമൂഹങ്ങളുടെ ആചാരാനുഷ്ഠാനങ്ങളും ജീവിതചിന്തകളും വിശ്വാസ പ്രമാണങ്ങളും സർഗ്ഗാത്മകമായ കൈവിരുതുകളും അതുപോലെ വാമൊഴികളും പാട്ടുകളും എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് പ്രത്യേകം പഠനമേഖലയായി ഉരുത്തിരിയുകയും ചെയ്തു. കീഴാള മേലാള സംസ്കൃതികളുടെ പാരസ്പ

ര്യവും സ്വാധീനവും വിശകലനം ചെയ്യുമ്പോഴും പ്രധാനമായും കാർഷിക സമൂഹങ്ങളുടെ പഠനങ്ങളോട് അതിന്നു കൂടുതലായ ഒരടുപ്പം ഉണ്ടായിത്തുടങ്ങി. ആ നിലയിൽ കാർഷിക സംസ്കാരത്തിന്റെ പരിവർത്തനവും നാശവും അത്യന്തം ആകാംക്ഷകളുയർത്തുന്നത് ഫോക്‌ലോർ പഠനരംഗങ്ങളിലാണ്.

ലോകയുദ്ധത്തിന്നുശേഷം പാശ്ചാത്യ നാടുകളിൽ ദേശീയമായ സംസ്കാരത്തിന്റെ സ്വഭാവവും വേരുകളും അന്വേഷിക്കാനുള്ള ഒരു ത്വര അത്യന്തം ശക്തമായിത്തുടങ്ങി. ഫോക്‌ലോറിൽ നിന്നു വ്യത്യസ്തമായി ഒരു ജനതയുടെ ജീവിതത്തെ രൂപപ്പെടുത്തുവാൻ സഹായിച്ച കമ്മട്ടം അഥവാ ഡൈ ഏതാണെന്ന് അന്വേഷിക്കുവാനും വിശകലനം ചെയ്യാനും പ്രത്യേക പരിശ്രമങ്ങളുണ്ടായി. ഈ പ്രവർത്തനങ്ങൾ സാംസ്കാരിക പഠനങ്ങൾ അഥവാ കൾച്ചറൽ സ്റ്റഡീസ് എന്ന പ്രത്യേക മേഖലയിലേക്കു തിരിഞ്ഞു. അറുപതുകളിലും എഴുപതുകളിലും ഇത്തരത്തിൽ രാഷ്ട്രീയ സാമ്പത്തിക ചിന്തകളുടെ പ്രതിഫലനമുൾക്കൊള്ളുകയും ചെയ്തു. രാഷ്ട്രീയവും സാമ്പത്തികവുമായ പശ്ചാത്തലങ്ങളും ചിന്തകളും സാംസ്കാരിക പഠനങ്ങളെ നിരന്തരം സ്വാധീനിക്കുകയും ചെയ്തു. ഫോക്‌ലോർ പഠന മേഖല ഒരു സമൂഹത്തിന്റെ ജീവിത സംസ്കാരവുമായി ബന്ധപ്പെടുന്ന നിലയിൽ സാംസ്കാരിക പഠനങ്ങളുമായി നടത്തുന്ന സമ്പർക്കം അത്യന്തം ശ്രദ്ധേയമാണ്. എന്നാൽ ഫോക്‌ലോർ കടന്നുചെല്ലാത്ത ഒരു പ്രത്യേക മാനം സാംസ്കാരിക പഠനങ്ങൾക്ക് കാണാവുന്നതാണ്. അതാകട്ടെ രാഷ്ട്രീയ സാമ്പത്തിക മേഖലകളും പശ്ചാത്തലവും സൃഷ്ടിക്കുന്ന സ്വാധീനമാണ്. ഈ സ്വാധീനത്തിന്റെയും അതിന്റെ പ്രതിഫലനത്തിന്റെയും പ്രത്യേകതകൾ സംസ്കാരത്തിന്റെ മാനങ്ങൾ സ്വയം ഉൾക്കൊള്ളുന്നു. അതിനാൽ സംസ്കാരം പ്രാദേശികവും അതുപോലെ തന്നെ ആഗോളികവുമാണ്.

കൾച്ചർ എന്ന പദം ലാറ്റിൻ പദമായ 'കൾച്ചുറ'യിൽ നിന്നുത്ഭവിക്കുന്നു. അതിന്റെ അർത്ഥതലം കാർഷികം, വിളവുണ്ടാക്കൽ, മൃഗപരിപാലനം, കൃഷിക്കുവേണ്ടി മണ്ണ് ശരിപ്പെടുത്തൽ മുതലായവയാണ്. ഈ അർത്ഥതലത്തിൽ നിന്നു വ്യത്യസ്തമായി സാമൂഹ്യമായ അർത്ഥമാണ് കൾച്ചറൽ എന്ന പദം കൊണ്ട് ഇന്ന് ഉദ്ദേശിച്ചുവരുന്നത്. വിജ്ഞാനത്തിന്റെ നാഗരികവും വ്യാവസായികവുമായ തലങ്ങളും അധികാരത്തിന്റെ കേന്ദ്രവും അതു പ്രതിഫലിപ്പിക്കുന്നു. വിജ്ഞാനമെന്നതിനാൽ അറിവിന്റെ മൂർത്തരൂപങ്ങളോടൊപ്പം അമൂർത്തമായ സാങ്കേതിക ജ്ഞാനവും സൂചിപ്പിക്കപ്പെടുന്നു. അധികാരമെന്നതുകൊണ്ട് ഒരു സമൂഹത്തിൽ നിലനിൽക്കുന്ന തുല്യതയില്ലാത്ത സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക സ്രോതസ്സുകൾ വ്യക്തമാക്കുന്നു. ഈ സ്ഥിതിവിശേഷത്തിൽ സംസ്കാരത്തിന്റെ രൂപവും ഭാവവും നിയന്ത്രിക്കുന്നത് അധികാരവും വിജ്ഞാനവുമാണ്. എന്നാൽ ഈ നിയന്ത്രണം പോലെതന്നെ തുല്യതയില്ലായ്മയേയും ആധിപത്യത്തേയും

എതിർക്കുവാനും സംസ്കാരം ഉപയോഗപ്പെടുത്തിവരുന്നു. അപ്രകാരം വരേണ്യവർഗ്ഗത്തിന്റെ ആധിപത്യ സ്വഭാവത്തെ എതിർക്കാനും ഒന്നിനും ആത്യന്തിക പരിശുദ്ധിയില്ലെന്നു സ്ഥാപിക്കാനും കഴിയുന്നു. ഈ വിരുദ്ധ സ്വഭാവങ്ങൾ ഫോക്‌ലോർ പഠനങ്ങൾക്കും കാണാവുന്നതാണ്. ജാത്യാചാരങ്ങളും കുലീനതയും അംഗീകരിക്കുമ്പോൾ അതിനെ നിഷേധിക്കുവാനും തുല്യതയ്ക്കുവേണ്ടി പ്രയത്നിക്കുവാനും അതിനു കഴിയുന്നു.

കൾപോൾ അഥവാ കൾച്ചറൽ പൊളിറ്റിക്സ് സാംസ്കാരിക പഠനങ്ങളുടെയും ഫോക്‌ലോറിന്റെയും സ്വഭാവത്തെ സ്വാധീനിക്കുന്നു. അത് മൂല്യങ്ങളേയും വിജ്ഞാനത്തേയും അധികാരത്തേയും സംബന്ധിച്ച കാര്യങ്ങളുമായി വ്യത്യസ്തത പുലർത്തുന്നു. ചിലപ്പോൾ എതിർപ്പുകൾ ഉയർത്തുന്നു. ഡാവിഞ്ചി കോഡ് എന്ന സിനിമ വെസ്റ്റ് മിനിസ്റ്റർ ആബിയിൽ ഒരുലക്ഷം പവൻ വാഗ്ദാനം ചെയ്തിട്ടുപോലും ചിത്രീകരിക്കുവാൻ സമ്മതിക്കാതിരുന്നതിന്റെ കാരണം സംസ്കാരത്തിന്റെ രാഷ്ട്രീയമാണെന്നു പറയാം. അതുപോലെ കത്തോലിക്കാ സമൂഹത്തിൽ സ്ത്രീകളുടെ പൗരോഹിത്യം അനുവദിക്കാതിരുന്നതിന്റെ പിന്നിലും സാംസ്കാരിക രാഷ്ട്രീയം കാണാവുന്നതാണ്. കേരളത്തിൽ ഏറ്റവും അവസാനമായി ഗുരുവായൂരമ്പലത്തിൽ നടന്ന ഒരു ചോറൂണും അതിന്റെ പേരിൽ നടത്തിയ പുണ്യാഹവും ഇതേ സാംസ്കാരിക രാഷ്ട്രീയത്തിന്റെ സൃഷ്ടിയാണ്.

ആധുനിക യുഗത്തിന്റെ സൃഷ്ടിയെന്നു കരുതപ്പെടുന്ന സംസ്കാരം ഏകശിലാരൂപത്തിലുള്ള ഒരു പ്രതിഭാസമല്ല. വംശീയവും, നരവംശശാസ്ത്രപരവും മതപരവുമായ ഉയർന്ന തലത്തിലുള്ള വസ്തുതകൾ ഉയർന്നുവരുന്ന പതിവുണ്ട്. അതിനാൽ പരിവർത്തനം അതിന്റെ പ്രത്യേക സ്വഭാവം കൂടിയാണ്. മോഡേണിറ്റിയും പോസ്റ്റ് മോഡേണിറ്റിയും തമ്മിലുള്ള വ്യത്യസ്തതകൾ ഇതിനുദാഹരണമാണ്.

ഇന്നു നമ്മുടെ സമൂഹത്തിൽ ഉയർന്നുവരുന്ന ആഗോളീകരണം ഒരു സാമ്പത്തിക പ്രതിഭാസമെന്നതുപോലെ ഒരു സാംസ്കാരിക പ്രതിഭാസം കൂടിയാണ്. ഒരു സാംസ്കാരിക പ്രതിഭാസമെന്ന നിലയിൽ അതുയർത്തുന്ന വെല്ലുവിളികളെ നേരിടാൻ സംസ്കാരത്തിന്റെ വൈവിദ്ധ്യങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടുമാത്രമേ കഴിയുകയുള്ളൂ. അത്തരത്തിൽ സംസ്കാരത്തിന്റെ വൈവിദ്ധ്യങ്ങളെ പ്രോത്സാഹിപ്പിച്ചും നിലനിർത്തിയും വരുന്ന ഒരു പ്രധാന മേഖലയായ ഫോക്‌ലോറിനെ ആഗോളീകരണത്തിന്റെ സാംസ്കാരികാധിപത്യത്തെ ചെറുത്തുനിൽക്കാൻ ഉപയോഗിക്കുക ഇന്നത്തെ ഏറ്റവും വലിയ ആവശ്യമാണ്. ലോകസമൂഹങ്ങളുടെ സാംസ്കാരിക വൈവിധ്യങ്ങളെ ഇല്ലാതാക്കിക്കൊണ്ട് ഒറ്റ രുചിയും, ഒറ്റ രീതിയും, ഒറ്റ വേഷവും, ഒറ്റ ലക്ഷ്യവും സാധിക്കുകയെന്നത് ആഗോളീകരണത്തിന്റെ ഒരു പ്രത്യേക സ്വഭാവമാണ്. അതിനു ലോകത്തെങ്ങുമുള്ള വൈവിധ്യങ്ങളെ ദൂരീകരിച്ചുകൊണ്ട് ഒറ്റ കമ്മട്ടത്തിൽ ഒരു സ്ഥിതിവിശേഷം വാർത്തെടുക്കുകയെ

ന്നത് ഫൈനാൻസ് കേപ്പിറ്റലിസത്തിന്റെയും ഗ്ലോബൽ കമ്പനികളുടെയും പ്രത്യേക ലക്ഷ്യമായിരിക്കുന്നു. അവയുടേതായ പ്രത്യേകതരം ബ്രാൻഡുകളിലൂടെ അഥവാ പാറ്റന്റുകളിലൂടെ ഈ ലക്ഷ്യം കൈവരിക്കുകയെന്ന ലക്ഷ്യത്തിലേക്ക് അവ നീങ്ങുന്നു. അത്തരത്തിലുള്ള നീക്കം അനേകം വിധത്തിൽ വൈവിദ്ധ്യത പുലർത്തുന്ന ജീവിതരീതികളെയും ഉല്പാദന രീതികളെയും ഇല്ലാതാക്കിക്കൊണ്ട് ഏകരീതിയിലേക്കും അതിന്റെ പ്രത്യേക സംസ്കാര പശ്ചാത്തലത്തിലേക്കും ജനജീവിതത്തെ ചിട്ടപ്പെടുത്തുകയെന്നത് ആഗോളീകരണത്തിന്റെ സഹജസ്വഭാവമാണ്. ഈ സ്ഥിതി സൃഷ്ടിക്കുന്ന സാംസ്കാരിക ശോഷണം അതിദാരുണമാണെന്നു പറയാം. ഇന്ത്യപോലുള്ള അതിപ്രാചീനമായ ഒരു രാഷ്ട്രത്തിൽ, അനേക സമൂഹങ്ങളും കൂട്ടായ്മകളും വളർത്തിയെടുത്ത വിഭിന്ന ധാരകളുടെ ഒരു രംഗഭൂമിയിൽ ഒരു ഏകശിലാരൂപത്തിലുള്ള സാംസ്കാരികഘടന ആശാവഹമല്ല. വാൾമാർട്ട്പോലുള്ള സംഘടിത വിപണനകേന്ദ്രങ്ങൾ ഒരു കൊളോണിയൽ സാമ്പത്തിക നയത്തിന്റെ പുതിയ പതിപ്പായി രൂപാന്തരപ്പെടുന്നു. ഇത്തരം സ്ഥിതിവിശേഷങ്ങളെ സംഘടിതമായി എതിരിടാൻ ഒരു പുതിയ ഊർജ്ജസ്വലത ഇന്നാവശ്യമാണ്. അതിന് ഫോക്‌ലോറിന്റെ പൈതൃകം ഏറ്റവും ശക്തമായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നു. അതുപയോഗപ്പെടുത്തുവാൻ കഴിയാത്തതിന്റെ ഒരു കാരണം വരേണ്യവർഗ്ഗത്തിന്റെ ആധിപത്യം പുലർത്തുന്ന സാംസ്കാരിക പരിപ്രേക്ഷ്യമാണെന്നു കാണാം. 'എന്റെ അച്ഛൻ പറഞ്ഞാലും അമ്മ പറഞ്ഞാലും ഞാനിനി നീലംകൃഷി ചെയ്യുകയില്ലെ'ന്നു പാടിയ ബീഹാറിലെ ഫോക്‌ലോർ പൈതൃകം ഇന്ത്യയിലെ നീലംകൃഷിക്കെതിരായി കെട്ടിപ്പടുത്ത പ്രതിരോധം ഇന്ന് അത്യന്തം ശ്രദ്ധേയമാകേണ്ടിയിരിക്കുന്നു.

പുതിയ എക്കണോമിക് സോണുകളുണ്ടാക്കുന്ന സമ്പത്തിന്റെ സ്വപ്നത്തിൽ ഇന്ത്യൻ മദ്ധ്യവർഗ്ഗം ഈസ്റ്റിന്ത്യാ കമ്പനിയുടെ കാലത്തെന്നപോലെ അഭിരമിച്ചുകൊണ്ടിരിക്കുമ്പോൾ അത്തരം സോണുകളിൽ നിന്നും പിഴുതെറിയപ്പെടുന്ന തുണ്ടുകൃഷിക്കാരായ കർഷകരുടെയും അനേകം കൈത്തൊഴിലുകാരുടേയും ചെറുകച്ചവടക്കാരുടേയും ആത്മരോദനം വനരോദനമായിത്തീരുന്നു. ഏറനാടൻ മാപ്പിളമാരുടെ കലാപഗാനങ്ങളും 'വീരനാം പഴശ്ശി തന്റെ കേരളം' എന്നതുപോലുള്ള ഫോക്‌ലോർ പൈതൃകവും സാംസ്കാരികമായ ഒരു ചെറുത്തുനില്പിന് ശക്തമാക്കുന്നു.

സാംസ്കാരികമായ ഇത്തരം ചെറുത്തുനില്പുകളെ പ്രതീക്ഷിച്ചുകൊണ്ടായിരിക്കണം ആഗോളീകരണത്തിന്റെ മൂലധന നിക്ഷേപങ്ങൾ 'വെടിപ്പുള്ള മുതലാളിത്തം' അഥവാ നീറ്റ് കേപ്പിറ്റൽ എന്ന ആശയവുമായി പ്രതികരിക്കാൻ സജ്ജമായിട്ടുള്ളത്. ഈ ആശയങ്ങളെ ഇത്തരത്തിൽ സംക്ഷേപിക്കാം.

1) ധാർമ്മികമായും ശാസ്ത്രീയമായും സ്വീകാര്യമല്ലെന്നതിനാൽ മൃഗങ്ങ

ളിലും മറ്റും നടത്തുന്ന പരീക്ഷണ ഗവേഷണങ്ങൾ ഇല്ലാതാക്കുക.
2) കൂട്ടായ്മകളുടെ വാണിജ്യത്തെ പിന്തുണക്കുക. ചെറുകിടക്കാരായ ഉല്പാദകർ നടത്തുന്ന സ്വാഭാവിക ഉല്പന്നങ്ങളുടെ വാണിജ്യത്തെ പ്രോത്സാഹിപ്പിക്കുക.
3) വൈയക്തികത വളർത്തുക. കമ്പനിയുമായി ബന്ധപ്പെടുന്ന ഓരോ വ്യക്തിയേയും ഒരു വ്യക്തിയെന്ന നിലയിൽ നിർവചിക്കുക.
4) മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുക. അവകാശങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ആഗോളതലത്തിൽ പ്രയത്നിക്കുക.
5)നമ്മുടെ ഉപഗ്രഹം സംരക്ഷിക്കുക. വ്യാപാരം ചെയ്യുമ്പോഴും ഉത്തരവാദം നിലനിർത്തുക. പ്രാദേശികമായും ആഗോളികമായും പരിത:സ്ഥിതിയെ സംരക്ഷിക്കുക.

ഇവിടെ പ്രതിപാദിക്കാത്ത ഒരു കാര്യം ലാഭം ഉണ്ടാക്കി വാണിജ്യം വിപുലപ്പെടുത്തുകയെന്നതാണ്. മാനുഷികവും ധാർമ്മികവുമായ അടിത്തറയിലാണ് തങ്ങൾ പ്രവർത്തിക്കുന്നതെന്നും ആ നിലയിൽ ഒരു ഗവൺമെന്റിനെപ്പോലെ പ്രവർത്തിക്കാൻ സന്നദ്ധമാണെന്നുമുള്ള ഇത്തരം ആശയങ്ങൾ പുത്തൻ ലിബറലിസത്തിന്നടിസ്ഥാനമാക്കി രൂപപ്പെടുത്തിയിട്ടുള്ള ആശയങ്ങളാണ്.

ഈ ആശയങ്ങളെല്ലാം തന്നെ മധ്യവർഗ്ഗക്കാരായ ഉപഭോക്താക്കളുമായി സമരസപ്പെടാനുള്ള ഒരു സാംസ്കാരിക പരിവേഷം സൃഷ്ടിക്കുന്ന പ്രവർത്തനമാണെന്നു കാണാം. വാസ്തവത്തിൽ ഒരു ടീഷർട്ട് ഒരു ഡോളർ വിലകുറച്ച് വിൽക്കുമ്പോൾ അതിന്റെ പരുത്തി കൃഷി ചെയ്യുന്ന കർഷകൻ തന്റെ തുടർനഷ്ടം കാരണം ആത്മഹത്യയ്ക്കു പ്രേരിതനാകുന്നു. പരുത്തിയിൽ നിന്നും പഞ്ഞി രൂപപ്പെടുത്തുന്ന ചെറിയ മില്ലുടമ നഷ്ടം കാരണം തന്റെ മില്ല് പൂട്ടുവാനിടവരുന്നു. ഷർട്ട് തുന്നുന്ന തൊഴിലാളി സ്ത്രീ വീട്ടിൽ നിന്നും ദൂരെ പട്ടണത്തിലെ വൃത്തിഹീനമായ മുറിയിൽ അനേകം മണിക്കൂറുകൾ കഷ്ടപ്പെടുന്നു. അവരുടെ കുട്ടികൾക്ക് ആവശ്യമായ വിദ്യാഭ്യാസം ലഭിക്കാതെ വരുന്നു.

ഇത്തരത്തിൽ വിശകലനം ചെയ്യുമ്പോൾ സമൂഹത്തിൽ ഇന്നു വളർന്നുവരുന്ന നവലിബറൽ ശക്തികളെ നേരിടുവാൻ ഒരു പുതിയ സംസ്കാരത്തിന്റെ സൃഷ്ടി ആവശ്യമാണെന്നും മദ്ധ്യവർഗ്ഗത്തിന്റെ അരാഷ്ട്രീയത ഇല്ലാതാക്കാനുതകുന്നവിധം ആ സംസ്കാരത്തിന്റെ പ്രചാരണം ആവശ്യമാണെന്നും അത്തരത്തിലുള്ള ഒരു സംസ്കാരത്തിന്റെ സൃഷ്ടിയിൽ ഫോക്‌ലോർ അത്യന്തം പ്രാധാന്യം വഹിക്കുന്നുവെന്നും ചൂണ്ടിക്കാട്ടാവുന്നതാണ്. ഫോക്‌ലോർ ജീവിക്കുന്ന പൈതൃകമാണ്. ആഗോളീകരണത്തിന്റെ ഏക മുഖവും അതിന്റെ സാംസ്കാരിക മേധാവിത്വവും ചെറുത്തുനില്ക്കാൻ ഈ പൈതൃകത്തിന്റെ വേരുകൾക്കുമാത്രം കഴിയുന്നു.

# കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും എസ്.എൻ.ഡി.പി.യും

കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളർന്നുവരുന്നതിന്നു മുമ്പുതന്നെ ജാതീയമായ പരാധീനതകളും അവശതകളും പരിഹരിക്കുന്നതിന്നുവേണ്ടി അവശ സമൂഹങ്ങളുടെ ഒരു സംഘടിത ശക്തിയായി രൂപീകരിക്കപ്പെട്ട ഒന്നായിരുന്നു എസ്.എൻ.ഡി.പി. ശ്രീനാരായണഗുരുവും അതുപോലെ മറ്റനേകം ആചാര്യന്മാരും പ്രചരിപ്പിച്ചുവന്ന നവോത്ഥാനപരമായ ചിന്തകളും പ്രവർത്തനങ്ങളും തിരുവിതാംകൂർ കൊച്ചി പ്രദേശങ്ങളിൽ ഈ സംഘടനയെ വളർത്തിയെടുത്തു. എന്തെന്നാൽ, നാട്ടുരാജ്യങ്ങളുടെ ആ പ്രദേശങ്ങളിൽ സാമൂഹ്യമായ അവശതകളും ക്ഷേത്രറോഡുകളും മറ്റു പൊതുസ്ഥലങ്ങളും നിരോധിക്കുന്ന രീതികളുമെല്ലാം നിലനിന്ന ഒരു സാമൂഹ്യഘടനയായിരുന്നു നിലനിന്നത്. കൊളോണിയൽ മലബാറിൽ പൊതുവെ ഇത്തരം അവശതകൾ ചുരുക്കമായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ തിരു-കൊച്ചി നാട്ടുരാജ്യങ്ങളിൽ കാർഷികവൃത്തിയിലും ചെറുവ്യവസായങ്ങളിലും മറ്റുമായി ഉപജീവനം നേടിയ ഒരു മദ്ധ്യവർഗ്ഗം ഈ അവശ സമൂഹങ്ങളിൽ ഉയർന്നുവന്നിരുന്നു. മിഷ്യനറിമാരും രാജവാഴ്ചയും നടപ്പിലാക്കിയ പരിമിതമായ പ്രവർത്തനങ്ങൾ ഈ വിഭാഗത്തിന്റെ ഉയർച്ചക്ക് സഹായകമായിരുന്നു. എന്നാൽ മലബാറിലെ ബ്രിട്ടീഷ് ഭരണത്തിനുകീഴിൽ അത്രയും ശക്തമായ ഒരു മധ്യവർഗ്ഗത്തിന്റെ ഉദയം സാധ്യമായിരുന്നില്ല. അവിടെ പരമ്പരാഗതമായ കാർഷിക വ്യവസ്ഥയും ബന്ധങ്ങളും അതിന്റെ വളർച്ച തടഞ്ഞുവെച്ചപ്പോൾ തിരു-കൊച്ചിയിൽ മാധവറാവുവിന്റെ കാണം വ്യവസ്ഥയുടെ പ്രഖ്യാപനങ്ങൾ പുതിയ ഒരു കാർഷിക സമൂഹത്തിനു ആശാവഹമായിരുന്നു. ഈ മദ്ധ്യവർഗ്ഗവും കാർഷിക തൊഴിലാളിവർഗ്ഗവും എല്ലാം എസ്.എൻ.ഡി.പി. യുടെ ശക്തികേന്ദ്രങ്ങളായി മാറുകയാണ് ചെയ്തത്.

മഹാകവി കുമാരനാശാൻ എഴുതിയ പോലെ ഈ സംഘടനയുടെ വളർച്ചയും പ്രവർത്തനവും വേണ്ടത്ര സജീവമായിരുന്നില്ല. 'വാവായ നാൾ ജനമിടും ബലിപിണ്ഡമുണ്ടു, പോവാൻ മടിച്ചു ചില കാക്കകൾ ചെന്നു

പറ്റി, ഭാവാഗ്നിയേറ്റിട്ടു കരിഞ്ഞൊരു കുറ്റിപോലിമ്മാവാദ്യമാർന്ന നിലയിൽ മറന്നു ലോകം' എന്നായിരുന്നു അദ്ദേഹത്തിന്റെ പരിവേദനം. സ്വന്തം കുക്ഷി പൂരണക്കാരായ ചില കാക്കകളുടെ കൈകളിലായിരുന്നു അന്നതിന്റെ നേതൃത്വം.

എന്നാൽ ഈ സ്ഥിതിക്കു മാറ്റം വന്നതാകട്ടെ കേരളത്തിൽ 1934ൽ ആരംഭിച്ച കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ ആവിർഭാവത്തോടെയും അതിന്റെ മാർക്സിസത്തിലെ ലെനിനിസം എന്ന പ്രത്യയശാസ്ത്രത്തിന്റെ കാഴ്ചപ്പാടോടെയും ആയിരുന്നു. ദേശീയവാദികളായ കോൺഗ്രസ്സ് നേതൃത്വം ആവിഷ്കരിച്ച വൈക്കം ഗുരുവായൂർ സത്യാഗ്രഹങ്ങൾ അവശ വിഭാഗങ്ങളുടെ മാനുഷികാവകാശങ്ങൾ വീണ്ടെടുക്കാൻ വേണ്ടിയായിരുന്നു.

മലബാറിൽ പിണറായിയിലെ പാറപ്പുറത്തു വെച്ചു ചേർന്ന കോൺഗ്രസ്സ് സോഷ്യലിസ്റ്റ് സമ്മേളനം 1939 ന്റെ യുദ്ധകാല പരിത:സ്ഥിതിയിൽ സ്വയം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമായി രൂപാന്തരപ്പെട്ടു. അതിന്റെ കത്തിജ്ജ്വലിക്കുന്ന നേതൃത്വമായിരുന്നു പിന്നീട് എസ്.എൻ.ഡി.പി. യെന്ന ജാതിസംഘടനയെ ഉപയോഗപ്പെടുത്തിക്കൊണ്ട് പരിമിതമായ അതിന്റെ ആവശ്യങ്ങൾക്കുവേണ്ടി മുന്നോട്ട് വന്നത്.

സഹോദരൻ അയ്യപ്പനെപ്പോലുള്ളവർ നവോത്ഥാന നായകന്മാരായിരിക്കെത്തന്നെ തൊഴിലാളി സംഘടനകളുമായും അവയുടെ പ്രവർത്തനങ്ങളുമായും ജീവത്തായ ഒരു ബന്ധം നിലനിർത്തി. കൊച്ചി-തിരുവിതാംകൂർ പ്രദേശങ്ങളിൽ എസ്.എൻ.ഡി.പി. യുടെ നേതൃത്വത്തിലേക്ക് പ്രത്യയശാസ്ത്രപരമായി സാമ്രാജ്യ വിരോധവും ഫ്യൂഡൽ വിരോധവും ജാതിവിരോധവും ഒന്നിച്ചു സ്വീകരിച്ച ഒരു നവീന മാതൃകാ നേതൃത്വം ഉയർന്നുവന്നു. ഇരിങ്ങാലക്കുടയിൽ കൂടൽമാണിക്യക്ഷേത്ര പരിസരത്തെ റോഡുകൾ തുറന്നു കിട്ടാനും ആറാട്ടുകാലത്ത് പൊതുവഴി ഉപയോഗപ്പെടുത്താനുള്ള അവകാശത്തിനും വേണ്ടി നടന്ന കുട്ടംകുളം സമരം, കൊടുങ്ങല്ലൂരിൽ നടന്ന അനേകം മർദ്ദനങ്ങൾക്കെതിരായുള്ള സമരങ്ങൾ, താണിശ്ശേരി സമരം (താണശേരി) , പാലിയം സമരം തുടങ്ങിയവ. തിരുവിതാംകൂറിൽ നടന്ന ക്ഷേത്രപ്രവേശന സമരങ്ങൾ, തൊഴിൽ സമരങ്ങൾ എല്ലാം എസ്.എൻ. ഡി.പി.യുടേതെന്നപോലെ കമ്മ്യൂണിസ്റ്റുകാരുടേതുമായിരുന്നു. ജാതിസംഘടനകൾ പങ്കെടുത്ത ഈ സമരങ്ങളിൽ വർഗ്ഗസംഘടനകളുടെ ആശയവും നേതൃത്വവും ചരിത്രപരമായി പ്രാധാന്യമർഹിക്കുന്നു. ഈ സമരങ്ങളിൽ രക്തസാക്ഷിത്വം വഹിച്ച കമ്മ്യൂണിസ്റ്റ് നേതാക്കളായിരുന്നു പി. ഗംഗാധരനും എ.ജി. വേലായുധനും. കൊച്ചിയിൽ നടന്ന 1896 ലെ ഒരു ഈഴവ സമ്മേളനത്തിന്റെ മുദ്രാവാക്യം തന്നെ ആശയപരമായ മാറ്റം വ്യക്തമാക്കുന്നത് കമ്മ്യൂണിസ്റ്റ് ആശയവുമായി ബന്ധപ്പെട്ടു കാണാം. അയിത്തം കുറ്റകരമാക്കുക, ക്ഷേത്ര പ്രവേശനം നമ്മുടെ ജന്മാവകാശം, പൂർണ്ണഉത്തരവാദിത്ത ഭരണം, കുറഞ്ഞ കൂലി നിശ്ചയിക്കുക, ജോലി

സമയം ക്ലിപ്തപ്പെടുത്തുക എന്നിവയായിരുന്നു.
സി.അച്യുതമേനോൻ, സുഗതൻ, ഗോപാലകൃഷ്ണമേനോൻ, കെ.കെ.വാരിയർ, ടി.എൻ.കുമാരൻ, പയ്യപ്പിള്ളി ബാലൻ തുടങ്ങിയ അനേകം പേർ ഇത്തരം സമരങ്ങളിൽ നേതൃത്വനിരയിലേക്കെത്തിയിരുന്നു. അന്ന് കോൺഗ്രസ്സ് പാർട്ടിക്ക് ഭൂരിപക്ഷമുണ്ടായിരുന്ന പ്രജാമണ്ഡലം ഈ പ്രവർത്തനങ്ങളിലൊന്നും സജീവമായിരുന്നില്ല. നിഷ്പക്ഷമതികളായി നോക്കിനിൽക്കുകയായിരുന്നു.
ഇത്തരം ജാതി സംഘടനകളുടെ സംയുക്ത പ്രവർത്തനങ്ങൾ ആവശ്യമാണെന്നു വിലയിരുത്തുമ്പോൾ തന്നെ ഇ.എം.എസ്സ്. 1946ൽ ഒരു ലേഖനത്തിൽ അവയുടെ ദൗർബല്യം വിലയിരുത്തുകയുണ്ടായി. അവ വർഗ്ഗ സംഘടനകളായി രൂപാന്തരപ്പെടേണ്ടതാണെന്നും സവർണ്ണരും അവർണ്ണരുമായ തൊഴിലാളികളുടെ പ്രശ്നങ്ങളൊന്നാണെന്നും അവരൊന്നുപോലെ ധനികവർഗ്ഗങ്ങളുടെ ചൂഷണത്തിന്നിരയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഡോ:അംബേദ്കറുടെ ജാതിസംഘടനകളുടെ ഫെഡറേഷൻ പ്രവർത്തനത്തോട് അദ്ദേഹത്തിന്നു യോജിക്കുവാനും കഴിഞ്ഞില്ല.
ഇത്തരം ഒരു തിരിഞ്ഞുനോട്ടം, ഒരു ജാതി സംഘടന മാത്രമായ എസ്.എൻ.ഡി.പി.യെ കേരളത്തിൽ വളർത്തിയെടുത്തത് മാർക്സിസം ലെനിനിസത്തിന്റെ പ്രത്യയശാസ്ത്രപരമായ പ്രവർത്തനങ്ങളും കമ്മ്യൂണിസ്റ്റ് നേതൃത്വവുമായിരുന്നുവെന്ന ചരിത്രം വ്യക്തമാക്കുന്നു. ശ്രീനാരായണഗുരുവിന്റെ പുതിയ മാനവികത കമ്മ്യൂണിസത്തിന്റെ അന്ത്യജോദ്ധാരണത്തിന്റെ നവമാനികത തന്നെയായിരുന്നു. എന്നാൽ ആധുനിക ഘട്ടത്തിൽ സമകാലീനമായി കമ്മ്യൂണിസ്റ്റുകാരിൽ നിന്നും അകന്നു നിൽക്കാനും വർഗ്ഗീയതയുടെ ചരിത്രശക്തികളുമായി സഹവർത്തിക്കാനുമുള്ള എസ്.എൻ.ഡി.പി. നവീന നേതൃത്വത്തിന്റെ പ്രവർത്തനം ചരിത്രത്തിന്റെ നിഷേധാത്മകതകൂടിയാണെന്നു ഓർമ്മിക്കട്ടെ.

# ആദ്യകാല ബ്രിട്ടീഷ് വിരുദ്ധസമരങ്ങളും 1857 ന്റെ ആശയപരമായ ചലനങ്ങളും കേരളത്തിൽ

മദ്രാസ് പ്രസിഡൻസിയിലുൾക്കൊണ്ട കേരളത്തിന്റെ പ്രദേശങ്ങളിൽ 1857 ന്റെ ചലനങ്ങൾ ഇല്ലെന്നാണ് ആദ്യകാലത്തെ ചരിത്രകാരന്മാരും ഗവേഷകരും വിശ്വസിച്ചിരുന്നത്. ദക്ഷിണേന്ത്യയിൽ ബ്രിട്ടീഷ് ഭരണം ആരംഭിച്ചതോടുകൂടി പലഭാഗങ്ങളിലും തങ്ങളുടെ മീതെ അടിച്ചേല്പിക്കപ്പെട്ട വിദേശഭരണത്തിന്നെതിരായി നീണ്ട കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു. മൈസൂരിലെ ടിപ്പുസുൽത്താന്റെ പതനത്തിന്നുശേഷം 1799 മുതൽ ദക്ഷിണേന്ത്യയിൽ സഹായവ്യവസ്ഥ തുടങ്ങിയ നയങ്ങളും കീഴടക്കലും വഴി ഈസ്റ്റിന്ത്യാ കമ്പനി അതിന്റെ സാമ്രാജ്യം കെട്ടിപ്പടുത്തു.

പരമ്പരാഗതമായ ഭരണവ്യവസ്ഥയിൽ കമ്പനി സമഗ്രമായ പരിഷ്കരണങ്ങൾ തങ്ങളുടെ താല്പര്യ സംരക്ഷണത്തിന്നു നടപ്പിലാക്കി. പല പ്രദേശങ്ങളും നേരിട്ടുള്ള ഭരണത്തിന്നു കീഴിലാക്കി. പരമ്പരാഗതവും ഫ്യൂഡൽ കീഴ്വഴക്കങ്ങളും അടിസ്ഥാനമാക്കുകയും ചെയ്ത കാർഷിക ബന്ധങ്ങളിൽ പദവികൾ അനുസരിച്ചുള്ള ഉദ്യോഗസ്ഥവൃന്ദങ്ങളാലും വെള്ളക്കാർ മേധാവികളായിട്ടുള്ള സൈനിക സമുച്ചയത്താലും കമ്പനി വലിയ മാറ്റങ്ങളാണുണ്ടാക്കിയത്.

ഈ കൊളോണിയൽ അധികാരകേന്ദ്രങ്ങൾക്കെതിരായി വിവിധ കാലഘട്ടങ്ങളിൽ ഇവിടെ കലാപങ്ങളുയർന്നുവന്നു. പഴശ്ശി രാജാവ് 1795 മുതൽ വടക്കെ മലബാറിൽ കലാപം നടത്തി. ഇതാകട്ടെ പിന്നീട് തെക്കൻ കർണ്ണാടകത്തിലും വ്യാപിച്ചു. തമഴ്നാട്ടിൽ കട്ടബൊമ്മൻ, മരുത്പാണ്ഡ്യൻ, ഗോപാൽ നായക്, തുടങ്ങിയ പോളാഗാർമാർ സായുധ കലാപങ്ങൾ നടത്തി. പിരിച്ചുവിട്ട സൈനികർ കൂടിയുൾക്കൊള്ളുന്ന ഒരു കലാപം തിരുവിതാംകൂറിൽ വേലുത്തമ്പി ദളവയുടെ നേതൃത്വത്തിൽ മുന്നേറി. കൂടാതെ 1806 ൽ വെല്ലൂർ ശിപായിമാരുടെ കലാപം നടന്നു. ടിപ്പുസുൽത്താന്റെ അനുയായികൾ ഇതിൽ പങ്കെടുത്തു. വയനാട്ടിൽ പഴശ്ശിയുടെ വധത്തിന്നുശേഷം

1812 ൽ കുറിച്യർ മാനന്തവാടിയിൽ കലാപം നടത്തി. ഇത്തരം കലാപങ്ങളുടെ ഒരു വിവരണം കെ.രാജയ്യൻ തന്റെ 'സൗത്ത് ഇന്ത്യൻ റബലിയൻ' എന്ന ഗ്രന്ഥത്തിൽ (1971 പതിപ്പ്) നല്കിയിരിക്കുന്നു.

ഈ കലാപങ്ങളിലെല്ലാം പങ്കെടുത്തിരുന്ന പ്രമുഖ ശക്തി പരമ്പരാഗത നേതൃത്വത്തിന്നു കീഴിൽ അണിനിരന്ന കർഷകരായിരുന്നു. ഇവയിലെല്ലാം കാർഷിക കലാപത്തിന്റെ സ്വഭാവം വ്യക്തമായി കാണാവുന്നതാണ്. ഇവയെത്തുടർന്നു കമ്പനി അതിന്റെ പല നയങ്ങളും മാറ്റുവാൻ നിർബന്ധിക്കപ്പെട്ടു. നാടുവാഴികൾക്ക് കമ്പനിയുടെ മാലിഖാൻ ലഭിച്ച പശ്ചാത്തലം ഇതായിരുന്നു. കർഷകർ വഞ്ചിതരായി. അവർ നികുതിയെന്ന ഉല്പാദന മിച്ചം സൃഷ്ടിക്കാൻ മാത്രം വിധിക്കപ്പെട്ടവരായി. കാതലീൻ ഗഫ് ഈ സമരങ്ങളെ പുനഃസ്ഥാപക സമരങ്ങൾ (റെസ്റ്റൊറേറ്റീവ് റബലിയൻസ്) എന്നു വിളിക്കുന്നു. സമരത്തിന്റെ അടിസ്ഥാന സ്വഭാവം ഗതകാലപാരമ്പര്യത്തിന്റെ പുനഃസ്ഥാപനം ആയിരുന്നു.

കലാപകാരികളുടെ ലക്ഷ്യബോധവും കൊളോണിയലിസത്തെപ്പറ്റിയുള്ള അവരുടെ കാഴ്ചപ്പാടും വളരെ പരിമിതമായിരുന്നു. ഈ രാജ്യത്തിന്റെ മുഴുവനായ മോചനം അവരുടെ ലക്ഷ്യമായിരുന്നില്ല. ഒരു ദേശീയബോധവും ഒരു സമ്പൂർണ്ണരാജ്യത്തിന്റെ വിമോചനമെന്ന ആശയവും ഈ കലാപങ്ങളിൽ ഉയർന്നുവന്നിരുന്നില്ല. അവരുടെ കാഴ്ചപ്പാടിന്റെ പരിമിതിയായിരുന്നില്ല, ഇന്ത്യയിൽ ദേശീയത വളർന്നുവരാത്ത പശ്ചാത്തലമായിരുന്നു കാരണം. ദേശിയത തന്നെ ആധുനികതയുടെ വളർച്ചയുടെ സൃഷ്ടിയാണെന്നു കാണാം. എങ്കിലും കലാപകാരികളും അവരുടെ പ്രതിനിധികളും വിവിധ പ്രദേശങ്ങളുമായി പരസ്പരം ബന്ധപ്പെടുന്നതുകാണാം. ബ്രിട്ടീഷുകാരിൽ നിന്നും ഈ പ്രദേശങ്ങളെ മോചിപ്പിക്കുക അവരുടെ ലക്ഷ്യമായിരുന്നു.

കലാപകാരികളുടെ ബ്രിട്ടീഷ് വിരുദ്ധ മനോഭാവം മതം, മതപരമായ ആശയം തുടങ്ങിയവയാൽ പലപ്പോഴും പ്രചോദിപ്പിക്കപ്പെട്ടിരുന്നു. പഴശ്ശിരാജാവും കട്ടബൊമ്മനും വേലുത്തമ്പിയും മതത്തിന്റെ പേരിൽ തങ്ങളെ പിന്തുണക്കുവാൻ അഭ്യർത്ഥിക്കുന്നതുകാണാം. തങ്ങളുടെ പ്രഖ്യാപനങ്ങൾ വഴി അവർ ബ്രിട്ടീഷുകാരെ സഹായിക്കുന്നവർ പഞ്ചമഹാപാപങ്ങൾ ചെയ്യുന്നവരാണെന്ന് പ്രഖ്യാപിച്ചു. ഇതാകട്ടെ ഹൈന്ദവ മത ആശയമായിരുന്നു. മുമ്പ് തങ്ങൾക്ക് കഞ്ഞികുടിക്കാൻ ഉണ്ടായിരുന്നുവെന്നും ഇപ്പോൾ വെള്ളം മാത്രമാണുള്ളതെന്നും അവർ സാമ്പത്തിക വ്യാഖ്യാനം കൂടി നടത്തിക്കാണാം. ഇതേവിധം സമാധാനകാംക്ഷികളായ സൂഫിമാർ തങ്ങളുടെ ഇസ്ലാമിക ആശയം വെല്ലൂർ കലാപത്തിൽ ഉപയോഗപ്പെടുത്തിക്കാണാം. ഇതേ വിധത്തിലുള്ള ഉദാഹരണങ്ങൾ ചൈനയിൽ ക്രിസ്തുമതാശയം ഉപയോഗപ്പെടുത്തി തൈപ്പിങ്ങ് കലാപകാരികൾ നടത്തിയ സമരങ്ങളിലും കാണാവുന്നു.

കമ്പനിയുടെ ഭരണം ഇന്ത്യയിൽ ശക്തമായതോടുകൂടെ 1757 നു ശേഷം

1857 ലെത്തുമ്പോൾ വടക്കെ ഇന്ത്യയുടെ പല ഭാഗങ്ങളിലും വളരെ ശക്തമായ കലാപങ്ങൾ ഉയർന്നുവന്നു. കാറൽമാർക്സ് ഇതിനെ ഒന്നാം സ്വാതന്ത്ര്യസമരമായി വ്യാഖ്യാനിക്കുകയും ചെയ്തു. ഈ വൻ കലാപത്തിന്നു മുമ്പു തന്നെ 1856 ൽ സാന്താൾ ഗിരിജനങ്ങൾ പൂർവ്വേന്ത്യയിൽ വൻ കലാപങ്ങൾ നടത്തിവന്നു.

കേരളത്തിൽ ഇതേ കാലഘട്ടത്തിൽ, മലബാറിൽ മാപ്പിളമാർ 1836 മുതൽ പിന്തുടർന്ന പൊട്ടിത്തെറികളുടെ തുടർച്ച ശക്തമായിത്തീർന്നുവെന്നു കാണാം. ഈ പൊട്ടിത്തെറികളിൽ ധാരാളം കാർഷിക പ്രശ്നങ്ങൾ അടങ്ങിയിരുന്നു. ഇതാകട്ടെ നിയമ സമാധാന വ്യവസ്ഥയുടെ പ്രശ്നത്തിന്നുപരി സാമ്രാജ്യ വിരുദ്ധ സ്വഭാവത്തിന്റെ മാനങ്ങൾ കൂടി ഉൾക്കൊണ്ടിരുന്നു. ഈ കലാപങ്ങളെപ്പറ്റി അന്വേഷിച്ചിരുന്ന കമ്മീഷൻ മാപ്പിളമാരുടെ ആത്മീയ നേതാവായ മമ്പ്രം തങ്ങളും മറ്റും ഹൈന്ദവ ജന്മിമാർക്കെതിരായി മാപ്പിള കർഷകരെ വർഗ്ഗീയമായി ഇളക്കിവിടുന്നതിന്റെ പശ്ചാത്തലത്തിലാണ് ഈ പൊട്ടിത്തെറികളെന്നു വിലയിരുത്തി. ഈ റിപ്പോർട്ടനുസരിച്ച് 1852 ൽ ജില്ലാ മജിസ്ട്രേറ്റ് കൊനോലി, മമ്പ്രം സെയ്ദ് ഫസൽ പൂക്കോയ തങ്ങളെ 1852ൽ അറേബ്യയിലേക്ക് നാടുകടത്തി. നാട്ടുകാർ അറിയാത്തവിധത്തിലായിരുന്നു നാടുകടത്തൽ. തങ്ങളോടുള്ള ആദരവും ഭക്തിയും പ്രകടിപ്പിച്ച് 8000 മാപ്പിളമാർ മമ്പ്രത്ത് ഈ അവസരത്തിൽ തടിച്ചുകൂടിയിരുന്നു. അവർ പലരും ആയുധ ധാരികളായിരുന്നു.

കൊനോലി, 756 മാപ്പിളക്കത്തികൾ ഒരു നയമെന്ന നിലയിൽ തെക്കെ മലബാറിൽ നിന്നും പിടിച്ചെടുത്തു. 'മതഭ്രാന്ത'മായ സമൂഹത്തെ നിരായുധീകരിക്കുകയെന്നതായിരുന്നു ലക്ഷ്യം. ഇതെല്ലാം മാപ്പിളമാർക്കിടയിൽ വലിയ വിദ്വേഷമുണ്ടാക്കി. തടവുചാടിയ മാപ്പിള തടവുകാർ 1855 സപ്തംബറിൽ കൊനോലിയെ അദ്ദേഹത്തിന്റെ ബംഗ്ലാവിൽ വെച്ച് രാത്രി വധിക്കുകയുണ്ടായി. അവർ രണ്ടാഴ്ചയോളം കാലം ഈ പരിപാടി ആസൂത്രണം ചെയ്യുകയായിരുന്നു. ആ അവസരത്തിൽ മമ്പ്രത്തെ പല പള്ളികളും സന്ദർശിക്കുകയും പല മൗലൂദ് പ്രാർത്ഥനകളിലും പങ്കെടുക്കുകയും ചെയ്തു. പിന്നീടവരെ വെടിവെച്ച് കൊന്നു.

കൊനോലിയുടെ വധത്തിന്നു പിന്നിൽ പല കാരണങ്ങളും ഉന്നയിക്കപ്പെട്ടു. ഒരു പ്രധാന കാരണം അദ്ദേഹം ഇവരെ തടവിലിട്ടുവെന്നതുതന്നെ. കൂടാതെ സെയ്ദ് ഫസൽ പൂക്കോയ തങ്ങളെ നാടുകടത്തിയതിനെതിരായി മറ്റു ചിലർ ഉപദേശിച്ച പ്രകാരം പ്രവർത്തിച്ചുവെന്നും പറയുന്നു. ഇതെല്ലാം കാണിക്കുന്നത് മലബാറിലെ മാപ്പിള സമൂഹം ബ്രിട്ടീഷ് ഭരണത്തിന്നെതിരായി നിയമ പരിപാലനം ഇല്ലാതാക്കിയെന്നതാണ്. ഈ പൊട്ടിത്തെറികൾ മുൻകാലങ്ങളിൽ കർഷകരും നാടുവാഴികളും ബ്രിട്ടീഷ് ഭരണത്തിന്നെതിരായി നടത്തിയ അനേകം കലാപങ്ങളുടെ തുടർച്ച കൂടിയായിരുന്നു.

ദക്ഷിണേന്ത്യയിൽ ഇസ്ലാമിക പ്രത്യയശാസ്ത്രം ബ്രിട്ടീഷ് വിരോധം തങ്ങ

ളുടെ അണികൾക്കിടയിൽ പ്രചരിപ്പിച്ചു. പൂക്കോയ തങ്ങളുടെ പ്രവർത്തനങ്ങൾ ഇതിന്നു നല്ലൊരുദാഹരണമാണ്. മുസ്ലിങ്ങൾക്കിടയിലെ ബ്രിട്ടീഷ് വിരുദ്ധ ആശയമാണ് കൊനോലിയുടെ വധത്തിനിടയാക്കിയത്. സഞ്ചാരികളായ മാപ്പിള ഫക്കീർമാർ ബ്രിട്ടീഷ് വിരുദ്ധ ആശയം പ്രചരിപ്പിച്ചു. അവർക്ക് മറ്റു പല ഭാഗങ്ങളുമായി നിരന്തരം ബന്ധപ്പെടാൻ കഴിഞ്ഞിരുന്നു. ബ്രിട്ടീഷ് ഭരണത്തിനെതിരായി 1857 ജനുവരിയിൽ മൗലവി അഹമ്മദുള്ള അഥവാ അഹമ്മദ്ഷാ മദ്രാസിൽ വെച്ച് പ്രഭാഷണം നടത്തിയിരുന്നു. പിന്നീടദ്ദേഹം ഉത്തരേന്ത്യയിലെ പ്രമുഖ കലാപകേന്ദ്രമായ ഫയിസാബാദിൽ ജനങ്ങളെ ഉത്തേജിപ്പിക്കുകയും ചെയ്തു. റോഹിൽഖണ്ഡ്, അവധ് എന്നിവിടങ്ങളിൽ അദ്ദേഹം കലാപത്തിന്റെ ഒരു വലിയ നേതാവായി മാറി. ജനങ്ങളുടെ താല്പര്യങ്ങളെ അദ്ദേഹം ചൂണ്ടിക്കാട്ടി. ലക്നൗ സംരക്ഷിക്കുവാനുള്ള സൈനിക നേതൃത്വം അദ്ദഹം ഏറ്റെടുത്തിരുന്നു. അദ്ദേഹം 1858 ൽ വധിക്കപ്പെട്ടു. മൗലവിമാരും മതപണ്ഡിതന്മാരും ബ്രിട്ടീഷ് വിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ വലിയ പങ്കാളിത്തം വഹിച്ചു.

മലബാറിൽ 1857 സപ്തംബറിലും മറ്റും അരി കിട്ടാത്ത ഒരു വലിയ ക്ഷാമം ഉണ്ടായി. ഈ അവസരം 1857 ലെ കലാപം നടക്കുമ്പോൾ മാപ്പിളമാരിൽ സഞ്ചാരികളായ മൗലവിമാർക്കും മറ്റും ഈ വിവരം ലഭിച്ചിരുന്നുവെന്നു കരുതേണ്ടിയിരിക്കുന്നു. അവർ പലേടത്തും ബ്രിട്ടീഷ് വിരുദ്ധ മനോഭാവം പ്രചരിപ്പിച്ചുവെന്നു കാണാം.

ദൈവത്തിന്റെ പേരിൽ ബ്രിട്ടീഷുകാർ അഥവാ കാഫിർമാർക്കെതിരായി ആയുധമെടുക്കാൻ തലശ്ശേരിയിൽ ഒരു മായൻ പ്രഭാഷണം നടത്തി. മായൻ ഒരു തങ്ങൾ കുടുംബാംഗമായിരുന്നു. മുൻകാലം എട്ടുവർഷത്തെ കഠിന തടവിന്നു ശിക്ഷിക്കപ്പെട്ട വ്യക്തിയും. ഈ പ്രഭാഷണം കാരണം കണ്ണൂരിലെ പട്ടാള കേന്ദ്രത്തിന്റെ ബ്രിഗേഡിയർ ഒരാക്രമണം പ്രതീക്ഷിച്ച് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചു. മായന്റെ കേസ് നാട്ടുകാരനായ ക്രിമിനൽ ജഡ്ജ് (ഒരു മുസ്ലീമായ സാദർ ആമീൻ) ഇടപെടാതെ പെട്ടെന്നു വിധികൽപ്പിക്കുവാൻ ജില്ലാ മജിസ്ട്രേട്ട് തീരുമാനിച്ചു. സാദർ ആമീൻ മായന്നു ബുദ്ധിസ്ഥിരത ഇല്ലെന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശിക്ഷ ഒഴിവാക്കി. പക്ഷെ ജയിലിട്ടു. എന്നാൽ മജിസ്ട്രേറ്റ് നിരീക്ഷണത്തിന്നായി അയാളെ കോഴിക്കോട്ടേക്ക് അയച്ചു. സാദർ ആമീന്റെ വിധി തെറ്റാണെന്നായിരുന്നു മജിസ്ട്രേറ്റിന്റെ തീരുമാനം. അയാൾക്ക് ബുദ്ധിസ്ഥിരത ഉണ്ടെന്നതായിരുന്നു ഈ തീരുമാനത്തിലെത്തിച്ചത്. പിന്നീട് മായനെ തൃശ്ശിനാപ്പള്ളി ജയിലിലേക്ക് മാപ്പിള നിയമപ്രകാരം നാടുകടത്തി. മായൻ അവിടെ ജയിലിൽ മരിക്കുകയും ചെയ്തു.

ഇതൊരു ഒറ്റപ്പെട്ട സംഭവവുമായിരുന്നു. പക്ഷെ പൊതുസ്ഥലത്തുള്ള അയാളുടെ പ്രസംഗം അധികാരികളെ അത്യന്തം ഭയപ്പെടുത്തി. കാരണം ബ്രിട്ടീഷുകാർ ഇന്ത്യയിൽ ഒരു വലിയ പ്രതിസന്ധി നേരിടുകയായിരുന്നു. ഇസ്ലാം

ഒരു മതമെന്ന നിലയിൽ കലാപത്തിന്നു പിന്നിൽ ഒരു വലിയ ശക്തിയായിരുന്നു. വടക്കെ ഇന്ത്യയിലെ കലാപത്തിന്റെ ആശയം മായൻ മനസ്സിലാക്കിയത് ഒരുപക്ഷെ സഞ്ചാരികളായ തീർത്ഥാടകരിൽ നിന്നായിരിക്കണം. അയാൾ ഈ ഭാഗത്തിൽപ്പെട്ട ഒരു വ്യക്തിയായിരുന്നു. കണ്ണൂരിലെ ബ്രിഗേഡിയർ ഒരു വലിയ ആക്രമണം പ്രതീക്ഷിച്ച് പ്രതിരോധനിര ശക്തിപ്പെടുത്തിയത് ഈ പശ്ചാത്തലത്തിലാണ്. എന്നാൽ ഒരിക്കലും കലാപം ഉയർന്നു വന്നില്ല. കലാപം നടത്തേണ്ട കണ്ണൂരിലെ അലി രാജാവും തലശ്ശേരി കേയിമാരും മറ്റു നാടുവാഴികളും എല്ലാം ബ്രിട്ടീഷ് ഭരണവുമായി പൊരുത്തപ്പെട്ടു കഴിഞ്ഞിരുന്നു.

കണ്ണൂരിലെ രാഷ്ട്രീയ ശക്തികൾ പൊതുവെ ഹിന്ദുക്കളായിരുന്നു. അവരുടെ നേതൃത്വവും സഹകാരിവർഗ്ഗമായി മാറി. മുസ്ലിം മതക്കാരനായ തങ്ങളുടെ പ്രഭാഷണം ഏറ്റെടുക്കാൻ അവരാരും തയ്യാറായില്ല. മദ്രാസിൽ മൗലവി അഹമ്മദുള്ളയുടെ സ്ഥിതിയും അതായിരുന്നു. എന്നാൽ അയാൾ കലാപത്തിന്റെ നേതൃത്വത്തിന്നായി റോഹിൽഖണ്ഡ്, ലഖ്നോ എന്നിവിടങ്ങളിലേക്ക് സഞ്ചരിച്ചു. മായന്റെ പ്രസംഗത്തിന് അനുകൂലമായ ഒരു പ്രതികരണം മലബാറിലുണ്ടായില്ല.

കൂടാതെ 1857 ആഗസ്തിൽ തെക്കെ മലബാറിലെ ഏറനാട് താലൂക്കിൽ ബ്രിട്ടീഷുകാർക്കെതിരായ വിദ്വേഷത്തിന്റെ മറ്റൊരു തുടക്കവും കാണാം. ഇവിടെ പൊന്മലപ്പള്ളിയിലെ മുല്ല ചേറൂർ പാട്ടുകൾ പാടിക്കൊണ്ട് ഒരു വിഭാഗം മാപ്പിളത്തടവുകാരെ പ്രചോദിപ്പിക്കുകയുണ്ടായി. മാപ്പിള കലാപകാരികൾ 1843 ഒക്ടോബറിൽ നടത്തിയ ആത്മാഹുതിയായിരുന്നു ഈ പടപ്പാട്ടിന്റെ സാരാംശം. ഇത്തരം പാട്ടുകൾ നിരോധിക്കപ്പെട്ടിരുന്നു. ഈ മുല്ല സന്ദേശം സഞ്ചാരികളിൽ നിന്നും ലഭിച്ചിരിക്കണം. അവിടെ ഗവണ്മെന്റ് വളരെ ദുർബലമായിത്തീർന്നിരുന്നു. ഈ മുല്ല, കാഫിർമാരിൽ നിന്നും (ബ്രിട്ടീഷുകാർ) ഈ രാജ്യത്തെ രക്ഷിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. അവരെ എല്ലാവരേയും ഭരണാധികാരികൾ നാടുകടത്തുകയും തടവിലിടുകയും ചെയ്തു.

ഈ സംഭവവും 1857 ന്റെ സ്വാധീനം മലബാറിൽ എത്രമാത്രം ഉണ്ടായെന്ന് സൂചിപ്പിക്കുന്നു. എന്നാൽ കലാപകാരികൾക്ക് ഒരു കലാപം സംഘടിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. ഇതും ഒരേക സംഭവം മാത്രമായി.

വില്യം ലോഗൻ നാമമാത്രമായി സൂചിപ്പിക്കുന്ന ഈ രണ്ടു സംഭവങ്ങളും 1857 ന്റെ സ്വാധീനം മലബാറിൽ മുസ്ലിം വിഭാഗങ്ങൾക്കിടയിൽ എന്തായിരുന്നുവെന്നു സൂചിപ്പിക്കുന്നു. ബ്രിട്ടീഷുകാരായ കാഫിർമാർക്കെതിരെ ഒരു വൻ കലാപം ഈ വ്യക്തികൾ ആഗ്രഹിച്ചു. അതിനു വേണ്ടി ആഹ്വാനം ചെയ്തു. എന്നാൽ ആവശ്യമായ നേതൃത്വം ഇവിടെ ഉയർന്നുവന്നില്ല. മുൻകാല നാടുവാഴികളും മറ്റും ബ്രിട്ടീഷുകാരുമായി സമരസപ്പെട്ടു കഴിഞ്ഞിരുന്നു. ഇസ്ലാമിലെ പൗരോഹിത്യം ബ്രിട്ടീഷു വിരുദ്ധ ആശയം ഇവിടെ

പ്രചരിപ്പിച്ചുവന്നു. എന്നാൽ അവർ പരാജയപ്പെടുകയാണുണ്ടായത്. അവരിലാരുംതന്നെ മമ്പ്രം ഫസൽ പൂക്കോയ തങ്ങളുടെ വ്യക്തിത്വം ഉൾക്കൊണ്ടിരുന്നില്ലതാനും. മലബാറിലെ മുസ്ലിങ്ങൾക്കിടയിൽ ബ്രിട്ടീഷു വിരുദ്ധ മനോഭാവം വളർത്താൻ ഇസ്ലാമിക പ്രത്യയശാസ്ത്രത്തിന്നു കഴിഞ്ഞിരുന്നു. പക്ഷെ 1857 ൽ അതു വളർന്നുവരികയുണ്ടായില്ല. മൗലവി അഹമ്മദുള്ളയെപ്പോലുള്ളവർ ഉത്തരേന്ത്യയിൽ വലിയ പങ്കു വഹിച്ചുകാണാവുന്നു. എല്ലാ കാർഷിക വിഭാഗങ്ങളേയും പങ്കെടുപ്പിച്ചുള്ള ഒരു കലാപം ഉത്തരേന്ത്യയിലെന്നപോലെ മലബാർ (കേരളത്തിൽ) പ്രദേശത്ത് രൂപപ്പെട്ടില്ല. അവിടെ താലൂക്ദാർമാരും ജാഗീർദാർമാരും കലാപത്തിൽ പങ്കെടുത്തു കാണാം. പക്ഷെ പത്തൊമ്പതാം നൂറ്റാണ്ടിലെ ചെറിയ പ്രക്ഷോഭങ്ങൾ 1921ൽ ഒരു വലിയ സാമ്രാജ്യ വിരുദ്ധ പ്രക്ഷോഭമാക്കി മാറ്റാൻ മാപ്പിളമാർക്ക് തെക്കെ മലബാറിൽ കഴിഞ്ഞുവെങ്കിലും അതൊരു സമ്പൂർണ്ണ കാർഷിക സമരമായി എല്ലാ വിഭാഗങ്ങളും പങ്കെടുക്കുന്ന ഒരു കലാപമായി ഉയർന്നുവന്നില്ല. ഇ.എം.എസ്സ്. നമ്പൂതിരിപ്പാട് സൂചിപ്പിച്ചതുപോലെ അതിന്റെ 'ആഹ്വാനവും താക്കീതും' ചരിത്രപരമായി പ്രാധാന്യമർഹിക്കുന്നു. എന്നാൽ 1921 ലെ ആ കലാപം ഇന്ത്യയിൽ 1857 ലേതുപോലെ സൈനികശാസ്ത്രപരമായി അത്യന്തം പ്രാധാന്യമർഹിക്കുന്നു. മലബാർ ഒരു ശത്രു കീഴടക്കിയ പ്രദേശമായിത്തീർന്നു. അതായിരുന്നു 1857 ലെ ഉത്തരേന്ത്യൻ പട്ടണങ്ങളുടെയും ഗ്രാമങ്ങളുടെയും സ്ഥിതി. ഒരുപക്ഷെ 1857 ന്റെ സന്ദേശം കേരളത്തിൽ തൽസമയത്തും പിൽക്കാലത്തും നിലനിർത്തുന്നതിൽ മാപ്പിള സമൂഹം വലിയ പങ്കു വഹിച്ചിരുന്നു.

# ആത്മോപദേശശതകം ഒരു സാമൂഹ്യ ദർശനം

ഇന്ത്യയുടെ ആദ്ധ്യാത്മിക വിജ്ഞാനത്തിന്റെ മുഴുവൻ സത്തയും ഒരു ശതകത്തിലൂടെ അവതരിപ്പിക്കുയാണ് ഗുരുദേവൻ. ഉപനിഷത്തുക്കളുടെ സങ്കീർണവും ഗൂഢവുമായ ഭാഷാ പ്രയോഗത്തിൽ നിന്നു വ്യത്യസ്തമായി ലളിതവും സാരവത്തുമായ മലയാളശൈലിയിലൂടെ കാവ്യാത്മക പ്രതിബിംബങ്ങളെക്കൂടി ഉപയോഗപ്പെടുത്തി അവതരിപ്പിക്കുന്ന ഈ ദാർശനിക കൃതി ഒരു വലിയ സാമൂഹ്യദർശനം കൂടിയാണ്. അരിസ്റ്റോട്ടിൽ തത്വശാസ്ത്രം ആരംഭിക്കുന്നത് നക്ഷത്രഖചിതമായ ആകാശഗോളത്തെ നിരീക്ഷിക്കുന്നതിൽ നിന്നല്ലെന്നും തന്റെ സമീപത്തെ മനുഷ്യന്റെ കണ്ണുകളിലേക്ക് നോക്കുമ്പോഴാണെന്നും ആ നോട്ടം തന്റെ ജിജ്ഞാസ ഒരിക്കലും അവസാനിപ്പിക്കുന്നില്ലെന്നും രേഖപ്പെടുത്തിയിരുന്നു.

ഗുരുവാകട്ടെ അതേ തത്വദർശനത്തെ ഈ കൃതിയിലൂടെ കൂടുതൽ ഉദാത്തമാക്കുകയാണെന്നു പറയാം. ആത്മോപദേശ ശതകത്തിന്റെ തത്വശാസ്ത്രപരമായ പശ്ചാത്തലം കൂടുതൽ ഉൾക്കൊള്ളുവാനും പഠിക്കുവാനും ഗുരുവിന്റെ തന്നെ മറ്റു ചില കൃതികളുടെ അന്തർദർശനം അത്യാവശ്യമാണ്.ഉദാഹരണമായി ജീവകാരുണ്യപഞ്ചകം, അനുകമ്പാദശകം,അഹിംസ, ജാതിനിർണയം, ജാതി ലക്ഷണം, സദാചാരം എന്നീ തലക്കുറിപ്പുകളുമായി എഴുതപ്പെട്ട ദർശനചിന്തകളെക്കൂടി പരിചയപ്പെടേണ്ടതുണ്ട്.

ഈ കൃതികളിലെല്ലാംതന്നെ ഋഷിയായ തന്റെ മോചനത്തേക്കാൾ താൻ ജീവിച്ചുവന്ന ശ്രേണീബന്ധവും ജാതിപങ്കിലവും വർഗ്ഗസങ്കീർണവും ആയ സമൂഹത്തിന്റെ പരിഷ്കരണം കൂടി ലക്ഷ്യമാക്കുന്നു. അദ്വൈതചിന്തയുടെ വക്താവായ ആചാര്യശങ്കരൻ ഈ ലോകം 'മായ'യെന്നു വ്യവഹരിച്ചപ്പോൾ അതേ പാതയിൽ തന്നെ മുന്നേറിയ ഗുരു തന്റെ സാമൂഹ്യമായ പ്രതിബദ്ധതയുടെയും ഒരു സോഷ്യൽ ഫിലോസഫിയുടേയും പേരിൽ ഈ ജീവിതം ജീവിക്കേണ്ടതാണെന്നും അതിന്നു കർമ്മപരമായ ഔത്സുക്യം ആവശ്യമാണെന്നും സാമൂഹ്യമായ തിന്മകളെ ഇല്ലാതാക്കേണ്ടതാണെന്നും ചൂണ്ടിക്കാട്ടി. ഇന്ത്യയിലെ മറ്റനേകം ഋഷിതുല്യരായ ദാർശനികരിൽ നിന്നു

ഗുരു മറ്റൊരു ഔന്നത്യമായി മാറിയിട്ടുള്ളത് ഇക്കാരണത്താലാണ്. പ്രപഞ്ചവും ആത്മതത്വവും വിശകലനം ചെയ്യുന്ന ചിന്താരീതികൾ ഇന്ത്യൻ തത്വശാസ്ത്രത്തിന്നു ഒരു പുതുമയല്ല. പക്ഷെ ആത്മതത്വത്തെ തന്നെ അടിസ്ഥാനമാക്കി സാമൂഹ്യ പരിഷ്കരണം അത്യന്താപേക്ഷിതമാണെന്നു ലോകത്തെ വ്യാഖ്യാനിക്കുന്നതിന്നുപകരം അതിനെ രൂപാന്തരപ്പെടുത്തിയെടുക്കുന്ന ഒരു പ്രക്രിയ ആ ചിന്തകളുടെ അടിസ്ഥാനമായിത്തീരുന്നു. തിരുക്കുറൽ പോലുള്ള തമിഴ് ക്ലാസിക്കുകളുമായുള്ള ഗുരുവിന്റെ നിരന്തരമായ പരിചയം ഇത്തരത്തിലുള്ള ഒരു സാമൂഹ്യദർശനം രൂപപ്പെടുത്താൻ ഗുരുവെ പ്രേരിപ്പിച്ചിരിക്കാം.

'അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം. (24)
പരോപകാരായ പുണ്യായ
പാപായ പരപീഡനം'

തുടങ്ങിയ ഇന്ത്യൻ തത്വശാസ്ത്ര സമീപനം ഗുരു ഒരിക്കൽ കൂടി ആവർത്തിച്ചുറപ്പിക്കുന്നു. 'അവൻ', 'ഇവൻ' എന്നെല്ലാം വ്യവഹരിക്കുന്നത് ഒരാത്മ സത്യത്തിന്റെ രൂപഭേദങ്ങളെയാണെന്നു പഠിപ്പിക്കുമ്പോൾ ഇത്തരം ഒരു സോഷ്യൽ ഫിലോസഫി ഗുരു ദൃഢപ്പെടുത്തുന്നു. ഒരു ജാതി, ഒരു മതം, മതമേതായാലും മനുഷ്യൻ നന്നായാൽ മതി തുടങ്ങിയ സൂക്തങ്ങളും ജീവകാരുണ്യ പഞ്ചകം, അനുകമ്പാദശകം തുടങ്ങിയവയിലെ ചിന്തകളും ഒരു നവ സമൂഹത്തിന്റെ സൃഷ്ടിയുടെ ആശയങ്ങളായി മാറുന്നു. അവയെല്ലാം ഒരു കൊളോണിയൽ സമൂഹത്തിൽ ഉയർന്നുവന്ന നവോത്ഥാന ചിന്തകളായിരുന്നു. ഈ ചിന്തകളിൽ മതേതര രാഷ്ട്രം എന്ന ആശയം ഇന്ത്യൻ ഭരണഘടനയിലെ സമീപനമായി പില്ക്കാലത്ത് രൂപാന്തരപ്പെട്ടു. സഹസ്രാബ്ദങ്ങളായി ഇന്ത്യൻ സാമൂഹ്യ ഘടനയിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥ നിയമപരമായി ലംഘിക്കപ്പെട്ട ഒരു സ്ഥിതി ഇത്തരത്തിൽ സംജാതമായെന്നു പറയാം.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ജർമ്മനിയിലും മറ്റും ഉയർന്നുവന്ന കർഷകരുടേയും കൈത്തൊഴിലുകാരുടേയും എല്ലാം ജീവിതവീക്ഷണം ഒരു പ്രൊട്ടസ്റ്റൻഡ് മതചിന്തയെ ഉയർത്തിപ്പിടിക്കുകയും തൊഴിലിലൂടെ ഉപജീവനം നേടുവാൻ പ്രേരിപ്പിക്കുകയും ചെയ്തതുപോലെ കൈത്തൊഴിലിന്റെ മാഹാത്മ്യം ഗുരുവും ഉയർത്തിപ്പിടിച്ചു. ശിവഗിരിയിൽ ഗുരു ആരംഭിച്ചിരുന്ന നെയ്ത്തുശാല ഇതിന്നുദാഹരണമാണ്.

ഒരുവനു നല്ലതുമന്യനല്ലലും ചേർ-
പ്പൊരുതൊഴിലാത്മവിരോധിയോർത്തിടേണം;
പരനുപരം പരിതാപമേകീടുന്നോ-
രെരിനരകാബ്ധിയിൽ വീണെരിഞ്ഞിടുന്നു.

പാപം, പുണ്യം എന്നീ ദ്വന്ദ്വങ്ങളെപ്പറ്റി പ്രതിപാദിക്കുമ്പോൾ, തൊഴിൽ

എന്തായിരിക്കണം, എങ്ങനെയിരിക്കണം എന്ന ചിന്ത ഗുരു ഒരിക്കൽ കൂടി ആവർത്തിക്കുകയാണ്. മദ്യം ചെത്താനും കുടിക്കാനും പാടില്ലെന്നു മറ്റവസരങ്ങളിൽ ഊന്നിക്കാട്ടിയതും ഹിംസയെ നിഷേധിച്ചതും എല്ലാം ഈ തത്വശാസ്ത്രപരമായ സമീപനം കൊണ്ടായിരുന്നു.

തിരുവിതാംകൂറിലെ എൽ.എം.എസ്സ്, സി.എം.എസ്സ് തുടങ്ങിയ ക്രൈസ്തവ മിഷനറിമാരുടെ പ്രവർത്തനങ്ങൾ ഗുരു തീർച്ചയായും മനസ്സിലാക്കിയിരിക്കണം. മതപരിവർത്തനം ഒരു സമൂഹത്തിലും സ്വീകാര്യമല്ലെന്ന ചിന്തയിലേക്ക് ഗുരു എത്തിച്ചേർന്ന ഒരു പശ്ചാത്തലം ഇതായിരിക്കാം. മതത്തെ നിഷേധിക്കാതെ, മാനവികതയുടെ മതത്തെ സൃഷ്ടിക്കുകയെന്നതായിരുന്നു ഗുരുവിന്റെ ലക്ഷ്യം. ഒരുപക്ഷെ മതങ്ങളുടെ താരതമ്യപഠനം എന്ന ആശയത്തെ കൂടുതൽ ശക്തമാക്കുന്ന ചിന്തകളായിരുന്നു ഗുരുവിന്റേത്. വാഗ്വാദങ്ങളിലൂടെ, എവിടെയും എത്തിച്ചേരുകയില്ലെന്നു ഗുരു വിശദീകരിക്കുന്നു.

> ഒരു മതമന്യനുനിന്ദ്യ, മൊന്നിലോതും
> കരുവപരന്റെ കണക്കിനൂനമാകും
> ധരയിലിതിന്റെ രഹസ്യമൊന്നുതാനെ–
> ന്നറിവളവും ഭ്രമമെന്നറിഞ്ഞിടേണം. (45)

പത്തൊമ്പതാം നൂറ്റാണ്ടിൽ ബംഗാളിൽ ഉയർന്നുവന്ന നവോത്ഥാന ചിന്തകളിൽ സർവ്വമത സാഹോദര്യത്തിന്റെ ആശയം ശക്തമായിരുന്നു. മഹാരാഷ്ട്രയിൽ ഫൂലേ പോലുള്ളവർ നേതൃത്വം കൊടുത്ത പ്രസ്ഥാനത്തെ ദാർശനിക ചിന്തകളിലൂടെ ഗുരു ഒന്നുകൂടി ദൃഢീകരിക്കുകയുണ്ടായി. മതമൗലികവാദത്തെ വളർത്തിയെടുക്കുന്ന തീവ്രവാദികളുടെ ആധുനിക പ്രസ്ഥാനത്തെ നിശിതമായ വിമർശനത്തിന്നു ഗുരു പശ്ചാത്തലമൊരുക്കുന്നു. ശതകത്തിലെ 46, 47, 48, 49 എന്നീ ശ്ലോകങ്ങളിൽ ഗുരു മാനവികതയുടെ ഒരു പുതിയ മതത്തെ അവതരിപ്പിക്കുകയാണ്. മതത്തെ നിഷേധിക്കാതെ, എന്തായിരിക്കണം നമ്മുടെ സമീപനം എന്ന ഒരു പുതിയ പാഠം ഇവിടെ ലഭിക്കുന്നു.

ഇത്തരത്തിൽ സംക്ഷിപ്തമായി വിശകലനം ചെയ്യുമ്പോൾ തന്റെ അത്യുദാത്തവും, പ്രൗഢവുമായ ദാർശനിക ചിന്തയിൽ, ആത്മോപദേശപരമായ ചിന്തയിൽ, താൻ ജീവിച്ചുവന്ന സമൂഹത്തിന്റെ പരിഷ്കരണത്തിനും സഹായകമായ ദാർശനിക പശ്ചാത്തലം കൂടി ഗുരു സൃഷ്ടിച്ചിരിക്കുന്നു. ഗുരുദേവന്റെ ജീവിതം തന്റെ സമൂഹത്തിന്റെ മോചനത്തിന്നുവേണ്ടിയായിരുന്നു. ദളിതരുടേയും പതിതരുടെയും ആത്മസത്ത വീണ്ടെടുക്കുകയെന്നത് വലിയൊരു ലക്ഷ്യവും. തത്വശാസ്ത്രത്തിന്റെ ഉന്നത ശൃംഗങ്ങളിലേക്ക് പ്രവേശിച്ചപ്പോഴും 'പാഴ്ച്ചേറിൽ' കഴിയുന്നവരുടെ സമൂഹ മധ്യത്തിൽ കാലുകളുറപ്പിച്ച ഒരു ഋഷിക്കല്ലാതെ ഇത്തരം ചിന്തകൾ സാധ്യമാവുകയില്ല. ഗുരുദേവൻ അതായിരുന്നു.

ഡോ. കെ.കെ.എൻ. കുറുപ്പ്

# വിജ്ഞാനവും ഗുരുധർമ്മവും സാമൂഹ്യഘടനയുടെ മാറ്റങ്ങളിൽ പ്രശ്നങ്ങളും സവിശേഷതകളും

**വി**ജ്ഞാനവും ഗുരുധർമ്മവും എന്നീ രണ്ടു പദങ്ങൾ ഉപയോഗിക്കുമ്പോൾ പ്രത്യേകിച്ചും ലക്ഷ്യമാക്കുന്നത് ദാർശനികന്മാരും ചിന്തകന്മാരും മതസ്ഥാപകരും ആത്മീയ നേതാക്കന്മാരും മനുഷ്യവർഗ്ഗത്തിന്നു വേണ്ടി ഇന്നോളം ഉപയോഗപ്പെടുത്തിയ വിജ്ഞാനമണ്ഡലത്തെയാണ്. ചരിത്രം ഇവരെ വിവേകം, വിജ്ഞാനം, ത്യാഗം, ശ്രദ്ധ, സാക്ഷാത്ക്കാരം തുടങ്ങി അനേകം ആശയങ്ങളുടെ പ്രതീകങ്ങളാക്കി മാറ്റിയിരിക്കുന്നു. അവർ സ്വാർത്ഥത്തിന്റെയും, സമ്പത്ത് ശേഖരണത്തിന്റെയും, പ്രാപഞ്ചികത്വത്തിന്റെയും, നശ്വരതയുടെയും ഇരുട്ടിൽ പ്രകാശത്തിന്റെ ദീപശിഖകളായിത്തീർന്നിരിക്കുന്നു. മനുഷ്യവർഗ്ഗത്തിന്റെ വലിയ ഗുരുക്കന്മാരായ യേശു, ബുദ്ധൻ, മഹാവീരൻ, മുഹമ്മദ്, നാനാക്, സന്യാസിമാർ, സൂഫിമാർ തങ്ങളുടെ സമകാലീന സമൂഹത്തെ ഏകത്വത്തിന്റെയും ദൈവീകതയുടെയും, വിവേകത്തിന്റെയും, സദാചാരത്തിന്റെയും മൂല്യങ്ങളാൽ ക്രമീകരിക്കുകയുണ്ടായി.

ഇന്ത്യയിലെ അനേകായിരം ഗുരുക്കന്മാരുടെ പാരമ്പര്യം അവരുടെ പുരോഗമനപരവും ജീവിതോന്മുഖവും യുക്തിപരവും ആത്മീയവും ആയ സവിശേഷതകളാൽ എല്ലാ പ്രദേശങ്ങളിലും എല്ലാ കാലത്തും മാറ്റങ്ങൾ ഉണ്ടാക്കി. അവരുടെ വിജ്ഞാനവും വിവേകവും സാമൂഹ്യ യാഥാർത്ഥ്യങ്ങളിൽ ഒരു ചാലകശക്തിയെന്നോണം പ്രവർത്തിക്കുകയും മാറ്റങ്ങളും പുരോഗതിയും ആത്മബോധവും വളർത്തിയെടുക്കുകയും ചെയ്തു. അവരെല്ലാം ഇന്ദ്രിയങ്ങളുടെ സുഖാനുഭൂതിയും അന്ധവിശ്വാസവും സമ്പത്ത് കേന്ദ്രീകരണവും അധികാരവും അജ്ഞതയും പ്രാപഞ്ചികതയും നിന്ദാപൂർവ്വം വീക്ഷിക്കുകയും ചെയ്തു. അവർ പരലോക സുഖങ്ങളുടെയും കർമ്മം ഇല്ലായ്മയുടെ അഥവാ നിഷ്കാമകർമ്മത്തിന്റെയും പ്രചാരകരായിരുന്നില്ലതാനും. ഭഗവദ്ഗീത കർമ്മത്തിന്റെ ശാസ്ത്രത്തേയും ധർമ്മ

ത്തിന്നു ഗ്ലാനി സംഭവിക്കുമ്പോൾ അതിന്റെ സംരക്ഷണത്തിനായുള്ള ദൈവീകമായ ജനനത്തേയും പറ്റിയുള്ള ചിന്തകളേയും പ്രകാശിപ്പിക്കുന്നു. മനുഷ്യവർഗത്തിന്റെ എല്ലാ സമൂഹങ്ങളിലും ഇത്തരത്തിൽ വിജ്ഞാനവും ഗുരുധർമ്മവും ധാർമ്മികതയും വളർത്തുവാൻ യഥാവിധി പ്രവർത്തിച്ചുവന്നിരുന്നത് കാണാം. വേദഗ്രന്ഥങ്ങളും ഉപനിഷദ് സൂക്തങ്ങളും ഇന്ത്യയിൽ ഇത്തരം ഗുരുക്കന്മാർ ആവിഷ്കരിച്ചപ്പോൾ അവർ ഉദ്ബോധിപ്പിച്ചത്, അപരിഗ്രഹ, തേനത്യക്തേനഭുഞ്ജീതാ, അസ്തേയ, സംഗച്ഛത്വം, സംവദത്വം, തുടങ്ങിയ ആശയങ്ങളായിരുന്നു. സ്വാർത്ഥത്തിന്റേയും സമ്പദ് കേന്ദ്രീകരണത്തിന്റേയും സാമൂഹ്യ ഘടനയിൽ അവർ ഉന്നയിച്ച ചിന്തകൾ, പ്രബോധനങ്ങൾ ഇത്തരത്തിലായിരുന്നു. യജ്ഞത്തിന്റേയും ജന്തുബലിയുടേതുമായ സമൂഹത്തെ അവർ ക്രമേണ വിജ്ഞാനത്തിന്റെയും ജീവാത്മാവും പരമാത്മാവും തമ്മിലുള്ള തുല്യതയുടേയുമായ ആശയം ഊന്നിക്കാട്ടി. സമ്പത്തും ജീവിതവും നശ്വരമെന്നവർ വിലയിരുത്തി. ഋഷിമാർ തമസ്സിൽ നിന്നും വെളിച്ചത്തിലേക്ക് മനുഷ്യവർഗ്ഗത്തെ നയിക്കുവാൻ ആഗ്രഹിച്ചു.

വർണ്ണവ്യവസ്ഥയിൽ ജനപഥങ്ങളിൽ രൂപപ്പെട്ട സാമൂഹ്യഘടന യജ്ഞങ്ങളുടേയും ജന്തുബലിയുടേയും ആരാധനകളോട് സംഘർഷത്തിൽ വന്നപ്പോൾ ബുദ്ധനും വർദ്ധമാന മഹാവീരനും അഹിംസയുൾക്കൊണ്ട അഷ്ടാംഗമാർഗ്ഗത്തെ ഊന്നിക്കാട്ടി. ബുദ്ധൻ സ്വയം താനൊരു പരിഷ്കർത്താവല്ലെന്നും വിസ്മരിക്കപ്പെട്ട ഒരു പാത കണ്ടെത്തുക മാത്രമാണ് ചെയ്യുന്നതെന്നും വെളിപ്പെടുത്തിയിരുന്നു. ലാൽ മണി ജോഷി വിശകലനം ചെയ്തതുപോലെ പ്രാഗ്-ബ്രാഹ്മണ്യ സമൂഹത്തിൽ നിലനിന്ന ഒരു സാമൂഹ്യ വ്യവസ്ഥ ചൂണ്ടിക്കാട്ടുക മാത്രമായിരുന്നു ബുദ്ധൻ ചെയ്തിരുന്നത്. അത്തരം ഒരു വ്യവസ്ഥയിൽ പൗരോഹിത്യവും ഭരണവർഗ്ഗമായ ക്ഷത്രിയരും തമ്മിൽ സംഘർഷം നിലനിന്നിരുന്നില്ല.

ക്രമേണ മധ്യകാലപൂർവ്വ വ്യവസ്ഥയും പ്രാചീനോത്തരകാല വ്യവസ്ഥയും വിഹാരങ്ങൾ, വസതികൾ, ക്ഷേത്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ആരംഭത്തിന് ഇന്ത്യയിലെങ്ങും സാക്ഷ്യം വഹിച്ചു. ഇവ തീർത്ഥാടനകേന്ദ്രങ്ങളിലും വാണിജ്യകേന്ദ്രങ്ങളിലും അവയിലെത്താനുള്ള മാർഗ്ഗങ്ങളിലും ഭരണകേന്ദ്രങ്ങളിലുമാണ് ആരംഭിച്ചു വന്നത്. ഇവിടങ്ങളിൽ അടിമത്തമാർന്ന തൊഴിൽ വ്യവസ്ഥയും ഭരണകേന്ദ്രങ്ങളുടെ സംരക്ഷണവും വൻകെട്ടിട സമുച്ചയമുള്ള ആരാധനാകേന്ദ്രങ്ങളും അവയിൽ വൻ ബുദ്ധബിംബങ്ങളും നിർമ്മിക്കാൻ തുടങ്ങി. തീർത്ഥങ്കരന്മാരും ഹിന്ദുമൂർത്തികളും ആ പാരമ്പര്യത്തിൽ ഉയർന്നുവന്നു. തഞ്ചാവൂരിലെ ബൃഹദീശ്വരക്ഷേത്രവും എല്ലോറയിലെ കൈലാസനാഥക്ഷേത്രവുമെല്ലാം ഇതിനുദാഹരണങ്ങളാണ്. ഭരണവർഗ്ഗം ഈ സ്ഥാപനങ്ങൾക്കെല്ലാം അനേകം ഗ്രാമങ്ങൾ അവയുടെ നികുതിയടക്കം പതിച്ചു നൽകി. ഈ സ്ഥാപനങ്ങളുടെ അധികാരികൾ

ഇത്തരത്തിൽ സ്വർണ്ണവും ഭൂമിയും കാരണം കൂടുതൽ ശക്തിയാർജ്ജിച്ചു. ഇത്തരം ഒരു സ്ഥിതിവിശേഷത്തിനു മുമ്പുതന്നെ ആദിശങ്കരാചാര്യർ ഹൈന്ദവമതത്തിന്റെ ചിന്തകളിലും പല ശാഖകളുടെയും മീതെ തന്റെ സ്വാധീനം ഉറപ്പിച്ചു. കാളമുഖ, കാപാലിക, കാലഭൈരവ തുടങ്ങിയ ശാഖകൾ താന്ത്രികമതം പിന്തുടർന്നപ്പോൾ അവയെ തന്റെ അദ്വൈത ചിന്താപദ്ധതിക്കു കീഴിൽ കൊണ്ടുവരികയും ജ്ഞാനകാണ്ഡപരമായ വിവേകബോധം പുന:സ്ഥാപിക്കുകയും ചെയ്തു. കാളിമാതാവിന്റെ പേരിലുള്ള നരബലിയെന്ന ആരാധനാരീതി ഇല്ലാതാക്കുകയും ചെയ്തു. സൈദ്ധാന്തികമായ ഒരാശയം രൂപപ്പെടുത്തിക്കൊണ്ട് നരമേധം ഇല്ലാതാക്കിയത് ആചാര്യരുടെ ഏറ്റവും വലിയ സംഭാവനയായിരുന്നു. ബ്രാഹ്മണർ അദ്ദേഹത്തെ പ്രച്ഛന്നബൗദ്ധനെന്ന് വിമർശിക്കുകയും നിരാകരിക്കുകയും ചെയ്തു. ക്രമേണ നൂറ്റാണ്ടുകൾക്കുശേഷം പല പ്രാദേശിക ആരാധനകളായ തെയ്യവും ഭൈരവനും ലകുടീശനും പൂർണ്ണമായും നരമേധം ഒഴിവാക്കി വന്നു. വർണ്ണാശ്രമത്തിന്റെ ജാതിധർമ്മം ആചാര്യരാണ് സ്ഥാപിച്ചതെന്നു പില്ക്കാലത്ത് പല പണ്ഡിതന്മാരും ആചാര്യരെ വിശേഷിപ്പിക്കുന്നത് കാണാം. എന്നാൽ മനീഷ പഞ്ചകത്തിന്റെ കർത്താവായ ആചാര്യർക്ക് അത്തരം ഒരു പദ്ധതി സാധ്യമല്ലെന്നും അതു മറ്റൊരു ശങ്കരനാണെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു.

ബുദ്ധമതക്കാരെ പിന്തുടർന്നുകൊണ്ട് ആചാര്യർ ഇന്ത്യയുടെ നാലുഭാഗങ്ങളിൽ നാലു മഠങ്ങൾ സ്ഥാപിക്കുകയും സന്യാസിമാരുടെ നാലു പാരമ്പര്യം, സരസ്വതി, ഭാരതി, തീർത്ഥ തുടങ്ങിയ പേരിൽ ആവിഷ്കരിക്കുകയും ചെയ്തു. എന്നാൽ ക്രമേണ ഈ സ്ഥാപനങ്ങളും ഭൂമിയും സമ്പത്തും കൈവശം വെച്ച് ഫ്യൂഡലിസത്തിന്റെ പ്രവർത്തന മേഖലയായി സ്വയം തകർന്നുവരുന്നതും കാണാവുന്നതാണ്. നൂറ്റാണ്ടുകൾക്ക് മുമ്പ് ബുദ്ധസംഘങ്ങളും ഇതേവിധത്തിൽ ഹീനയാനം, മഹായാനം, വജ്രയാനം, തന്ത്രയാനം തുടങ്ങിയ ഉൾപ്പിരിവുകൾ കാരണം തകർന്നുവന്ന കാര്യം ഇവിടെ അനുസ്മരിക്കട്ടെ.

ഇവിടെ നമുക്കു കാണാൻ കഴിയുന്നത് ഇന്ത്യയിലെ ഏറ്റവും വലിയ ഗുരുനാഥന്മാരുടേയും ആചാര്യന്മാരുടേയും ചിന്തകൾ, വിവേക വിജ്ഞാനങ്ങൾ സമ്പത്തിനും അധികാരത്തിനും സാമൂഹ്യ നിയന്ത്രണത്തിനും വേണ്ടി ഉപയോഗപ്പെടുത്തി വന്ന സ്ഥിതിവിശേഷമാണ്. ചില പ്രത്യേക വിഭാഗങ്ങൾ ഇത്തരത്തിൽ വിജ്ഞാനവും അധികാരവും സമ്പത്തും വിഭവങ്ങളും നിയന്ത്രിച്ചു വന്നു. ഇന്ത്യയിൽ എല്ലായിടത്തും പൊതുവായി ഇത്തരത്തിൽ ഒരു ആധികാരികത്വം വളർന്നുവന്നു. അവരുടെ ആധികാരികത്വവും പൗരോഹിത്യപരമായ ഫ്യൂഡലിസവും സാധാരണക്കാരുടെ ആത്മീയ ഗുരുക്കന്മാരാൽ പലപ്പോഴും വിമർശിക്കപ്പെട്ടു. വേമന്ന, തുക്കാറാം, നാനാക്ക്, കബീർ, മീര തുടങ്ങിയവരിൽ അധ:സ്ഥിതരിൽ നിന്നുള്ള ഗുരു പാരമ്പ

ര്യവും ഉൾപ്പെട്ടുകാണാം. അവർ ഏറ്റവും ശക്തമായ പൗരോഹിത്യ ഫ്യൂഡലിസത്തിന്നും ബ്രാഹ്മണ കേന്ദ്രീകൃത ജാതിവ്യവസ്ഥയ്ക്കും ലിംഗവിവേചനത്തിനും എതിരായി ആശയപരമായ സമരം തുടർന്നു വന്നു. ബസവൻ ഒരു മന്ത്രിയായിരുന്നു. അദ്ദേഹം വീരശൈവപ്രസ്ഥാനവും ലിംഗാരാധനയും ജാതിസമത്വവും സ്ഥാപിച്ചെടുത്തു. ഇത്തരം പ്രസ്ഥാനങ്ങൾ നയിച്ചവർ ഗുരുക്കന്മാരും ദാർശനികരും ആയിരുന്നു. അവരുടെ പ്രവർത്തനങ്ങൾ ഓരോ പ്രദേശത്തിലും സാമൂഹ്യഘടനയിൽ പരിവർത്തനം വരുത്തി. പൊതുവെ ഈ പ്രവർത്തങ്ങളെ ഭക്തിപ്രസ്ഥാനം എന്നും വിളിച്ചു വന്നു.

ഈ ഗുരുനാഥന്മാരുടെ ഭാഷ ക്ലാസിക്കൽ സംസ്കൃതകമായിരുന്നില്ല. മധ്യകാലത്ത് ഇന്ത്യയിൽ വളർന്നുവന്ന പ്രാദേശിക ഭാഷകളായിരുന്നു. ബുദ്ധൻ തന്നെ അവരുടെ മുമ്പിൽ പാലിയും പ്രാകൃതവും ഉപയോഗപ്പെടുത്തി വന്നു. ഒരുപക്ഷെ മധ്യകാലീനമായി ഇന്ത്യയിൽ ശക്തി നേടി വന്നിരുന്ന ഇന്ത്യൻ പ്രാദേശിക ഭാഷകളെ കൂടുതൽ കൂടുതൽ ശക്തമാക്കി സംസ്കൃതഭാഷയുടെ വികസനം സ്ഥാപിച്ചെടുത്തത് ഈ ഗുരുക്കന്മാരായിരുന്നു.

കേരളത്തിന്റെ ആധുനിക ഘട്ടത്തിലേക്ക് നാം കടന്നുവരുമ്പോൾ ഇന്ത്യൻ പൈതൃകത്തിന്റേയും പാരമ്പര്യത്തിന്റേയും ഒരു തുടർച്ച നമുക്ക് കാണാവുന്നതാണ്. ഒരു കൊളോണിയൽ സാമൂഹ്യ വ്യവസ്ഥ അതിന്റെ പരിഷ്കരണ പ്രവർത്തനങ്ങളായ അടിമത്തൊഴിൽ ഇല്ലാതാക്കൽ, നിയമ വ്യവസ്ഥയുടെ മുമ്പിലെ തുല്യത, ഇംഗ്ലീഷ് ഭാഷാ പ്രചരണം തുടങ്ങിയ കാര്യങ്ങളാൽ ഇന്ത്യൻ സമൂഹത്തിന്റെ മീതെ ഒരു കടിഞ്ഞാൺ സ്ഥാപിച്ചു. ഈ സ്ഥിതിയെ ഒരു നവോത്ഥാനം അഥവാ റിനൈസ്സൻസ് എന്നു ചിലരെങ്കിലും വിലയിരുത്തുന്നു. പ്രത്യേകിച്ചും ഇതിന്റെ ആരംഭം ബംഗാളിലെ ഭദ്രാലോകർക്കിടയിലായിരുന്നു.

എന്നാൽ ബംഗാളിലെ ഈ നവോത്ഥാനം പ്രത്യേകിച്ചും ശക്തമാക്കിയത് ശ്രീരാമകൃഷ്ണ പരമഹംസരുടെ ആത്മീയ ചിന്തകളായിരുന്നു. ഇന്ത്യയുടെ ഏറ്റവും വലിയ വിവേക വിജ്ഞാനശക്തികേന്ദ്രം അദ്ദേഹമായിരുന്നു. സ്വാമി വിവേകാനന്ദൻ ആ പ്രതിഭാധാരയെ ലോകമെങ്ങും പ്രചരിപ്പിക്കുകയും ഒരു മനുഷ്യനിർമ്മിതിയുടെ ദർശനമാക്കി മാറ്റുകയും ചെയ്തു. ക്രമത്തിൽ ഈ വിവേകവും വിജ്ഞാനവും ഇന്ത്യ മുഴുവൻ അലയടിക്കുകയും കൊളോണിയൽ ഇന്ത്യയിലെ ദുഃഖിതരായ മനുഷ്യമനസ്സുകളുടെ ദേശീയബോധം ജ്വലിപ്പിക്കുകയും ചെയ്തു. ഔപനിഷദികമായ വിജ്ഞാനത്തിന്റേയും പാരമ്പര്യത്തിന്റേയും ആത്മീയതയുടേയും സ്വാധീനമുള്ള ഒന്നായിരുന്നു ഈ നവോത്ഥാനം.

പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ കേരളം പൂർണ്ണമായും ഈ ചിന്താധാരകൾ ഉൾക്കൊള്ളുകയും പുതിയ ദേശീയബോധം സ്വീകരിക്കുകയും ചെയ്തു. ശ്രീനാരായണഗുരു, ശ്രീകരുണാകരഗുരു, ചട്ടമ്പിസ്വാമി

കൾ, ബ്രഹ്മാനന്ദശിവയോഗി, ശിവാനന്ദ, വാഗ്ഭടാനന്ദ, മറ്റനേകം പ്രാദേശിക ഗുരുനാഥന്മാർ എന്നിവരുടെ പേരുകൾ ഇവിടെ അനുസ്മരിക്കട്ടെ. രാമകൃഷ്ണമിഷനും അതിന്റെ സംഘാടകരായ ആഗമാനന്ദസ്വാമികളെപ്പോലെയുള്ളവരും ബംഗാളിലെ നവോത്ഥാനം കേരളത്തിലും വ്യാപിപ്പിച്ചു. അവർ കൊളോണിയൽ വിരുദ്ധ പ്രസ്ഥാനങ്ങളെ പിന്തുണക്കുകയും ചെയ്തു.

ഇവരിലുൾപ്പെട്ട പല ദാർശനികരും സന്യാസിമാരും ഇത്തരം ഒരു വിവേകവിജ്ഞാനത്തിന്റെ മാനസിക പശ്ചാത്തലത്തോടെ പരിഷ്കരണത്തിന്റെയും സാമൂഹ്യമാറ്റത്തിന്റെയും പുതിയ വിദ്യാഭ്യാസത്തിന്റേയും വക്താക്കൾ കൂടിയായി. ശ്രീ നാരായണഗുരു തന്റെ ശിഷ്യനായ നടരാജഗുരുവോട് തനിക്ക് ശ്രീശങ്കരൻ തന്നതിലുപരിയായി ഒന്നും തരാനില്ലെന്നു വ്യക്തമാക്കിയ കാര്യം ഇവിടെ അനുസ്മരിക്കട്ടെ. നാരായണഗുരുകുലത്തിന്റെ സ്ഥാപകനാണ് നടരാജഗുരു. ലാളിത്യത്തിന്റേയും എളിമയുടേയും ഈ വാക്കുകൾ സ്വീകരിക്കുമ്പോൾതന്നെ ശ്രീനാരായണഗുരു ഒരു കാര്യം വ്യക്തമാക്കിയിരുന്നു. ശ്രീശങ്കരൻ ഈ ലോകം മിഥ്യയാണെന്നും മായയാണെന്നും വ്യാഖ്യാനിച്ചപ്പോൾ നാരായണഗുരു ഏതായാലും ഇവിടെ ജീവിക്കേണ്ടതുകൊണ്ട്, കൃഷി, വ്യവസായം, വിദ്യാഭ്യാസം തുടങ്ങിയവ മായയാണെന്ന് കരുതിയതുകൊണ്ട് കാര്യമില്ലെന്നും അവ സ്വീകരിക്കുക അത്യാവശ്യമാണെന്നും കൂടി സിദ്ധാന്തിച്ചു. ശ്രീനാരായണഗുരുവിന്റെ ഏറ്റവും വലിയ സംഭാവന ഈ വ്യാഖ്യാനവും തത്വബോധവും കൂടിയാണ്.

ഈ ഗുരുക്കന്മാർക്കും ദാർശനികർക്കും അവരുടേതായ മഠങ്ങളും പ്രസ്ഥാനങ്ങളും ഉണ്ടായിരുന്നു. സമൂഹത്തെ പുനഃസംഘടിപ്പിക്കുവാനുള്ള പ്രസ്ഥാനത്തിൽ അവർ വ്യാപൃതരായിരുന്നുതാനും. സമീപകാലത്ത് നാരായണ ഗുരുവെ സംബന്ധിച്ചുള്ള ഒരു മൂല്യാങ്കനം അദ്ദേഹത്തിന്റെ ആശയത്തിനു തന്നെ എതിരായി പ്രചരിക്കപ്പെട്ടത് ഇവിടെ ഓർത്തുപോകുന്നു. ഗുരുവിന്റെ ഒരു പ്രഖ്യാപനം തനിക്ക് ഒരു മതവും ഒരു ജാതിയും ഒരു സംഘടനയുമായി ബന്ധമില്ലെന്നുള്ളതായിരുന്നു. ഗുരു മാനവരാശിയുടെ ഒരു സംഘടനയുമായി ബന്ധമില്ലെന്നുള്ളതായിരുന്നു. ഗുരു മാനവരാശിയുടെ ഒരു ആചാര്യനാണെന്നിരിക്കെ അദ്ദേഹം ഹിന്ദുമതത്തിന്റെ വക്താവാണെന്നും ഒരു സംഘടനയുടെ വ്യക്തി പ്രഭാവനാണെന്നും പുതിയ രാഷ്ട്രീയചിന്തകളുടെ പേരിൽ ചിലർ ഉന്നയിച്ചും പ്രചരിപ്പിച്ചും കാണാം. ഇതാകട്ടെ ഏറ്റവും വലിയ സന്യാസിയായ ഒരു ആചാര്യനോടുള്ള ധിക്കാരമാണെന്നു പറയട്ടെ. ഇന്ത്യൻ സമൂഹത്തിന്റെയും ബൗദ്ധിക ചരിത്രത്തിന്റെയും ഈ പൈതൃകം പരിശോധിക്കുമ്പോൾ കേരളത്തിന്റെ പാരമ്പര്യത്തിലും ക്ഷേത്രങ്ങൾ സമ്പദ് കേന്ദ്രീകരണത്തോടെ ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലെന്നതുപോലെ പ്രവർത്തിക്കുന്നതുകാണാം. പല ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട് അവ പൗരോഹിത്യ ഫ്യൂഡലിസത്തിന്റെ ഭാഗമായിട്ടാണ് ഇന്നും

പ്രവർത്തിക്കുന്നതെന്നു കാണാം. യുക്തിയും സാമൂഹ്യ പുരോഗതിയും ഈ പ്രവർത്തനങ്ങളിൽ കാണുകയില്ല. അവയുടെ സമ്പത്തും, സ്വർണ്ണവും ദ്രവ്യമായ പണവും എല്ലാം ഗവണ്മെന്റ് നിയമപ്രകാരമായിത്തന്നെ ബാങ്കു കളിൽ നിക്ഷിപ്തമാണ്. കൊടിമരങ്ങളിലെ സ്വർണ്ണം പൂശൽ, തിരുവാഭര ണനിർമ്മാണം, കിരീട നിർമ്മാണം, അലങ്കാരനിർമ്മാണം, എന്നിവയിൽ ഭക്തരുടെ കാണിക്കകൾ ഒഴുക്കപ്പെടുന്നു. കോടതികൾക്കുപോലും ഈ പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിവില്ല. അനന്തപത്മനാഭക്ഷേത്രം, ശബ രിമലക്ഷേത്രം, ഗുരുവായൂർ ക്ഷേത്രം എന്നിവ ചില ഉദാഹരണങ്ങൾ മാത്രം.

# മലബാറിലെ കർഷക സമരങ്ങൾ

## (ഒരു സൈദ്ധാന്തിക സമീപനം)

**കേ**രള സംസ്ഥാന പുന:സംഘടനക്കുശേഷം 1957 ൽ നടന്ന തെരഞ്ഞെടുപ്പിൽ ഒരു ഇടതുപക്ഷ ഗവണ്മെന്റ് ഇ.എം.എസ്സ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ അധികാരത്തിൽ വന്നു. പലരും ഇതൊരു യാദൃച്ഛികസംഭവമായി വിലയിരുത്തുക പതിവാണ്. അതിന്റെ അടിസ്ഥാന കാരണങ്ങൾ ചരിത്രകാരന്മാർ വേണ്ടത്ര വിലയിരുത്തുകയും ചെയ്തിട്ടില്ല. എന്നാൽ ആശയപരമായി വിലയിരുത്തുമ്പോൾ കൊളോണിയൽ ഭരണത്തിനു കീഴിൽ നടന്ന ഭൂമിയുടെ അവകാശങ്ങളിൽ കർഷകരെ പൂർണമായും അവഗണിച്ചുകൊണ്ടുള്ള ഒരു പുതിയ ജന്മിത്ത വ്യവസ്ഥ 1793 ൽ ഇന്ത്യ മുഴുവൻ കമ്പനി നടപ്പിലാക്കിയതാണെന്നു കാണാം. അതിനെതിരായി ഇന്ത്യയുടെ പല ഭാഗങ്ങളിലുമായി 450 ലധികം പ്രധാന കർഷക സമരങ്ങൾ നടക്കുകയുണ്ടായി. തെക്കെ മലബാറിലെ മാപ്പിള പൊട്ടിത്തെറികളും തുടർന്നു വന്ന മർദ്ദനനയങ്ങളും 1930 കളിൽ വടക്കെ മലബാറിൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റുകൾ സംഘടിപ്പിച്ച കർഷക സമരങ്ങളും അതിനു ബ്രിട്ടീഷ് ഗവണ്മെന്റിന് നിയമപരമായി പോംവഴികൾ കണ്ടെത്താൻ കഴിയാതെ പോയതും 1940 കളിൽ ലോക മഹായുദ്ധത്തോടൊപ്പം ഉയർന്നുവന്ന വറുതികളും ഗ്രാമീണ ദാരിദ്ര്യവും എല്ലാം കൂടിച്ചേർന്നു മലബാർ ഒരു കലാപഭൂമിയായി മാറിക്കഴിഞ്ഞിരുന്നു. മലബാറിൽ ബ്രിട്ടീഷ് ഭരണത്തിനു കീഴിൽ നിലനിന്നിരുന്ന ജന്മിമാരുടെ ഭൂകുത്തകയും കുടിയാനായ കർഷകന് സ്ഥിരാവകാശം ലഭിക്കാതിരുന്നതും ഈ കർഷകസമരങ്ങളുടെ കാരണമായിത്തീർന്നു.

കൂടാതെ 1947 ൽ അധികാരത്തിൽ വന്ന സ്വതന്ത്രഭാരത ഗവണ്മെന്റിനും ഭൂമിയുടെ അവകാശം സംബന്ധിച്ച കാര്യങ്ങളിൽ വിപ്ലവകരമായ ഒരു നടപടി സ്വീകരിക്കാനും കഴിഞ്ഞിരുന്നില്ല. അതിന്റെ ഒരു പ്രധാനകാരണം ഗ്രാമീണ മേഖലകളിൽ കോൺഗ്രസ്സിന്റെ പിന്തുണ വലിയ ജന്മിമാരായിരുന്നു എന്നതാണ്.

ഒരു അമേരിക്കൻ പത്രപ്രതിനിധിയോട് ഗാന്ധിജി 1940 ൽ പറഞ്ഞത് ഭൂമി മുഴുവൻ ഗോപാലന്റേതാണെന്നും അതു ഗോപാലന്മാർ എടുത്തുകൊള്ളു

മെന്നുമുള്ള ഒരാശയമായിരുന്നു. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ സംഭവിച്ചതും അതായിരുന്നു. ഗോപാലന്മാർ എടുത്തുകൊള്ളുന്ന ഈ നടപടിക്ക് ഭരണപരമായ നേതൃത്വം കൊടുത്തുകൊണ്ട് കുടിയാന്മാരെ ഒഴിപ്പിക്കരുതെന്നുള്ള ഒരു ഓർഡിനൻസ് ആണ് 1957 ഏപ്രിൽ 10 ന് കേരളത്തിൽ നടപ്പിൽ വന്നത്. അതിനെത്തുടർന്ന് കർഷകബന്ധ ബില്ലിന്റെ അവതരണത്തിന്നു ഭരണകൂടം പ്രവർത്തിക്കുകയും ചെയ്തു.

ഈ ചരിത്ര വസ്തുതകളെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ ഭൂപരിഷ്കരണത്തിന്റെ ആവശ്യമുന്നയിച്ചു നടത്തിയ സമരങ്ങളിൽ ഏത് പ്രത്യയശാസ്ത്രമാണ് മുന്നിട്ടു നിന്നതെന്നും അതിന്നുവേണ്ടി കർഷകരിലെ ഏതു സമൂഹമാണ് ഏറ്റവുമധികം പ്രവർത്തിച്ചതെന്നും സൈദ്ധാന്തികമായി ഒരു വിശകലനം ലോകത്തിലെ കർഷകസമരങ്ങളെ അടിസ്ഥാനമാക്കി സാമൂഹ്യശാസ്ത്രജ്ഞന്മാർ നടത്തിയ കാഴ്ചപ്പാടിൽ വിശകലനം ചെയ്യാവുന്നതാണ്.

ഇന്ത്യൻ ഭൂപരിഷ്കരണത്തിൽ ചെലുത്തിയ നാലു പ്രധാന ആശയങ്ങൾ താഴെ പറയുന്നവയാണ്.

1) ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനുവേണ്ടി പ്ലാനിങ്ങ് കമ്മീഷൻ നിയമിച്ച ദണ്ഡേക്കർ കമ്മിറ്റിയുടെ, കർഷകൻ നടത്തുന്ന കൃഷിയെന്ന പെസന്റ് ഫാമിങ്ങ് എന്ന ആശയം. അതായത് 15% അധ്വാനം ഒരാൾ കൃഷിയിൽ ചെലവഴിക്കുമ്പോൾ അയാൾ ഒരു കർഷകനാണ്.

(2) ലെനിൻ, ഭവാനിസെൻ തുടങ്ങിയ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുകൾ, പ്രതിഫലം കൊടുക്കാതെ ഭൂമി പിടിച്ചെടുത്തു നടത്തുവാൻ നിർദേശിച്ച കൂട്ടുകൃഷി രീതി. പക്ഷെ, ഇന്ത്യൻ ഭരണഘടന പ്രകാരം ഇതു നടപ്പിലാക്കാൻ കഴിയാത്തതിനാൽ കമ്മ്യൂണിസ്റ്റുകാരുടെ ഭൂപരിഷ്കരണം നാഷണൽ കോൺഗ്രസ്സുകാരുടെ ആശയം തന്നെയായി രൂപാന്തരപ്പെട്ടു.

(3) ഭൂവുടമകളോട് ഭൂമി വിട്ടുകൊടുക്കുവാനാവശ്യപ്പെട്ടുകൊണ്ടുള്ള നയമായി വിനോബഭാവെ നടപ്പിലാക്കിയ ഭൂദാനയജ്ഞം. ജന്മിമാരും മറ്റുള്ളവരും തങ്ങളുടെ നിക്ഷിപ്ത താല്പര്യം വിട്ടുകൊടുത്തു സന്യാസം സ്വീകരിക്കുമെന്ന ആശയം ഒരിക്കലും വിജയം കൈവരിച്ചില്ല. വിട്ടുകൊടുത്ത ഭൂമി പില്ക്കാലത്ത് കർഷകർ നന്നാക്കിയെടുത്തപ്പോൾ വീണ്ടും ജന്മിമാർ പിടിച്ചെടുത്ത സംഭവങ്ങൾ പോലും ഉണ്ടായി. കാരണം ഭൂമി അധികാരത്തിന്റെ (പവർ) ചിഹ്നം കൂടിയാണ്. കൂടുതൽ ഭൂമി കൂടുതൽ അധികാരത്തെ സൂചിപ്പിക്കുന്നു.

(4) ഏറ്റവും അവസാനമായി ഉയർന്നു വന്ന ആശയം ഭൂസ്വാമിമാരെ ഉന്മൂലനം വരുത്തി ഭൂമി പിടിക്കുവാനുള്ള നക്സൽബാരി ആശയവും പ്രവർത്തനവുമായിരുന്നു. ആ ഇടിമുഴക്കം വന്നതുപോലെ അവസാനിച്ചു. ഇന്നത് മാവോയിസമായി, സമാന്തര ഭരണമായി ഇന്ത്യയിലെ എൺപതോളം ജില്ലകളിൽ സ്റ്റേറ്റുമായി ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്നു. എന്നാൽ ഈ ആശയങ്ങൾ

നാലും ഒന്നിച്ചുചേർന്നുകൊണ്ട് ഭൂകുത്തക അവസാനിപ്പിക്കേണ്ടതാണെന്നും അതിന്നു നിയമപരമായി സ്റ്റേറ്റ് നേതൃത്വം കൊടുക്കണമെന്നുമുള്ള ഒരാശയം സ്വാതന്ത്ര്യാനന്തര ഘട്ടത്തിൽ ഇന്ത്യയിൽ ശക്തമായി രൂപപ്പെട്ടു. കാർഷിക നിയമങ്ങളെ കോടതിയിൽ ചോദ്യം ചെയ്യരുതെന്നുകാട്ടി ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ പെടുത്തുവാൻ ശ്രീമതി.ഇന്ദിരാഗാന്ധി കാണിച്ച താല്പര്യം ഇവിടെ എടുത്തുപറയട്ടെ. അതുപോലെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമാക്കുവാൻ അവർ പ്രത്യേകിച്ച് റഷ്യൻ ചേരിയുമായി അടുത്തുനിന്നുകൊണ്ട് ബാങ്കുകളുടെ ദേശസാൽക്കരണത്തിന്നു കാണിച്ച താല്പര്യവും എടുത്തുപറയട്ടെ. എന്നാലിന്ന് ആ ദേശ സാൽക്കരണം പോലും ഇന്ത്യയിലെ വളർന്നുവരുന്ന മുതലാളിത്തത്തിനുവേണ്ടി ഏറ്റവും ശക്തമായി ഉപയോഗപ്പെടുത്തിയെന്നു പറയാം.

കർഷകർ ഒരു ചാക്ക് ഉരുളക്കിഴങ്ങുപോലെ പരസ്പരം യോജിപ്പില്ലാതെ ഉരുണ്ടു കളിക്കുന്ന വിഭാഗമാണെന്ന് മാർക്സ് ഒരു പഠനത്തിൽ സൂചിപ്പിച്ചു കാണാം. ഒരു കാരണം അവരിൽ സമ്പന്ന കർഷകരും മധ്യവർഗ്ഗക്കാരായ ഇടനില കർഷകരും താഴെത്തട്ടിൽ നാമമാത്ര കർഷകരും അവർക്കു താഴെ ഭൂമിയില്ലാത്ത കർഷക തൊഴിലാളികളും ഉൾക്കൊള്ളുന്നതാണ് പ്രധാനമായി അദ്ദേഹം വിലയിരുത്തിയത്. ഒരു വിപ്ലവം വരുമ്പോൾ ഏതു വിഭാഗക്കാരാണ് വിപ്ലവത്തെ പിന്താങ്ങുകയെന്ന ആശയത്തിന്റെ വിശകലനം സാമൂഹ്യശാസ്ത്രതലത്തിൽ പലരും നടത്തിക്കാണാം. മാർക്സ് തന്നെ മൂന്നും നാലും വിഭാഗങ്ങളാണ് വിപ്ലവത്തെ പിന്താങ്ങുന്നതെന്ന് പറയുന്നു.

എന്നാൽ എറിക് വൂൾഫ് തന്റെ 'പെസന്റ് വാർസ് ഓഫ് ട്വന്റിയത്ത് സെഞ്ചുറി'യിൽ പറയുന്നത് രണ്ടാം തരക്കാരായ മദ്ധ്യവർഗ്ഗക്കാരാണ് വിപ്ലവത്തിന്റെ അടിസ്ഥാനശക്തിയെന്നതാണ്. ഇതേ ആശയം തന്നെ ഹംസാ അലവി എന്ന പാക്കിസ്ഥാനി സാമൂഹ്യശാസ്ത്രജ്ഞൻ, കാതലിൻ ഗഫ്, ഹരിശർമ്മ എന്നിവർ എഡിറ്റു ചെയ്ത ഗ്രന്ഥത്തിലും സ്ഥാപിച്ചുകാണാം. ഇവരുടെ സിദ്ധാന്തത്തെ 'മിഡിൽ പെസന്റ് തിയറി' എന്നു വിശേഷിപ്പിച്ചു വരുന്നു.

മലബാറിൽ നടന്ന കർഷകസമരങ്ങളുടെ പശ്ചാത്തലത്തിൽ ഈ സിദ്ധാന്തത്തെ വിലയിരുത്തുമ്പോൾ നാം എവിടെ നിൽക്കുന്നുവെന്നത് അടിസ്ഥാനപരമായ ഒരു അക്കാദമിക ചോദ്യമാണ്. ഈ ലേഖകൻ കേരളത്തിലെ കർഷകസമരങ്ങളെപ്പറ്റിയുള്ള ഒരു പഠനത്തിൽ, 1945 മുതൽ 1952 വരെ നടന്ന ഓരോ പ്രത്യേക സമരത്തേയും വിശകലനം ചെയ്ത് എത്തിച്ചേർന്ന നിഗമനം, മിഡിൽ പെസന്റ് തിയറി തികച്ചും കേരളീയ പശ്ചാത്തലത്തിൽ യോജിച്ചുപോകുന്നില്ലെന്നതാണ്. ഇന്ത്യയിൽ 1945 ന്നു ശേഷം നടന്ന തെലുങ്കാനയടക്കമുള്ള കർഷകസമരങ്ങൾ, 1948 ലെ കൽക്കത്താ തീസിസ്സിന്നുശേഷം കൂടുതൽ ശക്തമായി മലബാറിൽ സംഘ

ടിപ്പിക്കപ്പെട്ടു. ഭക്ഷണക്ഷാമം കൊണ്ട് പൊറുതിമുട്ടിയ മലബാറിൽ ജന്മി മാരുടെ പത്തായം കുത്തിത്തുറന്ന് നിശ്ചിത വില കൊടുത്ത് നെല്ല് കർഷ കർക്കിടയിൽ വിതരണം നടത്തുകയെന്ന ഒരു പ്രവർത്തന നടപടിയായി രുന്നു സ്വീകരിച്ചിരുന്നത്. ഉദാഹരണത്തിന് തില്ലങ്കേരി, കോറോം തുട ങ്ങിയ അനേകം സ്ഥലങ്ങളിൽ ഇത്തരം സമരങ്ങളും വെടിവെപ്പും നട ന്നു. മുമ്പ് 1945 ൽ നടന്ന സമരങ്ങൾ തരിശുഭൂമി കൃഷിക്കു കിട്ടുവാൻ കയ്യേറ്റം നടത്തുകയെന്ന നടപടിയായിരുന്നു സ്വീകരിച്ചത്. കാവുമ്പായി, കൂടാളി എസ്റ്റേറ്റ് തുടങ്ങിയ സമരങ്ങൾ ഇതിന്നുദാഹരണമാണ്.

പാർട്ടി സെക്രട്ടറി പദത്തിൽ സ:സുന്ദരയ്യയെ കൊണ്ടുവന്നു നടപ്പിലാക്കാൻ നിർദേശിച്ചുള്ള കൽക്കത്താ സിദ്ധാന്തത്തെ ഇന്ന് ഇടതു-വലതുപക്ഷ കമ്മ്യൂണിസ്റ്റുകാർ ഒരു സൈദ്ധാന്തിക വ്യതിയാനം മാത്രമായിട്ടാണ് വില യിരുത്തുന്നത്. എന്നാൽ 1945 മുതൽ 52 വരെ നടന്ന മലബാർ കർഷക സമരങ്ങളിൽ അടിസ്ഥാനപരമായി പങ്കെടുത്ത കർഷക വിഭാഗങ്ങൾ നാമ മാത്ര കർഷകരും ഭൂരഹിത കർഷക തൊഴിലാളികളുമാണ്. ഈ രണ്ടു വിഭാഗങ്ങളാണ് ഒരു സാമൂഹ്യ മാറ്റത്തിന്നുവേണ്ടി ജീവൻ ബലിയർപ്പിച്ചും പ്രവർത്തിച്ചുവന്നത്. സമ്പന്ന മദ്ധ്യവിഭാഗങ്ങളായ കർഷകർ, കോൺഗ്ര സ്സിന്റെ കിസാൻ കോൺഗ്രസ്സിനെ ശക്തമാക്കി, സ്റ്റേറ്റിന്റെ കൂടെ നില്ക്കുക മാത്രമായിരുന്നു.

അന്ന് മലബാറിലെ ചെറുകിട കർഷകരും കാർഷിക തൊഴിലാളികളുമട ങ്ങുന്ന വലിയൊരു വിഭാഗമാണ് 1957 ലെ ഇടത് ഗവണ്മെന്റിനെ അധികാര ത്തിൽ കൊണ്ടുവന്നത്. ഇതാകട്ടെ സമ്പന്ന മധ്യവിഭാഗങ്ങൾ ഒരു വിപ്ലവ ശ്രമത്തിന്റെ അടിസ്ഥാനശക്തിയല്ലെന്നുള്ള മാർക്സിയൻ കാഴ്ചപ്പാ ടിനെത്തന്നെ സാധൂകരിക്കുന്നു. അതാകട്ടെ എറിക് വൂൾഫ്, ഹംസാ അലവി തുടങ്ങിയവരുടെ സിദ്ധാന്തങ്ങൾ മലബാറിലെ കർഷക സമരങ്ങ ളുടെ പഠനത്തിന്റെ കാഴ്ചപ്പാടിൽ തെറ്റാണെന്നും കണ്ടെത്തുന്നു.

(കൂടുതൽ വായനക്ക് ഈ ലേഖകൻ 1988 ൽ മോസ്കോയിൽ അവതരിപ്പിച്ച 'മലബാറിലെ കർഷക സമരങ്ങൾ'എന്ന പ്രബന്ധവും 1992 ൽ ലൂവനിൽ (ബൽജിയം) അന്താരാഷ്ട്ര സാമ്പത്തിക കോൺഗ്രസ്സിൽ അവതരിപ്പിച്ച ഇന്ത്യൻ ഭൂപരിഷ്കരണത്തെപ്പറ്റിയുള്ള പ്രബന്ധവും കാണുക.) അവ ചരി ത്രപഠനങ്ങൾ (2016, കോഴിക്കോട്)എന്ന പേരിൽ, ആയിരം പുറങ്ങൾ വരുന്ന ഗ്രന്ഥസമാഹാരത്തിൽ ചേർത്തുകാണാം.

# പൈതൃക സംരക്ഷണവും പ്രശ്നങ്ങളും

നമ്മുടെ പൂർവ്വികന്മാർ കഴിഞ്ഞ കാലത്തിൽ നിന്നും തലമുറകളായി നമുക്ക് കൈമാറിത്തന്ന സാമഗ്രികളെയാണ് പൊതുവെ പൈതൃകം അഥവാ ഹെറിറ്റേജ് എന്ന് പറഞ്ഞുവരുന്നത്. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അക്കാദമിക രംഗത്ത് വമ്പിച്ച മാറ്റങ്ങൾ സംഭവിച്ചു. പുതിയ പഠനശാഖകൾ, വിഷയങ്ങൾ എന്നിവ രൂപപ്പെട്ടു. ചരിത്രം തുടങ്ങിയ വിഷയങ്ങളിൽ പുതിയ സമീപനങ്ങളും വ്യാഖ്യാനങ്ങളും രൂപപ്പെട്ടു. ആരുടേതാണ് ചരിത്രം? അത് ആരുടേതായിരിക്കണം? എന്നിങ്ങനെ രണ്ടു പ്രത്യേക ചോദ്യങ്ങൾ ലോകമെങ്ങും ഉയർന്നുവന്നു. ഫ്രഞ്ച് വിപ്ലവംപോലുള്ള വിഷയങ്ങളിൽ പുതിയ വ്യാഖ്യാനങ്ങൾ ഉയർന്നുവന്നപ്പോൾ ചരിത്രം രാജാക്കന്മാരുടേതല്ലെന്നും അത് കീഴാളരായ ജനവർഗങ്ങളുടേതാണെന്നും ചരിത്രരചന അവരെ കേന്ദ്രീകരിച്ചായിരിക്കണമെന്നും പുതിയ ധാരണകൾ ഉരുത്തിരിഞ്ഞു.

രണ്ടാം ലോക മഹായുദ്ധം യൂറോപ്യൻ രാജ്യങ്ങളിൽ നൂറ്റാണ്ടുകളായി നിലനിന്നുവന്ന പൈതൃക സ്മാരകങ്ങളെ ബോംബിട്ടും തട്ടിത്തകർത്തും തരിപ്പണമാക്കി. ശതാബ്ദങ്ങൾ പഴക്കമുള്ള ചർച്ചുകൾ, കോട്ടകൾ, ബഹുജനകേന്ദ്രങ്ങൾ, തെരുവുകൾ എല്ലാം നശിപ്പിക്കപ്പെട്ടു. നൂറ്റാണ്ടുകളായി കാഴ്ചവസ്തുക്കൾ ശേഖരിച്ചിരുന്ന മ്യൂസിയങ്ങളും കൊട്ടാരങ്ങളും തകർക്കപ്പെട്ടു. യുദ്ധാനന്തരം മനുഷ്യരാശിയെ വേദനിപ്പിച്ച ഒരു പ്രധാനവസ്തുത ഇത്തരം സംഭവങ്ങളായിരുന്നു. ഇവ മാനവരാശിയുടെ തന്നെ പൈതൃകമാണെന്നും അവ പുനർനിർമിക്കേണ്ടതാണെന്നും സംരക്ഷിക്കേണ്ടതാണെന്നും എല്ലാം ഉള്ള ആശയങ്ങൾ ലോകരാജ്യങ്ങളിൽ കൂടുതൽ കൂടുതൽ ശക്തമായി. പുരാവസ്തുശാസ്ത്രം ചരിത്രം തുടങ്ങിയവയെ കേന്ദ്രീകരിച്ചുകൊണ്ട് പൈതൃക പഠനം (ഹെറിറ്റേജ് സ്റ്റഡി) എന്ന വിഷയം ശക്തമാകുവാൻ തുടങ്ങി. ഈ പുതിയ മേഖല സാംസ്കാരിക പഠനം എന്ന ശാഖയുമായി (കൾച്ചറൽ സ്റ്റഡി) അഭേദ്യമായി ബന്ധപ്പെട്ടു. ഈ രണ്ടു ശാഖകളും മാനവികമായ പഠനമേഖലയിൽ ഒരു പുതിയ ശാഖ തന്നെ സൃഷ്ടിച്ചു. അതോടൊപ്പം വളർന്നുവന്ന മറ്റൊരു മേഖലയാണ് മ്യൂസിയോ

ളജി അഥവാ മ്യൂസിയങ്ങളെപ്പറ്റിയുള്ള പഠനം.
ഇത്തരം പുതിയ പഠനമേഖലകൾ പൈതൃക പഠനത്തിന്റെ പ്രാധാന്യം എന്ന വിഷയത്തിന്റെ ഘടനയും വിസ്തൃതിയും തന്നെ കൂടുതൽ വിപുലീകരിക്കുന്നതു കാണാം. നമ്മുടെ കൺമുമ്പിൽ കാണാവുന്നതും സ്പർശനീയവുമായ സ്മാരകങ്ങളും കെട്ടിടങ്ങളും മറ്റുമായിരുന്നു ഒരു ഘട്ടത്തിൽ (Tangible) പൈതൃകത്തിന്റെ വിഷയം. എന്നാൽ, ക്രമേണ ഈ വിഷയം മാത്രമല്ല നമ്മുടെ സ്പർശനങ്ങൾക്ക് വിധേയമല്ലാത്ത സംഗീതവും വാദ്യവും നൃത്തവിശേഷവും എല്ലാം പൈതൃകത്തിന്റെ ഭാഗമാണെന്നും അവ സ്പർശനീയമല്ലാത്ത വിഭാഗത്തിൽ പെടുന്നുവെന്നും (Intangible) ചർച്ച ചെയ്യപ്പെട്ടു. ഈ രണ്ടു വിഭജനത്തിന്നുമപ്പുറം നൂറ്റാണ്ടുകളായുള്ള നമ്മുടെ ചിന്തകൾ, പൈതൃകത്തിന്റെ ഭാഗമാണെന്ന് വിശദീകരിക്കപ്പെട്ടു. വേദങ്ങളും ബൈബിളും ഖുറാനും ഭഗവദ്ഗീതയും മാനവരാശിയുടെ മഹത്തായ ചിന്താപൈതൃകമാണ്. ആധുനികമായ ശാസ്ത്രചിന്തകളും കാറൽമാർക്സിന്റേതടക്കമുള്ള സാമൂഹ്യശാസ്ത്ര സിദ്ധാന്തങ്ങളും ഈ പൈതൃകത്തിന്റെ ഭാഗമാണ്.
എന്നാൽ ക്രമേണ ഇത്തരം വസ്തുതകൾ മാത്രമല്ല, ഒരു രാജ്യത്തിന്റെ പ്രകൃതി, കാലാവസ്ഥ, (ecology and environment) എന്നിവയും ആ രാജ്യത്തിന്റെ പൈതൃകമാണെന്നും ജർമ്മനിയിലെ ബ്ലേക്ക് ഫോറസ്റ്റുകൾ പോലുള്ള കാടുകളും സയലന്റ് വാലിയിലെ നിത്യഹരിതവനവും ഇത്തരത്തിലുൾപ്പെടുന്നവയാണെന്നും ക്രമേണ ചിന്തിക്കുകയുണ്ടായി. എന്നാൽ, ഏറ്റവും സമീപകാല പൈതൃക ചിന്തകളിൽ വന്ന ഒരു മാറ്റം ഒരു ഭൂപ്രദേശത്തെ സസ്യമൃഗാദികൾ എന്നിവ കൂടി ആ പ്രദേശത്തിന്റെ പൈതൃകങ്ങളിൽ ഉൾപ്പെടുന്നുവെന്നും അവ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ കടമയാണെന്നും ഉള്ള ചിന്തയാണ്. മൺമറയുന്ന സസ്യലതാദികളെ സംരക്ഷിക്കാനും വന്യമൃഗങ്ങളെ പ്രത്യേക കേന്ദ്രങ്ങളിൽ സംരക്ഷണമേഖലകളായി നിലനിർത്തുവാനുള്ള പരിശ്രമങ്ങൾ പൈതൃകത്തിന്റെ ഇത്തരം വ്യാഖ്യാനപരിധികാരണമാണ്. മൺമറയുന്ന ഔഷധസസ്യങ്ങളെക്കുറിച്ച് ഇന്ന് ഭിഷഗ്വരന്മാരും ആയുർവേദ കമ്പനികളും മാത്രമല്ല പൊതുജനസംഘടനകളും ആധിയുൾക്കൊള്ളുന്നു.
ഹെൻഡ്രിക്ക് വാൻറീഡ് എന്ന കൊച്ചിയിലെ ഡച്ച് കമാൻഡർ 1670 കളിൽ ഇ.ടി.അച്ചുതൻ, രംഗഭട്ട്, അപ്പുഭട്ട് തുടങ്ങിയവരുടെ സഹായത്തോടെ മലബാറിലെ ഒരു സസ്യാരാമം തന്റെ വാസസ്ഥലമായ ഡേവിഡ് ഹാൾ പരിസരങ്ങളിൽ വളർത്തിയെടുത്തതും പിന്നീടവയെ കേന്ദ്രീകരിച്ച് ബൃഹത്തായ 12 വോളിയങ്ങൾ ലാറ്റിൻ ഭാഷയിൽ രചിച്ച് അച്ചടിപ്പിക്കുകയും ചെയ്ത പശ്ചാത്തലം ഇവിടെ ഓർമിക്കുന്നു. ഏഷ്യയിലെ സസ്യശാസ്ത്ര വിഷയത്തിലെ ആദ്യത്തെ സമഗ്ര പഠനവും ചിത്രണവു(ഡോക്യുമെന്റേഷൻ)മാണിത്.

ഇത്തരത്തിൽ വിശകലനം ചെയ്യുമ്പോൾ രണ്ടാം ലോകമഹായുദ്ധത്തിനു ശേഷവും പിന്നീട് 1980 കൾക്കു ശേഷവും പൈതൃക സംരക്ഷണം ഒരു വമ്പിച്ച അക്കാദമിക വിഷയമായി ഉരുത്തിരിഞ്ഞിരിക്കുന്നു. മൺമറഞ്ഞു പോകുന്ന സംസ്കാരത്തെപ്പറ്റിയുള്ള സാംസ്കാരിക പഠനങ്ങൾ ഈ വിഷയത്തെ കുറേക്കൂടി സൈദ്ധാന്തികമായി സമീപിക്കാൻ സഹായിക്കുന്നു. സെന്റ് പീറ്റേഴ്സ് ബർഗിലെ (ലെനിൻഗ്രാഡ്) രാജകൊട്ടാരങ്ങളും മ്യൂസിയങ്ങളും ഹിറ്റ്ലറുടെ ആക്രമണത്തിൽ പൂർണമായും നഷ്ടപ്പെട്ടുപോയിരുന്നു. ഈ കെട്ടിടങ്ങളുടെയും മറ്റും പ്ലാനുകളും അവശിഷ്ടങ്ങളും ഉപയോഗപ്പെടുത്തി അവ പൂർണമായും കമനീയമായും റഷ്യൻ ജനത പുനർനിർമിച്ചത് ലോകത്തിലെ ഏറ്റവും വലിയ ഒരത്ഭുതമായി വിശേഷിപ്പിക്കാവുന്നതാണ്.

മാനവചരിത്രത്തിൽ വളരെക്കാലം പൈതൃകസംരക്ഷണം ഒരാവശ്യമായി പരിഗണിക്കപ്പെട്ടിരുന്നില്ല. പ്രത്യേകിച്ചും കാഴ്ചയിലുൾപ്പെടുന്ന സ്മാരകങ്ങളും കെട്ടിടങ്ങളുമെല്ലാം. അവ നഷ്ടപ്പെട്ടാൽ പുനർനിർമിക്കാവുന്നതാണെന്നും പഴയതിന്റെ വലിയ ആവശ്യം നിലനിൽക്കുന്നില്ലെന്നും ആശ്വസിച്ചു. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ ചിന്തകൾ, ഒരു പൈതൃകം നഷ്ടപ്പെട്ടാൽ അത് പുനർനിർമ്മിക്കാൻ കഴിയുകയില്ലെന്നും നിർമിച്ചാൽ തന്നെ അത് പഴയതിന് സദൃശമല്ലെന്നും കണ്ടെത്തി.

# അദ്വൈത ദർശനവും പ്രചാരണ രീതിയും – ഒരു കേരള രീതി

ഇന്ത്യൻ തത്വശാസ്ത്രത്തിലെ അദ്വൈത പാരമ്പര്യം ശ്രീശങ്കരാചാര്യർ ക്രമീകരിച്ചത് അദ്ദേഹത്തിന്റെ ശ്രദ്ധേയമായ പ്രസ്ഥാനത്രയം കൃതികളുടെ വ്യാഖ്യാനങ്ങളിലൂടെയാണ്. ഈ മൂന്നു കൃതികൾ ബ്രഹ്മസൂത്രം, ഭഗവദ്ഗീത, ഉപനിഷത്തുക്കൾ എന്നിവയാണ്. അദ്ദേഹത്തിന്റെ വിവേകചൂഡാമണി ഈ സിദ്ധാന്തങ്ങളോടൊപ്പം ഇന്ത്യൻ തത്വശാസ്ത്രത്തിന്റെ പ്രധാന വിഷയമായ ബ്രഹ്മാസ്മിയുടെ അടിസ്ഥാനം നിജപ്പെടുത്തി. അദ്ദേഹത്തിന്റെ നേരിട്ടുള്ള ശിഷ്യഗണങ്ങളും നേരിട്ടല്ലാതുള്ള ശിഷ്യപരമ്പരകളും അദ്വൈതസിദ്ധാന്തത്തെ ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലും നൂറ്റാണ്ടുകളിലൂടെ അനേകം ചിന്തകരിൽ പ്രചരിപ്പിക്കുകയും അതിന്റെ ലോകവീക്ഷണം അംഗീകരിപ്പിക്കുകയും ചെയ്തു. ഈ സിദ്ധാന്തത്തെത്തന്നെ വ്യത്യസ്ത സമീപനത്തോടെ വിശിഷ്ടാദ്വൈതമായി രാമാനുജാചാര്യരും ദ്വൈതമായി മദ്ധ്യാചാര്യരും പ്രചരിപ്പിച്ചുകാണാം.

കേരളം മുഴുവൻ അദ്വൈത സിദ്ധാന്തം ആഴത്തിൽ വേരൂന്നുകയുണ്ടായപ്പോൾ വിശിഷ്ടാദ്വൈതം തമിഴ്നാട്ടിലും അദ്വൈതദർശനം കർണ്ണാടകത്തിലും പ്രചാരമാർജ്ജിച്ചു. അതിന്ന് അതിന്റേതായ ധാരാളം ചരിത്രപരമായ കാരണങ്ങൾ കാണാം. അദ്വൈതസിദ്ധാന്തത്തെ പ്രചരിപ്പിക്കുന്നതിൽ ബ്രാഹ്മണശിഷ്യന്മാരും അവരുടെ വ്യാഖ്യാനങ്ങളും ഉന്നതജാതിക്കാരുടെ ഉയർന്ന ബൗദ്ധികമേഖലകളിൽ, ക്രമീകരിക്കപ്പെട്ട പാഠ്യപഠന പദ്ധതികൾ വഴി ഗുരുകുലരീതിയിലും പ്രചരിപ്പിക്കപ്പെട്ടു. എന്നാൽ ജനസാധാരണലക്ഷങ്ങളിലും ഈ ചിന്തകൾ അനേകം പ്രത്യേക സ്ഥാപനങ്ങൾ വഴി പ്രചരിപ്പിച്ചുകാണാം. സഞ്ചാരികളായ അവധൂതന്മാരും സന്യാസിമാരും ഈ സന്ദേശം താഴ്ന്നജാതിക്കാർക്കിടയിലും സമൂഹങ്ങളിലും അനൗപചാരികമായ വിദ്യാഭ്യാസ രീതിയിലൂടെ പ്രചരിപ്പിച്ചുവന്നു. അതാകട്ടെ ഹരികഥകളിലൂടെയും ഈ വിശിഷ്ടഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളിലൂടെയും ആയിരുന്നു.

ഇത്തരം ചിന്തകർ നാട്ടുമുഖ്യരായ രാജകുടുംബാംഗങ്ങളും പ്രധാനികളുമായിരുന്നുതാനും. അവർ നൂറ്റാണ്ടുകളായി സംസ്കൃതസാഹിത്യം പരിപോഷിപ്പിച്ചുവന്നു. അതുപോലെതന്നെ സംസ്കൃതത്തിലെ സാങ്കേതിക ഗ്രന്ഥങ്ങളും പ്രചരിപ്പിച്ചു. ആയതിനാൽ അദ്വൈതചിന്തയുടെ വിജ്ഞാനം വിദ്യയില്ലാത്ത തൊഴിൽ കുടുംബങ്ങളിലും ഒരു തത്വശാസ്ത്രവും സംസ്കാരവും പ്രചരിപ്പിക്കുവാനിടയാക്കി. എന്നാൽ മായാസിദ്ധാന്തം സമൂഹത്തിന്റെ സർഗ്ഗശക്തിയെ ഒരിക്കലും ക്ഷീണിപ്പിച്ചിരുന്നില്ല. അവർ വലിയ വലിയ ക്ഷേത്രസങ്കേതങ്ങളും കെട്ടിടങ്ങളും കെട്ടിപ്പടുത്തു. അതോടൊപ്പം സമ്പന്നമായ കാർഷികരീതിയും അവർ വ്യാപിപ്പിച്ചു. വേദാന്തികളും സന്യാസികളും ഈ ഭൗതികജീവിതം നിരാകരിച്ചപ്പോഴും നാരായണഗുരു ശങ്കരന്റെ സിദ്ധാന്തം പ്രചരിപ്പിച്ചപ്പോഴും ശ്രീനാരായണഗുരു സമൂഹത്തിന് ഈ ഭൗതികജീവിതം നയിക്കേണ്ടതുണ്ടെന്നും അതിനാൽ അവർ കൃഷിയും വ്യവസായവും നയിക്കേണ്ടിയിരിക്കുന്നുവെന്നും സിദ്ധാന്തിച്ചു. അദ്ദേഹം കർമ്മത്തേയും ജ്ഞാനത്തേയും ഒന്നിപ്പിക്കുകയായിരുന്നു. അതാകട്ടെ ബ്രഹ്മാസ്മിയുടെ സാദ്ധ്യത കൈവരിക്കുകയെന്നതായിരുന്നു. അത് ഒരു പുതിയ ഉണർവ്വുണ്ടാക്കുകയാണുണ്ടായത്. പക്ഷെ അതു മൗലികവാദപരമായ ഒരു പുനരുജ്ജീവനമായിരുന്നില്ല. ആഗമാനന്ദനെപ്പോലുള്ള ദാർശനികർ പില്ക്കാലത്ത് സാഹോദര്യത്തിന്റെയും ദേശീയതയുടേയും അപ്പോസ്തലൻമാരായിത്തീർന്നു. അതേസമയം ജാതിഘടനയെ വിമർശിക്കുകയും ചെയ്തു. വാഗ്ഭടാനന്ദൻ ഇരുപതാം നൂറ്റാണ്ടിൽ അദ്വൈതദർശനം തന്നെ പ്രചരിപ്പിക്കുകയും ബിംബാരാധനയെ നിഷേധിക്കുകയും ചെയ്തു.

**വേദാന്ത പ്രചാരണം**

ഏതു ദർശനത്തിന്റെയും ആശയത്തിന്റേയും പ്രചാരണത്തിന്നും അതിന്റേതായ ഒരു സംഘടനാശൃംഖലയും സ്ഥാപനങ്ങളും ആവശ്യമാണ്. ഉത്തരകേരളത്തിൽ ഈ ചിന്തകൾ പ്രചരിപ്പിക്കുന്നതിൽ പ്രത്യേക സ്ഥാപനങ്ങൾ ബ്രാഹ്മണാധിപത്യത്തിന്നു കീഴിൽ തന്നെ സ്ഥാപിച്ചുകൊണ്ടു നിർണ്ണായകമായി പ്രവർത്തിക്കുന്നതുകാണാം. ഗ്രാമീണ ദേവതകളും കാവുകളും ഈ ആശയത്തെ പ്രതിനിധീകരിക്കുന്നു. ഇവിടെ പൂരക്കളിയും മറുത്തുകളിയും പുരുഷ നർത്തകർ വസന്തോത്സവത്തിന്റെ ഭാഗമായി നടത്തിവരുന്നു. പൂരക്കളി ഒരു പുരുഷ നർത്തനമാകുമ്പോൾ മറുത്തുകളി രണ്ടു പരമ്പരാഗത ഗുരുക്കന്മാർക്കിടയിലെ ചർച്ചയും ആഖ്യാനവും മത്സരകരമായി നടത്തിവരുന്നു. പണിക്കന്മാരാണ് ഇതു നയിക്കുന്നത്. അവർ വളരെ വർഷങ്ങൾ ക്ലാസിക്കൽ സംസ്കൃതവും സാഹിത്യദർശനവും പഠിക്കുന്നു. യോഗവും, വേദാന്തവും, ഷഡ്ദർശനവും ഈ പഠനത്തിൽ ഉൾപ്പെടുന്നു. ഇത് ശങ്കരാചാര്യരും മണ്ഡനമിശ്രനും തമ്മിൽ നടന്ന സംവാദം പോലെയാണെന്നു പറയാം. രേവതിപട്ടത്താനത്തിലും കടവല്ലൂർ അന്യോന്യത്തിലും ഇത്തരം സംവാദം കാണാം. മറുത്തുകളിയിലെ ഈ സംവാദം

സമൂഹത്തിന്റെ താഴെത്തട്ടിലെത്തിക്കുന്നു. അവർ അദ്വൈതവും ബ്രഹ്മസൂത്രം പോലുള്ള ഗ്രന്ഥങ്ങളും ചർച്ച ചെയ്യുന്നു. ഈ പണിക്കന്മാരാകട്ടെ കാർഷിക സമൂഹത്തിൽ നിന്നു ഉയർന്നു വരുന്ന പണ്ഡിതന്മാരാണ്. ഒരിക്കൽ ഈ പദവിയിലെത്തിയാൽ അവർക്ക് മറ്റൊരു ജോലിയും പാടില്ല. ഗ്രാമീണ സമൂഹത്തിൽ പണ്ഡിതന്മാരെ വാർത്തെടുക്കുവാനുള്ള ഒരു പദ്ധതിയാണിത്.

വേദാന്തം ഇവരുടെ സംവാദത്തിലെ ഒരു പ്രത്യേക വിഷയമാണ്. അവർ പണ്ഡിതന്മാരായ കുടുംബക്കാരുടെ കീഴിൽ വർഷങ്ങളോളം ഈ വിഷയം പഠിക്കുന്നു. ആ കുടുംബങ്ങൾ ബ്രാഹ്മണരും നായന്മാരും മറ്റുമാണ്. മറ്റു ജാതിക്കാരും അവരിലുൾപ്പെടും. പഞ്ചദശിയും വിവേക ചൂഡാമണിയും സാംഖ്യകാരികയും ബ്രഹ്മസൂത്രവും ന്യായവും വൈശേഷികവും യോഗവും അതിലുൾപ്പെടുന്നു. ആറോ ഏഴോ വർഷങ്ങൾ ഓരോ പണിക്കർ ഗുരുവും ഇതിന്നുപയോഗിക്കുന്നു. അവയിൽ തുഞ്ചൻ ദർശനമായ വേദാന്തത്തിന്റെയും അദ്വൈതത്തിന്റേയും സ്ഥാനം പ്രധാനമാണ്. ഈ ഗ്രന്ഥങ്ങൾ വേദാന്തത്തിന്റെ ആശയത്തെ കേന്ദ്രീകരിക്കുന്നു.

മറുത്തുകളിയിലെ ഒരു സംവാദം യോഗിനാടകമാണ്. അതു യോഗത്തെപ്പറ്റിയും അതിന്റെ വിവിധ വിഷയങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്നു. അതാകട്ടെ സന്യാസത്തെപ്പോലും രേഖപ്പെടുത്തുന്നു. ജീവാത്മാപരമാത്മാ സംയോജനം ഈ പഠനം രേഖപ്പെടുത്തുന്നു. യൂറോപ്പിൽ, ജീവിക്കുന്ന ശരീരത്തിൽ ഒരു ജീവനുണ്ടെന്നുള്ള സങ്കല്പം പോലും നിഷേധിച്ചുകാണാം. എന്നാൽ ഇന്ത്യയിലെ ഒരു സാധാരണക്കാരൻ പോലും ശരീരത്തിൽ ഒരു ജീവനുണ്ടെന്നു മനസ്സിലാക്കുന്നു. അതായത് ഞാൻ ശരീരമല്ലെന്നുള്ള ചിന്ത നിലനിർത്തുന്നു. ബ്രഹ്മത്തിന്റെ പ്രതിഫലനമാണ് ഈ ജീവൻ. നൂറ്റാണ്ടുകളായി ഈ ചിന്തകൾ പ്രചരിപ്പിച്ചുവന്നത് സന്യാസിമാരും അവധൂതന്മാരുമാണ്. ആദ്ധ്യാത്മികമായ വിജ്ഞാനം അവർ ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നു.

ഉത്തരകേരളത്തിലെ മറുത്തുകളി ഇത്തരത്തിൽ ഈ ദർശനം പ്രചരിപ്പിക്കുന്നതിൽ വലിയ പങ്കാളിത്തം വഹിച്ചുകാണാം. പണ്ഡിതന്മാരുടെ കുടുംബങ്ങൾ ഈ വിഷയം പൂരക്കളിപ്പണിക്കന്മാരിലൂടെ പ്രചരിപ്പിച്ചു. ആനിടിൽ, കുട്ടമത്ത്, കടിഞ്ഞിപ്പള്ളി, തുടങ്ങിയ കുടുംബങ്ങൾ ഇവയിൽ ഉൾപ്പെടുന്നു. ഇവർ സംസ്കൃതപഠനങ്ങളെ കൊളോണിയൽ ഭരണത്തിന്നു കീഴിൽ നിലനിർത്തിവന്നു. അതാകട്ടെ അത്തരം പഠനത്തിന്നു യാതൊരു പ്രോത്സാഹനവും ഇല്ലാത്തപ്പോഴുമായിരുന്നു.

ചില പൂരക്കളി പണിക്കന്മാർ ഭരതനൂൽ എന്ന ഗ്രന്ഥം നാട്യശാസ്ത്രത്തെ അടിസ്ഥാനമാക്കി രചിച്ചു. ഇതെല്ലാംതന്നെ അദ്വൈത വേദാന്തത്തെയാണ് പ്രചരിപ്പിച്ചു പോന്നത്. ശിവന്റെ അവധൂതവേഷത്തിലെ ഭിക്ഷാടനം ഇത്തരം പൂരക്കളി രചനകളിലെ പ്രധാനവിഷയമാണ്. വേദാന്തപരമായ ചില ശ്ലോക

ങ്ങൾ ബ്രഹ്മത്തെ ചിത്രീകരിക്കുന്നത് ഇപ്രകാരമാണ്.

ബ്രഹ്മൈവാഹമിതിപ്രശാന്ത്ഹൃദയൈസ്സിദ്ധൈസ്സദാസേവിതം,
ബ്രഹ്മൈദം പ്രണമേചരാചര സമസ്തധാരമത്യത്ഭുതം
സമ്മോഹാഘ്നമതീന്ദ്രിയം നിരുപണം നിത്യം ഹി സത്യംപരം

മഹത്തരമതിപ്രോദ്യത് പ്രഭാമണ്ഡലം
ചരാചരമസമസ്താധാരം അത്യത്ഭുതം
സമ്മോഹഘ്നം അതീന്ദ്രിയം നിരുപമം
നിത്യം ഹിസത്യം പര:

അനൗപചാരിക വിദ്യാഭ്യാസ രീതിയിൽ ഒരു പൂരക്കളി പണിക്കർ ഈ അദ്വൈതവിജ്ഞാനം പ്രചരിപ്പിക്കുന്നു. ഹരി:ശ്രീ ഗണപതയെ നമ: എന്ന നവാക്ഷര വന്ദനം അതിലെ ഓരോ അക്ഷരത്തേയും വ്യാഖ്യാനിക്കുന്നു. ഹരിവിഷ്ണുവിനെ പ്രതിനിധീകരിക്കുന്നു. ശ്രീ മഹാലക്ഷ്മിയേയും ഗ ഗണ പതിയേയും, ന പ്രകാശത്തേയും, പ പാപനാശത്തേയും, ത ഓങ്കാര ത്തേയും യ സന്തോഷത്തേയും പ്രതിനിധീകരിക്കുന്നു. ഇതിലെല്ലാം ഹൈന്ദവ ത്രിമൂർത്തികളേയും അവരുടെ ഏകത്വത്തേയും കേന്ദ്രീകരി ക്കുന്നു.

പൂരക്കളിയിലും മറുത്തുകളിയിലും യോഗശാസ്ത്രവും നാട്യശാസ്ത്രവും സംവദിക്കപ്പെടുന്നു. ശിവന്റെ ഭിക്ഷാടനം ചർച്ച ചെയ്യുന്നു. യോഗിയുടെ പ്രത്യേകതകളായ ജഡ, ചൂരൽ, ശംഖ്, ഭസ്മം, ഭിക്ഷാടനം ഇവ വിവരി ക്കപ്പെടുന്നു. ആത്യന്തികമായി രണ്ടു പൂരക്കളി പണിക്കന്മാരും യോഗപര മായ നിത്യാനന്ദം കൈവരിച്ച് സമാധി സ്ഥിരമായ ഇരുപ്പുറപ്പാക്കുന്നു. ഇവിടെ ജീവൻ അഥവാ അഹം ബ്രഹ്മത്തിൽ ലയം പ്രാപിക്കുന്നു. ഇതാ കട്ടെ അദ്വൈതത്തിന്റെ ആത്യന്തികവിജ്ഞാനമായി മാറുന്നു.

ആദിശങ്കരന്റെ ഈ വിജ്ഞാനമേഖലയിലെ ആധികാരിക പണ്ഡിതന്മാരായ ഈ പണിക്കന്മാർ, പ്രത്യേകിച്ചും തിയ്യർ, മണിയാണി ജാതിക്കാരായ ഇവർ, വേദാന്തത്തെയാണ് പ്രചരിപ്പിക്കുന്നത്. കുഞ്ഞുണ്ണിക്കുറുപ്പ് ഒരു വേദാന്തി യായ കവിയായിരുന്നു. അദ്ദേഹത്തിന്റെ കൃതിയായ ദേവീമാഹാത്മ്യം, ബ്രഹ്മജ്ഞാനത്തിലേക്ക് നയിക്കുന്നു. മറ്റൊരു പണ്ഡിതനായ ശങ്കരക്കുറു പ്പിന്റെ മകനായ സദാനന്ദ സരസ്വതി യൂറോപ്പിൽ യോഗവേദാന്തത്തെ പ്രച രിപ്പിച്ചിരുന്ന കാര്യം ഓർമ്മിക്കട്ടെ. ശങ്കരക്കുറുപ്പിന്റെ പിതാവ് നീലേശ്വരം രാജകുടുംബമായ പണ്ഡിതനായിരുന്നു. ഇതെല്ലാം തന്നെ സന്യാസിമാരിൽ നിന്നു മാത്രമല്ല മറ്റു ജാതിവിഭാഗങ്ങളിൽ നിന്നും ഈ പാണ്ഡിത്യം, വിജ്ഞാനം പ്രചരിപ്പിക്കപ്പെട്ടുവെന്നു വെളിപ്പെടുത്തുന്നു.

സദാനന്ദ സരസ്വതിയുടെ ആശ്രമം ഹോളണ്ടിൽ ഹാർലത്തിൽ ആയിരു ന്നു. യോഗവും വേദാന്തവും യൂറോപ്പിൽ പ്രചരിപ്പിക്കുന്നതിൽ ഈ കേന്ദ്രം

പ്രധാനമായ ഒരു പങ്ക് വഹിച്ചിരുന്നു. സ്വാമിജി 1980 കളിൽ ശങ്കര ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് ഇൻഡോളജി എന്ന ഒരു സ്ഥാപനം തലശ്ശേരിക്കടുത്ത് പാനൂ രിൽ സ്ഥാപിച്ചു. അതിന്റെ ഉദ്ഘാടനം 1982 ൽ കേരള ഗവർണ്ണർ ജ്യോതി വെങ്കടചല്ലമാണ് നിർവഹിച്ചത്. പക്ഷെ സ്വാമിജി 1983 ൽ വെയിൽസിൽ വെച്ച് അപകടമൃത്യു കൈവരിച്ചു. പക്ഷെ അദ്ദേഹത്തിന്റെ ആശയം പിന്നീട് ശ്രീശങ്കരാ യൂനിവേഴ്സിറ്റിയായി കാലടിയിൽ ലക്ഷ്യം നേടി യെന്നുകൂടി പറയട്ടെ. ചുരുക്കത്തിൽ അദ്വൈത വേദാന്ത പ്രചാരണത്തിൽ ബ്രാഹ്മണർ മാത്രമല്ല അബ്രാഹ്മണ വിഭാഗങ്ങളും വലിയ പങ്ക് വഹിച്ചു വന്നു. കാർഷിക സമൂഹങ്ങളിൽ ഈ വിജ്ഞാനം എത്തിച്ചതിൽ പൂരക്കളി പോലുള്ള സ്ഥാപനങ്ങൾ പ്രവർത്തിച്ചു വന്നു. അതിൽ പൂരക്കളി പണി ക്കന്മാരുടെ പങ്കാളിത്തം ഏറ്റവും ശ്രദ്ധേയമായിരുന്നു.

# കണ്ണൂരും കൈത്തറി വസ്ത്ര പൈതൃകവും

**കൈ**ത്തറി വസ്ത്രങ്ങളുടെ കാര്യത്തിൽ മലബാർ നൂറ്റാണ്ടുകളായി വളരെ പ്രശസ്തിയാർജ്ജിച്ച പ്രദേശമായിരുന്നു. എന്നാൽ കണ്ണൂർ കൈത്തറി കേന്ദ്രമെന്ന നിലയിൽ വളർന്നുവന്നത് കഴിഞ്ഞ ഒരു നൂറ്റാണ്ടിനിടയിലാണ്. രൂപകൽപ്പന ചെയ്യുന്നതിലും ചായം മുക്കുന്നതിലും നെയ്യുന്നതിലും എല്ലാം കണ്ണൂരിന് അതിന്റേതായ ഒരു പ്രത്യേകതയുണ്ടായി. ചായം മുക്കലിന് ഇവിടുത്തെ വെള്ളം ഏറ്റവും നന്നായി യോജിച്ചു. നെയ്ത്തുകാരുടെ ഒരു കൂട്ടം ഇവിടെ വളർന്നുവന്നു. ജാതിവ്യവസ്ഥയുടെ കാലഘട്ടത്തിൽ ചാലിയ സമുദായമാണ് നെയ്ത്ത് സ്വീകരിച്ചിരുന്നതെങ്കിലും ഇന്ന് വിവിധ സമുദായക്കാർ ജീവിതവൃത്തിക്കായി ഈ തൊഴിൽ സ്വീകരിച്ചുവരുന്നു. ദക്ഷിണേന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നും കേരളത്തിലേക്ക് ചാലിയ (ശാലിയ) സമുദായം ഉപനിവേശം നടത്തിവന്നു. തെരുവുകളിലായിരുന്നു അവരുടെ ജീവിതം. ഗണപതി, സോമേശ്വരി, ഭഗവതി തുടങ്ങിയ ദേവതകളെ അവർ ആരാധിച്ചു.

ബാസൽ മിഷനറിമാർ മലബാറിൽ പ്രവർത്തിച്ചു വരുന്നതിന് മുമ്പ് കുഴിമഗ്ഗമായിരുന്നു നെയ്യുവാൻ ഉപയോഗിച്ചുവന്നത്. തോർത്തുമുണ്ടുകൾ, കൗപീനം തുടങ്ങിയവ കുഴിമഗ്ഗങ്ങൾ പ്രവർത്തിപ്പിച്ചായിരുന്നു നിർമ്മിച്ചത്. കുഴിക്ക് മുകളിലിരുന്ന് കുഴിയിൽ കാലുകൾ ചലിപ്പിച്ച് ഓടം കൈകൊണ്ട് എടുത്തുമാറ്റിയുള്ള നെയ്ത്തുരീതി. ഒരു തൊഴിലാളിക്ക് ലഭിക്കുന്ന കൂലി വളരെ തുച്ഛമായിരുന്നു. എന്നാൽ ബാസൽ മിഷൻ 1834 ൽ തലശ്ശേരിയിൽ നെട്ടൂരിൽ പ്രവർത്തിച്ചു വന്നപ്പോൾ കണ്ണൂരിലും അവർ ഒരു സ്റ്റേഷൻ സ്ഥാപിച്ചു. ഓരോ സ്റ്റേഷനിലും മതപ്രചരണം, വിദ്യാഭ്യാസം എന്നീ കാര്യങ്ങളിൽ അവർ പ്രവർത്തിച്ചു. മതം മാറിയവർക്ക് മറ്റു സമൂഹങ്ങൾ ജോലി നിഷേധിക്കുകയും പതിവായിരുന്നു. തുടർന്ന് 1865 ൽ ബാസൽ മിഷ്യൻ ഇൻഡസ്ട്രിയൽ കമ്മീഷൻ രൂപീകരിച്ച് ഇവർക്ക് ജോലി നൽകുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. ബാസൽ മിഷൻ ഓടുകളും നെയ്ത്തു കമ്പനികളും ഇത്തരത്തിൽ ആരംഭിച്ചവയാണ്.

മലബാറിൽ അന്ന് വൈദ്യുതി ലഭ്യമല്ലായിരുന്നു. അതിനാൽ പവ്വർലൂമുകൾ ഏർപ്പെടുത്താൻ നിർവ്വാഹമില്ലായിരുന്നു. അതിനാൽ നാലു കാലുകളിൽ മഗ്ഗമുറപ്പിച്ച് മരപ്പലകയിലിരുന്ന് കൈ കൊണ്ട് ഓടം ഓടിപ്പിച്ച് നെയ്യുന്ന ആധുനിക കൈത്തറി നെയ്ത്ത് സമ്പ്രദായം മിഷ്യനറിമാർ ഏർപ്പെടുത്തി. ഇത് അന്ന് നടപ്പിലാക്കാവുന്ന ഏറ്റവും ആധുനികമായ നെയ്ത്തു രീതിയായിരുന്നു. കണ്ണൂരിൽ ഇത്തരത്തിൽ നെയ്ത്തുകമ്പനികൾ അഥവാ ഫാക്ടറികൾ മിഷനറിമാർ ആരംഭിച്ചു. പുതിയ നെയ്ത്തുരീതി തൊഴിലാളികൾക്ക് ആദായകരമായിരുന്നു. വീതിയുള്ള മുണ്ടുകൾ, കാക്കി എന്നു പേരുള്ള പ്രത്യേക തുണി തുടങ്ങിയവ നെയ്യുവാൻ കഴിഞ്ഞു. ബ്രിട്ടീഷ് ഡിഫൻസ് സമ്പ്രദായത്തിന്നാവശ്യമായ കാക്കി മുഴുവൻ ഇത്തരത്തിൽ നെയ്തു കൊടുക്കാൻ സാധിച്ചു.

ജർമ്മൻ ശാസ്ത്രസാങ്കേതിക വിദ്യയാണ് ഈ മാറ്റത്തിനു പിന്നിൽ പ്രവർത്തിച്ചത്.അവിടെ നിന്നും മിഷനറിമാർ കൂടിയായ വീവിങ്ങ് മാസ്റ്റർമാരെ കണ്ണൂരിൽ കൊണ്ടുവന്നു. അവർ പുതിയ സാങ്കേതികവിദ്യ കൈമാറി. മിഷനറിമാരുടെ ഫാക്ടറികളെ തുടർന്നു നാട്ടുകാരായ മുതലാളിമാരും കമ്പനികൾ തുറന്നു പ്രവർത്തിപ്പിച്ചു.

ബാസൽ മിഷന്റെ ഒരു പരസ്യത്തെ തുടർന്ന് വിൽഹെം പീറ്റർഷോയിൻതൽ 1821 ൽ വീവിങ്ങ് മാസ്റ്റർ ജോലിക്ക് അപേക്ഷിച്ചു. അദ്ദേഹം 1874 ൽ കണ്ണൂരിലെത്തി. മിഷന്റെ ആവശ്യം കേരളം, കർണ്ണാടകം, തമിഴ്നാട് എന്നിവിടങ്ങളിൽ നെയ്ത്ത് ഫാക്ടറികൾ ആരംഭിക്കുക എന്നതായിരുന്നു. ജോലിക്കാർക്ക് മതപരിവർത്തനവും നൽകിവന്നു.

കണ്ണൂരിൽ ഷോയിൻതൽ ഒറ്റ നിലയിലുള്ള വിശാലമായ നെയ്ത്തു ഫാക്ടറികൾ സ്ഥാപിച്ചുവന്നു. ആവശ്യമായവർക്ക് തൊഴിൽ നൽകുകയും ചെയ്തു. ഇതോടെ കണ്ണൂരിലും മറ്റും നെയ്ത്തിന്റെ ഗുണമേന്മ വർദ്ധിച്ചു. ചൊവ്വയിലും ചോമ്പാലിലും ചില ഫാക്ടറി കേന്ദ്രങ്ങൾ ആരംഭിച്ചു. അന്നു മിഷനറിമാർ അനുഭവിച്ച കഷ്ടപ്പാടുകൾ പല വിധത്തിലുമായിരുന്നു. ഷോയിൻതൽ തനിക്ക് ഒരു ഭാര്യയെ കണ്ടുപിടിക്കാൻ ബാസൽ കേന്ദ്രത്തിലേക്കെഴുതി. അവർ പെൺകുട്ടികളുടെ പടം അയച്ചു കൊടുത്തു. തിരഞ്ഞെടുക്കുവാൻ രണ്ടുമൂന്നെണ്ണമുണ്ടായിരുന്നു. അഡൽ ഫെയ്ഡ് ഫൗൾ അപ്രകാരം തിരഞ്ഞെടുക്കപ്പെട്ടു. അവർ കണ്ണൂരിലെത്തി. ഷോയിൻതൽ ഭാര്യയുമായി ജീവിച്ചു. രണ്ടുപേരും 1878 ൽ കാളവണ്ടിയിൽ പല ഫാക്ടറികളും സന്ദർശിച്ചു. ഫാക്ടറിയിൽ 7.40 ന് രാവിലെ ബെല്ലടിക്കപ്പെട്ടു. തൊഴിലാളികൾ നൂൽപ്പിനും നല്ലി ചുറ്റുവാനും അപ്പോൾ ഫാക്ടറിയിലെത്തും. ചെറിയ കുട്ടികളെ കീറത്തുണിയിൽ ഏതെങ്കിലും ഭാഗത്ത് നിലത്ത് കിടത്തി. ഇവിടുത്തെ ഫാക്ടറിയുടെ പടങ്ങൾ ബാസലിലേക്ക് അയച്ചു. ആവശ്യമായ സ്ഥലങ്ങൾ വിലയ്ക്കെടുത്ത് ഫാക്ടറികൾ വിപുലപ്പെടുത്തി. ഈ മിഷനറിയുടെ മൂന്നു സന്താനങ്ങളേയും മൂന്ന് വയസ്സ് പൂർത്തിയാവു

ന്നതിനു മുമ്പ് പതിവുപോലെ ജർമ്മനിയിലേക്ക് അയക്കേണ്ടി വന്നിരുന്നു. അവർ അവിടെ പരിചയമില്ലാത്ത കുടുംബങ്ങളിൽ വളർന്നു. പന്ത്രണ്ടു വർഷത്തിനുശേഷം 1890 ൽ മാത്രമായിരുന്ന ഈ ദമ്പതികൾക്ക് തങ്ങളുടെ കുട്ടികളെ കാണാൻ കഴിഞ്ഞത്. വലിയൊരു ത്യാഗത്തിന്റെ കഥ ഇത്തരം നെയ്ത്തുവികസനത്തിന്റെ പിന്നിൽ കാണാവുന്നതാണ്. രണ്ടാമത്തെ കാഴ്ച 1902 ലും. ഒന്നാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ എല്ലാം നഷ്ടപ്പെട്ട അഭയാർത്ഥികളായി ജർമ്മനിയിലേക്ക് അവർ തിരിച്ചുപോയി. ഷോയിൻതൽ പിന്നീട് ഹൃദ്രോഗം പിടിപെട്ട് മരണമടഞ്ഞു.

കണ്ണൂരിലെ നെയ്ത്ത് വികസനം തിയ്യ സമുദായത്തിൽപെട്ടവർക്ക് നല്ലവണ്ണം ഉപയോഗപ്രദമാക്കാൻ കഴിഞ്ഞു. സാമുവൽ സന്തോഷ് എന്ന മതം മാറിയ ഒരു ക്രിസ്ത്യാനി 1890 ൽ സ്വന്തമായി ഒരു ഫാക്ടറി തുടങ്ങി. അയാൾ മുമ്പ് ഒരു സൈനികനായിരുന്നു. മതം മാറിയ മറ്റൊരു വ്യക്തി ആറോൻ, സ്വന്തമായി ഒരു നെയ്ത്ത് കമ്പനി തുടങ്ങിയിരുന്നു. ആറോൻ, സാമുവലിന്റെ മകൾ എമ്മയെ വിവാഹം ചെയ്തു. രണ്ടു കമ്പനികളും ഒന്നായി പ്രവർത്തിപ്പിച്ചു. ഇവർക്കു ജനിച്ച സാമുവൽ ആറോൻ എന്ന വ്യക്തി വടക്കെ മലബാറിലെ നെയ്ത്തു വ്യവസായത്തിന്റെ തലതൊട്ടപ്പ നായി മാറി. അദ്ദേഹം 1936 ൽ പാപ്പിനിശ്ശേരിയിൽ ആറോൻ സ്പിന്നിങ്ങ് ആന്റ് വീവിങ്ങ് മിൽ സ്ഥാപിച്ചു. ഈ കമ്പനി വൈദ്യുതി ഉപയോഗിച്ചുള്ള പവർലൂം ആയിരുന്നു. ആയതിനാൽ പരമ്പരാഗത കൈത്തറി മഗ്ഗങ്ങൾ മുഴുവൻ വിറ്റഴിച്ചു. ഈ മഗ്ഗങ്ങൾ വിലക്കു വാങ്ങി അനേകം കുടുംബങ്ങൾ ജീവിതം മുന്നോട്ടു കൊണ്ടുപോയി. സാമുവൽ ആറോൻ പിൽക്കാലത്ത് വടക്കെ മലബാറിലെ കോൺഗ്രസ്സ് നേതാവായും വൈസ്രോയിയുടെ കൗൺസിൽ അംഗമായും തിരഞ്ഞെടുക്കപ്പെട്ടു. പരിയാരം ആശുപത്രി സമുച്ചയം അദ്ദേഹം ദാനം നൽകിയ ഭൂമിയിലാണ്.

ഇന്ന് കണ്ണൂർ പ്രദേശത്ത് കൈത്തറി വസ്ത്രങ്ങൾ വിദേശത്തേക്കു കയറ്റുമതി ചെയ്യുന്ന അനേകം സ്ഥാപനങ്ങൾ കാണാം. ലീലാ ലെയ്സ് അടിസ്ഥാനപരമായി കണ്ണൂർ നിവാസികളാണ്. വാസുലാൽ, ധനലക്ഷ്മി, ഹിന്ദുസ്ഥാൻ തുടങ്ങിയ കമ്പനികൾ പ്രധാനമായും കണ്ണൂർ തുണിത്തരങ്ങൾ യൂറോപ്യൻ മാർക്കറ്റിലേക്കയച്ചു വരുന്നു.

കൈത്തറി രംഗത്ത് പുതിയ മാതൃകകൾ പരിചയപ്പെടുത്തിയും അനേകായിരം കുടുംബങ്ങൾക്ക് ഉപജീവനം നൽകിയും കണ്ണൂർ ഒരു ലൂം പട്ടണമായി പ്രശസ്തിയാർജ്ജിച്ചിരിക്കുന്നു. ഇത്തരത്തിൽ കൈത്തറി വസ്ത്ര മാതൃകകൾ സംബന്ധിച്ചുള്ള ഒരു മ്യൂസിയം അറക്കൽ മ്യൂസിയത്തിന്റെ ഭാഗമായി സംഘടിപ്പിക്കുവാനുള്ള ചില സംരംഭങ്ങൾ വേണമെന്നും ഉദ്ദേശിച്ചു വരുന്നു. കൂടാതെ കണ്ണൂരിൽ തന്നെ സ: ഇ.കെ.നായനാരുടെ (മുൻ മുഖ്യമന്ത്രി) പേരിൽ പ്രശസ്തമായ ഒരു മ്യൂസിയം സി.പി.ഐ (എം) കെട്ടിപ്പടുക്കുവാൻ പരിശ്രമിച്ചു വരികയുമാണ്.

നെയ്ത്ത് വ്യവസായം വളർത്തിയെടുക്കുവാൻ മിഷനറിമാർ ചെയ്ത സേവനം കണ്ണൂരിന്റെ ഏറ്റവും വലിയ പൈതൃകമായി കാണേണ്ടത് ഒരാവശ്യമാണ്. തദ്ദേശീയമായ വ്യവസായവും അതിന്റെ സംഭാവനയും ഒരു പൈതൃകത്തിന്റെ ഭാഗമാണെന്നു വിലയിരുത്താം. കണ്ണൂരിലെ കൈത്തറി പൈതൃകം അതാണ് വ്യക്തമാക്കുന്നത്.

# ഗുരുവിന്റെ രാഷ്ട്രീയദർശനം

ഇത്തരം ഒരു വിഷയത്തിന്നു പ്രസക്തിയുണ്ടോയെന്നു ചിലരെങ്കിലും സംശയിച്ചേക്കാം. ഇന്ത്യൻ തത്വശാസ്ത്രത്തിന്റെയും ദർശനങ്ങളുടെയും സാരാംശം മുഴുവൻ ആറ്റിക്കുറുക്കിയെടുത്തുകൊണ്ട് ആത്മോപദേശശതകം പോലുള്ള കൃതികളും ദർശനമാലയും മറ്റും രചിച്ച ഗുരുവിന്നു രാഷ്ട്രീയമായ ഒരു ദർശനമോ എന്നു സംശയിക്കുന്നതിൽ ആശ്ചര്യപ്പെടേണ്ടതില്ല. ഗുരുവിന്റെ ദർശനശാസ്ത്ര സംഗ്രഹം എന്നു വിശേഷിപ്പിക്കാവുന്ന 'ഒരു ജാതി, ഒരു മതം, ഒരു ദൈവം' എന്ന ചിന്ത തന്നെ ഒരു പൊളിറ്റിക്കൽ ഫിലോസഫിയുടെ സാരാംശമാണ്. ഭിന്നരൂപങ്ങളിലും അനുഷ്ഠാനങ്ങളിലും ശിഥിലരൂപം കൈവരിച്ചുവന്ന ഒരു സമൂഹത്തെ ഐക്യബോധത്തിന്റെ ഉന്നതതലത്തിലേക്കും ബാഹ്യവൈരുദ്ധ്യങ്ങളുടെ നിഷേധത്തിലേക്കും നയിക്കുന്ന ഒരു ചിന്താധാര ഈ സൂക്തത്തിൽ പ്രതിഫലിക്കുന്നു. ഇത്തരം ഒരു ദർശനത്തിൽ ഗുരുവിന്റെ ചിന്തകൾ പലപ്പോഴും ബുദ്ധദർശനവുമായി സമരസപ്പെട്ടുപോകുന്നു.

ശ്രീബുദ്ധൻ പ്രചരിപ്പിച്ച തത്ത്വങ്ങൾ 'താൻ ഒരു പുതിയ മതത്തിന്റെ അവതാരകനല്ലെന്നും മറന്നു കഴിഞ്ഞ ഒരു പാത വീണ്ടും ആവിഷ്കരിക്കുന്ന പരിഷ്കർത്താവ് മാത്രമാണെന്നും' വ്യക്തമാക്കിയ വസ്തുത ലാൽ മണി ജോഷി ബുദ്ധന്റെ സംഭാവനകൾ വിലയിരുത്തുന്ന ഗ്രന്ഥത്തിൽ വിലയിരുത്തുന്നു.

ബുദ്ധനു മുമ്പ് എത്രയോ നൂറ്റാണ്ടുകൾക്കപ്പുറം നിലനിന്നിരുന്ന സൈന്ധവതടത്തിലേയും മറ്റും ധ്യാനാധിഷ്ഠിതമായ ആത്മീയ ജീവിതവും സാമൂഹ്യഘടനയും പൂർണ്ണമായി നഷ്ടപ്പെട്ടപ്പോൾ മറന്നുപോയ ആ പാത വീണ്ടും കണ്ടെത്തിക്കൊണ്ട്, യജ്ഞസംസ്കാരത്തെയും വർണ്ണവ്യവസ്ഥയെയും നിഷേധിച്ചുകൊണ്ട് പഴയ പാത പുനരാവിഷ്കരിക്കുകയാണ് ചെയ്യുന്നതെന്ന് ജോഷി വ്യക്തമാക്കുകയായിരുന്നു. ഗുരുവിന്റെ അനുകമ്പാദശകം പോലുള്ള കൃതികൾ ഉറുമ്പിനെപ്പോലും ദ്രോഹിക്കരുതെന്നുള്ള സിദ്ധാന്തങ്ങൾക്ക് പ്രാധാന്യം നൽകുന്നു. അത്തരം ജീവിതവൃത്തി, തൊഴിലധിഷ്ഠിതമായ പുരോഗതി ലക്ഷ്യമാക്കുന്ന ഒരു രാഷ്ട്രീയ ദർശനത്തെ പ്രതിഫലിപ്പിക്കുന്നു.

ഗാന്ധിജി, രവീന്ദ്രനാഥടാഗോർ തുടങ്ങിയ ഇന്ത്യൻ രാഷ്ട്രീയശില്പികളുമായി ഗുരു നടത്തിയ സംഭാഷണങ്ങൾ ഇത്തരം ഒരു രാഷ്ട്രീയ ദർശനത്തെ പ്രതിഫലിപ്പിക്കുന്നവയായിരുന്നു. ഗുരുവിന്റെ ഇത്തരം ചിന്തകൾ ഏറ്റവുമധികം വ്യക്തമാക്കപ്പെട്ട ഒരവസരം വൈക്കം സത്യാഗ്രഹഘട്ടത്തിലാണെന്നു കാണാം. ടി.കെ.മാധവന്റെ പത്രാധിപത്യത്തിൽ നടന്നിരുന്ന ദേശാഭിമാനിയിൽ 1924 മെയ് 31 നു കെ.എം. കേശവൻ ഗുരുവുമായി നടത്തിയ സംഭാഷണത്തിന്റെ ഒരു ചുരുക്കം നല്കിയിരുന്നു. (എം.കെ.സാനു, നാരായണഗുരു എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചു കാണാം).

'സത്യാഗ്രഹികളുടെ സഹനശക്തി മഴ നനയുന്നതിലും പട്ടിണി കിടക്കുന്നതിലുമല്ല വേണ്ടത്. എവിടെ ഒരാൾ കടക്കാൻ പാടില്ലെന്നു പറയുന്നുവോ അവിടെ അയാൾ കടക്കണം. അതിൽ വരുന്ന സങ്കടങ്ങൾ അനുഭവിക്കണം. അടിച്ചാൽ കൊള്ളണം. അങ്ങോട്ട് അടിക്കരുത്. എന്നാൽ വേലികെട്ടിയാൽ ഇങ്ങേപ്പുറത്ത് നില്ക്കരുത്. അതിന്റെ മീതേ കൂടി കയറണം. റോഡിൽ മാത്രം നടന്നാൽ പോര. ക്ഷേത്രത്തിൽ തന്നെ കയറണം. എന്നും കയറണം. അത് ഒരിടത്തുപോരാ. എല്ലാ ക്ഷേത്രങ്ങളിലും കയറണം. എന്നും കയറണം. എല്ലാവരും കയറണം. പാൽപായസം വെച്ച് വയ്ക്കുമ്പോൾ കോരിക്കുടിക്കണം. സദ്യയിൽ ചെന്ന് പന്തിയിൽ ഇരിക്കണം. വിവരങ്ങൾ എല്ലാം അപ്പോഴപ്പോൾ ഗവണ്മെന്റിനെ അറിയിക്കണം. മരിക്കാനും മടിക്കരുത്. മനുഷ്യനെ തൊട്ടാൽ മനുഷ്യൻ അശുദ്ധിയാകുമെന്ന് വിചാരിക്കുന്നവർക്ക് ശുദ്ധിയായി യാതൊന്നും ഇരുന്നു പ്രവർത്തിക്കാൻ ഇട കൊടുക്കരുത്.'

ഗാന്ധിജിയിൽ നിന്നും വ്യത്യസ്തമായ ഒരു രാഷ്ട്രീയ ദർശനമാണിവിടെ പ്രതിഫലിക്കുന്നത്. ഒരു പക്ഷേ ഗുരുവായൂർ സത്യാഗ്രഹത്തിൽ പി.കൃഷ്ണപിള്ളയും മറ്റും മണിയടിച്ചു തൊഴുത പശ്ചാത്തലം.

ഡോ. കെ.കെ.എൻ. കുറുപ്പ്

# ഇന്ത്യൻ വിദ്യാഭ്യാസം ആഗോളവൽക്കരണത്തിലേക്ക്

ഇന്ത്യയിലെ ആധുനിക വിദ്യാഭ്യാസത്തിന്റെ അടിത്തറയായി മൂന്ന് രേഖകളാണ് നമ്മളുടെ മുമ്പിലുള്ളത്. ആദ്യത്തേത് 19-ാം നൂറ്റാണ്ടിൽ ഇന്ത്യയിലെ കോളനി ഭരണാധികാരികൾ അവരുടെ സാമ്പത്തിക താല്പര്യങ്ങളുടെ സംരക്ഷണത്തിന്നായി മൂന്ന് സർവ്വകലാശാലകൾ രൂപീകരിച്ചുകൊണ്ടു നടപ്പിലാക്കിയ പദ്ധതി. അന്നുതന്നെ അതിന്റെ പരിമിതികളെ ദേശീയവാദികൾ നിശിതമായി വിമർശിച്ചു വന്നിരുന്നു. അതിന്റെ നയരൂപീകരണ സംഘങ്ങൾ ഭരണതലത്തിന്റെ പ്രതിനിധികളായിരുന്നു. ഇന്ത്യൻ ഘടകങ്ങൾക്കു പ്രാധാന്യം കൊടുത്തുകൊണ്ടായിരുന്നില്ല. നിലവിലുള്ള പ്രാതിനിധ്യത്തെപ്പോലും കഴ്സൺ പ്രഭു നിരാകരിച്ചുകൊണ്ടു സർക്കാർ പ്രതിനിധികളുടെ അംഗസംഖ്യ വർധിപ്പിച്ചപ്പോൾ കല്ക്കത്താ യൂനിവേഴ്സിറ്റിയിൽ വലിയ പ്രതിഷേധങ്ങൾക്ക് ദേശീയവാദികൾ നിശിതമായി വിമർശിച്ചുവന്നിരുന്നു. അതിന്റെ നയരൂപീകരണ സംഘങ്ങൾ ഭരണതലത്തിന്റെ പ്രതിനിധികളായിരുന്നു. ഇന്ത്യൻ ഘടകങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടായിരുന്നില്ല. നിലവിലുള്ള പ്രാതിനിധ്യത്തെപ്പോലും കഴ്സൺ പ്രഭു നിരാകരിച്ചുകൊണ്ട് സർക്കാർ പ്രതിനിധികളുടെ അംഗസംഖ്യ വർദ്ധിപ്പിച്ചപ്പോൾ കല്ക്കത്താ യൂനിവേഴ്സിറ്റിയിൽ വലിയ പ്രതിഷേധങ്ങൾക്ക് ദേശീയവാദികൾ നേതൃത്വം നൽകി. കൊളോണിയൽ നയത്തിന്റെ ഭാഗമായ വിദ്യാഭ്യാസ നയത്തെ നിരാകരിച്ചുകൊണ്ടാണ് മൗലാനാ അബ്ദുൾകലാം ആസാദിനെപ്പോലുള്ളവർ ഒരു ദേശീയ വിദ്യാഭ്യാസ പദ്ധതിക്ക് അന്ന് രൂപം നൽകുകയുണ്ടായത്. അന്നത്തെ സർവ്വകലാശാലകൾ ഗവേഷണങ്ങൾക്കോ അത്തരം പഠനങ്ങൾക്കോ അന്ന് പ്രാധാന്യം നൽകിയിരുന്നില്ല. ഇന്ത്യയിൽ ഒരു വ്യാവസായിക വിപ്ലവത്തിന്നാവശ്യമായ വിജ്ഞാനം, വിഭവം എന്നിവ നൽകുവാൻ ബ്രിട്ടീഷുകാർ തയ്യാറായിരുന്നില്ല. അസംസ്കൃതവസ്തുക്കളുടെ പ്രഭവസ്ഥാനമായി ഇന്ത്യയെ നിലനിർത്തുകയായിരുന്നു അവരുടെ ആവശ്യം.

എങ്കിലും ആ സർവ്വകലാശാലകളിലൂടെ കടന്നുവന്നവർ ചെയ്ത ഏറ്റവും വലിയ സേവനം ഇന്ത്യൻ ദേശീയവാദത്തേയും സമരങ്ങളെയും ശക്തമാക്കിയെന്നാണ് അനീൽസീൽ (Emergence of Indian Nationalism) വ്യക്ത

മാക്കുന്നത്. ഒരുപക്ഷെ അവർ ഇന്ത്യൻ ജനാധിപത്യത്തിന്റേയും മതേതര ത്വത്തിന്റേയും അടിത്തറ കെട്ടിപ്പടുത്തു. അതിന്നു സഹായിച്ചതാകട്ടെ ഇംഗ്ലീഷ് ഭാഷയും സാഹിത്യവുമായിരുന്നു. അവർ ഹോബ്സിന്റെയും ലോക്കിന്റെയും റൂസ്സോവിന്റെയും ബർക്കിന്റെയും കൃതികൾ വായിച്ചു. അവ യുടെ തത്വശാസ്ത്രം അവരുടെ ചിന്തകളെ പ്രചോദിപ്പിച്ചു. 'രാജാ പ്രത്യക്ഷ ദൈവതം' എന്ന ചിന്തക്കു പകരം ജനങ്ങൾ രാജാവിനുവേണ്ടിയല്ലെന്നും രാജാവ് ജനങ്ങൾക്കുവേണ്ടിയാണെന്നും ഉള്ള പുതിയ തത്വചിന്ത അവ രിൽ ഒരു ജ്ഞാനോദയമായിരുന്നുവെന്ന് ഗോഖലെ പ്രസ്താവിച്ചു കാണാം. ഇന്ത്യൻ ജനാധിപത്യത്തിന്റേയും വികസനത്തിന്റേയും അടിത്തറയായി സർവ്വകലാശാലകളെ രൂപപ്പെടുത്തുവാനും ശക്തിപ്പെടുത്തുവാനും സ്വാത ന്ത്ര്യാനന്തര കാലഘട്ടത്തിൽ, പ്രത്യേകിച്ചും നെഹ്റൂവിയൻ കാലഘട്ടത്തിൽ നമുക്ക് കഴിഞ്ഞു. രാധാകൃഷ്ണൻ കമ്മീഷൻ റിപ്പോർട്ടും കൊളോണി യൽ പൈതൃകത്തെ വിച്ഛേദിച്ചുകൊണ്ട് ജനാധിപത്യം, മതേതരത്വം, ശാസ്ത്രസാങ്കേതിക വികസനം എന്നീ ആശയങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിക്കുവാൻ വിദ്യാഭ്യാസ രംഗത്തെ പ്രചോദിപ്പിച്ചു. ജി.ഡി.പി യുടെ ആറു ശതമാനമെങ്കിലും വിദ്യാഭ്യാസത്തിന്നു ചെലവഴിക്കാനുള്ള നയരേഖ സ്വീകരിച്ചപ്പോഴും അതു 3.5 ശതമാനത്തിന്നു താഴെ മാത്രമാണ് ചെലവഴി ക്കപ്പെട്ടത്. കേന്ദ്ര സർവ്വകലാശാലകളും ഐ.ഐ.ടി കളും ആറ്റമിക് റിസർച്ച് കേന്ദ്രങ്ങളും ബഹിരാകാശ ഗവേഷണകേന്ദ്രങ്ങളും ഈ പശ്ചാ ത്തലത്തിന്റെ സൃഷ്ടികളായിരുന്നു. എന്നാൽ ഈ ഘട്ടത്തിലും നിർദ്ദേശ കതത്വമായ 5 മുതൽ 14 വയസ്സുവരെ നിർബന്ധ, സൗജന്യ വിദ്യാഭ്യാസവും പാർശ്വവൽക്കൃത സമൂഹങ്ങളുടെ വിദ്യാഭ്യാസവും ഒരാശയമായി നടപ്പി ലാക്കപ്പെട്ടില്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് 17 മുതൽ 22 വയസ്സുവരെയുള്ള യുവാക്കളിൽ യു.എസ്സ്, ജർമ്മനി തുടങ്ങിയ രാഷ്ട്രങ്ങളിൽ 40 ശതമാന ത്തിലധികം പേർ മുന്നോട്ടെത്തിയപ്പോൾ അത് ഇന്ത്യയിൽ 10 ശതമാന ത്തിലും താഴെയായിരുന്നു. അതു ജർമ്മനിയിൽ എൺപത് ശതമാനത്തി ലധികവും.

തുടർന്ന് 1986 ലെ ദേശീയ വിദ്യാഭ്യാസത്തിൽ നിന്നാരംഭിച്ച പരിഷ്കാര ങ്ങൾ ഇന്ന് സർവ്വകലാശാലകളുടെ പ്രവർത്തനത്തെപ്പോലും വാണിജ്യ വൽക്കരണത്തിലേക്കും അന്താരാഷ്ട്രവൽക്കരണത്തിലേക്കും നയിക്കുന്ന റൂസാ (രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ) പദ്ധതിയിലെത്തിച്ചിരി ക്കുകയാണ്. ഈ പരിഷ്കരണത്തിനിടയിൽ രൂപീകരിക്കപ്പെട്ട നയപരിപാ ടികളും ലോകബാങ്കിന്റെ വിദ്യാഭ്യാസപരമായ സാമ്പത്തിക സഹായങ്ങളും സർവ്വകലാശാലകളുടെ മതേതര-ശാസ്ത്രീയ-ജനാധിപത്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ പൂർണ്ണമായും ഇല്ലാതാക്കുന്ന പ്രവർത്തനങ്ങളിലേക്കു നയിക്കുകയാണ്. അതിന്റെ പരിണിതഫലങ്ങളെപ്പറ്റി നമ്മുടെ ജനാധി പത്യ സമൂഹത്തെ ബോധവൽക്കരിക്കുകയും അതിനെതിരായ പ്രവർത്ത

നങ്ങൾക്കു സജ്ജമാക്കുകയും ഇന്നൊരാവശ്യമാണ്.

പൊതുവിദ്യാഭ്യാസത്തെ വാണിജ്യാത്മകമായി സ്വകാര്യവൽക്കരിക്കാനും വിദ്യാഭ്യാസത്തിന്റെ ഉത്തരവാദത്തിൽ നിന്നും ഗവണ്മെന്റ് സ്വയം പിന്മാറുവാനുമുള്ള ഒരു നയത്തെ രൂപപ്പെടുത്തിയാണ് യു.പി.എ തങ്ങളുടെ ഭരണം അവസാനിപ്പിച്ചത്. അതിന്നിടയിലെ നയപരിപാടികളും പരിഷ്കരണങ്ങളും പ്രത്യേകം പരിശോധിക്കേണ്ടതുണ്ട്.

അമേരിക്കൻ സാമ്രാജ്യത്വ മേൽക്കോയ്മയുള്ള ഒരു പുതിയ ലോകക്രമത്തിന്നു വേണ്ടി ലോകരാഷ്ട്രങ്ങളെ സജ്ജമാക്കുന്ന പ്രക്രിയയിൽ 1990 ൽ ഇന്ത്യ പങ്കാളിയാകുന്നു. ആഗോളവൽക്കരണം, ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം എന്നീ മുദ്രാവാക്യങ്ങൾ എങ്ങും പ്രതിധ്വനിക്കപ്പെട്ടു. ഫ്രഞ്ചുവിപ്ലവത്തിന്റെ ലിബർട്ടി, ഇക്വാലിറ്റി, ഫ്രറ്റേർണിറ്റിക്കു പകരം വെക്കുന്ന ത്രിതത്വങ്ങൾ. ലോകബാങ്കും, ഐ.എം.എഫും തങ്ങളുടെ സഹായത്തിലൂടെ ഘടനാപരമായ മാറ്റങ്ങൾക്കു നേതൃത്വം നൽകുന്നു. ഈ പശ്ചാത്തലത്തിൽ 1995 ൽ ലോകബാങ്കിന്റെ പഠനമായ ഇന്ത്യയിലെ പ്രാഥമിക വിദ്യാഭ്യാസത്തെ അടിസ്ഥാനമാക്കി ഘടനാപരമായ മാറ്റത്തിലേക്ക് നമ്മൾ നീങ്ങുന്നു. അതിന്റെ ഫലമായി 1997 മുതൽ ഡി.പി.ഇ.പി. എന്ന പ്രാഥമിക വിദ്യാഭ്യാസരേഖ കേന്ദ്രഗവണ്മെന്റ് നടപ്പിലാക്കുന്നു.

കടം വാങ്ങുന്ന രാഷ്ട്രങ്ങൾക്ക് ലോകബാങ്ക് തങ്ങളുടെ നിയമങ്ങൾ കരാറിലാക്കുന്നത് ഈ വിധമാണ്. വ്യാപാരനിയന്ത്രണങ്ങൾ നീക്കുക, നാണയ വിനിമയ നിരക്ക് കുറക്കുക, പൊതുജനസേവന ചെലവുകൾ കുറക്കുക, കടം വാങ്ങി കടം വീട്ടൽ തുടരുക, സ്വകാര്യവത്ക്കരണം നടപ്പിലാക്കുക, നിർദേശ മൂലധനം ക്ഷണിക്കുക, യഥാർത്ഥ കൂലി കുറക്കുക, സ്വകാര്യ സംരംഭം പ്രോത്സാഹിപ്പിക്കുക.

ആഗോളവല്ക്കരണത്തിന്നു കീഴിൽ ആഗോള മൂലധന ശക്തികളും ഇന്ത്യൻ മുതലാളിത്തവർഗ്ഗവും വിദ്യാഭ്യാസ രംഗത്തിൽ ഇടപെടുകയാണുണ്ടായത്. 2000 ൽ മുകേഷ് അംബാനി, കുമാർ മംഗലം ബിർള എന്നിവർ ബി.ജെ.പി. സർക്കാരിന്നു സമർപ്പിച്ച റിപ്പോർട്ട് പ്രകാരം മാനവിക വിഷയങ്ങളില്ലാത്ത തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്നു പ്രാധാന്യം നല്കി. പല ഡീംഡ് സർവ്വകലാശാലകളും ഈ പശ്ചാത്തലത്തിൽ ഉയർന്നുവന്നു. എഡ്യുക്കേഷനൽ ഇൻഡസ്ട്രിയലിസ്റ്റ് എന്ന ഒരു പുതിയ പദവി പല വാഴക്കൃഷിക്കാരും സ്വീകരിച്ചു. ഈ പരിപാടികൾ അരാഷ്ട്രീയവല്ക്കരണം അടക്കം 2009 ൽ യശ്പാൽ കമ്മീഷനടക്കം വാണിജ്യവല്ക്കരണം ത്വരിതപ്പെടുത്തി. ഇതിന്നിടയിൽ 14 വയസ്സുവരെ നിർബന്ധ സൗജന്യ വിദ്യാഭ്യാസത്തിന്നു പകരം ഡി.പി.ഇ.പി യുടെ തുടർച്ചയായ സർവ്വശിക്ഷാ അഭിയാൻ പദ്ധതിയും നടപ്പിലാക്കപ്പെട്ടു. കാരണം നിർബന്ധ സൗജന്യ വിദ്യാഭ്യാസത്തിന്നാവശ്യമായ 35 ലക്ഷം അധ്യാപകരെ നിയമിക്കുവാൻ സ്റ്റേറ്റ് തയ്യാറായില്ലെന്നതുതന്നെ.

ഇന്ന് 2013 ൽ മൂന്നാമത്തെ നയരേഖയായ സൗരാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ റൂസയിലേക്ക് നീങ്ങുമ്പോൾ സർവ്വകലാശാലകളുടെ അന്ത്യം തന്നെ സംഭവിക്കുന്നു. വ്യവസ്ഥാപിതമായ കോഴ്സുകൾ, സ്ഥിരം അധ്യാപകർ, ജനാധിപത്യരീതിയിലെ മാനേജ്മെന്റ് , കോളേജുകളുടെ അഫിലിയേഷൻ എന്നിവ ഇല്ലാതാകുന്നു. ക്ലസ്റ്റർ കോളേജുകളുള്ള യൂനിവേഴ്സിറ്റികൾ, വിദേശ സർവ്വകലാശാലകളുടെ ആരംഭം, മാസ്സീവ് ഓൺലൈൻ കോഴ്സുകൾ (മൂക്) എന്നിവ സർവ്വകലാശാലയുടെ സ്വഭാവം തന്നെ ഇല്ലാതാക്കുന്നു. ഇന്നുവരെ ഇന്ത്യൻ വിഭവം കൊണ്ടു രൂപപ്പെടുത്തിയ സർവ്വകലാശാലകളെ ഉപയോഗപ്പെടുത്തി വിദേശ സർവ്വകലാശാലകൾക്ക് നല്കുന്ന അവസരം ഇന്ത്യൻ വിഭവങ്ങളെ കൊള്ളചെയ്യുന്നതിന്നുള്ള അവസരം സൃഷ്ടിക്കുകയാണ്.

കൂടാതെ ഏതുവിധം വിഷയങ്ങളാണ് പഠിപ്പിക്കുന്നതെന്നുള്ള കാര്യം ഏകാധിപത്യരീതിയിൽ മാനേജ്മെന്റുകൾക്കു തീരുമാനിക്കുവാനുള്ള സ്വതന്ത്ര യൂനിവേഴ്സിറ്റികളും സ്വതന്ത്ര സർവ്വകലാശാലകളും ഇന്ത്യൻ ദേശീയത നേരിടാൻ പോകുന്ന പുതിയ വെല്ലുവിളികളാണ്. സി.ബി.എസ്.സി യുടെ ചരിത്രപരമായ പദ്ധതി ബിബൻചന്ദ്ര കമ്മീഷൻ പാർലമെന്റിന്നുവേണ്ടി പരിശോധിച്ചപ്പോൾ ഗുജറാത്തിന്റെ പഠനസാമഗ്രികൾ അത്യന്തം വർഗ്ഗീയത നിറഞ്ഞതാണെന്നു കാണാൻ കഴിഞ്ഞിരുന്നു. ആ തലമുറയാണ് പിന്നീട് വർഗീയ കലാപത്തിലേക്ക് നീങ്ങിയത്. ഒരവസരം ജ്യോതിഷം പാഠ്യപദ്ധതിയിലേക്കു പ്രവേശിക്കാൻ പരിശ്രമിച്ചിരുന്നു. ഇന്നു യോഗ പ്രവേശിച്ചുകഴിഞ്ഞു. അതുപോലെ ഇന്ത്യൻ പൈതൃകം ഹിന്ദുത്വപരമാണെന്നും എല്ലാ ശാസ്ത്രതത്വങ്ങളും അത് കണ്ടെത്തിയിരുന്നുവെന്നും മറ്റുമുള്ള വിഷയങ്ങളെ പഠിപ്പിക്കുന്ന പദ്ധതികളും നടപ്പക്കാൻ കഴിഞ്ഞേക്കാം.

വിദേശ മൂലധനശക്തികളെ ക്ഷണിച്ചുകൊണ്ടുള്ള രാജ്യാന്തര വിദ്യാഭ്യാസ സമ്മേളനം പോലും കേരളത്തിൽ നടന്നുകഴിഞ്ഞു. മാർക്കറ്റിന്നാവശ്യമുള്ള കോഴ്സുകൾ മാത്രം സർവ്വകലാശാലകളിലും, മറ്റു പാഠ്യപദ്ധതികളിലും നടത്തിവരുമ്പോൾ സംസ്കാരം, ഭാഷ, സാഹിത്യം, ചരിത്രം എല്ലാം വിസ്മരിക്കപ്പെടുന്നു. അവ പ്രചരിപ്പിക്കുവാനുള്ള സ്വതന്ത്ര വേദികളും നഷ്ടപ്പെടുന്നു.

അറിഞ്ഞു കഴിഞ്ഞ വിജ്ഞാനത്തിന്റെയും അറിയപ്പെടാത്ത വിജ്ഞാനത്തിന്റെയും മധ്യത്തിലുള്ള മേഖലകളിലാണ് ഒരു സർവ്വകലാശാലയുടെ ഗവേഷണവും പ്രചാരണവും നടക്കേണ്ടത്. എന്നാൽ സർവ്വകലാശാലകൾ വെറും തൊഴിൽ പഠനകേന്ദ്രങ്ങളാകുമ്പോൾ അന്താരാഷ്ട്ര കോർപ്പറേറ്റുകൾക്കാവശ്യമായ ധിഷണാശക്തി രൂപപ്പെടുത്തുന്ന കേന്ദ്രങ്ങളായി അവ രൂപാന്തരപ്പെടുന്നു. ആ രീതി പഴയ കൊളോണിയൽ ലക്ഷ്യം തന്നെയാണ് നടപ്പിലാക്കുന്നത്. വിദ്യാഭ്യാസം വെറും തൊഴിലിന്നു മാത്രമല്ല.

ജൈവ ബുദ്ധിജീവികളെ വാർത്തെടുക്കാൻ സമൂഹത്തിന്നു കഴിയുന്നത് അതിന്റെ വിദ്യാഭ്യാസത്തിലൂടെ മാത്രമാണ്. പഠിതാവ് കൺസ്യൂമറോ, ക്ലയിന്റോ എന്നുള്ള വിവാദം നടക്കുമ്പോൾ അതു രണ്ടുമല്ലെന്നതാണ് യാഥാർത്ഥ്യം. അവർ ഭാവിപൗരനും ഒരു മനുഷ്യനുമാണ്. ഫാക്ടറിയിലെ യാന്ത്രിക മനുഷ്യനുമല്ല. 2016 ലെ പുതിയ വിദ്യാഭ്യാസ നയരേഖ ആഗോള കമ്പോളത്തിലേക്കാണ് നമ്മെ എത്തിക്കുന്നത്.

# വിമോചനസമരത്തിന്റെ ചളിപ്പാടങ്ങൾ

**കേ**രളത്തിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടത്തിനെതിരായി 1959 ൽ നടന്ന വിമോചനസമരത്തിന്റെ ശ്രദ്ധേയമായ ഒരു പഠനം ഡോ: തോമസ് ഐസക് നിർവഹിച്ചിരിക്കുന്ന അവസരത്തിൽ ആ സമരത്തിന്റെ അടിസ്ഥാനപരമായ ആശയങ്ങളിലേക്ക് ഒരു വിഹഗവീക്ഷണം നടത്തുന്നത് അനുചിതമാവില്ല. കേരളത്തിന്റെ ആധുനികവൽക്കരണത്തിനും അടിസ്ഥാനപരമായ സാമൂഹ്യമാറ്റത്തിനും ഈ ഭരണകൂടം നൽകിയ സേവനത്തെ വിലയിരുത്തുമ്പോഴും വിമോചനസമരത്തിന്റെ പ്രത്യയശാസ്ത്രപരമായ അടിസ്ഥാനപ്രശ്നങ്ങളിലേക്കു കടന്നുചെല്ലുവാൻ ക്രിസ്റ്റോഫർ ലിട്ടൺ തുടങ്ങിയ ഗവേഷകർക്ക് വേണ്ടത്ര കഴിഞ്ഞിരുന്നില്ല. ഇത്തരം ന്യൂനതകൾ പരിഹരിച്ചുകൊണ്ട്, കമ്മ്യൂണിസ്റ്റ് വിരുദ്ധ ആശയങ്ങളുടെ പ്രായോഗികമായ ഒരു പ്രവർത്തന പദ്ധതിക്ക് സിഐഎ തുടങ്ങിയ അന്താരാഷ്ട്രസംഘടനകളും എം.ആർ.എ പോലുള്ള ധാർമിക സാമൂഹ്യ സംഘടനകളും നൽകിയ നേതൃത്വം ഡോ: ഐസക്കിന്റെ ഗവേഷണ പഠനങ്ങൾ കൂടുതൽ വ്യക്തമാക്കുവാൻ ഉപകരിക്കുന്നു.

എന്നാൽ ഈ സമരങ്ങളുടെ അടിവേരുകൾ പ്രത്യയശാസ്ത്രപരമായ ഏറ്റുമുട്ടലിന്റെയും അന്ന് നിലനിന്നിരുന്ന ഇന്ത്യൻ വ്യവസ്ഥിതിയുടെയും പശ്ചാത്തലത്തിൽ വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. അത്തരത്തിൽ വിശകലനം ചെയ്യുമ്പോൾ വലതുപക്ഷത്തിന്റെ ലിബറൽ ലെയ്സെഫെയർ ആശയങ്ങളും മാർക്സിസം-ലെനിനിസത്തിന്റെ ഭരണഘടനാനുസൃതമായ പ്രവർത്തനവും ഏറ്റുമുട്ടുന്ന ഒരു സ്ഥിതിവിശേഷമാണ് കേരളത്തിൽ നിലനിന്നത്.

കൊളോണിയൽ ഭരണംതന്നെ കമ്മ്യൂണിസ്റ്റ് ആശയങ്ങളും പ്രവർത്തനങ്ങളും 1942 വരെ ഇന്ത്യയിൽ അടിച്ചമർത്തുകയുണ്ടായി. അഖിലേന്ത്യാ കിസാൻ സംഘടന, കോൺഗ്രസ്-സോഷ്യലിസ്റ്റ് പാർട്ടി, ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ എന്നിവ വഴിയായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ലിബറൽ-മുതലാളിത്ത ആശയങ്ങളിൽ നിന്നും വ്യത്യസ്തമായി കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെ പ്രചാരണം. പരമ്പരാഗതമായി ഇന്ത്യയിൽ അധികാരം കൈയാളിയിരുന്ന ഭൂപ്രഭുത്വവും ജന്മിത്വവും കിസാൻ സംഘ

ടയുടെയും മറ്റു തൊഴിൽ സംഘടനകളുടെയും പ്രവർത്തനങ്ങൾ ഭയപ്പെട്ടിരുന്നു. കൊളോണിയൽ ഭരണാധികാരികളോടൊപ്പം ഈ തദ്ദേശീയ അധികാരിവർഗ്ഗവും ഇന്ത്യയിൽ നിരന്തരം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് എതിരായി പ്രവർത്തിച്ചു, ബുദ്ധിജീവികളിൽ ഒരു വിഭാഗം ഈ ഇടതുപക്ഷ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തപ്പോൾ മറ്റൊരു വിഭാഗം ഗാന്ധിയൻ ആശയങ്ങളും നാഷണൽ കോൺഗ്രസ്സിന്റെ പ്രത്യയശാസ്ത്രവും പ്രചരിപ്പിച്ചുവന്നു. കയ്യൂർ, കരിവെള്ളൂർ തുടങ്ങിയ കേരളത്തിലെ ദേശീയ പ്രസ്ഥാനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾപോലും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി കാണുവാൻ ഈ ബുദ്ധിജീവികൾക്കു കഴിഞ്ഞിരുന്നില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദേശീയ പ്രസ്ഥാനത്തിന്റെ അവകാശികളായി കമ്മ്യൂണിസ്റ്റുകാരെ കാണുവാൻ വലതുപക്ഷത്തിനും അവരുടെ പാർശ്വവർത്തികൾക്കും കഴിഞ്ഞിരുന്നില്ല. പുന്നപ്ര-വയലാർ തുടങ്ങിയ സമരങ്ങൾ ആശയപരമായി വലതുപക്ഷം അവഗണിക്കുകയും ചെയ്തു.

ഇന്ത്യയിൽ ക്വിറ്റിന്ത്യാ സമരം നടക്കുമ്പോൾ ഒരു തന്ത്രമെന്ന നിലയിൽ ഫാസിസ്റ്റ് ആശയങ്ങളെ നേരിടാൻ ഒരവസരത്തിൽ കമ്മ്യൂണിസ്റ്റുകാർക്ക് ബ്രിട്ടീഷ് സാമ്രാജ്യത്വവുമായി സഹകരിക്കേണ്ടിവന്നു. എന്നാൽ ഈ അവസരത്തിലും അവർ ഏറ്റവും വലിയ സാമ്രാജ്യവിരോധികളാണെന്നും അവരെ വിശ്വസിക്കരുതെന്നും ബ്രിട്ടീഷുരേഖകൾ തന്നെ വിളിച്ചുപറയുന്നു. തെലുങ്കാനാ സായുധ സമരവും മലബാറിലെയും മറ്റു പ്രദേശങ്ങളിലെയും കലാപവും ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ നിരോധിക്കുവാനുള്ള നടപടികൾ സൃഷ്ടിക്കുകയുണ്ടായി. ഭൂപരിഷ്കരണം, കൃഷിഭൂമി കൃഷിക്കാരന് തുടങ്ങിയ കമ്മ്യൂണിസ്റ്റ് ആശയങ്ങളെ ഭൂപ്രഭുത്വവുമായി ബന്ധമുള്ള അധികാരിവർഗം അത്യന്തം ഭയപ്പെട്ടു. കാരണം ഭൂമി അധികാരത്തിന്റെ കുത്തക കൂടി കൈയാളുന്ന ഒന്നായതിനാൽ പരമ്പരാഗത അധികാരിവർഗം ഭൂപരിഷ്കരണത്തിന്, എപ്പോഴും എതിരായിരുന്നു. ഇന്ത്യാ ഗവണ്മെന്റ് കമ്മ്യൂണിസ്റ്റുകാർക്കെതിരായി സ്വീകരിക്കുന്ന നടപടികളെല്ലാം അന്താരാഷ്ട്രതലത്തിൽ യു.എസ് തുടങ്ങിയ ലോകരാഷ്ട്രങ്ങൾ അനുകൂലിക്കുന്ന വസ്തുതകൾ ഹോം ഡിപ്പാർട്ട്മെന്റ് രേഖകളിൽ കാണാവുന്നതാണ്. കമ്മ്യൂണിസ്റ്റ് പാർട്ടി ഭരണഘടനാപരമായി പ്രവർത്തിക്കാനും 1952 ലെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുവാനും തീരുമാനിച്ചപ്പോൾ, ഇന്ത്യയിലെ ശക്തമായ ഒരു പാർലമെന്ററി ഇടതുപക്ഷ പ്രസ്ഥാനം രൂപപ്പെടുകയും ചെയ്തു. തുടർന്ന് കേരളത്തിൽ ഭൂപരിഷ്കരണം, ഫ്യൂഡൽ ബന്ധങ്ങളുടെ നിരാകരണം, കർഷകത്തൊഴിലാളികളുടെ ക്ഷേമം തുടങ്ങിയ മേഖലകളിൽ കമ്മ്യൂണിസ്റ്റുകാർ പ്രവർത്തിച്ചുവന്നു. ഐക്യകേരളത്തിൽ ആദ്യമായി 1957 ൽ കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്ന പശ്ചാത്തലം ഇതായിരുന്നു.

അവർ അധികാരത്തിൽ വരുമ്പോഴും മുപ്പത്തിയഞ്ചു ശതമാനം വോട്ടുകൾ മാത്രമാണ് നേടിയിരുന്നത്. കോൺഗ്രസ്സ്, സോഷ്യലിസ്റ്റുകാർ, ലീഗ് തുടങ്ങിയ പാർട്ടികൾ, എന്തിന് റവല്യൂഷനറി സോഷ്യലിസ്റ്റ് പാർട്ടിയടക്കം പ്രത്യേകം സ്ഥാനാർത്ഥികളെ നിർത്തി മത്സരിച്ചതിനാൽ വലതുപക്ഷ വോട്ടുകൾ ഭിന്നിക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നപ്പോഴും കേരളീയ സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലം കമ്മ്യൂണിസ്റ്റുകാർക്കനുകൂലമായിരുന്നില്ല. കൂടാതെ സംഘടിതമായ കാത്തലിക് പള്ളികളും മറ്റു മതമേധാവികളും നിരീശ്വരവാദികളുടെ പ്രസ്ഥാനമെന്ന നിലയിൽ ആശയപരമായി കമ്മ്യൂണിസത്തെ ഉൾക്കൊണ്ടിരുന്നില്ല. അന്ന് ആഗോളതലത്തിൽ ലിബറേഷൻ തിയോളജി ശക്തിപ്രാപിച്ചിരുന്നില്ലതാനും. കേരളത്തിലെ പ്രമുഖ പത്രങ്ങളും മാസികകളും കമ്മ്യൂണിസ്റ്റ് വിരുദ്ധ ആശയങ്ങളെ പ്രചരിപ്പിക്കുന്നവയായിരുന്നു. ഇത്തരം പശ്ചാത്തലത്തിൽ ഭൂബന്ധങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ മേഖലകൾ തുടങ്ങിയ രംഗങ്ങളിൽ ഈ ഗവണ്മെന്റ് നടപ്പിലാക്കിയ ശക്തമായ നയങ്ങൾ പരമ്പരാഗത അധികാരവർഗങ്ങൾക്ക് ഒരിക്കലും സ്വീകാര്യമായിരുന്നില്ല. കുടിയായ്മ ഒഴിപ്പിക്കൽ നിരോധന ഓർഡിനൻസ് പഴയ വർഗബന്ധങ്ങളെ കീഴ്മേൽ മറിച്ചു. പരമ്പരാഗത വർഗങ്ങളുടെ അധികാരം ലോപിക്കപ്പെടുന്ന ഒരു സ്ഥിതിവിശേഷം ഗ്രാമങ്ങളിലുടലെടുത്തപ്പോൾ അവിടങ്ങളിൽ സെൽഭരണമാണെന്ന മുറവിളി ഉയർത്തുവാൻ ഈ വർഗങ്ങൾക്ക് കഴിഞ്ഞു.

കേരളത്തിലെ കോൺഗ്രസ്സ് രാഷ്ട്രീയത്തിന് ഈ പ്രവർത്തനങ്ങൾ തിരിച്ചടിയായി. അവിരെ സംബന്ധിച്ച് ഭരണഘടനയുടെ ചട്ടങ്ങളിൽ പ്രവർത്തിക്കുന്നവരെ തള്ളിക്കളയുവാനും സ്വീകരിക്കുവാനും കഴിയാത്ത ഒരു സ്ഥിതിയാണുണ്ടായത്. ഒരു പഴയ സോഷ്യലിസ്റ്റ് അനുഭാവി കൂടിയായ ജവഹർലാൽ നെഹ്റുവിന്റെ കേന്ദ്രനേതൃത്വത്തിന് പ്രത്യക്ഷത്തിൽ ഈ ഭരണത്തിന്നെതിരായി ഒരു നീക്കം സാധ്യമായിരുന്നില്ലതാനും. ആഗോളതലത്തിൽ ജനാധിപത്യത്തിന്റെ വക്താവെന്ന നിലയിലുള്ള തന്റെ പ്രശസ്തിയെ കളങ്കപ്പെടുത്തുവാൻ അദ്ദേഹം തയ്യാറായിരുന്നില്ല.

ഭരണകൂടത്തിന്റെ ഭൂപരിഷ്കരണം, വിദ്യാഭ്യാസ നയപരിഷ്കരണം, തൊഴിൽബന്ധങ്ങൾ തുടങ്ങിയവ അധികാരകേന്ദ്രങ്ങളെയും മധ്യവർഗങ്ങളെയും കൂടുതൽ ആശങ്കാകുലരാക്കി. പരമ്പരാഗത ബ്യൂറോക്രസി, പൊലീസ് തുടങ്ങിയവയുൾക്കൊള്ളുന്ന ഭരണയന്ത്രത്തിന് പുതിയ ഭരണാധികാരികളുടെ കാര്യങ്ങളിലുള്ള ജനകീയ സമീപനം, ലാളിത്യം, ജനസമ്പർക്കം തുടങ്ങിയ പുതിയ ആശയങ്ങൾ ഉൾക്കൊള്ളുവാൻ കഴിഞ്ഞിരുന്നില്ല.

ഈ സ്ഥിതിയിൽ ഈ ഭരണത്തിൽ നിന്നുമുള്ള മോചനം എന്ന ആശയത്തിന് വലത് സംഘടിത പ്രസ്ഥാനങ്ങൾ നേതൃത്വം കൊടുത്തു. വിമോചനസമരം ആരംഭിച്ച ആശയപശ്ചാത്തലം ഇതായിരുന്നു. ജാതി, മത, വർഗ

വിഭാഗങ്ങളെയെല്ലാം കമ്മ്യൂണിസ്റ്റ് വിരുദ്ധ ആശയത്തിന്റെ കീഴിൽ സംഘടിപ്പിക്കാനും അവർക്ക് കഴിഞ്ഞു. ആശയ പ്രചാരണത്തിന്, യഥാർത്ഥ്യവുമായി പുലബന്ധം പോലുമില്ലാത്ത കാര്യങ്ങൾ നുണകളായി പ്രചരിപ്പിക്കാൻ പത്രങ്ങൾ തയ്യാറായി. പള്ളിമേധാവികളും ജാതിസംഘടനകളുടെ നേതൃത്വവും രാഷ്ട്രീയ പ്രസ്ഥാനങ്ങളും പ്രത്യേക ക്രിസ്റ്റോഫർ സംഘടനകളും ഒരു പ്രത്യക്ഷ സമരത്തിൽ പങ്കെടുത്തു. കൂടാതെ 1957 മുതൽ തന്നെ കേരളത്തിൽ പ്രവർത്തിച്ചിരുന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധ സംഘടനകളും ബുദ്ധിജീവികളിൽ നിന്നുള്ള പ്രത്യേക വിഭാഗവും എല്ലാം ഇത്തരം ഒരു വിമോചന സമരത്തിൽ പങ്കാളികളായി. കേരളത്തിൽ അവരുടെ സജീവ സാന്നിധ്യമുറപ്പിച്ചു.

ഇവരുടെ പ്രവർത്തനരീതി പ്രത്യേകിച്ചും ക്വിറ്റിന്ത്യാ സമരത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്, സോഷ്യലിസ്റ്റുകാർ തുടങ്ങിയവർ നടപ്പിലാക്കിയ പദ്ധതികളായിരുന്നു. അക്രമങ്ങളും ജയിൽ നിറക്കലും പോലീസ് സ്റ്റേഷൻ കൊള്ളചെയ്യലും വിദ്യാർത്ഥികളുടെ സ്കൂൾ ബഹിഷ്കരണവും സ്ത്രീകളുടെ കൂട്ടുപങ്കാളിത്തവും പ്രവർത്തന പദ്ധതികളാക്കി അവർ സ്വീകരിച്ചു. കൂടാതെ 1959 ആഗസ്ത് 9 നെ അഥവാ ക്വിറ്റിന്ത്യാ ദിനത്തെ 'പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക' എന്ന ലക്ഷ്യവുമായി വിമോചന സമരത്തിന്റെ അന്ത്യദിനമായിട്ടാണ് മന്നത്ത് പത്മനാഭനും മറ്റും പ്രഖ്യാപിച്ചത്. ഇന്ന് മാധ്യമ സിൻഡിക്കേറ്റ് എന്നു പറയുന്നതുപോലെ അവിശുദ്ധമായ കൂട്ടുകെട്ടുകളിലൂടെ അന്ന് പത്രങ്ങൾ വിമോചനസമരത്തെ പിന്തുണച്ചു. പോലീസ് വെടിവെപ്പുകളുടെയും കൂട്ടമരണങ്ങളുടെയും വാർത്തകൾ വളച്ചൊടിച്ചാണ് പ്രചരിപ്പിച്ചത്. എല്ലാ റിപ്പോർട്ടുകളും ഗവണ്മെന്റിനെ ആക്രമിക്കുന്ന തരത്തിലുള്ളവയായിരുന്നു. നിയമസമാധാനം ഇല്ലാതായി കഴിഞ്ഞുവെന്ന നിലയിൽ വാർത്തകൾ പ്രചരിപ്പിച്ചുവന്നു. കോൺഗ്രസ്സുകാർ, സോഷ്യലിസ്റ്റുകാർ തുടങ്ങിയ പാർട്ടികൾ തന്നെ കേന്ദ്രഗവണ്മെന്റിന് കമ്മ്യൂണിസ്റ്റ്കാർക്കെതിരായ തങ്ങളുടെ കുറ്റപത്രം സമർപ്പിച്ചു.

ക്വിറ്റിന്ത്യാ സമരത്തിൽ ഒരവസരം പാളിപ്പോയ സമരത്തെ പുനരുജ്ജീവിപ്പിച്ചത് വിദ്യാർത്ഥി പ്രക്ഷോഭങ്ങളായിരുന്നു. വിമോചന സമരത്തിലും വിദ്യാർത്ഥികൾ കൂട്ടം കൂട്ടമായി പങ്കെടുത്തു. സ്ത്രീകളുടെ പങ്കാളിത്തവും സജീവമായിരുന്നു. അഡ്വക്കറ്റുമാരുടെ സംഘടനകളും മറ്റും സജീവമായി പങ്കെടുത്തു. സി.ഐ.എ.എം ആർ എ തുടങ്ങിയ വിദേശ സംഘടനകൾ മറ്റു പല രാജ്യങ്ങളിലും നടത്തിയ കമ്മ്യൂണിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾ പോലെ കേരളത്തിലും തങ്ങളുടെ പ്രവർത്തനങ്ങൾ പള്ളി, മിഷനറി സംഘടനകൾ, പത്രമാധ്യമങ്ങൾ എന്നിവയിലൂടെ അത്യന്തം ശക്തമാക്കി. സൗത്ത് ഏഷ്യയിൽ കമ്മ്യൂണിസത്തിന്റെ വളർച്ച തടയുവാൻ രണ്ടാം ലോകയുദ്ധത്തിനുശേഷം സി ഐ എ വളരെ തന്ത്രപൂർവ്വം പ്രവർത്തിച്ചുവന്നിരുന്നു. കമ്മ്യൂണിസ്റ്റുകാർക്കെതിരായി 1948ലും മറ്റും ഏറ്റവും വലിയ മർദന

നയങ്ങൾ അതാത് ഗവണ്മെന്റുകളെക്കൊണ്ട് നടപ്പിലാക്കുന്നതിൽ അവർ വഹിച്ച പങ്കാളിത്തം ശ്രദ്ധേയമാണ്.

ഇത്തരത്തിൽ വിശകലനം ചെയ്യുമ്പോൾ കേരളത്തിലെ വിമോചന സമരം പ്രത്യയശാസ്ത്രപരമായ ഒരേറ്റുമുട്ടലിന്റെ പൂർണവികാസ പരിണാമമായിരുന്നു. പലപ്പോഴും കായികമായ ഏറ്റുമുട്ടലുകളും നടപ്പിലാക്കി. ഡോ: എസ്.ഗോപാൽ, നെഹ്റുവിന്റെ ജീവചരിത്രത്തിൽ ഈ ഗവണ്മെന്റിനെ പിരിച്ചുവിടുകയല്ലാതെ അദ്ദേഹത്തിന് മറ്റൊരു വഴി ഉണ്ടായിരുന്നില്ലെന്ന് വിലയിരുത്തുന്നു. ജനാധിപത്യവിരുദ്ധമായ നടപടികൾ ഒരു വലിയ ജനാധിപത്യ പ്രസ്ഥാനമായ കോൺഗ്രസുതന്നെ നടപ്പിലാക്കി അതിനുവേണ്ടിയുള്ള അക്രമസമരങ്ങൾ അഴിച്ചുവിടുന്നതിനും നേതൃത്വം കൊടുത്തു. സാമ്പത്തികമായും മറ്റും ഈ പ്രവർത്തനങ്ങളിൽ വിദേശസഹായം സ്വീകരിച്ചിരുന്ന പള്ളി, മിഷനറി സംഘടനകളോടൊത്ത് തോളുരുമ്മി അവർ പ്രവർത്തിക്കുകയും ചെയ്തു. ക്വിറ്റിന്ത്യാ പ്രസ്ഥാനത്തിന്റെ പ്രവർത്തന പദ്ധതികൾ തെരഞ്ഞെടുക്കപ്പെട്ട ഒരു ഗവണ്മെന്റിന്റെ നേരെ സ്വീകരിക്കുകയും ചെയ്തു.

ഇതെല്ലാംതന്നെ മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തെ ഭരണതലത്തിലും മറ്റു രംഗങ്ങളിലും പരാജയപ്പെടുത്തുകയെന്ന ഏകലക്ഷ്യം വെച്ചുകൊണ്ടും പരമ്പരാഗത അധികാരകേന്ദ്രങ്ങൾ അതേവിധം നിലനിർത്താനും വേണ്ടിയായിരുന്നു. കേരളത്തിൽ ഇന്നും വിമോചന സമരത്തിന്റെ തുടർച്ചയായ ഇടതു വലതു പക്ഷങ്ങളുടെ പ്രത്യക്ഷമായ ധ്രുവീകരണം നിലനിൽക്കുന്നു. ഇടതുപക്ഷത്തെ ഏതെല്ലാം വിധത്തിൽ ശിഥിലപ്പെടുത്തുവാൻ കഴിയുമോയെന്ന് എല്ലാ തലത്തിലും വലതുപക്ഷം പരീക്ഷണം നടത്തിക്കൊണ്ടിരിക്കുന്നു. മാധ്യമ സിൻഡിക്കേറ്റുകൾ വിമോചനസമരഘട്ടത്തിലെന്ന പോലെ ഇന്നും പ്രത്യയശാസ്ത്രപരമായ ഏറ്റുമുട്ടലുകളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു. വർഗസമരത്തിന്റെ ശക്തമായ മറ്റൊരു രൂപമാണ് കേരളത്തിൽ നിലനിൽക്കുന്നത്. പഞ്ചായത്തുകളും സർവകലാശാലകളും, നിയമസഭയും എല്ലാം ഈ സമരങ്ങളുടെ വേദിയായി തീർന്നിരിക്കുന്നു. ഈ സമരങ്ങൾ ഇന്ന് സ്വാശ്രയവിദ്യാഭ്യാസം, ഭൂവിതരണം തുടങ്ങിയ അനേകം മേഖലകളിലേക്ക് കൂടി വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ ആശാവഹമായ ഒരു സ്ഥിതിവിശേഷം ഇടതുപക്ഷത്തെ സംബന്ധിച്ച് ഇന്ന് പറയാവുന്നത് അതിന്റെ പ്രത്യയശാസ്ത്രം മധ്യവർഗങ്ങളിലേക്കും ദളിത പാർശ്വവൽകൃത സമൂഹങ്ങളിലേക്കും ന്യൂനപക്ഷ സമുദായങ്ങളിലേക്കും തൊഴിലാളികളുടെ മറ്റു വിഭാഗങ്ങളിലേക്കും വ്യാപനം ചെയ്തിരിക്കുന്നുവെന്നുള്ളതാണ്. ഇന്നത്തെ കേരളം 1950 കളിലേതല്ല. അതുപോലെതന്നെ കേന്ദ്രഭരണവും.

ഡോ. കെ.കെ.എൻ. കുറുപ്പ്

# പ്രവാസി - ഇടതുപക്ഷ ഗവണ്മെന്റ് എന്തു ചെയ്യണം.

മറ്റു പ്രവാസികളിൽ നിന്നും വ്യത്യസ്തമായ ഒരു മലയാളി സമൂഹമാണ് ഗൾഫ് നാടുകളിൽ ജീവിച്ചു വരുന്നത്. യൂറോപ്പ്, യു.എസ്സ്., കാനഡ, ആസ്ട്രേലിയ തുടങ്ങിയ പാശ്ചാത്യരാജ്യങ്ങളിലെ മലയാളികളായ പ്രവാസികൾ പൂർണ്ണമായും വിദ്യാഭ്യാസവും സാങ്കേതിക പരിജ്ഞാനവും മോശമല്ലാത്ത കുടുംബ പശ്ചാത്തലവുമുള്ളവരാണെന്ന് സാമാന്യമായി പറയാൻ കഴിയും. എന്നാൽ ഗൾഫ് പ്രവാസികൾ ഭൂരിപക്ഷവും വിദ്യാഭ്യാസം നേടാത്ത തൊഴിലാളികളും ഇവിടുത്തെ സാമൂഹ്യ വ്യവസ്ഥിതിയിൽ പാപ്പരീകരിക്കപ്പെട്ടവരുമാണ്. ജീവിക്കാൻ ഇവിടെ ഒരു ചെറിയ തൊഴിലെങ്കിലുമുണ്ടായിരുന്നെങ്കിൽ ഗൾഫിലേക്ക് പോകുകയില്ലായിരുന്നുവെന്ന് പറയുന്നവരുമാണ് അവർ.

തൊഴിലന്വേഷിച്ചും തൊഴിലാളികളായും ഗൾഫിൽ എത്തുന്ന ഈ വിഭാഗക്കാരുടെ ക്ഷേമത്തിനു ഇന്നു സമഗ്രമായ നിയമസംവിധാനം ഇല്ലെന്നു പറയാം. ഗൾഫ് നാടുകളുമായി ഇന്ത്യാ ഗവണ്മെന്റിനു സ്ഥിരമായ ഒരു നയം ഇല്ലെന്ന കാര്യം ഒരു യാഥാർത്ഥ്യമാണ്. അവിടെ ദിനംതോറും മാറി വരുന്ന തൊഴിൽ നിയമങ്ങളിൽ ഉഭയകക്ഷി ചർച്ചയോടെ നമ്മുടെ പ്രവാസികൾക്ക് ഗുണകരമായ മാറ്റങ്ങൾ വരുത്തിക്കാൻ ഗവണ്മെന്റിനു കഴിയുന്നില്ല.

ബംഗ്ലാദേശ്, പാക്കിസ്ഥാൻ, നേപ്പാൾ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള തൊഴിലാളികൾ മത്സരിച്ചുകൊണ്ട് ചുരുങ്ങിയ വേതനത്തിനു ജോലിചെയ്യുവാനെത്തുന്ന സ്ഥിതി ഇന്ത്യക്കാരെ വളരെ പ്രതികൂലമായി ബാധിക്കുന്നു. സിംഗപ്പൂരിലും മറ്റും നിലവിലുള്ള പോലെ നിർവചിക്കപ്പെട്ട തൊഴിൽ നിയമങ്ങൾ ഗൾഫ് നാടുകളിൽ നടപ്പിൽ വരുത്തുവാൻ ഒരു ഗൾഫ് നയം സ്വീകരിച്ചുകൊണ്ട് മാത്രമേ ഗവണ്മെന്റിനു സ്വാധീനം ചെലുത്തുവാൻ കഴിയുകയുള്ളൂ.

ഗൾഫ് നാടുകളിലേക്ക് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുവാനും അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനും ഗവണ്മെന്റിന്റെ തന്നെ ശക്തമായ

ഒരു ഏജൻസി ആവശ്യമാണ്. ഏജൻസിയുടെ പ്രവർത്തനം ശക്തമാക്കുവാനുള്ള പ്രവർത്തനം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഈ മേഖലയിൽ തൊഴിൽ നേടിയവർക്കും അന്വേഷകർക്കും ചുരുങ്ങിയ പലിശക്ക് ആവശ്യമായ കടം നൽകുവാനുള്ള ബാങ്കിങ്ങ് സൗകര്യം നടപ്പിലാക്കുക ഒരു ആവശ്യമാണ്. എമിഗ്രേഷൻ ക്ലിയറൻസിനു ഇളവ് വരുത്തുവാൻ ഭൂസ്വത്തുക്കളും ആൾ ജാമ്യവും ഉപയോഗപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യേണ്ടതാണ്. വിദ്യാഭ്യാസ യോഗ്യത മാത്രം പരിഗണിച്ചുള്ള ഇന്നത്തെ രീതി വിവേചനമാണുണ്ടാക്കുന്നത്. സാധാരണക്കാരായ പ്രവാസികൾക്കുള്ള ഈ ചട്ടം അനേകം അസൗകര്യങ്ങളുണ്ടാക്കുന്നു.

ചെറുതും വലുതുമായ ഗൾഫ് മൂലധനം ഉപയോഗപ്പെടുത്തിക്കൊണ്ട് ഗൾഫിൽ നിന്നു തിരിച്ചുവരുന്നവർക്കും അവരുടെ ആശ്രിതർക്കും തൊഴിൽ നൽകുവാനുള്ള പുതിയ സംരംഭങ്ങൾക്ക് ഗവണ്മെന്റ് നേതൃത്വം നൽകേണ്ടിയിരിക്കുന്നു. അതിനാവശ്യമായ ഏജൻസികൾ സൃഷ്ടിക്കേണ്ടതാണ്. അന്താരാഷ്ട്ര ബാങ്കുകളിൽ നിന്നും സർവീസ് ചാർജ് നൽകി വൻ പലിശയോടെ കടം വാങ്ങുന്ന ഇന്നത്തെ നിലയിൽ ഗൾഫ് മൂലധനം ചെറിയ നിക്ഷേപകരിൽ നിന്നും മറ്റും സംഘടിപ്പിക്കുവാനുള്ള നേതൃത്വം ഇന്നിവിടെയില്ല. ഇത്തരത്തിൽ ഒരു സ്ഥാപനം കേരളത്തിൽ രൂപപ്പെടുത്തേണ്ടതുണ്ട്. ഇൻഡോ-ഗൾഫ് ബാങ്കിങ്ങ് എന്ന പ്രസ്തുത സംവിധാനം വളർത്തിയെടുത്തുകൊണ്ട് ഗൾഫ് മൂലധന നിക്ഷേപം രാജ്യത്തിന്റെ വികസനത്തിന് ഉപയോഗിക്കേണ്ടതാണ്.

എല്ലാ ഗവണ്മെന്റുകളും ഗൾഫ് മേഖലയിലേക്കുള്ള യാത്രാക്കൂലി കുറക്കുമെന്ന് പറയുന്നതല്ലാതെ കുറക്കുന്ന സംവിധാനം ഇന്നോളം സ്വീകരിച്ചിട്ടില്ല.

ഇതാകട്ടെ ഗൾഫ് പ്രവാസികളെ ഏറ്റവുമധികം പിഴിഞ്ഞെടുക്കുന്ന ഒരു രീതിയാണെന്നു കാണാം. എക്സ്പ്രസ്സ് സർവീസുകളുടെ പ്രവർത്തനം യാത്രാക്കൂലി കുറച്ചിട്ടുണ്ടെന്നുള്ള പ്രഖ്യാപനമല്ലാതെ ഫലത്തിൽ ആ കുറവ് സാധാരണ തൊഴിലാളി വിഭാഗത്തിനു ലഭിക്കുന്നില്ല. ഡബ്ല്യൂ.ടി.ഒ. കരാറുകൾ പ്രകാരം വ്യാപാര സ്ഥാപനങ്ങളും മറ്റും ഗൾഫിൽ തുടങ്ങുവാനുള്ള സർക്കാരിന്റെ അവകാശം ഉപയോഗപ്പെടുത്തുവാനുള്ള ഒരു പരിപാടി നടപ്പിലാക്കേണ്ടതാണ്. ഇതിനു കോ-ഓപ്പറേറ്റീവ് പ്രസ്ഥാനത്തെ കൂടുതൽ ശക്തമാക്കി പ്രയോഗിക്കുവാൻ കഴിയും. കേരളത്തിലെ വിഭവങ്ങൾ നേരിട്ട് ഗൾഫ് നാടുകളിൽ വ്യാപാരം നടത്തുന്ന ഡയറക്ട് സെല്ലിങ്ങ് ഏജൻസികൾ വളർത്തിയെടുക്കുവാൻ ഇത്തരം സ്ഥാപനങ്ങൾക്ക് കഴിയുന്നതാണ്. പച്ചക്കറികൾ, പഴങ്ങൾ, പൂക്കൾ തുടങ്ങിയ പ്രത്യേക വ്യാപാര മേഖലയ്ക്കുള്ള കേന്ദ്രീകൃത ഏജൻസിയും പ്രവർത്തനവും ആവശ്യമാണ്.

പ്രവാസികളുട ബന്ധുക്കൾക്കും സന്താനങ്ങൾക്കും ഉന്നത-സാങ്കേതിക

പൊതുവിദ്യാഭ്യാസത്തിനായി ഒരു ഇൻഡോ-അറബ് യൂനിവഴ്സിറ്റി രൂപീകരിക്കേണ്ടതും ആവശ്യമാണ്. ഇന്ന് ഗൾഫ് വിദ്യാഭ്യാസ മേഖല അമേരിക്കൻ-റഷ്യൻ-യൂറോപ്യൻ സർവ്വകലാശാലകൾ കീഴടക്കിക്കൊണ്ടിരിക്കുകയാണ്. അവിടെ ശാന്തമായ രീതിയിൽ ലാഭകരമായും ജനസേവനോപയുക്തമായും ഇടപെടാൻ നമുക്ക് കഴിയുന്നതാണ്. ഇത്തരത്തിൽ ഇടപെടാനുള്ള മാനുഷിക വിഭവശേഷി കേരളീയ സമൂഹത്തിനുണ്ടെങ്കിലും അതു പയോഗപ്പെടുത്തുവാനുള്ള സംവിധാനമില്ലെന്നതാണ് യാഥാർത്ഥ്യം. കോഴിക്കോട് സർവ്വകലാശാലയിൽ വൈസ് ചാൻസലറായിരിക്കെ ചില സംവിധാനങ്ങൾ ഈ മേഖലയിൽ ഉണ്ടാക്കുവാൻ പരിശ്രമിച്ചുവെങ്കിലും ഗവണ്മെന്റ് പോളിസി അനുകൂലമല്ലാത്തതിനാൽ ഉപേക്ഷിക്കുകയാണുണ്ടായത്. ഇങ്ങനെ ഒരു പരിപാടി നടപ്പിലാക്കുമ്പോൾ പ്രവാസികളുടെ മക്കൾക്ക് ഗൾഫിലോ ഇന്ത്യയിലോ ആവശ്യാനുസരണം ഉന്നത വിദ്യാഭ്യാസത്തിന്നവസരം ലഭിക്കുന്നു.

ഇത്തരത്തിൽ ഗൾഫ് നാടുകളിൽ പ്രവാസികൾക്കുവേണ്ടി ഇടപെടാനും ശക്തമായി അവരുടെ ക്ഷേമത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുവാനും ഗവണ്മെന്റ് നേതൃത്വം നൽകണം. സ്വകാര്യ മൂലധനം ഫലപ്രദമായും പുരോഗതിയുണ്ടാക്കുവാനും ഉപയോഗപ്പെടുത്തുവാനുമുള്ള പദ്ധതികൾ ഉണ്ടാക്കാൻ സർക്കാർ നേതൃത്വം നൽകണം. ഏറ്റവും പ്രധാനമായ മറ്റൊരാശയം പ്രവാസികൾക്കും വോട്ടവകാശം നൽകണമെന്നുള്ളതാണ്. അതിന്റെ ചർച്ച മാത്രം പോരെന്നും അതു നടപ്പാക്കണമെന്നുമുള്ളതാണ് പ്രധാനപ്പെട്ട കാര്യം.

# വേദാർത്ഥ നിരൂപണം

യാഗങ്ങളും അതിൽ യജമാനപത്തി യജ്ഞമൃഗത്തിന്റെ ലിംഗ സ്പർശനവും മറ്റനേകം അനേകം അനാചാരങ്ങളും വിമർശിച്ചു. ബ്രാഹ്മണരുടെ സംബന്ധത്തിലൂടെ ശൂദ്രവിഭാഗം അഥവാ നായന്മാർ അടിമകളാകുന്നുവെന്ന ചിന്താധാര നായന്മാർക്കിടയിൽ ഒരു പുതുചൈതന്യമുണ്ടാക്കി. എന്തെന്നാൽ അവരിലെ ചെറിയ പെൺകുട്ടികൾപോലും ബ്രാഹ്മണ സംബന്ധം വേണ്ടെന്നു ശാഠ്യം പിടിച്ചു.  അതായത് ഒരു കൂട്ടായ്മ മുഴുവനും ഇത് അടിച്ചേല്പിക്കപ്പെട്ട അനാചാരമാണെന്നു ചിന്തിച്ചപ്പോൾ സ്വാമിജിയുടെ ചിന്തകൾ ഒരു നവോത്ഥാനത്തിന്റെ കൊടുങ്കാറ്റ് സൃഷ്ടിച്ചു. ഒരു ഉദാഹരണമായി ഞാൻ എഴുതിയ ഒരു ചെറിയ കുറിപ്പ് (ജാനകി എന്ന പെൺകുട്ടിയുടെ തീർത്ഥയാത്ര - മലബാർ ഇൻസ്റ്റിറ്റ്യൂട്ട് 2018). 12-14 വയസ്സിൽ ഒരു പെൺകുട്ടി (കുട്ടമത്ത് കുടുംബം) കരഞ്ഞും കാൽപിടിച്ചും നടത്തിയ പ്രതിഷേധം ഒരു നായരുടെ ഭാര്യയാകുവാൻ സഹായകമായി. അതുപോലെ പട്ടിയാകാം അപ്ഫൻ ആകരുതെന്ന വി.ടി യുടെ കാഴ്ചപ്പാടും സമാനമാണെന്നു പറയാം.

ശ്രീനാരായണഗുരു ഇന്ത്യൻ ഉപനിഷത്തുക്കളുടെയും ശങ്കര വേദാന്തത്തിന്റെയും സാരം മലയാളത്തിലും സംസ്കൃതത്തിലും പ്രചരിപ്പിച്ചുകൊണ്ട് ആധ്യാത്മികമായ ഒരു നവോത്ഥാനത്തിന്നു പാതയൊരുക്കി. ഈഴവർക്കും ശിവപ്രതിഷ്ഠയും ഹോമവും മന്ത്രങ്ങളും എല്ലാം വിധിച്ചു. ഇവിടെ മതത്തിലൂടെ ഒരു നവോത്ഥാനം താഴ്ന്ന ജാതിവിഭാഗങ്ങളിലെത്തിച്ചു. ഇതിനെ എം.എൻ.ശ്രീനിവാസും  മറ്റും  വിളിക്കുന്നത്  സാൻസ്ക്രിറൈസേഷൻ അഥവാ  ബ്രാഹ്മണവല്ക്കരണം എന്നാണ്. ഇവിടെയും സാമൂഹ്യതലത്തിൽ പുതിയ മാറ്റങ്ങളുടെ ചിന്തകൾ രൂപപ്പെട്ടുവന്നിരുന്നു. അതിന് ക്രിസ്തീയ മിഷ്യനറി പ്രവർത്തനങ്ങളും വിദ്യാഭ്യാസവും പുതിയ സാമ്പത്തിക ശ്രോതസ്സുകളും എല്ലാം കാരണമായി.

ഉദാഹരണത്തിന്നു സാമൂഹ്യമായ ഘടനയും വ്യക്തികളുടെ ചിന്തകളും സ്വയം ഒരു ഉജ്ജീവനത്തിന്നു തയ്യാറാകുന്നില്ലെങ്കിൽ, അഥവാ ഭൂരിപക്ഷത്തിന്റെ ഭൂരിസുഖം (യൂട്ടിലിറ്റേറിയനിസം) കാംക്ഷിക്കുന്നില്ലെങ്കിൽ മാറ്റം രൂപപ്പെടുന്നില്ല. ഉദാഹരണത്തിന്ന് വിനോഭാജിയുടെ ഭൂദാനയജ്ഞവും

ഗാന്ധിജിയുടെ ട്രസ്റ്റീഷിപ്പ് സിദ്ധാന്തവും എല്ലാം സൈദ്ധാന്തികമായി നന്മയുടെ പക്ഷം പിടിച്ചപ്പോഴും സ്വയം പരാജയപ്പെടുകയാണ്. പോലീസുകാരെ അണിനിരത്തിയും ഒരു സെക്രട്ടറിയേയും പ്രസിഡണ്ടിനേയും ഏല്പിച്ചും ഒരു ജി.ഒ. ഇറക്കിയും ഒരു നവോത്ഥാനം രൂപപ്പെടുത്താൻ ഒരു രാജാവിന്നോ ഭരണത്തിന്നോ കഴിയുന്നതല്ല. അതിന്നു സമൂഹം പക്വത പ്രാപിച്ചിരിക്കണം. അതിന്റെ പ്രവർത്തനമാണ് ആചാര്യന്മാർ നിർവ്വഹിക്കുന്നത്. ശ്രീമാൻ പല്പു, സ്വാമി വിവേകാനന്ദനെ ബാംഗ്ലൂരിൽ നിന്നും കേരളത്തിലേക്കയച്ചത് സമൂഹത്തെ ഇത്തരത്തിൽ പാകപ്പെടുത്തുവാനായിരുന്നു. അതായത് അടിച്ചു പഴുപ്പിച്ചാൽ കുല പഴുക്കുകയില്ലെന്നർത്ഥം.

കേരളത്തിൽ ശ്രീ ചട്ടമ്പിസ്വാമികളും ശ്രീനാരായണഗുരുവും സാമൂഹ്യ നവോത്ഥാനത്തിന്റെ പതാകവാഹകർ മാത്രമായിരുന്നില്ല, അവർ ആദ്ധ്യാത്മികമായ ജനകീയ ആചാര്യന്മാരുമായിരുന്നു. ഒരവസരം നക്സലറ്റു ചിന്തകർ ശ്രീനാരായണഗുരു സമ്പന്നരുടെ അതിഥിയായി ജീവിച്ചുവെന്നു വിമർശിച്ചപ്പോൾ അന്ന് ഗുരുവിന് അന്നവസ്ത്രാദിമുട്ടാതെ നൽകുവാൻ ദരിദ്രരിൽ എത്ര പേർക്ക് കഴിവുണ്ടായിരുന്നു എന്ന കാര്യം മാത്രം അവർ ചിന്തിച്ചിരുന്നില്ലെന്നു കാണാം.

ഇത്തരത്തിൽ ചിന്തിക്കുമ്പോൾ ഇന്ത്യൻ നവോത്ഥാനം, റിനയസ്സൻസ് എന്ന പദം കൊണ്ട് ചരിത്രകാരന്മാരും മറ്റും വിശേഷിപ്പിക്കുന്നതുപോലുള്ള ഒരു പ്രതിഭാസമല്ലെന്നും അത് ഇന്ത്യൻ സാംസ്കാരികധാരയുടെ ഒരു പുനർമൂല്യാങ്കനമാണെന്നും അതു മതചിന്തകളുടെ പൗരോഹിത്യപരമായ പുനരുജ്ജീവനമല്ലെന്നും കാണാം.

വേദങ്ങളിലേക്ക് തിരിച്ചുപോകണമെന്നു പറയുന്ന സ്വാമി ദയാനന്ദസരസ്വതിയുടെ പ്രസ്ഥാനത്തെ ഗാന്ധിജി ലിബറൽ-ഓർത്തഡോക്സ് എന്നു വിശേഷിപ്പിച്ചത് ഇക്കാരണത്താലാണ്. ഇന്നു തിരിച്ചുപോകണമെന്നു പറയുന്ന ചിലർ ശ്രീ ചട്ടമ്പിസ്വാമികളുടെ പുസ്തകങ്ങൾ വായിക്കണം, പഠിക്കണം. ശ്രീശങ്കരാചാര്യർ ഇന്ത്യയിലെ ദൈവികമായ നരബലിയെ തന്റെ തത്വശാസ്ത്രത്തിലൂടെ നിരാകരിക്കുകയും അതിന്ന് അറുതി വരുത്തുകയും ചെയ്തു. അതും മതപരമായ ഒരു നവോത്ഥാനമായിരുന്നു. കാരണം അന്ന് കാപാലിക മതവും, കാലഭൈരവ സിദ്ധാന്തികളും എല്ലാം തകർന്നുവന്ന പരിത:സ്ഥിതിയായിരുന്നു. അത് ആചാര്യർ വളരെ ഉയർന്ന തോതിൽ സൈദ്ധാന്തികമായി ഉപയോഗപ്പെടുത്തി.

ഇത്തരത്തിൽ തിരിഞ്ഞുനോക്കുമ്പോൾ ശ്രീചട്ടമ്പിസ്വാമികൾ തുടങ്ങിയ ദാർശനികരുണ്ടാക്കിയ നവോത്ഥാനം പൗരോഹിത്യത്തിന്റെ പുനരുദ്ധാരണമായിരുന്നില്ല. അതാകട്ടെ ആരിലും അടിച്ചേല്പിച്ചതുമായിരുന്നില്ല. അത് ആ കാലഘട്ടത്തിന്റെ ചിന്തകളായിരുന്നു. അതിനാൽ നവോത്ഥാനം എന്ന പേരിൽ നടപ്പിലാക്കുന്ന ചിന്തകൾ ഒരു കോടതിവിധിയെ ഊന്നിക്കൊണ്ടു മാത്രം ഉണ്ടാകേണ്ടതല്ല. അതു മാനവികതയുടെ ആശയങ്ങളുമായി പൊരു

ത്തപ്പെട്ടുകൊണ്ടും ഭൂരിപക്ഷത്തിന്റെ ഭൂരിസുഖം പരിഗണിച്ചുകൊണ്ടുമായിരിക്കണം. ചട്ടമ്പിസ്വാമികൾ തുടങ്ങിയവർ അത്തരത്തിലുള്ള ആചാര്യപരമ്പരയിൽ ഉൾപ്പെടുന്നു. ഒരു സെക്രട്ടറിയും പ്രസിഡണ്ടുമായിരുന്നില്ലെന്നുമാത്രം ചൂണ്ടിക്കാണിക്കട്ടെ.

ഡോ. കെ.കെ.എൻ. കുറുപ്പ്

# ധർമ്മം ഒരു തത്വവും അനുഷ്ഠാനവും ഭാരതീയ പശ്ചാത്തലത്തിൽ

ധർമ്മം ഒരു തത്വമെന്ന നിലയിൽ അഗാധമായി ചർച്ച ചെയ്യപ്പെടുകയും സമൂഹത്തിലെ ഓരോ ഘടകവും അതനുഷ്ഠിക്കുവാൻ ബദ്ധശ്രദ്ധമാവുകയും ചെയ്ത ഏറ്റവും പ്രാചീനമായ ഒരു രാജ്യമാണ് ഇന്ത്യ. നൂറ്റാണ്ടുകളിലൂടെ അത്യന്തം ശ്രദ്ധാപൂർവം ഇത്തരം അനുഷ്ഠാനങ്ങൾ തുടർന്നുവരികയും ചെയ്തു. ഇന്ത്യ പോലുള്ള വിശാലമായ ഒരു രാജ്യത്തിന്റെ എല്ലാ ഭാഗത്തും ആ തത്വം പ്രചരിപ്പിക്കുവാനും അനുഷ്ഠാനത്തിൽ പ്രായോഗികമാക്കുവാനും എങ്ങിനെ സാധിച്ചുവെന്നത് ആശ്ചര്യകരമാണ്. വ്യത്യസ്തരീതികളെ അടിസ്ഥാനമാക്കിയാണ് അതിന്റെ പ്രവർത്തനം നടന്നിരുന്നത്. അവയിൽ ചിലതെങ്കിലും ആധുനിക ഘട്ടത്തിൽ പോലും സാമൂഹ്യനീതി, ജീവിതനിർവഹണം, സാമൂഹ്യബന്ധങ്ങളിലെ തുല്യത തുടങ്ങിയ ആശയങ്ങളിലൂടെ ഇന്നും തുടർന്നുവരികയും ചെയ്യുന്നു.

ഇന്ത്യൻ തത്വങ്ങൾ പ്രകാരം അനേകം യുഗങ്ങൾ തുടർന്നുവരികയും ആത്യന്തികമായി കലിയുഗത്തിലെത്തിച്ചേരുകയും ചെയ്തുവെന്നു കാണാം. എന്നാൽ ഏതെല്ലാം യുഗങ്ങൾ മാറി മാറി വന്നുവെങ്കിലും അതിൽ ഗുരുവെന്ന സങ്കല്പവും പ്രവർത്തനവും വ്യക്തിയുടെയും സമൂഹത്തിന്റേയും മീതെ പരിപൂർണ്ണമായ ഒരു സ്വാധീനം പുലർത്തിവന്നു. ഭൗതികവും ആത്മീയവുമായ കാര്യങ്ങളിൽ ഗുരുസങ്കല്പം ഉൾക്കൊള്ളാതെ ധർമ്മത്തെപ്പറ്റി യാതൊരു ചർച്ചയും സാധ്യമല്ല. വ്യാസമഹാകവി ഗുരുവും കവിയും യതിയും എല്ലായമായിട്ടും തന്റെ നിർവചനം ധർമ്മത്തെപ്പറ്റി ആധികാരികമാക്കുവാൻ കഴിയുകയില്ലെന്നും - ധാര്യതേ ഇതിധർമ്മം- അത് സ്വയം നിലനിൽക്കുന്നുവെന്നും വിവരിച്ചു. മഹാന്മാരായ വ്യക്തികൾ പോയ വഴിയേ പോവുകയാണ് ധർമ്മമെന്നും വ്യാസൻ അനുസ്മരിപ്പിച്ചു. യഥാർത്ഥത്തിൽ അതു വളരെ ശക്തമായി ഗുരുവിനെ പിന്തുടരുവാനുള്ള ആഹ്വാനമായിരുന്നു. ഗുരു എല്ലായ്പോഴും പരബ്രഹ്മസമാനമാണുതാനും. ഇത്തരത്തിൽ സർവ്വവ്യാപകമായ ഒരു തത്വശാസ്ത്രത്തിനുള്ളിൽ ഇന്ത്യ

ഏഴു ഋഷികളെ അഥവാ സപ്തർഷികളെ ആദരിച്ചു വന്നു. അവരായിരുന്നു ആദ്യകാലം ധർമ്മത്തെ പ്രചരിപ്പിച്ചുവന്നത്. ഈ ഋഷിമാർ മരീചി, അത്രി, അംഗിരസ്സ്, പുലസ്ത്യ, പുലഹ:, ക്രതു, വസിഷ്ഠൻ എന്നിവരായിരുന്നു. അവർ തങ്ങളുടെ മുൻഗാമികളായ ഋഷിമാരിൽ നിന്നും ശ്രൗതം അഥവാ വൈദികമായ വിജ്ഞാനം നേടി. മനു പില്ക്കാലത്ത് ഈ വിധത്തിലുള്ള എല്ലാ വിജ്ഞാനവും സമ്പാദിക്കുകയും അത് സ്മൃതി അഥവാ സ്മാർത്തം എന്ന പേരിൽ പ്രചരിപ്പിക്കുകയും ചെയ്തു. മനുവോടൊപ്പം യാജ്ഞവൽക്യനും ആപസ്തംഭനും മറ്റു പലരും നിയമനിർമ്മാതാക്കളായി മുന്നോട്ടു വന്നു. അവർ ഊന്നിക്കാട്ടിയത് സമൂഹത്തിലെ വർണ്ണാശ്രമവ്യവസ്ഥയും അതിന്റെ നാലു വിഭാഗങ്ങളായ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിവയുമായിരുന്നു. ഈ നിയമദായകരുടെ വിഭാഗങ്ങൾ ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നീ വ്യവസ്ഥ വ്യക്തിജീവിതത്തിൽ ചൂണ്ടിക്കാട്ടി. അതിനാൽ അവരുടെ ധർമ്മതത്വം നാലു വർണ്ണം, നാല് ആശ്രമം എന്നിവ അടിസ്ഥാനമാക്കിയായിരുന്നു. അതാകട്ടെ ശ്രൗതവും സ്മാർത്തവും അടിസ്ഥാനമാക്കിയാണ്.

മേൽപറഞ്ഞ തത്വപ്രകാരം ശ്രൗതവും സ്മാർത്തവും അനുസരിച്ചുള്ള ധർമ്മം നിർദേശിച്ച നിയമദായകർ, ഓരോ വ്യക്തിയും ധർമ്മത്തിന്റെ നിയമമനുസരിച്ച് എട്ട് അനുഷ്ഠാനങ്ങൾ അഥവാ ശിഷ്ടാചാരങ്ങൾ പിന്തുടരണമെന്നും നിർദേശിച്ചു. അവ ദാനം, സത്യം, തപസ്യ, നിർലോഭത്വം, വിദ്യ, യജ്ഞാനുഷ്ഠാനം, പൂജ, ഇന്ദ്രിയനിഗ്രഹം എന്നിവയാണ്. (ഇത്തരത്തിലുള്ള പല നിർദേശങ്ങളും മത്സ്യപുരാണത്തിലും മറ്റും കാണാം. ശിഷ്ടം എന്ന വാക്ക് ഒരു പ്രശസ്തനെ, ബുദ്ധിമാനെ സൂചിപ്പിക്കുന്നു; അഥവാ ഒരു വിവേകിയെ. കാണുക, മത്സ്യ, അദ്ധ്യായം 145, ശ്ലോകം 34).

ഈ അഷ്ടാംഗമാർഗ്ഗം പ്രാപഞ്ചിക ജീവിതത്തിന്നും മോക്ഷത്തിന്നും വേണ്ടിയായിരുന്നു നിർദേശിച്ചിരുന്നത്. യജ്ഞാനുഷ്ഠാനം ശിഷ്ടാചാരത്തിൽ ഉൾപ്പെട്ടപ്പോൾ അത് ജന്തുബലിയും ഉൾക്കൊണ്ടിരുന്നു. എന്നാൽ വർദ്ധമാനമഹാവീരനും ബുദ്ധനും അഹിംസ, തത്വശാസ്ത്രത്തിൽ മാത്രമല്ല സാമൂഹ്യജീവിതത്തിലും നടപ്പിലാക്കുകയാണ് ചെയ്തത്. അവർ ഈ വിധത്തിലുള്ള അഷ്ടാംഗമാർഗ്ഗത്തെയാണ് സ്വീകരിച്ചത്. ഇത്തരം ആശയങ്ങൾ അഥവാ തത്വങ്ങൾ അശോക ചക്രവർത്തിയും കനിഷ്കനും രാജ്യത്തെങ്ങും ശിലാശാസനങ്ങളിലൂടെ പ്രചരിപ്പിച്ചു. അവർ ശ്രീലങ്കയിലേക്കും മധ്യേഷ്യയിലേക്കും, ദക്ഷിണപൂർവേഷ്യയിലേക്കും മിഷനറിമാരെ നിയോഗിച്ചു. അവരുടെ ലക്ഷ്യം ബ്രാഹ്മണിക്കൽ ഹിന്ദുമതം ആയിരുന്നില്ല. പക്ഷെ ധർമ്മത്തെ അടിസ്ഥാനമാക്കിയുള്ള ഒരു ജീവിതദർശനം നടപ്പിലാക്കുകയെന്നതായിരുന്നു. ധർമ്മത്തിന്റെ ഇതേ തത്വം ഇന്ത്യയുടെ ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി ഉയർന്നു വന്ന സ്വാതന്ത്ര്യസമരത്തിലും മഹാത്മാ ഗാന്ധി തുടങ്ങിയവർ അടിസ്ഥാനതത്വമായി അംഗീകരിച്ചു. സത്യാഗ്രഹം

അതിന്റെ ഏറ്റവും വിശിഷ്ടമായ സമരായുധമായി മാറി. ധർമ്മത്തിന്റെ ഈ തുടർച്ചയും പഞ്ചശീലവും നെഹ്റുവിയൻ വിദേശനയത്തിൽ പോലും സ്വാധീനിച്ചുകാണാം. മതേതരത്വം എന്ന ആശയവും സ്റ്റെയിറ്റിന്റെ ഔദ്യോഗിക മതനിരാസവും 'സത്യം ഒന്നാണ്, പണ്ഡിതന്മാർ അതിനെ പലതെന്നു വിളിക്കുന്നു' എന്ന തത്വം അടിസ്ഥാനമാക്കിയാണ്.

ഇവിടെ ധർമ്മം എന്ന തത്വം സ്വീകരിച്ചത് വർണ്ണാശ്രമധർമ്മത്തിന്റേതായ ആശയങ്ങളിൽ നിന്നാണെങ്കിലും അത് വ്യക്തിയുടെ കടമയും കർത്തവ്യവും വ്യക്തമാക്കുന്നതുകാണാം. അവ ഒരു നിയമസംഹിതയായി മാറുന്നു. ആധുനിക സ്റ്റേറ്റിന്റെ നിയമങ്ങൾ പോലെ അവ നിർബന്ധമാക്കപ്പെട്ടവയായിരുന്നില്ല. ഗുരുക്കന്മാർ അവ സമൂഹത്തെ പഠിപ്പിക്കുകയായിരുന്നു. സാമൂഹ്യബന്ധങ്ങളും വിവേക വിജ്ഞാനങ്ങളും ആയി അവ പ്രചരിപ്പിക്കപ്പെട്ടു. പഞ്ചമഹായജ്ഞം എന്ന ഗൃഹസ്ഥന്റെ കർത്തവ്യങ്ങൾ ഇത്തരത്തിലുൾപ്പെടുന്നു. ബ്രഹ്മയജ്ഞം, പിതൃയജ്ഞം, ഭൂതയജ്ഞം, മനുഷ്യയജ്ഞം എന്നിവയാണവ. പിതൃയജ്ഞം വൃദ്ധജനങ്ങളുടെയും മാതാപിതാക്കന്മാരുടെയും ക്ഷേമം ഉൾപ്പെടുന്നു. ഭൂതയജ്ഞം മൃഗങ്ങളുടെ ക്ഷേമം, മനുഷ്യയജ്ഞം ഗുരുവിനോടുള്ള കടമ, അതിഥിദേവോഭവ: എന്ന ആശയം തുടങ്ങിയവയാണ്. ഗുരുർബ്രഹ്മാ, ഗുരുർവിഷ്ണോ, ഗുരുർദേവോ മഹേശ്വര: എന്ന ആശയം ഗുരുവിന്റെ സർവ്വതോ ന്മുഖമായ അധീശത്വം സൂചിപ്പിക്കുന്നു.

അതുപോലെ സമൂഹത്തിന്റെ നന്മക്കും വ്യക്തിയുടെ സൗഖ്യത്തിനും വേണ്ടി ഒരു വ്യക്തി പഞ്ചമഹാപാപങ്ങൾ ചെയ്യരുതെന്നും സിദ്ധാന്തിക്കുന്നു. അവ പശു, ബ്രാഹ്മണൻ എന്നിവയുടെ വധം, ഗുരുപത്നിയെ പ്രാപിക്കൽ, തുടങ്ങിയവയാണ്. ഈഡിപ്പസിന്റെ കഥ ഇവിടെ ഓർമ്മിക്കാവുന്നതാണ്. എന്നാൽ ഇന്നത്തെ നമ്മുടെ സമൂഹത്തിൽ പിതാവ് പുത്രിയെ പ്രാപിക്കുന്ന അനേകം വാർത്തകൾ, കോടതിയുടെ ശിക്ഷകൾ, എന്നിവ വളരെ പ്രചരിച്ചുവരുന്നു.

ഇത്തരത്തിൽ ധർമ്മത്തിന്റെ തത്വങ്ങൾ നടപ്പിലാക്കുന്നതിൽ ഗുരുവിന്നു സർവ്വപ്രധാനമായ ഒരു സ്ഥാനം കാണാം. ധർമ്മം അനുഷ്ഠിക്കുന്ന വ്യക്തികൾ സ്വയം സംരക്ഷിക്കപ്പെടുന്നു. അവ ലംഘിക്കുമ്പോൾ നമ്മൾ സ്വയം അധ:പതിക്കുന്നു. ഇത് സനാതനധർമ്മത്തിന്റെ നിയമമാണ്. എന്നാൽ പ്രാചീനേന്ത്യയിൽ ഗോബ്രാഹ്മണരുടെ സേവനത്തിലുള്ള കർത്തവ്യം, പഞ്ചമഹാപാപനിരാസം, എന്നിവ ചരിത്രശക്തികൾക്കനുസരിച്ച് മാറ്റങ്ങൾക്ക് വിധേയമായിരുന്നു. മുമ്പ് സൂചിപ്പിച്ചതുപോലെ ബുദ്ധൻ അഹിംസയെ ഊന്നിക്കാട്ടി. മഹാഭാരതം തുടങ്ങിയ ഗ്രന്ഥങ്ങൾ അഥവാ സമാധാനം ഉപോൽബലകമാക്കിയുള്ള തത്വങ്ങൾ സ്വീകരിച്ചു. എന്നാൽ പ്രാചീന സ്റ്റേറ്റുകൾ മാത്രമല്ല, ആധുനിക സ്റ്റേറ്റുകൾ തന്നെ, ഒരേ മതാവലംബികൾ തന്നെ രാഷ്ട്രമീമാംസയുടെ തത്വങ്ങൾ പ്രകാരം യുദ്ധത്തിലേർപ്പെ

ടുന്നു. അവക്ക് പ്രാചീനകാലത്തെ കൗരവരേയും പാണ്ഡവരേയും പോലെ എല്ലാം നഷ്ടപ്പെടുന്നു. ഇവിടെ നമ്മൾക്ക് ഭീഷ്മരേയും കൃഷ്ണനേയും പോലുള്ള ഗുരുക്കന്മാരുടെ ധർമ്മസങ്കടവും കാണാം.

ഈ സ്ഥിതിയിൽ ഗുരുവിന്റെ കർത്തവ്യം ശാശ്വതമായ ധർമ്മത്തിന്റെ തത്വങ്ങൾ പ്രചരിപ്പിക്കുകയെന്നതാണ്. അതു വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധങ്ങൾ സമരസപ്പെടുത്തുന്നു. ചരിത്രകാലഘട്ടങ്ങളിൽ കേരളീയസമൂഹം തന്നെ ഗുരുക്കളുടേയും ഗുരുവായ ശ്രീശങ്കരാചാര്യരെ പ്പോലുള്ള മഹത്തുക്കളെ വാർത്തെടുത്തിരുന്നു. ആചാര്യരുടെ ഗ്രന്ഥങ്ങൾ, വിവേകചൂഡാമണിയെപ്പോലുള്ളവ "ശങ്കരഭാരതി വിജയതേ നിർവാണസന്ദായിനു" (309) എന്നു വ്യവഹരിക്കുന്നു.

ഗുരുരേഷ സദാനന്ദസിന്ധൌ
നിർമ്മഗ്ന മാനസ:
പാവയൻ വസുധാം സർവ്വാം
വിചചാര നിരന്തര:

ഗുരുവിന്റെ മനസ്സിൽ വിവേചനമില്ല. മുഴുവൻ ലോകത്തേയും ശുദ്ധീകരിച്ചുകൊണ്ടാണ് അയാൾ സഞ്ചരിക്കുന്നത്. മറ്റൊരർത്ഥത്തിൽ, മറ്റുള്ളവരുടെ സൗഖ്യം പോലെ പുണ്യവും മറ്റുള്ളവരുടെ ദു:ഖംപോലെ പാപവും മറ്റൊന്നില്ല. (പരോപകാരപുണ്യായ, പാപായപരപീഢനം). ഈ ഉദാഹരണങ്ങൾ നൂറ്റാണ്ടുകളായി കൈമാറിവന്ന ധർമ്മത്തിന്റെ തത്വമാണ് പ്രതിഫലിപ്പിക്കുന്നത്. കഴിഞ്ഞ തലമുറയിൽ ശ്രീരാമകൃഷ്ണപരമഹംസരും ഇന്നത്തെ നമ്മുടെ തലമുറയിൽ പരമജ്യോതി കരുണാകര ഗുരുവെപ്പോലുള്ളവരും മനുഷ്യസമൂഹത്തിനും ശിഷ്യന്മാർക്കും വേണ്ടി ധർമ്മത്തിന്റെ തത്വങ്ങൾ സ്വാംശീകരിച്ചുകാണാം. ഗുരുവിന്ന് പ്രത്യേകമായി ഒരു മതവുമില്ല. മനുഷ്യസ്മൂഹത്തിന്റെ നന്മയെന്ന ഒറ്റ മതമാണത്. നാരായണഗുരു കരുണാകര ഗുരുവെ എല്ലാ വിഭാഗങ്ങളുടെയും മോചനവും ആത്മസാക്ഷാത്ക്കാരവും ലക്ഷ്യമാക്കി തന്റെ ശിഷ്യനാക്കിയത് ഈ നവോത്ഥാനം ലക്ഷ്യമാക്കിയാണ്. ശിഷ്യൻ യുഗധർമ്മത്തിന്റെ വിവേകമാണ് പ്രചരിപ്പിച്ചതും അനുഷ്ഠാനത്തിൽവരുത്തിയതും.

# യോഗം പുതിയഘട്ടത്തിൽ

**യോ**ഗം ഒരു മതത്തിന്റെ ഭാഗമല്ലെന്നും അത് സാർവ്വജനീനമാണെന്നും എന്നാൽ അതിന്റെ പ്രാർത്ഥനയായ ആമുഖശ്ലോകം ഹൈന്ദവമതവുമായി ബന്ധപ്പെട്ടതാണെന്നും ക്രിസ്തീയ കന്യാസ്ത്രീകൾ പോലും അത് ചൊല്ലുന്നുവെന്നും മറ്റുമുള്ള വ്യത്യസ്ത ചിന്തനങ്ങൾ സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുമ്പോൾ ഒരു പുതിയ ഹിന്ദുത്വ അജണ്ടയുമായാണ് യോഗയുടെ രംഗപ്രവേശമെന്നു ചരിത്രത്തിന്റെ കാഴ്ചപ്പാടിൽ പറയേണ്ടിവരുന്നു. യൂറോപ്പിൽ, ഹോളണ്ടിൽ, ചർച്ചിൽ ലാൻ എന്ന സ്ഥലത്തുള്ള യോഗവേദാന്ത മന്ദിരത്തിൽ സ്വാമി സദാനന്ദസരസ്വതിയുടെ ശിഷ്യനും അതിഥിയുമായി 1978 ൽ നാലഞ്ചുമാസം ഈ ലേഖകന് ആ രാജ്യത്തെ ഫ്രീ, മുനിസിപ്പൽ, ലെയ്ഡൻ എന്നീ സർവ്വകലാശാലകളിൽ കേരള-ഡച്ച് ബന്ധങ്ങളിൽ ഗവേഷണം നടത്തുമ്പോൾ താമസിക്കാനും യൂറോപ്യൻ സമൂഹം യോഗത്തെ സമീപിച്ചതു നേരിട്ടു പഠിക്കുവാനും അവസരം ലഭിച്ചിരുന്നു. സ്വാമിജിയുടെ ശിഷ്യരായി വരുന്നവരെല്ലാം പ്രത്യേകിച്ചു സ്ത്രീകൾ ഇന്ത്യൻ പേരുകളും സസ്യാഹാരരീതികളും എല്ലാം സ്വീകരിച്ചുകൊണ്ട് യോഗചര്യയുടെ അധ്യാപകരായി പ്രവർത്തിച്ചുവന്നു. സ്വിറ്റ്സർലാന്റിലെ ബേണിലെ ഒരു ബേങ്കുദ്യോഗസ്ഥ ഗൗരി ഒരവസരം പറഞ്ഞത് സ്വാമിജിയെ പരിചയപ്പെട്ടിരുന്നില്ലെങ്കിൽ ഡ്രഗ്ഗുകൾക്കടിമയും വിവാഹമോചിതയുമായ അവർ ഭ്രാന്താശുപത്രിയിലെത്തുമെന്നായിരുന്നു. സ്വാമിജി അവരെയെല്ലാം മതപരിവർത്തനം ചെയ്തു ഹിന്ദുക്കളാക്കുകയായിരുന്നില്ല. ധ്യാനം, പ്രാണായാമം, യോഗ തുടങ്ങിയ ഇന്ത്യൻ സാംസ്കാരികധാര പരിചയപ്പെടുത്തിക്കൊണ്ട് ഔപനിഷദികമായ ആദ്ധ്യാത്മിക ജീവിതത്തിലേക്ക് നയിക്കുകയായിരുന്നു. വാഗ്നാർ എന്ന പൈലറ്റ് നിയന്ത്രകൻ പറഞ്ഞത് സ്വാമിജിയെ പരിചയപ്പെടുന്നതിനു മുമ്പ് താൻ വിചാരിച്ചത് താൻ വെറും ശരീരം മാത്രമാണെന്നും അതിന്നു മറ്റൊരു ജ്ഞാനവശം ഉണ്ടായിരുന്നില്ലെന്നുമാണ്. യൂറോപ്യൻ സ്ത്രീപുരുഷന്മാർ പ്രധാനമായും യോഗത്തെ സമീപിച്ചത് ശരീരസൗന്ദര്യവും ഒപ്പം ലൈംഗികാസക്തിയും വേണ്ടത്ര നിലനിർത്തി ജീവിതോപഭോഗത്തിന്നായിരുന്നു. ബുദ്ധൻ പലപ്പോഴും തന്റെ ഉപദേശങ്ങളാൽ മറന്നുകഴിഞ്ഞ ഒരു പാത വീണ്ടും കണ്ടെത്തുവാനുള്ള ശ്രമത്തിലാണെന്നു ഓർമ്മപ്പെടുത്തിയ കാര്യം ലാൽ മണിജോഷി എന്ന ചരിത്രകാരൻ അനു

സ്മരിക്കുന്നു. ആ പാത സൈന്ധവതടത്തിലെ ധ്യാനമഗ്നനും യോഗിയുമായ വ്യക്തിയുടെ പൈതൃകത്തിന്റേതായിരുന്നു.
യോഗത്തിന്റെ ലക്ഷ്യം ഭൗതികജീവിതത്തിന്റെ ആരോഗ്യവും ഐശ്വര്യവും നിലനിർത്തുകയായിരുന്നില്ല. പതഞ്ജലിമഹർഷി തന്നെ 'യോഗ: ചിത്തവൃത്തി നിരോധ:' (ചിന്തയെ നിരോധിക്കുക) എന്നു നിർവ്വചിക്കുമ്പോൾ ആത്മാവിന്റെയും ആത്മബോധത്തിന്റെയും ഉയർന്ന തലത്തിലെത്തുകയെന്നതാണ് ലക്ഷ്യം എന്നു സിദ്ധാന്തിക്കുന്നു. ഇതുതന്നെയാണ് ഉപനിഷത്തുക്കളുടെ സന്ദേശവും ലക്ഷ്യവും.

പരീക്ഷ്യലോകാൻ കർമ്മചിതാൻ ബ്രാഹ്മണോ
നിർവ്വേദമായാത്, നാസ്ത്യകൃത: കൃതേന.

(മുണ്ഡകോപനിഷത് 1. 11-12)

(കർമ്മങ്ങൾ കൊണ്ട് നേടാവുന്ന ലോകങ്ങളെയെല്ലാം പരീക്ഷിച്ചുനോക്കി, നിത്യപദം കർമ്മം കൊണ്ടു നേടാവുന്നതല്ലതാനും.)യോഗത്തിന്റെ പ്രത്യേക വസ്ത്രങ്ങൾ എല്ലാം ഉണ്ടാക്കിക്കൊണ്ട് കോടികളുടെ വാണിജ്യ താല്പര്യവും പൂർത്തീകരിക്കാൻ കഴിയും. ഉദാഹരണമായി തിരുവിതാംകൂറിൽ ചാന്നാന്മാർ മേൽക്കച്ച സമരം നടത്തിയപ്പോൾ (1850 കൾ) ഈസ്റ്റിന്ത്യാ കമ്പനി, റസിഡന്റിനോട് ചോദിച്ചത് എത്ര ഉറുപ്പികയുടെ തുണി കൂടുതൽ വില്ക്കാൻ കഴിയുമെന്നതാണ്. അതുപോലെ ഒരു കോടി വ്യക്തികളെ 200 ക വിലയുള്ള പ്രത്യേക യോഗവൈറ്റ് ഡ്രസ്സിലേക്ക് കൊണ്ടുവന്നാൽ 200 കോടിയുടെ പ്രത്യേക വാണിജ്യം ഇവിടെ നടക്കുമല്ലോ.
യോഗവും ആത്മീയ ജീവിതവും ആവശ്യമുള്ളവർ നടത്തട്ടെ. സ്റ്റേറ്റ് ആവശ്യമായ സഹായങ്ങളും നൽകട്ടെ. ഒരു ദേശസാൽകൃത വ്യവസ്ഥയിൽ സന്യാസം പ്രോത്സാഹിപ്പിക്കണമെന്നത് ഭരണഘടന അനുശാസിക്കുന്നില്ല. ഇന്ത്യയിലെ മന്ത്രിമാരും ജനാധിപത്യ സ്ഥാപനങ്ങളിലെ അംഗങ്ങളും ബ്യൂറോക്രസിയും വേണ്ടവിധം യോഗം പരിശീലിച്ചാൽ ഒരു ഗുണം രാജ്യത്തിന്നുണ്ടാകും. അത് അവരെ വിത്തസമ്പാദനത്തിലേക്കും അഴിമതിയിലേക്കും നയിക്കുന്നത് ചുരുങ്ങിവരാം. തനിക്ക് പശുക്കളും സമ്പത്തും വേണ്ടെന്നും മരണമില്ലാത്ത ജ്ഞാനം മതിയെന്നും പറഞ്ഞ ഉപനിഷത്തിലെ മുനിപത്നിയായി അവർ മാറുമെങ്കിൽ അതേറ്റവും നല്ലതുതന്നെ.
ഇരുപത് സർവ്വകലാശാലയിലെങ്കിലും യോഗത്തിന്റെ സമ്പൂർണ്ണ വകുപ്പുകൾ യു.ജി.സി. കൊണ്ടുവരുന്നതും ഹൈന്ദവവൽക്കരണത്തിന്നുള്ള ഒരു പുതിയ വഴിയാണ്. പണ്ട് വൈസ് ചാൻസലർമാരുടെ ഒരു യോഗത്തിൽ ജ്യോതിഷം നടപ്പാക്കാനുള്ള ശ്രമം ഉയർന്നിരുന്നു. ഇവിടെ യോഗവും വൈരാഗ്യവും പ്രോത്സാഹിക്കപ്പെടുന്നു. ഛാന്ദോഗ്യം, കഠം, ശ്വേതാശ്വതരം, ബൃഹദാരണ്യകം, ഐതരേയം, തൈത്തിരീയം, മാണ്ഡൂക്യം എല്ലാം തന്നെ അപരാവിദ്യയെ അഥവാ വിജ്ഞാനത്തെ കേന്ദ്രമാക്കുന്നു.
ഇത്തരത്തിലുള്ള ഒരു വിജ്ഞാനശാഖയെ അടർത്തിയെടുത്തു അതിന്നു

മതത്തിന്റെ ഒരു സാംസ്കാരികധാരയുമായി ബന്ധമില്ലെന്നും അതിന്റെ സൂക്തങ്ങൾക്ക് മതത്തിന്റെ തത്വശാസ്ത്രവുമായി ബന്ധമില്ലെന്നും പറയുന്നത് ഈ കാലഘട്ടത്തിന്റെ ഭാഗമാണെന്നു പറയേണ്ടിവരുന്നു. ക്രിസ്തീയ സുവിശേഷങ്ങളും, പരിശുദ്ധ ഖുറാനും, ഹൈന്ദവ മതചിന്തകളും എല്ലാം മനുഷ്യസമൂഹത്തിൽ ഒരു ആത്മീയ ജീവിതത്തിന്റെ അടിത്തറയിട്ട ചിന്തകളാണ്. എന്നാലിന്നു കാണുന്ന പൗരോഹിത്യവും ഫ്യൂഡൽബന്ധങ്ങളും അവയെ ധനസമാഹരണ ജീവിതത്തിന്റെ അടിത്തറയാക്കി മാറ്റുന്നു. ക്ഷേത്രങ്ങളും, പള്ളികളും, ചർച്ചുകളും അതിന്നുദാഹരണങ്ങളാണ്. അവ ജീവിത ബാഹ്യമായ ആദ്ധ്യാത്മിക ചിന്തകളെ വളർത്തുവാൻ ഇന്നത്തെ സ്ഥിതിയിൽ സഹായകമല്ല.

യോഗ എന്ന ജ്ഞാനശാഖയെ മറ്റു പലതിനെപ്പോലെയും തങ്ങളുടേതായി പിടിച്ചടക്കാനും അതുപോലെ ഹിന്ദുമതവുമായി ബന്ധമില്ലെന്നു പറഞ്ഞുകൊണ്ടുതന്നെ അതിനെ ഹൈന്ദവമതവുമായി ബന്ധപ്പെടുത്താനുമുള്ള ഒരു പ്രവണതയാണ് ഇന്നത്തെ ഘട്ടത്തിൽ കാണുന്നത്. കൂടാതെ താല്പര്യമുള്ള വ്യാപാര വാണിജ്യശക്തികൾക്ക് ആവശ്യമായ പുസ്തകങ്ങളും നൽകുന്നു. ഒരു പ്രമേയം യു.ജി.സി ക്കു വേണ്ടിവന്നപ്പോൾ (ഇതേ പാർട്ടിക്കാരുടെ ഭരണകാലം) ഈ ലേഖകനടക്കമുള്ളവർ അതിന്നെതിരായി സംസാരിച്ചതോർത്തുപോകുന്നു. സർവ്വകലാശാലകളിലെ അനേകം കായികവകുപ്പുകളിൽ യോഗത്തെ ഒരു ചെയറായോ പദ്ധതിയായോ നടപ്പാക്കുന്നതിന്നു പകരം നമ്മുടെ സർവ്വകലാശാലാ വകുപ്പുകളുടെ ലക്ഷ്യം പരാജയപ്പെടുത്തുന്ന ഒരു സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. സ്പോർട്സ് താരങ്ങൾക്ക് ഒരു പ്രത്യേക പദ്ധതിയായി യോഗത്തെ കാലിക്കറ്റിലും മറ്റും ഈ ലേഖകൻ തന്നെ നടപ്പിലാക്കിയതോർത്തുപോകുന്നു. വേണമെങ്കിൽ ഇന്ത്യാ ഗവണ്മെന്റിനു നേരിട്ട് ഒരു യോഗ പഠന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാവുന്നതാണ്. ഗുൽസാരിലാൽ നന്ദ ആഭ്യന്തര മന്ത്രിയായിരിക്കേ ഭാരത് സാധു സമാജിന്റെ കീഴിൽ ന്യൂഡൽഹിയിൽ യോഗത്തെയും മറ്റും സംബന്ധിച്ച ഒരു ഗവേഷണ സ്ഥാപനമുണ്ടായിരുന്നു. അന്നു നിത്യചൈതന്യയതിയും സ്വാമി സദാനന്ദ സരസ്വതിയും അതിന്റെ ഭാരവാഹികളുമായിരുന്നു. നന്ദപോലും യോഗത്തെ സർവ്വകലാശാലാ വകുപ്പ് ആക്കിയിരുന്നില്ലതാനും. സമീപകാലത്ത് ജ്യോതിഷത്തിന്റെ വകുപ്പുകളും നമുക്ക് കിട്ടുമെന്നത് തീർച്ചയാണ്. അതും മതത്തിന്റെ ഭാഗമല്ലെന്നു പറയാം.

# സ്വാമി വിവേകാനന്ദൻ ഒരു യുഗശില്പി

**പ**ത്തൊമ്പതാം നൂറ്റാണ്ടിന്റെ കൊളോണിയൽ ഭരണത്തിനു കീഴിലുള്ള ബംഗാളിൽ ഒരു നവോത്ഥാനത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും അത് ശ്രീരാമകൃഷ്ണപരമഹംസരുടെ പ്രസ്ഥാനത്തോടെ ഇന്ത്യൻ ആത്മീയതത്വ സംഹിതയുടെ ഒരു പുനർ ജാഗൃതിയായി രൂപാന്തരപ്പെടുകയും ചെയ്തു. അതിന്റെ ചിന്തകൾ സ്വാമി വിവേകാനന്ദനിലൂടെ പാശ്ചാത്യരാജ്യങ്ങളിൽ പ്രചരിപ്പിക്കപ്പെട്ടപ്പോൾ വിശ്വമാനവതയുടെയും ഒരു സാർവ്വലൗകിക മതത്തിന്റേയും തത്വസംഹിതയായി ഇന്ത്യയേയും യൂറോപ്പിനേയും ഇരുപതാം നൂറ്റാണ്ടിൽ വലിയ തോതിൽ സ്വാധീനിക്കുകയും ചെയ്തു.

അന്നോളം പാശ്ചാത്യ സമൂഹം ഇന്ത്യയെ കണ്ടെത്തിയതാകട്ടെ വിഭവങ്ങളിലും സംസ്കാരത്തിലും പിന്നോക്കം നിൽക്കുന്ന ഒരു രാജ്യമായിട്ടായിരുന്നു. ഇന്ത്യയെ യൂറോപ്പിന് പരിചയപ്പെടുത്തിയത് ജെയിംസ്മിൽ, ബെവറിഡ്ജ് തുടങ്ങിയ കമ്പനി ചരിത്രകാരന്മാരായിരുന്നു. മാക്സ്മുള്ളർ, വിൻടർനിറ്റ്സ്, റോയൽ ഏഷ്യാറ്റിക് സൊസൈറ്റി സ്ഥാപകനായ വില്യം ജോൺസ് എന്നിവരും മറ്റനേകം ഇൻഡോളജിസ്റ്റുകളും ഇന്ത്യൻ സംസ്കാരത്തേയും സംസ്കൃതിയേയും സാഹിത്യത്തേയും യൂറോപ്പിന്നു പരിചയപ്പെടുത്തിക്കൊടുത്തുവെങ്കിലും അവയെല്ലാം "പുസ്തകസ്ഥാപിത: വിദ്യ" എന്നതുപോലെ യൂറോപ്യൻ സമൂഹത്തിന്റെ ചിന്താമേഖലയിൽ സ്പഷ്ടമായ ചലനങ്ങൾ ഉണ്ടാക്കിയിരുന്നില്ല.

സെറാംപൂരിലെ ക്രിസ്തീയ മിഷ്യനറിമാരും ലണ്ടൻ, ബാസൽ തുടങ്ങിയ കേന്ദ്രങ്ങളിലെ മിഷ്യൻ സംഘടനകളും ഇന്ത്യ എന്ന രാജ്യത്തെ കണ്ടെത്തിയത് 'പാഗൻ' അഥവാ പ്രാകൃത മതത്തിന്റെ കേന്ദ്രമായിട്ടായിരുന്നു. ആയതിനാൽ ഹൈന്ദവ സമൂഹത്തെ ക്രിസ്തീയ മതത്തിന്നു കീഴിലെത്തിക്കുകയെന്നത് അവരുടെ പ്രഖ്യാപിത ലക്ഷ്യമായിരുന്നു. ചാർട്ടർ ആക്ട് 1813, 1833 ഇന്ത്യയിൽ ഈ പ്രവർത്തനങ്ങൾ അനുവദിക്കുകയും ചെയ്തുവന്നു. മതപരിവർത്തനം നടത്തിയ വ്യക്തികൾക്ക് തങ്ങളുടെ പരമ്പരാഗതസ്വത്തുക്കളിൽ അവകാശവും കമ്പനിനിയമങ്ങൾ അനുവദിച്ചു.

1857 ലെ ഇന്ത്യൻ കലാപങ്ങളുടെ ആശയപരമായ ഒരു ഘടന ഇന്ത്യയെ

ക്രിസ്തീയവല്ക്കരിക്കണമെന്നുള്ള ഹിഡ്മൺടിന്റെ കുപ്രസിദ്ധമായ പ്രഖ്യാപനമായും ബന്ധപ്പെടുന്നു.

ഇത്തരം ഒരു രാഷ്ട്രീയ സാംസ്കാരിക പശ്ചാത്തലത്തിലാണ് സ്വാമി വിവേകാനന്ദൻ ഇന്ത്യയുടെ സാംസ്കാരിക നവോത്ഥാനത്തിന്റെ അംബാസ്സഡറെന്ന നിലയിൽ 1893 ൽ ഷിക്കാഗോ മതസമ്മേളനത്തിൽ തന്റെ കാഴ്ചപ്പാട് അവതരിപ്പിച്ചുകൊണ്ട് ഹിന്ദുമതത്തെ എല്ലാ മതങ്ങളുടേയും മാതാവായി അവതരിപ്പിച്ചത്. ഇന്ത്യയും ഇന്ത്യയുടെ സംസ്കാരവും എന്താണെന്ന് നേരിട്ടുള്ള ഒരു ഇടപെടലാണ് പിന്നീട് സ്വാമിജിയുടെ പ്രസംഗ പരമ്പരയിലൂടെ യൂറോപ്യൻ രാജ്യങ്ങളിൽ നടത്തപ്പെട്ടത്. ഇന്ത്യയുടെ വേദാന്ത ചിന്തയെ പുതിയ പശ്ചാത്തലത്തിൽ അവതരിപ്പിച്ചുകൊണ്ടും ഒരു പുതിയ മാനവികതയുടെ ചിന്താചക്രവാളങ്ങൾ വികസിപ്പിച്ചുകൊണ്ടും ഉള്ള സ്വാമിജിയുടെ പ്രവർത്തനങ്ങൾ ഇന്ത്യയെ പാശ്ചാത്യ രാജ്യങ്ങളിൽ അവതരിപ്പിക്കുകയായിരുന്നു.

ഈ പ്രവർത്തനങ്ങൾ ഇന്ത്യയിൽ പ്രത്യേകിച്ചും രാഷ്ട്രീയമായും സാംസ്കാരികമായും അടിമത്വത്തിൽ ജീവിക്കുന്ന ഇന്ത്യൻ സമൂഹത്തിൽ ആത്മാഭിമാനത്തിന്റെ കോളിളക്കം സൃഷ്ടിച്ചു. ബാസൽ മിഷ്യനറിമാരുടെ റിപ്പോർട്ടിൽ കേരളത്തിലും മറ്റും പുതിയ ആത്മബോധം ഉയർന്നു വന്നിട്ടുണ്ടെന്നും അതിനെ പ്രതിരോധിക്കേണ്ടതുണ്ടെന്നും രേഖപ്പെടുത്തുകയുണ്ടായി. എന്നാൽ വിവേകാനന്ദൻ എന്നത് ഒരു പദം മാത്രമാണെന്നും അതിനെ പ്രതിരോധിക്കുകയെന്നത് വിഷമമാണെന്നും അവരുടെ പദ്ധതി വന്നാൽ ചിന്തിക്കാമെന്നും ആ റിപ്പോർട്ടുകൾ വ്യക്തമാക്കി.

പന്ത്രണ്ടു ശിഷ്യരെ ഉൾപ്പെടുത്തി 1895 ജൂൺ മാസം സ്വാമിജി തൗസന്റ് ഐലന്റ് പാർക്ക് എന്ന സ്ഥലത്ത് സ്ഥാപിച്ച ഗുരുകുലം ഇത്തരം ആശയ പ്രചരണത്തിന്റെ കേന്ദ്രമായി. മിസ്.ഇംവാൾഡോ എന്ന ശിഷ്യ പ്രസിദ്ധീകരിച്ച അമൃതഭാഷണം (Inspired Talks) ഈ ജാഗൃതിയെ ഉദാഹരിക്കുന്നു. ഇത്തരം അനേകം ഗുരുകുലങ്ങളിലൂടെയും ശിഷ്യപരമ്പരകളിലൂടെയും ഒരു സാർവ്വലൗകിക മതത്തിന്റെയും അതിന്റെ ആത്മാവായ വേദാന്തത്തിന്റെയും ലോകവീക്ഷണമാണ് സ്വാമിജി അവതരിപ്പിച്ചത്. യൂറോപ്യൻ സമൂഹവും മാധ്യമങ്ങളും ഇത്തരം ചിന്തകളെ നേരിട്ടു ഒരു ഗുരുമുഖത്തിൽ നിന്നും ആദ്യമായി ഉൾക്കൊള്ളുന്നത് ഈ ഘട്ടത്തിലായിരുന്നു. ഇത്തരം ഉൽബുദ്ധമായ ഒരു രാജ്യത്തിലേക്ക് ക്രിസ്തീയ മിഷ്യനറിമാരെ മതപരിവർത്തനത്തിന്ന് നിയോഗിക്കുന്നവരുടെ പേരിൽ ചില പത്രമാധ്യമങ്ങളെങ്കിലും പരിതപിച്ചു. ഈ പ്രഭാഷണങ്ങളിൽ സ്വാമിജി തന്റെ ഗുരുവായ ശ്രീരാമകൃഷ്ണപരമഹംസരെക്കൂടി പരിചയപ്പെടുത്തി. പ്രശസ്ത ചിന്തകനും ഗ്രന്ഥകാരനുമായ റൊമയിൻ റോളണ്ട് ഫ്രഞ്ചുഭാഷയിൽ ഈ രണ്ട് വ്യക്തിത്വങ്ങളെ പ്പറ്റി എഴുതിയ ഗ്രന്ഥങ്ങൾ അനേകം വായനക്കാരെ ഇന്ത്യൻ ദേശീയതയുടെയും ആദ്ധ്യാത്മിക ചിന്തകളുടെയും നേർക്ക്

വളർത്തിയെടുത്ത ആരാധനാഭാവം സാംസ്കാരിക ചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായമായി.

ഈ ചിന്തകളിൽ പ്രചോദിതയായിട്ടാണ് സിസ്റ്റർ മാർഗരറ്റ് അഥവാ ഭഗിനി നിവേദിത സ്വാമിജിയുടെ ശിഷ്യയായി ഇന്ത്യയിലെത്തിയത്. ഐറിഷ് ദേശീയ പ്രസ്ഥാനത്തിന്റെ തീപ്പൊരി ചിന്തകൾ ബംഗാളിന്റെ ദേശീയ പ്രസ്ഥാനത്തിൽ പുതിയ രാഷ്ട്രീയ ചലനങ്ങൾക്ക് നിമിത്തമായി. ചരിത്രത്തിൽ വേണ്ടത്ര രേഖപ്പെടുത്താത്ത അവരുടെ പ്രവർത്തനങ്ങൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ മിതവാദികളും തീവ്രവാദികളുമായി സൂറത്തിലെ സമ്മേളനത്തിൽ വിഘടിക്കുവാനിടവരുത്തി. നിവേദിതയുടെ ചിന്തകൾ തീവ്രവാദികളെ പ്രചോദിപ്പിച്ചിരുന്നുതാനും. ബ്രിട്ടനിലെ ലിബറൽ പാർലമെന്റേറിയൻസുമായി അവർ നടത്തിയ ചർച്ചകൾ ഒരവസരം അരബിന്ദഘോഷിനെ നിയുക്തമായ ഒരു അറസ്റ്റിൽ നിന്നും ഒഴിവാക്കിക്കാണാം. യുഗാന്ദർ, വന്ദേമാതരം തുടങ്ങിയ പത്രമാസികകളിലൂടെയുള്ള അവരുടെ പ്രവർത്തനങ്ങൾ ഏറ്റവും ഊർജ്ജസ്വലമായിരുന്നു. ഇതെല്ലാം തന്നെ സ്വാമിജിയുടെ നിത്യസമാധിക്കുശേഷമായിരുന്നുതാനും. ഇന്ത്യയ്ക്കുവേണ്ടി ജീവിച്ച്, ഇന്ത്യയ്ക്കു വേണ്ടി മരിച്ച ഈ ശിഷ്യയുടെ ഭൗതിക ശരീരം ഡെറാഡൂണിൽ അന്തിയുറങ്ങുന്നു.

എല്ലാം ഒന്നുമാത്രം, എല്ലാ വഴികളും ഒന്നിലേക്ക് നയിക്കുന്നു എന്ന ശ്രീരാമകൃഷ്ണന്റെ ഉപദേശത്തെ ആധുനിക ലോകത്തിന്നു വിശിഷ്ടമന്ത്രമായി സ്വാമിജി ഉപദേശിച്ചുകൊടുത്തു. സന്യാസിമാരുടെ മതവും, ജാതിയും അന്വേഷിക്കുന്ന ആധുനിക കാലഘട്ടത്തിൽ ഒരു സന്യാസിക്ക് മതമില്ലെന്നും എല്ലാ മതങ്ങളുടേയും അന്ത:സത്തയാണ് ആ ജീവിതമെന്നും സിദ്ധാന്തിക്കുന്ന ഒരു സന്യാസിയായിരുന്നു വിവേകാനന്ദ സ്വാമികൾ. ക്രിസ്തുവിന്റെയും മുഹമ്മദിന്റെയും ബുദ്ധന്റേയും പൗരസ്ത്യരായ ഋഷിമാരുടേയും ചിന്തകൾ വ്യത്യസ്തമല്ലെന്നും ഒന്നുമാത്രമാണെന്നും ബ്രഹ്മാസ്മി, സോ$f$ഹം എന്നീ ദാർശനിക ചിന്തകൾ ലോകത്തിന്നു നല്കിയ മതമാണ് ഹിന്ദുമതമെന്നും സ്വാമിജിക്കു യൂറോപ്യൻ സമൂഹങ്ങളിൽ പ്രചരിപ്പിക്കുവാൻ കഴിഞ്ഞു. വിഘടനം മരണമാണെന്നും സംയോജനമാണ് ജീവിതമെന്നും അദ്ദേഹം സ്വജീവിതത്തിലൂടെ ഉദാഹരിച്ചു. മതത്തെ ദാർശനികചിന്തകളിലേക്ക് ഉയർത്തുകയും ഭോഗസംസ്കാരത്തെ ത്യാഗസംസ്കാരമായി രൂപാന്തരപ്പെടുത്തുകയും ചെയ്ത സ്വാമിജി വരാൻപോകുന്ന ഒരു യുഗത്തിന്റെ ചിന്തകനായിരുന്നു. യുഗപ്രഭാവനായ ഒരു ദാർശനികൻ. ഒരു വിധത്തിൽ അദ്ദേഹം ഒരു യൂട്ടിലിറ്റേറിയൻ ആയിരുന്നു. എന്നാൽ പാശ്ചാത്യ രാഷ്ട്രമീമാംസ സിദ്ധാന്തിക്കുന്ന യൂട്ടിലിറ്റേറിയൻ അഥവാ പ്രായോഗികവാദിയായിരുന്നില്ല. സർവ്വമത സാഹോദര്യത്തിന്റെയും സർവ്വമത സമന്വയത്തിന്റെയും പ്രായോഗിക യുഗശില്പിയെന്നു വിശേഷിപ്പിക്കാം. അതാകട്ടെ ഇരുപതാം നൂറ്റാണ്ടിന്റെ യൂറോപ്യൻ മതചിന്തകളെ കൂടി നവീകരി

ക്കുവാൻ ഇടവരുത്തി. മനുഷ്യൻ പാപിയല്ല; ജീവൻ സർവ്വചൈതന്യത്തിന്റെയും ശക്തികേന്ദ്രവും പ്രതീകവുമാണ്. നാളത്തെ മതം, ദർശനം, അതാകേണ്ടത് ഒരാവശ്യമാണ്.



ഡോ. കെ.കെ.എൻ. കുറുപ്പ്

# കേരളീയ സമൂഹവും പരിവർത്തനവും

ചരിത്രകാരന്റെ അറിവും സാമൂഹിക നിരീക്ഷണവും എത്ര ആഴവും പരപ്പുമേറിയതുമാണെന്ന് ഈ പുസ്തകത്തിലെ പ്രബന്ധങ്ങളിലൂടെ ഡോ. കെ. കെ.എൻ. കുറുപ്പ് നമ്മെ ബോധ്യപ്പെടുത്തുന്നു. വർത്തമാന കാലത്ത് അദ്ദേഹത്തിന്റെ ഓരോ നിരീക്ഷണങ്ങളും മലയാളി സമൂഹം ഗൗരവത്തോടെ കാണുന്നു, ചർച്ച ചെയ്യുന്നു. മലയാളിത്തത്തെ രൂപപ്പെടുത്തിയ പല ഘടകങ്ങളും അദ്ദേഹം ഈ പുസ്തകത്തിൽ വിശകലനം ചെയ്യുന്നുണ്ട്. വിവേകാനന്ദ ദർശനം മുതൽ കണ്ണൂരിലെ കൈത്തറി പാരമ്പര്യംവരെ ഇതിൽ വായിക്കാം. പരിസ്ഥിതി, ഫോക്‌ലോർ, ശ്രീനാരായണ ദർശനം, അദ്വൈത ദർശനം വേദാർത്ഥ നിരൂപണം എന്നിങ്ങനെ പോകുന്നു ഈ പുസ്തകത്തിന്റെ പ്രമേയം. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരു റഫറൻസ് ഗ്രന്ഥമായി സൂക്ഷിക്കാവുന്നതും ചരിത്രം വികലമായി പ്രക്ഷേപണം ചെയ്ത് ഫാഷിസത്തിനും വംശീയതയ്ക്കും നിലമൊരുക്കുന്ന ഈ കാലഘട്ടത്തിൽ വായിക്കുകയും സൂക്ഷിച്ചുവെക്കേണ്ടതുമായ ഒരു പ്രബന്ധസമാഹാരമാണിത്.

TELBRAIN BOOKS

₹120

Malayalam/Articles

Cover Design: **Amrutha P R**

Cover Photo : **Uthaman Kadanchery**

www.telbrainbooks.com | Telbrain Books Pvt Ltd, Edapally, Kochi.

ഡോ. കെ.കെ.എൻ. കുറുപ്പ്

# കേരളീയ സമൂഹവും പരിവർത്തനവും



Indic Digital Archive Foundation
gpura.org